പറഞ്ഞു കഴിഞ്ഞു. ബഹുമാനപ്പെട്ട സ്പീക്കരുടെ അനുമതിയോടുകൂടി കറക്ഷൻ സ്റ്റേറ്റുമെൻറ് വരുന്നുണ്ടെന്നേ ആ പ്രശ്നം ഉന്നയിച്ചപ്പോഴം തന്നെ ഞാൻ ഈ സഭയിൽ പറഞ്ഞിരുന്നു. അതെല്ലാ പത്രക്കാർക്കും അറിയാവുന്ന വിഷയമാണ്. പത്രക്കാർ കേട്ടുകൊണ്ടിരിക്കുന്നതല്ലേ. ഈ സഭയിൽ മാത്രമാണ് ഞാൻ ഈ കാര്യം സംസാരിച്ചിട്ടുള്ളത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: പ്രൊവറൻ സെക്രട്ടറിയുടെ പത്ര കുറിപ്പുണ്ടായിരുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: ഇന്നലെ സഭയിൽ വച്ചതിനു ശേഷമാണ് പത്രക്കുറിപ്പ് കൊടുത്തത്.

VI. റിപ്പോർട്ട് സമർപ്പണം.

(1) 2002-ലെ കേരള വാട്ടർ സപ്ലൈ ആൻറ് സീവറേജ് (അമെൻറ്മെൻറ്) ബിൽ

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഊർജ്ജ വകുപ്പുമന്ത്രിയും മൂന്നാം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ഞാൻ 2002-ലെ കേരള വാട്ടർ സപ്ലൈ ആൻറ് സീവറേജ് (അമെൻറ്മെൻറ്) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

(2) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പതിനാലാമത് റിപ്പോർട്ട്

ശ്രീ. നാലകത്ത് സൂപ്പി: എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റിയുടെ പതിനാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(3) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ആറും ഏഴും റിപ്പോർട്ടുകൾ

ശ്രീ. എം. മുരളി: ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ആറും ഏഴും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

VII. ധനകാര്യം

2005-06 സാമ്പത്തിക വർഷത്തെ ബഡ്ജറിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 7,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, ഞാൻ പിന്താങ്ങുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 57,76,58,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, ഞാൻ പിന്താങ്ങുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,84,47,000 രൂപയുടേയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,12,06,000 രൂപയുടേയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 12,82,000 രൂപയുടേയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഞാൻ പിന്താങ്ങുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രിക്കുവേണ്ടി ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്): സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,44,24,000 രൂപയുടേയും പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 63,42,58,000 രൂപയുടേയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ സമർപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, ഞാൻ പിന്താങ്ങുന്നു.

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 84,14,11,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഞാൻ പിന്താങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 18,69,87,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഞാൻ പിന്താങ്ങുന്നു.

ആരോഗ്യ വകുപ്പുമന്ത്രിക്കുവേണ്ടി ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്): വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 21,99,87,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, ഞാൻ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 7,50,00,000 രൂപയുടേയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,00,00,000 രൂപയുടേയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,22,01,000 രൂപയുടേയും ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, ഞാൻ പിന്താങ്ങുന്നു.

പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, പട്ടികജാതി/പട്ടികവർഗ്ഗ മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ലക്ഷ്യമിട്ടുള്ള സാമൂഹ്യ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 88,78,46,000 രൂപയുടെ ഉപധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഞാൻ പിന്താങ്ങുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): വ്യവസായങ്ങളം എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 35,56,01,000 രൂപയുടെ ഉപധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, ഞാൻ പിന്താങ്ങുന്നു.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 12,64,40,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, ഞാൻ പിന്താങ്ങുന്നു.

മി. സ്പീക്കർ: ശ്രീ. പ്രകാശൻ മാസ്റ്റർ സിവിൽ സപ്ലൈസ് കോർപ്പറേഷനെക്കുറിച്ച് ഒരു ആരോപണം എഴുതി തന്നിട്ടുണ്ട്. റൂം 151 പ്രകാരം The debate on the Supplementary grants shall be confind to the items constituting the same and no discussion may be raised on the original grants or policy underlying them.....എന്നു പറയുന്നുണ്ട്. ഫുഡ് സപ്ലൈസിനെക്കുറിച്ച് ഇന്ന് ഇവിടെ ഉപധനാഭ്യർത്ഥന ഇല്ല. അതുകൊണ്ട് ഈ വിഷയം ഇന്ന് ചർച്ചയ്ക്ക് വരില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഡിമാൻഡ്സിന്മേൽ ചർച്ച കാലാകാലങ്ങളിൽ നടന്നപ്പോഴെല്ലാം എല്ലാ വകുപ്പിനെക്കുറിച്ചും ചർച്ച ചെയ്യുന്ന സ്ഥിതി പണ്ടൊക്കെയുണ്ടായിരുന്നു. മറ്റൊന്ന് ഞാൻ കൂട്ടിക്കാണിക്കട്ടെ.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ number one head—Heads of States, Ministers and Head quarters Staff. അതുകൊണ്ട് ഏതു മന്ത്രിയെ സംബന്ധിച്ചും ഇന്ന് ചർച്ച ചെയ്യാം. ഇത് തടയേണ്ട കാര്യമില്ല. ഇന്ന് എല്ലാ മന്ത്രിമാരും സഭയിൽ ഉണ്ടായിരിക്കേണ്ട ദിവസമാണ്. മന്ത്രിക്ക്, മറുപടി പറയുന്നതിൽ വിഷമമുണ്ടാകില്ല. ഇവിടെ മറുപടി പറയാൻ വൈഷമ്യമുണ്ടെങ്കിൽ അവർ പറഞ്ഞാൽ മതി.

മി. സ്പീക്കർ: സിവിൽ സപ്ലൈസിനെ സംബന്ധിച്ച് ഇന്ന് ഇവിടെ ഒരു വിഷയം ഉന്നയിച്ചിട്ടില്ല. അതുകൊണ്ട് ആ മിനിസ്റ്റർ ഇവിടെ വന്നിട്ടില്ല. അദ്ദേഹം ഈ പറയുന്ന ആരോപണം ഒരു പ്രാവശ്യം ഇവിടെ ഉന്നയിച്ചതാണ്. ഇവിടത്തെ റൂളിംഗ് അനുസരിച്ച് ഇന്നലെ ഉന്നയിച്ചതും ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞ് അവസാനിപ്പിച്ചതുമായ ഒരാരോപണം വീണ്ടും ഉന്നയിക്കാൻ പാടില്ലെന്ന് എന്റെ മുൻഗാമികൾ റൂളിംഗ് കൊടുത്തിട്ടുണ്ട്. ആ സാഹചര്യത്തിൽ ഇന്ന് ഉന്നയിക്കാൻ പാടില്ല. പിന്നെ ഇതെല്ലാം കഴിഞ്ഞ് സാമാന്യ മര്യാദയനുസരിച്ച് ഒരു ആരോപണം ഉന്നയിക്കുമ്പോൾ ആരോപണവിധേയനായ ആളുകൾ നോട്ടീസ് കൊടുത്ത് അവർക്ക് പറയാനുള്ള പൊസിഷൻ ഉണ്ടാക്കണം. ഇന്നത്തെ സാഹചര്യത്തിൽ. ഇപ്പോഴാണ് കടലാസ് എഴുതി കൊണ്ടുവന്നത്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇവിടെയില്ല. അതുകൊണ്ട് ഇത് ഇപ്പോൾ ഉന്നയിക്കുന്നത് ശരിയല്ല. നിയമാനുസൃതം അനുവദനീയമാണെങ്കിൽ വേറൊരു ദിവസം പറയാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇന്ന് എല്ലാ മന്ത്രിമാരും ഉണ്ടാകേണ്ട ദിവസമല്ലേ?

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, ഉപധനാഭ്യർത്ഥനകളെ അംഗീകരിക്കണമെന്നുള്ള പ്രമേയത്തെ ഞാൻ എതിർക്കുന്നു. കേരളത്തിന്റെ സാമ്പത്തിക നിലയെ സംബന്ധിച്ച് ആകെ തന്നെ ഒരു സ്തംഭനാവസ്ഥയിലെത്തിയിരിക്കുന്ന ഒരു ചിത്രമാണ് നമുക്ക് ഇപ്പോൾ കാണാൻ സാധിക്കുക. സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ 2004-ലെ ഇക്കണോമിക് റിവ്യൂ റിപ്പോർട്ടും അതുപോലെ സി. എ. ജി.യുടെ 2004 മാർച്ച് വരെയുള്ള റിപ്പോർട്ടും ഈ കാലയളവിൽ വന്നിട്ടുണ്ട്. രണ്ടു റിപ്പോർട്ടുകളും പരിശോധിക്കുമ്പോൾ ഇത്രയും ഗുരുതരമായിട്ടുള്ള ഒരു സാമ്പത്തിക നില ഈ കേരള ചരിത്രത്തിൽ സമീപ കാലത്തൊന്നും ഉണ്ടായിട്ടില്ല എന്ന് കാണാൻ സാധിക്കും. യു. ഡി. എഫ്. ഗവൺമെന്റിനെ എല്ലാ നിലയ്ക്കും പിൻതുണയ്ക്കുന്ന കേരളത്തിലെ പത്രങ്ങളെല്ലാം ഇത് സംബന്ധിച്ച് എഴുതിയിട്ടുള്ളതാണ്. മാതൃഭൂമിയുടെ മുഖപ്രസംഗം തന്നെ പറഞ്ഞത് 'കടത്തിൽ മുങ്ങുന്ന കേരളം' എന്നാണ്. വികസനനേട്ടത്തെ സംബന്ധിച്ച് ജൂലായ് 31-ന് മാതൃഭൂമിയിൽ പറഞ്ഞിരിക്കുന്നത് 'പരിതാപകരം ഈ വികസനനേട്ടം' എന്നാണ്. അതുപോലെ മറ്റൊരു വാചകം മുഖ്യമന്ത്രിയുടേയും ധനമന്ത്രിയുടേതും ശ്രദ്ധയിൽപ്പെടുത്തുകയാണ്. 'ചെടിപ്പിക്കുന്ന വാചക കസർത്ത് ഒഴിച്ചാൽ വികസനം വട്ടപൂജ്യം' വേറെ ആരുമല്ല എഴുതിയത്. ഈ ഗവൺമെന്റിനെ എല്ലാ നിലയ്ക്കും പിൻതുണയ്ക്കുന്ന മാതൃഭൂമി എഴുതിയതാണ്. സി. ആൻഡ് എ. ജി. റിപ്പോർട്ട് അനുസരിച്ച് പരിശോധിക്കുമ്പോൾ സംസ്ഥാനം എന്ന് പറയുന്നത് പൂർണ്ണമായിട്ടും കടത്തിൽ മുങ്ങിത്താഴുകയാണ്. 2004 മാർച്ച് 31 വരെ സംസ്ഥാനത്തിന്റെ പൊതുകടം 39,231 കോടി രൂപയാണെന്ന് ഈ കണക്കുകൾ പറയുകയാണ്. റവന്യൂ

LIBRARY ARCHIVES Kerala Legislative Assembly

വരുമാനത്തിന്റെ മൂന്നിരട്ടിയിലേറെയാണ് ഈ സംസ്ഥാനത്തിന്റെ പൊതുകടം. എന്നിട്ടാണ് പറയുന്നത് ഈ കേരളത്തെ സാമ്പത്തികമായിട്ട് മെച്ചപ്പെടുത്താൻവേണ്ടി ഈ ഗവണ്മെന്റ് ശ്രമിച്ചു എന്ന്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്ന കാലത്ത് 6,215 രൂപ ഓരോരുത്തരുടെയും കടം ഉണ്ടായിരുന്നുവെങ്കിൽ ഈ ഗവൺമെന്റിന്റെ നേട്ടം എന്നു പറയുന്നത് 12,600 രൂപയായിട്ട് ഓരോ ആളുടേയും ഈ ഗവൺമെന്റ് കടപ്പെടുത്തിയിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്ന സമയത്ത് പൊതുകടം 23,000 കോടി രൂപയായിരുന്നു. എന്നാൽ ഇപ്പോഴത് പൊതുകടം 48,000 കോടി രൂപയായി വർദ്ധിച്ചിരിക്കുന്നു എന്നുള്ളതാണ് ഈ ഗവൺമെന്റ് വരുത്തിയിട്ടുള്ള വലിയ മാറ്റം; എന്തൊരു ഉയർച്ച? എത്ര ബഹുദൂരമാണ് ഈ ഗവണ്മെന്റ് കടംകൊണ്ടിയുടെ കാര്യത്തിൽ കേരളത്തെ മുന്നോട്ടു നയിച്ചിട്ടുള്ളത്. 2003-ലെ സാമ്പത്തിക ഉത്തരവാദിത്വ നിയമം ഈ ഗവൺമെന്റിന്റെ നേട്ടമാണല്ലോ. സി. ആൻറ് എ. ജി. റിപ്പോർട്ടിൽ പറയുന്ന കാര്യം നിയമത്തിൽ വിഭാവന ചെയ്തിരിക്കുന്ന ലക്ഷ്യം നേടി എടുക്കാനുള്ള സാദ്ധ്യത ഇരുളടഞ്ഞതാണ് എന്നാണ്. ഈ ഗവൺമെന്റിന്റെ തൊപ്പിയിൽ ഇതിൽപ്പരം എന്തു തൂവലാണ് ചാർത്താനുള്ളത്? ഇങ്ങനെ സംസ്ഥാന സമ്പദ്ഘടന നീങ്ങുന്നത് താങ്ങാനാവാത്ത ഒരു സ്ഥിതിവിശേഷത്തിലേയ്ക്ക് മാത്രമല്ല പടിപടിയായി കടക്കെണിയിലേയ്ക്കുകൂടി കേരളം ചെന്നുപെടുകയാണ്. ഈ ഗവൺമെന്റിനു ഒരുപാട് അഭിമാനിക്കാൻവണ്ടി പറ്റുന്ന ഒരു സാമ്പത്തിക ദുർഗതിയിലേയ്ക്കാണ് ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഈ കേരളത്തെ നയിച്ചുകൊണ്ടിരിക്കുന്നത്. കരാറുകാരുടെ കുടിശ്ശികയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ നിഷേധിച്ചു. സി. ആൻറ് എ. ജി റിപ്പോർട്ടിൽ പറയുന്നത് 890.74 കോടി രൂപ കരാറുകാർക്ക് കൊടുക്കാനുണ്ട് എന്നാണ്. അതുകൂടി ചേർത്താൽ യഥാർത്ഥത്തിൽ കേരളത്തിന്റെ കടമെന്ന് പറയുന്നത് 48,000 കോടി രൂപയായിട്ട് മാറുകയാണ്. റവന്യൂ വരുമാനത്തിന്റെ 3.3 മടങ്ങായിട്ട് ഈ കേരളത്തിലെ കടം മാറിയിരിക്കുന്നു എന്നുള്ള ഗുരുതരമായ അവസ്ഥയാണ് ഉണ്ടായിട്ടുള്ളത്. എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് കടത്തിനുള്ള പലിശ 1,103 കോടി രൂപയാണ്. എന്നാൽ ഈ കാര്യത്തിലെല്ലാം ബഹുദൂരത്തിലാണ് മുന്നോട്ടു പോകുന്നതെന്ന് പറയാതിരിക്കാൻ കഴിയില്ല. ഇപ്പോഴത്തെ കടത്തിന്റെ പലിശ 3,884 കോടി രൂപയാണ്. യു. ഡി. എഫ്. ഗവൺമെന്റ് പോകുന്ന കാലമാകുമ്പോഴേക്കും ഈ കേരളത്തിൽ മാത്രമല്ല സമീപത്തുള്ള ഒരു സംസ്ഥാനത്തിനും അവകാശപ്പെടാൻവേണ്ടി കഴിയാത്ത ബഹുദൂരമുള്ള മുന്നേറ്റം 53,300 കോടി രൂപയുടെ കടമുള്ള സംസ്ഥാനം എന്നുള്ള ഖ്യാതിയിലേയ്ക്കാണ് ബഹുമാനപ്പെട്ട വക്കം ജിയും ശ്രീ. ഉമ്മൻചാണ്ടിയും കൂടി ചേർന്നിട്ട് ഈ കേരളത്തെ നയിക്കാൻവേണ്ടി പോകുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, പോയിന്റ് ഓഫ് ഓർഡർ, സി. ആൻറ് എ. ജി. റിപ്പോർട്ടിൽ 53,300 കോടി രൂപ കടമുണ്ടെന്ന് രേഖപ്പെടുത്തിയിരിക്കുന്നതായി ബഹുമാനപ്പെട്ട മെമ്പർ തെറ്റായി പറഞ്ഞിരിക്കുകയാണ്. 39,000 കോടിയിൽപ്പരം രൂപയാണ് സംസ്ഥാന ഗവൺമെന്റിനു കടം എന്നാണ് സി. ആൻറ് എ. ജി. റിപ്പോർട്ടിൽ പറയുന്നത്. ഈ സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ പറഞ്ഞത് രേഖയിൽ നിന്നും മാറ്റണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: ഞാൻ പറഞ്ഞകാര്യം ബഹുമാനപ്പെട്ട മെമ്പർ കേൾക്കാത്തതാണ്. ഈ ഗവൺമെന്റ് പോകുമ്പോഴേക്കും കേരളത്തെ 53,300 കോടി രൂപ കടത്തിലേയ്ക്ക് അതിവേഗത്തിൽ എത്തിക്കാനാകും എന്നാണ് ഞാൻ പറഞ്ഞത്. റവന്യൂ കമ്മി കഴിഞ്ഞ കൊല്ലം 4,122 കോടി രൂപയായിരുന്നത് ഇത്തവണ 4,261 കോടി രൂപ ആയിരിക്കുന്നു. നമ്മുടെ പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ കയ്യിലുള്ള പണം ചെലവാക്കാതെ വച്ച് ബാക്കിയുള്ള 581.2 കോടി രൂപ ക്രമീകരിച്ചിട്ടാണ് 3,680 കോടി രൂപ മാത്രമാണ് ഇപ്പോഴത്തെ റവന്യൂ കടമെന്ന് തെറ്റായ നിലയ്ക്ക് കാണിച്ചിരിക്കുന്നത്. റവന്യൂ ചെലവിന്റെ 67 ശതമാനം കടം വാങ്ങിയല്ലേ നിർവ്വഹിച്ചിരിക്കുന്നത്? ഇത്രമാത്രം ഗുരുതരമായ സാമ്പത്തികമായ നിലയിലല്ലേ ഈ കേരളത്തെ നിങ്ങൾ നയിച്ചിട്ടുള്ളത്? സി. ആൻറ് എ. ജി. റിപ്പോർട്ടിൽ പറയുകയാണ് കേരളത്തിന്റെ റവന്യൂ ചെലവ് മൊത്തം ചെലവിന്റെ 89 ശതമാനമായിട്ട് മാറിയിരിക്കുന്ന ഒരു സംസ്ഥാനമായിട്ട് അതിഗുരുതരമായ അവസ്ഥയിലേയ്ക്ക് എത്തിച്ചിരിക്കുകയാണ്. 2007 ആകുമ്പോഴേക്കും ധനക്കമ്മി മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ 2 ശതമാനം ആക്കണമെന്നല്ലേ ധനമന്ത്രി പ്രഖ്യാപിച്ചിട്ടുള്ളത്. കഴിഞ്ഞ കൊല്ലം ഉണ്ടായിരുന്ന ധനക്കമ്മി 4,990 കോടി രൂപയാണ്. ഇപ്പോഴത്തെ സാമ്പത്തികമന്ത്രിയിട്ട് വക്കംജി നമ്മുടെ സംസ്ഥാനത്തെ മുന്നോട്ട് നയിച്ചിട്ട് 5.539 കോടി രൂപയുടെ ധനക്കമ്മിയുള്ള സ്റ്റേറ്റാക്കി മാറ്റി. കഴിഞ്ഞ കൊല്ലം മാത്രം 549 കോടി രൂപയുടെ ധനക്കമ്മിയാണ് വക്കംജിയും ശ്രീ. ഉമ്മൻചാണ്ടിയും കൂടി ചേർന്നിട്ട് സമ്മാനിച്ചിരിക്കുന്നത്. എന്നിട്ട് പറയുന്നു സാമ്പത്തികനില വലിയ തെറ്റമാണെന്ന്. റവന്യൂ വരുമാനത്തിന്റെ കാര്യം പരിശോധിക്കുക. 1995-96-ൽ എൽ. ഡി. എഫ് ഗവൺമെന്റ് വരുന്ന കാലത്ത് .7 ശതമാനമായിരുന്നത് 2003-2004-ൽ അത് എത്രയാണ് മൂന്നിരട്ടി കൂടിയിട്ട് 2.5 ശതമാനമായിട്ട് ഉയർന്നിരിക്കുകയാണ്. സംസ്ഥാനത്തിന്റെ വരുമാനത്തിൽ വല്ല മുന്നേറ്റവും ഉണ്ടായിട്ടുണ്ടോ? ഏതെങ്കിലും നിലയ്ക്ക് മെച്ചപ്പെടുത്താൻ ശ്രമം നടന്നിട്ടുണ്ടോ? 2002-03-ൽ 23.3 ശതമാനം ഉണ്ടായിരുന്നത് ഇക്കൊല്ലം കുത്തനെ മൂന്നിലൊന്നായിട്ട് ഇടിഞ്ഞ് 9.86 ശതമാനമായിട്ട് നിൽക്കുകയാണ്. 1995-96, 2002-03 എൽ. ഡി. എഫിന്റെ കാലത്ത് അതിന്റെ ആവറേജ് എന്ന് പറയുന്നത് 11.9 ശതമാനമാണ്. നികുതിയേതര വരുമാനം 25,4 ശതമാനത്തിൽ നിന്ന് 18.45 ശതമാനമായിട്ട് കുറഞ്ഞിരിക്കുന്നു എന്ന് ഇക്കണോമിക് റിവ്യൂവിൽ ചൂണ്ടികാണിച്ചിരിക്കുകയാണ്. സാമ്പത്തികമായി അതിഗുരുതരമായ നിലയാണിത് ചൂണ്ടിക്കാട്ടുന്നത്. വികസന കാര്യത്തെ സംബന്ധിച്ച് പറഞ്ഞു. കേരളത്തിൽ വികസനം ഉണ്ടാകുന്നു എന്നാണല്ലോ പറഞ്ഞിരിക്കുന്നത്. എന്നാൽ വികസനച്ചെലവ് മൊത്തം റവന്യൂ വരുമാനത്തിന്റെ 9% മാത്രമാണ്. യഥാർത്ഥത്തിൽ കേവലം 3 ശതമാനം മാത്രമേ വരുകയുള്ളൂ എന്നാണ് സി. ആൻറ് എ. ജി. റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. ഇതുപോലെ വികസനരംഗത്ത് സംസ്ഥാനം കുത്തുപാള എടുത്തിട്ടുള്ള മറ്റൊരു കാലം കേരള ചരിത്രത്തിൽ ഉണ്ടായിട്ടില്ല. മൂലധന നിക്ഷേപവുമായി ബന്ധപ്പെട്ടുകൊണ്ട് പരിശോധിക്കുമ്പോഴും എൽ. ഡി. എഫ്.-ന്റെ കാലത്ത് 6,684.72 കോടി രൂപയാണ് മൂലധന നിക്ഷേപം. എന്നാൽ യു. ഡി. എഫ്.-ന്റെ കാലത്ത് 2005 ജൂലായ് 26 വരെ കേവലം 1,200.46 കോടി രൂപയാണ്. ഇതുപോലെ ഏറ്റവും മോശമായ മൂലധന നിക്ഷേപം ഈ കേരളത്തിന്റെ വികസന കാര്യങ്ങളിൽ എപ്പോഴാണ് ഉണ്ടായിട്ടുള്ളത്? എൽ. ഡി. എഫിന്റെ കാലത്ത് സഹകാര്യ മേഖല

LIBRARY ARCHIVES Kerala Legislative Assembly

5,873.32 കോടി രൂപ അതിപ്പോൾ 1,150 കോടി രൂപയായി കുറഞ്ഞു, ജിം കൂടി വന്നിട്ടും വിദേശ നിക്ഷേപത്തിന്റെ രംഗത്ത് വല്ല വർദ്ധനവും ഉണ്ടോ? വ്യവസായ നിക്ഷേപത്തിന്റെ രംഗത്ത് തന്നെ വന്നിരിക്കുന്ന സംഖ്യ എന്നുപറയുന്നത് 160 കോടി രൂപ കല്യാണ മണ്ഡപങ്ങൾ ഉണ്ടാക്കാൻ വേണ്ടിയാണ്. നമ്മുടെ കാർഷിക മേഖലയെ സംബന്ധിച്ച് അതിഗുരുതരമായിട്ടുള്ള തകർച്ചയാണ്. വ്യാവസായിക മേഖലയിൽ 78,000 ചെറുകിട വ്യവസായ സ്ഥാപനങ്ങൾ പൂട്ടി. 5 പൊതുമേഖലാ കോർപ്പറേഷനുകൾ അടച്ചു. വളർച്ചാനിരക്ക് കഴിഞ്ഞ കൊല്ലം 1.07, ഇപ്പോൾ 0.68 ആയി കുറഞ്ഞിരിക്കുന്നു, അങ്ങനെ ഓരോ രംഗത്തും പരിശോധിക്കുമ്പോൾ ഇതുപോലെ ഗുരുതരമായ മറ്റൊരു കാലം വേറെ കാണാൻ കഴിയില്ല. വ്യവസായിക മേഖലയുടെ തൊഴിൽ രംഗം പരിശോധിക്കുമ്പോൾ 12,18,000–ൽപ്പരം തൊഴിലുകൾ ഉണ്ടായിരുന്നത് ഇപ്പോൾ 45,000 ആയിട്ട് കുറഞ്ഞു. 86,044 തൊഴിലുകൾ കുറഞ്ഞിരിക്കുകയാണ്. 15 ലക്ഷം പേർക്ക് പണി കൊടുക്കുമെന്നാണല്ലോ പ്രഖ്യാപിച്ചിട്ടുള്ളത്. എൽ. ഡി. എഫ്.–ന്റെ കാലത്ത് ക്ഷേമ സബ് സിഡിയായിട്ട് 400 കോടി രൂപ അനുവദിച്ച സ്ഥാനത്ത് ഒരു അര പൈസ അനുവദിച്ചു എന്ന് ഈ ഗവൺമെന്റിന് പറയാൻ കഴിയുമോ? തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 581 കോടി രൂപ ഇത്തവണ പിടിച്ചെടുക്കുകയാണ് ചെയ്തിരിക്കുന്നത്. കഴിഞ്ഞവർഷം 18.17 ശതമാനം ഉണ്ടായിരുന്ന കാർഷിക വളർച്ചാനിരക്ക് 2003-2004-ൽ 16.74 ശതമാനം മാത്രമേ ഉണ്ടായിട്ടുള്ളൂ. എല്ലാ സെക്ടറിനകത്തും സാമ്പത്തിക മായ വളർച്ചാനിരക്ക് കുറയുകയാണ്. പ്രൈമറി സെക്ടറിൽ നേരത്തെ ഉണ്ടായിരുന്ന മൈനസ് 2.1-ൽ നിന്ന് മൈനസ് 2.8 ശതമാനമായും സെക്കൻററി രംഗത്ത് 5.56 ശതമാനമായും കുറഞ്ഞിരിക്കുന്നു.

Mr. Speaker: Your time is over. Please conclude.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: പുതിയ മെമ്പർക്ക് സാധാരണ നിലയിൽ അവസരം കൊടുക്കാറുണ്ട്. അത് കൊടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ വളർച്ചാനിരക്കിൽ വല്ല മുന്നേറ്റവും ഉണ്ടോ? 2002-2003-ൽ 6.63 ശതമാനമായിരുന്നത് കഴിഞ്ഞ കൊല്ലം കുറഞ്ഞ് 6.31 ശതമാനമായി, ഇക്കൊല്ലം അത് വീണ്ടും 6.15 ശതമാനമായിട്ട് കുറഞ്ഞിരിക്കുകയാണ്. 1776 ആളുകൾക്കാണ് ഇവിടെ ജോലി കൊടുക്കാൻ കഴിഞ്ഞത്. 40 ലക്ഷം തൊഴിൽരഹിതരുള്ള ഒരു സ്റ്റേറ്റാണ് കേരളം. ഓരോ രംഗത്തും പരിശോധിക്കുമ്പോൾ അതിവ ഗുരുതരമായിട്ട് വരികയാണ്.

മി. സ്പീക്കർ: കൺക്ലൂഡ് ചെയ്യൂ, ഞാൻ വേറെ പേര് വിളിച്ചാൽ മൈക്ക് ഓഫ് ആയിപ്പോകും. അതുകൊണ്ടാണ് പ്ലീസ്, പ്ലീസ്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: ഇവിടെ നമ്മുടെ പ്രമേയമെല്ലാം കഴിഞ്ഞതിനുശേഷം വലിയ നിലയ്ക്ക് തിളങ്ങി നിൽക്കുന്ന ഗവൺമെൻറാണെന്നാണല്ലോ പറഞ്ഞുകൊണ്ടിരിക്കുന്നത്, ഇന്നലത്തെ ഇൻഡ്യൻ എക്സ്പ്രസ് പത്രത്തിൽ വന്നിരിക്കുന്ന വാർത്ത നിങ്ങളാരെങ്കിലും ശ്രദ്ധിച്ചിട്ടുണ്ടാകും. High level adulteration in Supplyco provisions. നമ്മുടെ കൈരളിയും അതുപോലെ ഇൻഡ്യാവിഷനും എല്ലാംതന്നെ ക്ഷേമ സിവിൽ സപ്ലൈസ്, വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ടുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഗൗരവതരമായിട്ടുള്ള ആക്ഷേപങ്ങളാ ഉന്നയിക്കുകയാണ്. ഇവിടെ ചെറു പയർമണിയുടെ ഗുണം നോക്കാതെ വാങ്ങിയിട്ട് മണിയുണ്ടാക്കാനുള്ള നടപടിയാണ്.

മി. സ്പീക്കർ: Please conclude. ശ്രീ. പ്രതാപവർമ്മ തമ്പാൻ, പ്ലീസ്, പ്ലീസ്, അങ്ങനെ ഉന്നയിക്കാൻ പാടില്ലല്ലോ, അത് ശരിയല്ലല്ലോ, ഇവിടെ സ്പീക്കറുടെ റൂളിംഗിന് എതിരായിട്ട് പററില്ല. ശ്രീ. പ്രതാപവർമ്മ തമ്പാൻ, അവസാനം പറഞ്ഞത് രേഖയിൽ ഉണ്ടാകില്ല.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: ഞാൻ ഇതവസാനിപ്പിക്കട്ടെ, ഞാൻ പറയുന്നത് കേൾക്കൂ ആകെ നിങ്ങളെ കാത്തിരിക്കുകയാണ്, അഴിമതി രഹിതമായിട്ട് ഈ കേരളത്തെ മാറ്റി നിർത്തിയവരായിട്ട്, പഞ്ചായത്തീരാജ് സ്ഥാപനങ്ങളെ നോക്കുകുത്തികളാക്കിയവർക്ക് എതിരായിട്ട് കേരളത്തിന്റെ മണ്ണും ധാതുക്കളും വെള്ളവും വിറ്റുതുലച്ചു മുടിയർക്കാരായ പുത്രൻമാർക്കെതിരായിട്ട് അമ്മ പെങ്ങൻമാർക്കും മാനം മര്യാദയായിട്ട് നടക്കാൻ പററാത്ത പ്രദേശമായിട്ട് ഈ കേരളത്തെ മാറ്റിയവർക്കെതിരായിട്ട്, മാഫിയക്കാരുടെ കൈകളിലേക്ക്.....

മി. സ്പീക്കർ: യേസ്, ഇതൊന്നും രേഖയിൽ ഉണ്ടാകില്ല. പ്ലീസ് ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ.

(മൈക്ക് ഓഫ് ചെയ്തു.)

[ചെയറിൽ അദ്ധ്യക്ഷൻ ശ്രീ. പി. ജെ. ജോയി]

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, വികസനത്തിനും സാമ്പത്തിക വളർച്ചയ്ക്കും വേണ്ടി അർപ്പണ ബോധത്തോടുകൂടി പ്രവർത്തിക്കുന്ന ഈ സർക്കാർ വിജയത്തിന്റെ ഉന്നതങ്ങളിലേക്ക് കുതിച്ചുയരാനുള്ള സാധ്യത സൃഷ്ടിക്കുന്ന ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ പിൻതാങ്ങുകയാണ്. ഈ ഗവൺമെന്റിന് ജനങ്ങളുടെ ഭാവനയെ തട്ടിയുണർത്താനും അവരുടെ ആശയാഭിലാഷങ്ങളെ സാധ്യതപ്രായമാക്കുവാനും കഴിഞ്ഞിട്ടുണ്ട് എന്നു പറയുവാൻ എനിക്ക് കഴിയും, അത് അംഗീകരിക്കാൻ പൊതു ജനങ്ങളും തയ്യാറാണ്. അതാണ് ഈ ഗവൺമെന്റിന്റെ ഏററവും വലിയ നേട്ടം. പ്രവർത്തിച്ച് കാണിച്ചുകൊടുക്കുക എന്ന മഹത്തായ ഒരു മോഡലിനാണ് ആരംഭം കുറിക്കുകയാണ് ഈ ഗവൺമെന്റ്. മാത്രമല്ല സാമ്പത്തിക രംഗം ചടുലമാക്കാനും കഴിഞ്ഞിട്ടുണ്ട്. 2000-2001-ൽ ടാക്സ് വരുമാനം 5,870 കോടി രൂപയായിരുന്നു എങ്കിൽ 2004 മാർച്ച് അവസാനിക്കുന്ന ഘട്ടത്തിൽ 8088.77 കോടി രൂപയായി ഉയർന്നു. സംസ്ഥാനത്തിന്റെ വർദ്ധിച്ചുവരുന്ന ചെലവിനനുസൃതമായി നികുതി വരുമാനം വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. മുൻ ഗവൺമെന്റിന്റെ അവസാനവർഷം നികുതിയേതര വരുമാനം 659 കോടി രൂപയായിരുന്നു എങ്കിൽ അത് 807 കോടി രൂപയായി ഇപ്പോൾ ഉയർന്നിട്ടുണ്ട്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ അവസാനവർഷം കേന്ദ്രത്തിൽ നിന്നും നമുക്ക് ലഭിച്ച സഹായം 2689 കോടി രൂപയായിരുന്നു എങ്കിൽ ഈ കഴിഞ്ഞ വർഷം അത് 2919 കോടി രൂപയായി ഉയർന്നു. ഈ ഗവൺമെന്റിന് ഐ.ടി. രംഗത്ത് വമ്പിച്ച കുതിച്ചുചാട്ടം നടത്തുവാൻ കഴിഞ്ഞു എന്നത് എടുത്തു പറയേണ്ട കാര്യമാണ്. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഐ.ടി. മേഖലയിൽ 53 കമ്പനികളാണ് ഉണ്ടായിരുന്നത് എങ്കിൽ ഈ ഗവൺമെന്റിന് 4 വർഷം കൊണ്ട് 107 കമ്പനികൾക്ക് രൂപം കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഐ. ടി. സെക്ടറിൽ ഈ ഗവൺമെന്റിന്റെ കാലത്ത് 4 വർഷംകൊണ്ട് 10,300 പേർക്ക് പണി കൊടുക്കാൻ കഴിഞ്ഞപ്പോൾ എൽ. ഡി. എഫ്. ഗവൺമെന്റിന് 5 വർഷംകൊണ്ട് 4710 പേർക്ക് മാത്രമാണ് തൊഴിൽ കൊടുക്കുവാൻ കഴിഞ്ഞിട്ടുള്ളത്. യു.ഡി.എഫ്. സർക്കാരിന്റെ ഈ നാല് വർഷക്കാലമായി തൊഴിൽ രംഗം താരതമ്യേന ശാന്തമായിരുന്നു. അതു കൊണ്ടാണ് ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുവാൻ എന്നെ പ്രേരിപ്പിക്കുന്നത്. എൽ ഡി.എഫ്.-ന്റെ അഞ്ചു വർഷത്തെ ഭരണത്തിൽ അവർക്ക് പുതുതായി വെറും 525 കോടി രൂപ മാത്രമാണ് കണ്ടെത്തുവാൻ കഴിഞ്ഞത് എങ്കിൽ യു ഡി.എഫ്. സർക്കാരിന് നാലു വർഷത്തിനുള്ളിൽ 1023 കോടി രൂപയുടെ വർദ്ധനവുണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ ആശയും ആവേശവും ജനങ്ങളിൽ തിളച്ചുനിൽക്കുന്ന സമയമാണിത്. അതുകൊണ്ടു തന്നെ ഈ ഗവൺമെന്റ് ജനങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി അതിവേഗം ബഹുദൂരം മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ്. ഇവിടെ ശ്രീ. എം. പ്രകാശൻ മാസ്റ്റർ ചില കാര്യങ്ങൾ പറഞ്ഞു. അദ്ദേഹം പറഞ്ഞതിൽ പ്രധാനപ്പെട്ട ഒരു കാര്യം മുൻ ഗവൺമെന്റ് എന്തൊക്കെയോ സാധിച്ചു എന്നു പറഞ്ഞു, പക്ഷെ എന്തായിരുന്നു സ്ഥിതി, മുൻ ഗവൺമെന്റ് പോയി പുതിയ ഗവൺമെന്റ് വന്നപ്പോൾ അപരിഹാര്യമായ പല ചെലവു കളുമാണ് ഈ സർക്കാരിന്റെ പുറത്ത് തന്നിട്ടുപോയത്. ശാസ്ത്രീയമായ രീതിയിൽ പ്ലസ് ടു വിദ്യാഭ്യാസം ഏർപ്പെടുത്തുന്നതിനു പകരം സ്വന്തക്കാരുടേയും പാർട്ടിക്കാരുടേയും ബന്ധുക്കളുടേയുമൊക്കെ താൽപ്പര്യം നോക്കി എൽ. ഡി. എഫ്. സർക്കാർ കൊടുത്ത പ്ലസ് ടു മൂലം ഈ സർക്കാരിനുണ്ടായ ബാദ്ധ്യത എത്രയോ കോടി രൂപയുടേതാണ്. അതുപോലെ മറ്റ് നിരവധി കാര്യങ്ങൾ, റസീപ്റ്റ് അത്യാവശ്യമായി കൊടുത്തു തീർക്കേണ്ടിയിരുന്ന പേയ്മെന്റുകൾ ഇതെല്ലാം ഈ സർക്കാരിന്റെ പേരിൽ അടിച്ചേൽപ്പിച്ചിട്ടാണ് ആ സർക്കാർ പോയത്. എന്നിട്ടാണ് ഇവിടെ വന്ന് മേനിചമഞ്ഞ് എന്നെ കണ്ടാൽ കിണ്ണം കട്ടു എന്നു തോന്നും എന്ന മട്ടിൽ പ്രസംഗിക്കുന്നത്. ഇവർ എന്താണിപ്പോൾ കാട്ടിക്കൂട്ടുന്നത്? സഖാവ് മാവോ പറഞ്ഞു നൂറ് പൂക്കൾ വിരിയട്ടെ, നൂറ് ചിന്തകൾ ഏറ്റുമുട്ടട്ടെ എന്ന്. ആത്മവിശ്വാസത്തിന്റെ ധാർഷ്ട്യമുള്ള ആ മുദ്രാവാക്യം യാന്ത്രികമായിട്ടെങ്കിലും ഏറ്റുവിളിച്ചവരാണ് ഇവിടെ ഇരിക്കുന്ന C.P.M.-ലെ പലരും. പക്ഷെ ഇപ്പോൾ കേരളത്തിലെ സി.പി.എം.-ന് മനോബലവും കായബലവും ചോർന്നുപോയിരിക്കുകയാണ്. അതുകൊണ്ടാണ് ഉത്തരം മുട്ടുമ്പോൾ ഇങ്ങനെ കൊഞ്ഞനം കുത്തുന്നത്. സത്യത്തിൽ നിങ്ങൾ ഇപ്പോൾ ഉത്തരം മുട്ടുമ്പോൾ കൊഞ്ഞനം കുത്തുകയാണ് ചെയ്യുന്നത്. എല്ലാ ബലവും ചോർന്നുപോയ ഒരു പോരാളിയെപ്പോലെ പരുങ്ങി നിൽക്കുന്നതു കാണുമ്പോൾ എനിക്ക് സഹതാപം തോന്നുകയാണ്. ഇവർ എപ്പോഴും പറയാറുണ്ട് പരസ്യമായ ചർച്ച ഞങ്ങളുടെ രീതിയല്ല, എല്ലാം പാർട്ടി വേദികളിൽ മാത്രം ഞങ്ങൾ ഉലത്തും എന്നാണ് മാർക്സിസ്റ്റ് നേതാക്കൻമാർ എപ്പോഴും പറയുന്നത്. ഞാൻ ചോദിക്കട്ടെ നിങ്ങളുടെ പോളിറ്റ് ബ്യൂറോ ഇപ്പോൾ ഡൽഹിയിൽ നടന്നല്ലോ, ഇവിടെ ശ്രീ. പ്രകാശൻ മാസ്റ്റർ സി. ആർ. എ. ജി. റിപ്പോർട്ടിനെക്കുറിച്ച് പറഞ്ഞല്ലോ, ആ സി. ആർ. എ. ജി. റിപ്പോർട്ടിനെക്കുറിച്ച് നിങ്ങൾ ചർച്ച ചെയ്തോ? ആ സി. ആർ. എ. ജി. റിപ്പോർട്ട് വളരെ വ്യക്തമായി ജനകീയാസൂത്രണത്തിലെ ഞെട്ടിപ്പിക്കുന്ന ആയിരക്കണക്കിന് കോടിരൂപയുടെ അഴിമതി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അത് നിങ്ങൾ ചർച്ച ചെയ്തിട്ടുണ്ടോ? പോളിറ്റ് ബ്യൂറോ ചർച്ച ചെയ്തിട്ടുണ്ടോ? അതുപോലെ എസ്. എൻ. സി. ലാവ്‌ലിൻ പ്രശ്നം നിങ്ങൾ ചർച്ച ചെയ്തിട്ടുണ്ടോ? കനേഡിയൻ

LIBRARY ARCHIVES Kerala Legislative Assembly

കമ്പനിയായ എസ്.എൻ.സി. ലാവ്‌ലിൻ കരാർ നൽകിയത് യു.ഡി.എഫ്. സർക്കാർ മുപ്പുവച്ച എം.ഒ.യു. റൂട്ടിലാണെന്ന് പിണറായി വിജയൻ ആണയിട്ട് പറയുന്നു. യു. ഡി. എഫ്. സർക്കാർ മുന്നോട്ടുവച്ച മറ്റു പല നല്ല കാര്യങ്ങൾക്കൊന്നും താൽപ്പര്യം കാണിക്കാതിരുന്ന എൽ.ഡി.എഫ്. സർക്കാർ ഇക്കാര്യത്തിൽ മാത്രം യു.ഡി.എഫ്. എടുത്ത തീരുമാനം അംഗീകരിച്ചു. ബാക്കി തീരുമാനങ്ങളെല്ലാം തെറ്റായിരുന്നു എങ്കിൽ ഈ തീരുമാനം ശരിയാണെന്ന് കണ്ട് നിങ്ങളെന്തേ അത് തെറ്റാണെന്ന് കണക്കാക്കാതെ മുന്നോട്ടുപോയി. ആ തീരുമാനം എം.ഒ.യു. റൂട്ടിൽ ഒപ്പുവച്ചത് തെറ്റായിരുന്നു എങ്കിൽ എന്തുകൊണ്ട് നിങ്ങളെന്തേ തിരുത്തിയില്ല. അതിനുശേഷം 1997-ൽ ബാലാനന്ദൻ കമ്മിറ്റി റിപ്പോർട്ട് വന്നിട്ട് എന്തുകൊണ്ട് നിങ്ങളെന്തേ അത് തിരുത്തിയില്ല. തിരുത്താതെ മുന്നോട്ടുപോയ നിങ്ങളെന്തേ ഇന്നിതാ വിജിലൻസ് അന്വേഷണത്തെ നേരിടുകയാണ്. ഈ വിജിലൻസ് അന്വേഷണം പൂർത്തിയായി കഴിയുമ്പോൾ ഞാൻ ഒരു കാര്യം ഉറപ്പിച്ചു പറയാൻ ആഗ്രഹിക്കുന്നു, ശ്രീ. പിണറായി വിജയൻ കേരളത്തിലെ ജനങ്ങളോട് കണക്കു പറയേണ്ടിവരും. നിങ്ങളുടെ വാക്കും പ്രവർത്തിയും തമ്മിൽ ചക്രവാളവും ചവിട്ടിയും തമ്മിലുള്ള അന്തരമാണുള്ളത്. വായ്ക്ക് തോന്നുന്നത് കോതയ്ക്ക് പാട്ടെന്ന് പറയുന്നതുപോലെ നിങ്ങളും പലരും ഇവിടെ വന്ന് പലതും പുലമ്പുന്നുണ്ട്. സത്യവുമായി യാതൊരു ബന്ധവുമില്ലാത്ത കാര്യങ്ങളാണ് നിങ്ങളും ചർച്ച ചെയ്യുന്നത്. സി.പി. എം.-ന്റെ അഴിമതിയെക്കുറിച്ച് ഇവർക്ക് ചർച്ചയില്ല. ഇവർ പ്രതികളായ സ്ത്രീപീഡന കേസുകളെക്കുറിച്ച് ചർച്ചയില്ല. പിന്നെ എന്തു കുന്തമാ സഖാക്കളെ നിങ്ങളും പോളിറ്റ് ബ്യൂറോയിലൊക്കെ ചർച്ച ചെയ്യുന്നത് എന്നാണ് എനിക്ക് ചോദിക്കുവാനുള്ളത്. ബോംബെയിലെ വെള്ളപ്പൊക്കത്തെ കുറിച്ചായിരിക്കും നിങ്ങളും അവിടെ ചർച്ച ചെയ്യുന്നത്. അതുപോലെ യാങ്കിപ്പടയുടെ ക്രൂരതകളെക്കുറിച്ചായിരിക്കും ചർച്ച ചെയ്യുന്നത്, അതുപോലെ ആവർത്തിക്കുന്ന സമുദ്രക്ഷോഭങ്ങളെ കുറിച്ചായിരിക്കും നിങ്ങളും ചർച്ച ചെയ്യുന്നത്. ആകാശപേടകങ്ങളും ഉണ്ടാക്കുന്ന ആശയക്കുഴപ്പങ്ങളെ കുറിച്ചായിരിക്കും നിങ്ങളും ചർച്ച ചെയ്തത്. ശരിയാണ്. അതൊന്നും ചർച്ച ചെയ്യുമ്പോൾ ആർക്കും എതിരുണ്ടാവാൻ വഴിയില്ല. ഇതിനെക്കുറിച്ച് എനിക്ക് പറയാനുള്ളത് കേസരി ബാലകൃഷ്ണപ്പിള്ള ഒരിക്കൽ സാഹിത്യ പരിഷത്തിന്റെ കൊല്ലം സമ്മേളനത്തെക്കുറിച്ച് അഭിപ്രായപ്പെട്ടു. അദ്ദേഹം പറഞ്ഞു സദ്യവട്ടങ്ങളിൽ ഒഴികെ മറ്റെല്ലാ കാര്യങ്ങളിലും തികഞ്ഞ പരാജയമായിരുന്നു എന്ന്. അങ്ങനത്തെ ഒരു പീബീമാമാങ്കമാണ് പഞ്ചനക്ഷത്ര നിഴലിൽ നിന്നുകൊണ്ട് നിങ്ങളും കളിക്കുന്നത്.

സർ, ഈ രാഷ്ട്രീയം കേരളത്തിലെ ജനങ്ങളും കണ്ടുകൊണ്ടിരിക്കുകയാണ്. അതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കേരളത്തിലെ രാഷ്ട്രീയ ചക്രവാളങ്ങളിൽ പഴയ ഒരു മുദ്രാവാക്യം നിങ്ങൾക്ക് വേണ്ടി മാറ്റൊലി കൊള്ളുന്നു. എനിക്ക് നിങ്ങളോട് സൂചിപ്പിക്കാനുള്ളത് അതാണ്. ആരാ നിങ്ങളുടെ നേതാവ്? എന്താ നിങ്ങളുടെ പരിപാടി? അതാണ് എനിക്ക് നിങ്ങളോട് ചോദിക്കാനുള്ളത്. അതുപോലെ ഏകശിലാ വിഗ്രഹം എന്നൊക്കെ ഇവർ പറഞ്ഞു നടന്നിരുന്ന സി. പി. എം. ഇന്നൊരു സ്ഫടികപാത്രം വീണുടഞ്ഞതുപോലെ ചിതറിത്തെറിക്കുകയും 100 നേതാക്കൻമാർ 100 സ്വരത്തിൽ സംസാരിക്കുകയും നൂറ് നയങ്ങളും പ്രഖ്യാപിക്കുകയും ചെയ്യുമ്പോൾ അതിവേഗത്തിൽ ബഹുദൂരം കുതിക്കുന്ന ഒരു ഭരണയന്ത്രത്തെ കൊഞ്ഞനം കാട്ടി ഇവർ എന്തിനാണ് സ്വയം പരിഹാസ്യരായിത്തീരുന്നത്. ഇത് കാറോടി യന്ത്രങ്ങളോട് യുദ്ധം ചെയ്ത ഡോൺ ക്വിക്സോട്ടിനെ പോലെ; ആ വിഡ്ഢി പ്രടുവിനെ അനുസ്മരിക്കുന്ന വിധത്തിലാണ്

LIBRARY ARCHIVES Kerala Legislative Assembly

മാർക്സിസ്റ്റ് പാർട്ടിയുടെ പല നേതാക്കന്മാരും ഇപ്പോഴും സംസാരിക്കുന്നത്. അരി തരുന്ന, പണി തരുന്ന, തുണി തരുന്ന ഈ രേണകൂടം മനുഷ്യ സ്നേഹനിർഭരമായ നടപടികളുമായിട്ട് മുന്നോട്ടുപോകുമ്പോഴും അതിന്റെ നേതൃത്വം സ്വയം ശുദ്ധീകരണത്തിലൂടെ ആത്മബലം നേടുമ്പോഴും വരാൻപോകുന്ന നിയമസഭാ തിരഞ്ഞെടുപ്പിന്റെ ഫലത്തിൽ ആശങ്കപുണ്ട് രാഷ്ട്രീയമായ നിരാശ ബാധിച്ച സഖാക്കളും കുട്ടിക്കുരങ്ങൻമാരെ കലാപ ഭൂമിയിലേക്ക് ഇറക്കിവിടുകയാണ്. അതല്ലേ നടക്കുന്നത്? കുട്ടിക്കുരങ്ങൻമാരെ കലാപത്തിലേക്ക് ഇറക്കിവിടുകയല്ലേ ചെയ്യുന്നത്? വയലാർ രാമവർമ്മയുടെ ഒരു വരിയുണ്ട്.

''ഗ്രഹണത്തിന് വിഷമിത്തിരി കിട്ടുമ്പോഴും ഞങ്ങളീ ഗഗനവും ഭൂമിയും ശൂന്യമാക്കും'' എന്ന് ഞാഞ്ഞൂൽ പറയുന്നതുപോലെ നിങ്ങളോർക്കുക ''ഞാഞ്ഞൂലിൻ വിഷമേറ്റ് മരിച്ചിട്ടില്ല ഇവിടത്തെ ചിതലിന്റെ ഒരു കുഞ്ഞുപോലും'' നിങ്ങളുടെ ഈ കപടഭാവമൊന്നും കേരളത്തിലെ ജനങ്ങളുടെ മനസ്സ് മാറ്റാൻ കഴിയില്ല എന്നാണ് എനിക്ക് ഈ വേട്ടക്കാരോട് പറയാനുള്ളത്. ഈ വേട്ടക്കാർ കേരളത്തിലെ സമാധാനാന്തരീക്ഷം തകർത്ത്, നമ്മുടെ സാമൂഹിക ജീവിതം അരാജകത്വത്തിലേക്ക് നയിക്കാനാണ് ശ്രമിക്കുന്നത്. എനിക്ക് നിങ്ങളോട് ചോദിക്കാനുള്ളത് ആരാണ് നിങ്ങളുടെ നേതാവ് എന്നാണ്? മാർക്സ് ആണോ, ഏംഗൽസാണോ, ലെനിനാണോ, സ്റ്റാലിനാണോ, ക്രൂഷ്ചേവാണോ, മലങ്കോവ് ആണോ ആരാണ് നിങ്ങളുടെ നേതാവ്? ബക്കുനിയൻ, അരാജകത്വവാദികളുടെ നേതാവ് ബക്കുനിയനാണ് നിങ്ങളെ നയിക്കുന്നത്. ബക്കുനിയനിസമാണ് നിങ്ങളെ നയിക്കുന്നത്. പിന്നെ വ്യവസായങ്ങളും വരുന്നതും ഇല്ലാതാക്കാനുള്ളതും ഒന്നു കാണണമെന്നാണ് നിങ്ങളും സാധാരണത്തിൽപോലും വന്നുപറയുന്നത്. നിങ്ങളുടെ മനോഭാവം വെട്ടിനിരത്തൽ മനോഭാവമാണ്. കർഷകവേട്ട, വ്യവസായവേട്ട, മാധ്യമവേട്ട, സ്ത്രീവേട്ട സഖാക്കളെ നിങ്ങളും ഈ മൃഗയാ വിനോദങ്ങളൊന്നു നിറുത്തൂ, നിങ്ങളുടെ സഖാവ്, കടമ്മനിട്ടയുടെ കാട്ടാളനെ പോലെ ''വേട്ടക്കാർ അവരുടെ കൈകളും വെട്ടും ഞാൻ കൺമഴുവോങ്ങി'' എന്ന് കടമ്മനിട്ട പാടിയതുപോലെ അത് നിങ്ങളും ഓർക്കണമെന്നു മാത്രമാണ് എനിക്ക് നിങ്ങളോട് പറയാനുള്ളത്. അതാണ് കേരളത്തിന്റെ സമൂഹമനസ്സ് നിങ്ങളോട് പറയുന്നത്. നിങ്ങളും കേൾക്കുന്നില്ലേ. നിങ്ങളെ സംബന്ധിച്ചിടത്തോളം നിങ്ങളെ നയിക്കുന്നത് ബ്ലഡ് ബാങ്ക്, ചോദ്യ ബാങ്ക്, എന്നൊക്കെ പറയുന്നതുപോലെ നിങ്ങൾക്ക് കുറച്ചു ബാങ്കുകളും ഉണ്ട്, മുദ്രാവാക്യ ബാങ്ക്. അതിലുള്ള മുദ്രാവാക്യങ്ങളും എന്താണ് പറയുന്നത്. തുലയട്ടെ, തകരട്ടെ, നശിക്കട്ടെ, ഇടിവെട്ടിച്ചാകട്ടെ, പാമ്പ് കടിച്ച് മരിക്കട്ടെ, തുടങ്ങിയ ശാപവാക്കുകളാണ് നിങ്ങളുടെ മുദ്രാവാക്യ ബാങ്കിലുള്ളത്. ഈ ശാപവാക്കുകളും നിറഞ്ഞ മുദ്രാവാക്യ ബാങ്കിൽ നിന്നും പുറത്തുവരാൻ പ്രിയമുള്ള സഖാക്കളെ വേകുമാരാ, ജയരാജാ, പ്രകാശാ, നിങ്ങളോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇനിയെങ്കിലും നിങ്ങളും കണ്ണ് തുറന്നൊന്ന് കാണുക, എസ്. എൻ. സി. ലാവ്‌ലിൻ വിവാദം ഈ കേരളത്തിൽ കത്തിനിൽക്കുമ്പോഴും ബാലാനന്ദൻ കമ്മിറ്റിയുടെ റിപ്പോർട്ട് പറഞ്ഞത് അവിടെ പന്നിയാർ ചെങ്കുളം പള്ളിവാസലിൽ മെഷീനെല്ലാം ഒന്ന് പെയിന്റടിച്ച് നട്ടും ബോൾട്ടും മുറുക്കി ഒന്ന് റിപ്പയർ ചെയ്തുവച്ചാലും പ്രശ്നം തീരും. അതിന് B.H.E.L.-ന് കരാർ കൊടുത്താലും മതിയെന്നാണ്. B.H.E.L.-ന് കരാർ കൊടുക്കാൻ ബാലാനന്ദൻ പറഞ്ഞാൽ കേൾക്കാത്ത പിണറായി വിജയൻ B.H.E.L. disinvestment ചെയ്യും എന്നു പറഞ്ഞാൽ പൊതുമേഖലാ സ്ഥാപനത്തെ ഡിസ്ഇൻവെസ്റ്റ് ചെയ്യുന്നു എന്നു പറഞ്ഞുകൊണ്ട് നേതാക്കൻമാർ

LIBRARY ARCHIVES Kerala Legislative Assembly

അവിടെ മുറവിളി കൂട്ടും. ഇവർ ഇങ്ങനെയായിരുന്നു സർ. അവിടെ മഴ പെയ്യുമ്പോഴാ ഇവിടെ കുട പിടിക്കും. റഷ്യയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ 20-ാം പാർട്ടി കോൺഗ്രസ്സിൽ എന്തോ പ്രശ്നം ഉണ്ടായി എന്നുപറഞ്ഞ് അവിടെ മഴ പെയ്തപ്പോഴാ ഇവിടെ കുട പിടിച്ചു നിങ്ങളെന്തിനാണ് ഇവിടെ കുട പിടിച്ചത്. ഇപ്പോഴും നിങ്ങൾ ഡൽഹിയിൽ പോയി കുട പിടിച്ചിരിക്കുകയാണ്. അതല്ലേ ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് എനിക്ക് നിങ്ങളോട് പറയാനുള്ളത് സൃഷ്ടി പരമായ എന്തെങ്കിലുമൊക്കെ നിങ്ങളുടെ മനസ്സിന്റെ വന്ധ്യഭൂമിയിൽ മുളയ്ക്കുന്നതു കാണാൻ കൊതിക്കുന്നതുകൊണ്ടാണ് ഞാൻ പറയുന്നത് മാറുന്ന കേരളത്തിന്റെ കാലത്തിന്റെ ഉൾത്തുടിപ്പ് കാണാൻ ഇനിയെങ്കിലും നിങ്ങൾക്ക് കഴിഞ്ഞില്ലായെങ്കിൽ വയലാറിന്റെ കല്യാണസൗഗന്ധികത്തിൽ ഭീമനോട് ഹനുമാൻ പറഞ്ഞതുപോലെ എനിക്ക് പറയാനുള്ളത് ''ഈ യുഗത്തിനു നിന്നെക്കൊണ്ടൊന്നും ആകില്ലല്ലോ, നീ വെറും തൊണ്ടായി വീണടിഞ്ഞേക്കും മണ്ണിൽ'' എന്ന്. മാർക്സിസ്റ്റ് പാർട്ടി വെറും തൊണ്ടുമാത്രമാണ്. അതിലെനിക്ക് ആത്മാർത്ഥമായ ദുഃഖമുണ്ട്. ഏതൊരു മാർക്സിസ്റ്റ് വിരുദ്ധനും കണ്ട് ഏതൊരു കിറുക്കൻ സ്വപ്നത്തേക്കാളും ഭയങ്കരമായി നിങ്ങൾതന്നെ ഈ പ്രസ്ഥാനത്തെ നശിപ്പിച്ചുകഴിഞ്ഞു. നടൻ സുരേഷ് ഗോപി ഒരു സിനിമയിൽ.....

ശ്രീ. മത്തായി ചാക്കോ: മാർക്സിസ്റ്റ് പാർട്ടി ഒരു തൊണ്ടു പോലെയായി എന്നു തമ്പാൻ ഇപ്പോഴാ പറഞ്ഞല്ലോ, അതൊന്ന് പരീക്ഷിക്കാൻവേണ്ടി ആ ചാത്തന്നൂർ മണ്ഡലത്തിൽ ഒന്ന് രാജിവച്ച് ഇടതുപക്ഷ ജനാധിപത്യമുന്നണിയോട് മൽസരിക്കാൻ തയ്യാറാകുമോ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: അതിന് ഇനി ഒരു പത്തുമാസം കൂടി കാത്തിരുന്നാൽ മതി, പത്തുമാസം കഴിയുമ്പോഴാ അതിന്റെ സമയമാകും. അന്നേരം ഇതെല്ലാം നടക്കും പേടിക്കണ്ട. ധൈര്യമായിട്ടു മൽസരിക്കാം. ഞാൻ പറഞ്ഞല്ലോ, ഒരു സിനിമയിൽ സുരേഷ്ഗോപിയുടെ ഒരു ഡയലോഗ് ഉണ്ട്. ഓർമ്മയുണ്ടോ ഈ മുഖം എന്നാണ്, ഈ നിയമസഭാ തെരഞ്ഞെടുപ്പു കഴിയുമ്പോഴാ ശ്രീ. അച്ചുതാനന്ദനും ശ്രീ. പിണറായി വിജയനും കൂടി അങ്ങോട്ടുമിങ്ങോട്ടും കൈ കൊടുത്തിരുന്നിട്ട് പരസ്പരം ചോദിക്കും, ഓർമ്മയുണ്ടോ സഖാവേ ഈ മുഖമെന്നു ചോദിക്കുന്ന രീതിയിലേക്ക് മാർക്സിസ്റ്റ് പാർട്ടി കൂപ്പുകുത്തുകയല്ലേ, കണക്കുകളുടെ പേരിൽ എന്തിനാണ് കള്ളം പറയുന്നത്. ഈ സഭയിൽ നക്ഷത്രചിഹ്നമിടാത്ത ചോദ്യം, 28-7-2005-ലെ 2635-ാം നമ്പർ ചോദ്യം അതിൽ സി. ആൻഡ് എ. ജി. റിപ്പോർട്ടിന്റെ കണക്കനുസരിച്ച് തമ്പാനൂർ രവിയാണ് ചോദ്യകർത്താവ് ചോദ്യം ചോദിച്ചിരിക്കുന്നു. എൽ. ഡി. എഫ്. സർക്കാരിന്റെ കാലത്ത് പദ്ധതിയിനത്തിൽ തദ്ദേശ സ്ഥാപനങ്ങൾ ചെലവാക്കിയ തുക വർഷം തിരിച്ച് വ്യക്തമാക്കാമോ? വ്യക്തമാക്കി, 1996-97-ൽ 21 കോടി, 1997-98-ൽ 28 കോടി, 1998-99-ൽ 31 കോടി, 1999-2000-ൽ 30 കോടി, 2000-2001-ൽ 29 കോടി എന്നാൽ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 2001-2002-ൽ 25 കോടി, 2002-2003-ൽ 39 കോടി 2003-2004-ൽ 36 കോടി. നിങ്ങൾ അധികാരം വിട്ടൊഴിയുന്ന സമയത്തേക്കാൾ കഴിഞ്ഞ വർഷം ഞങ്ങൾ ചെലവുചെയ്തിരിക്കുന്നത് പത്തു കോടി രൂപയിലധികം താഴോട്ടു കൊടുത്തിരിക്കുകയാണ്. ഇടതുമുന്നണിയുടെ ആരോപണത്തിനുള്ള മറുപടിയാണ് താഴെത്തട്ടിലുള്ള ലോക്കൽ ബോഡീസിന്റെ പ്രവർത്തനങ്ങൾക്ക് ഞങ്ങൾ ഫണ്ട് കൊടുക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

തുക കൊടുക്കുന്നില്ല. സഹായിക്കുന്നില്ല എന്നാണ് ആരോപണമുന്നയിക്കുന്നത്. എനിക്ക് പറയാനുള്ളത് 2001 മേയ് മാസത്തിൽ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ എന്തായിരുന്നു കേരളത്തിന്റെ സാമ്പത്തികസ്ഥിതി? കേരളത്തിൽ ദൈനംദിന ചെലവിനു പോലും പണം കണ്ടെത്താൻ കഴിയുമായിരുന്നോ? നിങ്ങൾക്ക് അറിയാമല്ലോ, ജനകീയ ആസൂത്രണത്തിന് നൽകിയ മുന്നൂറും നാന്നൂറും രൂപയുടെ ചെക്കുപോലും ഉപഭോക്താക്കൾക്ക് തുകയായി കൈപ്പറ്റാൻ മാസങ്ങളോളം കാത്തിരിക്കേണ്ടിവന്നില്ലേ? പെൻഷൻകാർക്ക് ഓണത്തിനു മുമ്പായി ലഭിക്കേണ്ടിയിരുന്ന ആനുകൂല്യങ്ങൾ ഗഡുക്കളായിട്ടായിരുന്നില്ലേ വിതരണം ചെയ്തിരുന്നത്. വിവിധയിനം ക്ഷേമപെൻഷനുകൾ വിതരണം ചെയ്യുന്നതിന് കാലതാമസം നേരിട്ടില്ലേ? എന്തിനാണ് ദേവകുമാരാ ഇങ്ങനെ പാടുപെടുന്നത്. ഞങ്ങളാരും ഗ്രൂപ്പ് മാറിയില്ല. നിന്നിടത്തുതന്നെ ഉച്ചു നിൽക്കും. ഗ്രൂപ്പ് മാറുന്ന നിങ്ങൾക്ക് പുത്തനച്ചി പുരപ്പുറം തൂക്കുന്നതുപോലെ അപ്പുറത്തുനിന്ന് ഇപ്പുറത്തുവരുമ്പോൾ പലതും പറയേണ്ടിവരും. അതിന്റെ ഒരു വിങ്ങിപ്പൊട്ടലും തത്രപ്പാടുമാണ് ദേവകുമാരൻ കാണിക്കുന്നത്. ഈ അഭിപ്രായം നിങ്ങളുടെ നേതാക്കൻമാർക്ക് ഇല്ല. രാഷ്ട്രപതി ഇവിടെ വന്ന് പ്രസംഗിച്ച സയോന്നിത്. രാഷ്ട്രപതി വന്ന് പ്രസംഗിച്ച ഈ സയിൽ അദ്ദേഹം വച്ച നിർദ്ദേശത്തോട് ആവേശപൂർവ്വം നിങ്ങൾ പ്രതികരിച്ചത് നിങ്ങൾ തന്നെ മറയ്ക്കുകയാണ്. അദ്ദേഹം കേരളത്തിനുവേണ്ടി, കേരളത്തിന്റെ സമഗ്രമായ പുരോഗതിക്കുവേണ്ടി, കേരളത്തിന്റെ ഭാവിതലമുറക്കുവേണ്ടി നമ്മുടെ കണ്ണുതുറക്കുന്നതിനുവേണ്ടി ശാസ്ത്ര കൗതുകത്തോടുകൂടി അദ്ദേഹം വളരെ കൂലംകഷമായി ചിന്തിച്ചതിനുശേഷം അവതരിപ്പിച്ച അക്കാര്യങ്ങളിൽ ഒരു ചർച്ചയ്ക്കുവേണ്ടി അങ്ങനെയുള്ള കാര്യങ്ങളിൽ സഹകരിച്ച് കേരളത്തിലെ ജനകോടികളുടെ ഭാവി കണക്കിലെടുത്ത് നമ്മുടെ എല്ലാ മേഖലയും സമ്പുഷ്ടമാക്കാൻ പര്യാപ്തമായ നിലയിൽ അദ്ദേഹം അവതരിപ്പിച്ച കാര്യങ്ങളിൽ യോജിച്ചുനിന്നുകൊണ്ട് മുന്നോട്ടുന്നതിന് പകരം കേരളത്തിൽ മുഴുവൻ സമരക്കൊടുങ്കാറ്റ് അഴിച്ചുവിട്ട് ഇന്നിപ്പോൾ കൊല്ലം ജില്ലയിലെ കശുവണ്ടി ഫാക്ടറികളുടെ എല്ലാം മുമ്പിൽ ചുവന്ന കൊടി ഉയർത്തിയിരിക്കുകയാണ്. എന്താണ് കാര്യമെന്ന് അറിയാമോ? ഓണം വരാൻ പോകുന്നു, ഓണം വരാൻ പോകുമ്പോഴെല്ലാം എന്റെ ജില്ലയിലെ കശുവണ്ടി ഫാക്ടറികളുടെ മുമ്പിലെല്ലാം ചുവന്ന കൊടിയാണ്. ഇതുപക്ഷ മുന്നണി ഭരിച്ചിരുന്ന കാലത്ത് ഇവർ ഒരു കൊടിയും കെട്ടില്ല. അന്ന് ഞാൻ ചെല്ലുമ്പോൾ ഒരു ഡി. വൈ എഫ്. ഐ. നേതാവ് ഒരു കശുവണ്ടി ഫാക്ടറിക്ക് മുമ്പിൽ നിന്ന് പ്രസംഗിക്കുകയാണ്. നെൽസൺമണ്ഡേലയെ മോചിപ്പിക്കണമെന്നാണ് പ്രസംഗത്തിൽ ആവശ്യപ്പെടുന്നത്. കശുവണ്ടി തൊഴിലാളി സ്ത്രീകളും ആവേശപൂർവം കൈയടിക്കുകയാണ്. നെൽസൺ മണ്ഡേല ഒരു കശുവണ്ടിക്കച്ചവടക്കാരനാണെന്നും അദ്ദേഹത്തെ ആഫ്രിക്കയിലെ ജയിലിൽ പിടിച്ചിട്ടിരിക്കുന്നതുകൊണ്ടാണ് ഇവിടത്തെ കശുവണ്ടി ഫാക്ടറികളും തുറക്കാത്തതുമെന്നാണ് അവർ വിചാരിച്ചിരിക്കുന്നത്. അങ്ങനെയാണ് കശുവണ്ടി തൊഴിലാളി സ്ത്രീകളെ അവർ പ്രസംഗിച്ച് ബോദ്ധ്യപ്പെടുത്തുന്നത്. യു. ഡി. എഫ്. അധികാരത്തിൽ വരുമ്പോഴെല്ലാം ഓരോരോ സമയം വരുമ്പോൾ ഓരോരുത്തരെ അഴിച്ചുവിടുന്നു. ഇപ്പോൾ കുറച്ചു പാവം കുഞ്ഞുങ്ങളെ അഴിച്ചുവിട്ടു. സൂര്യ ടെലിവിഷന്റെ ഒരു ഇൻറർവ്യൂവിൽ ഞാനും ശ്രീമതി പി. കെ. ശ്രീമതി ടീച്ചറും, ഒരു ഡി. ജി. പി.യും പങ്കെടുത്തിരുന്നു. അപ്പോൾ ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ പോലീസിനെ, റോഡിൽനിന്നും ഒരു രോദനം കേൾക്കുന്നില്ലേയെന്ന്?

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ പറഞ്ഞു, അത് എ.കെ.ജി. സെന്ററിൽ നടക്കുന്ന വെട്ടിനിരത്തലിന്റെ ബഹിർസ്ഫുരണമാണ് റോഡിൽ കേറിക്കുന്നതെന്ന്. എ.കെ.ജി. സെന്ററിൽ നിങ്ങൾ പലരേയും വെട്ടി നിരത്തി. പത്രാധിപരെ മാറ്റി. പാർട്ടി സെക്രട്ടേറിയറ്റ് അംഗങ്ങളെ മാറ്റി. അപ്പോൾ നടന്ന വെട്ടിനിരത്തലിന്റെ ഫലമായുണ്ടായ രോദനമാണ് കേട്ടത്. അത് റോഡിലാണെന്നെയുള്ളൂ. പി. കേശവദേവിന്റെ 'ആർക്കുവേണ്ടി' എന്നൊരു നോവലുണ്ട്. ആ നോവലിൽ പി. കേശവദേവ് ചോദിച്ചത് നിങ്ങളോടാണ്. ആർക്കുവേണ്ടി? ഒന്നു ചിന്തിക്കണം. അതുകൊണ്ട് എനിക്കു പറയാനുള്ളത് ശ്രീ. കേശവദേവ് പറഞ്ഞതുപോലെ കൊല്ലരുതനിയാ കൊല്ലരുത്. അതിനായി കേരളത്തിലെ കുഞ്ഞുങ്ങളെ അഴിച്ചുവിടരുത്. ഇനിയെങ്കിലും കുഞ്ഞുങ്ങളെ തെറ്റായ സമരത്തിലേക്ക് നയിക്കരുത്. അവരുടെ കയ്യിൽ പിച്ചാത്തി കൊടുത്തുവിടരുത്. അവരുടെ കയ്യിൽ ബോംബ് കൊടുത്തുവിടരുത്, തീ ബോംബ് കൊടുത്തു വിടരുത്, പെട്രോൾ ബോംബ് കൊടുത്തുവിടരുത്, കല്ലും കഠാരയും കൊടുത്തുവിടരുത്. ഇതെല്ലാം കൊടുത്തുവിട്ട് കേരളത്തിലെ കുട്ടികളെ വഴിതെറ്റിക്കരുത്.

കേരളത്തിന്റെ പുരോഗതിക്കുവേണ്ടി തയ്യാറാക്കി അതിനുവേണ്ടി അവതരിപ്പിച്ച ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. രാജൻ: സർ, ഞാൻ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ലോകം അറിയപ്പെടുന്ന നെൽസൺ മണ്ഡേലയെവരെ അണ്ടിക്കച്ചവടക്കാരനെന്നു പറഞ്ഞ് പ്രസംഗിച്ച. ഇത്തരത്തിലുള്ള പ്രസംഗങ്ങളൊക്കെ ഈ സഭയിൽ കേൾക്കേണ്ടി വന്നിരിക്കുന്നു. സുനാമിയെ സംബന്ധിച്ച് ഈ സഭയിൽ എപ്പോഴൊക്കെ ചർച്ചവന്നാലും അവസാനം ചർച്ച വഴുതി മാറിപ്പോകുകയാണ്. ഇന്നുരാവിലെ അടിയന്തിര പ്രമേയ സമയത്തും അതുതന്നെയാണ് സംഭവിച്ചത്. ബഹുമാനപ്പെട്ട ചെയർ തന്നെ, സുനാമി ബാധിതരെ സഹായിക്കുന്നതിനുവേണ്ടി വളരെ താൽപര്യം എടുത്ത് എം.എൽ.എ. മാർക്ക് കത്തയച്ച് സംഭാവനകൾ സ്വീകരിച്ചു. ജീവനക്കാർ അടക്കം കേരളത്തിലെ മുഴുവൻ ജനങ്ങളും അതിൽ സഹകരിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ രണ്ടുതവണ രാഷ്ട്രീയ പാർട്ടികളുടെ യോഗം ദർബാർ ഹാളിൽ വിളിച്ചുചേർത്ത് കിട്ടിയ സംഭാവനകൾ എങ്ങനെ വിനിയോഗിക്കണം, എങ്ങനെ ചെലവഴിക്കണം എന്നതിനെക്കുറിച്ച് ചർച്ച നടത്തി. ചില ക്ലാരിഫിക്കേഷൻ അവിടെവച്ച് ഉണ്ടായി. എന്നാൽപ്പോലും സുനാമി ഫണ്ടിലേക്ക് വന്ന സംഭാവന എത്രയാണെന്ന് അറിയിച്ചില്ല. അതറിയാനുള്ള അവകാശം കേരളത്തിലെ ജനങ്ങൾക്കുണ്ട്. ഇതുവരെ അത് അറിയിച്ചിട്ടില്ല. ഇന്നത്തെ പത്രത്തിൽ വന്ന വാർത്തയാണ് ഇവിടെ അടിയന്തിര പ്രമേയത്തിന് വിഷയമായത്. സുനാമി ഫണ്ടും വകമാറ്റി ചെലവഴിച്ചു എന്നതിന് നിരവധി ഉദാഹരണങ്ങളും പത്രങ്ങളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അത് പറയുമ്പോൾ ചില മന്ത്രിമാർക്ക് അസഹിഷ്ണുതയുണ്ടാകും. സുനാമി ഫണ്ടിൽനിന്നും 11.41 കോടി രൂപ സർക്കാർ വകമാറ്റി ചെലവഴിച്ചിരിക്കുന്നു. മാതൃഭൂമി ദിനപത്രത്തിൽ വന്ന റിപ്പോർട്ടാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ലോകായുക്തയുടെ റിപ്പോർട്ട് മേശപ്പുറത്തു വയ്ക്കാൻ കഴിയില്ലെന്നാണ്. ഞാൻ പത്രത്തിൽ വന്നത് വായിക്കാം. സുനാമി ദുരിതബാധിതർക്ക് വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിന് അനുവദിച്ച ഫണ്ടിൽനിന്നും 11.41 കോടി രൂപ സർക്കാർ വകമാറ്റി ചെലവഴിച്ചു. അതിനെതിരെയാണ് ഇവിടെ അടിയന്തിരപ്രമേയം കൊണ്ടുവന്നത്. ഇതിൽ വിദ്യാഭ്യാസ

LIBRARY ARCHIVES Kerala Legislative Assembly

ആനുകൂല്യങ്ങളും നൽകാനുള്ള 4 കോടിയോളം രൂപ ഫിഷറീസ് വകുപ്പ് തന്നെ കയ്യിൽവച്ചു. ബാക്കി ക്ഷേമനിധി ബോർഡിനു കൈമാറുകയായിരുന്നു. ബഡ്ജറ്റിൽ വിഹിതം അനുവദിക്കാനുള്ള സാധാരണ പദ്ധതികൾക്കുവേണ്ടിയാണ് ഈ രീതിയിൽ സുനാമി ഫണ്ട് ചെലവഴിച്ചത്. ഡിസാസ്റ്റർ മാനേജ്മെൻറ് സെക്രട്ടറിയുടെ ഒരു ഉത്തരവുപ്രകാരമാണ് ഈ 11.41 കോടി രൂപ അനുവദിച്ചത്. എന്നാൽ സുനാമിക്കുമുമ്പ്—ഡിസംബർ 26-നുമുമ്പ്—മരിച്ച 126 പേരുടെ അപകടമരണ ഇൻഷ്വറൻസ് സംഖ്യ നൽകുന്നതു് ഉൾപ്പെടെയുള്ള കുടിശ്ശിക നൽകാനാണ് ഈ ഫണ്ട് വിനിയോഗിച്ചത്. അതാണ് രാവിലെ സൂചിപ്പിച്ചത്. അത് പറയുമ്പോൾ ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി അസഹിഷ്ണുത പ്രകടിപ്പിച്ചത് നമ്മളെല്ലാം കണ്ടതാണ്. സുനാമി ഫണ്ടിലേക്ക് സംഭാവന ചെയ്ത തുക വകമാറി എന്ന ആക്ഷേപം വളരെ ഗുരുതരമായ ഒരു വിഷയമായി ഞങ്ങൾ കാണുന്നു. അതുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഇതിനെ സംബന്ധിച്ച് അടിയന്തിരപ്രമേയം ഉന്നയിച്ച് പ്രതിഷേധിച്ച് ഇറങ്ങിപ്പോയത്.

അതുപോലെതന്നെയാണ് ചേർത്തലയിലെ നിർദ്ദിഷ്ട ജപ്പാൻ കുടിവെള്ള പദ്ധതി ആരംഭിച്ചുകൊണ്ടിരിക്കുന്ന ഒരു വലിയ പദ്ധതിയാണ്. ബഡ്ജറ്റ് അലോക്കേഷനൊക്കെയുണ്ട്. അതിനുവേണ്ടി 140 കിലോമീറ്റർ പൈപ്പ് ലൈൻ നീട്ടി. 11 കുഴൽക്കിണറുകൾ കുഴിച്ചു. ഒന്നിലും വെള്ളമില്ല. സുനാമി ഫണ്ട് ഉപയോഗിച്ചുകൊണ്ടാണ് 140 കിലോമീറ്റർ പൈപ്പ് ലൈൻ നീട്ടിയതും 11 കുഴൽക്കിണറുകൾ കുഴിച്ചതും. ഇതിനെ സംബന്ധിച്ച് ശ്രീ. കോവൂർ കുഞ്ഞുമോൻ ഈ സഭയിൽ എഴുതിക്കൊടുത്ത് അഴിമതി ആരോപണം ഉന്നയിച്ചു. പൈപ്പ്ലൈൻ നീട്ടിയതു സംബന്ധിച്ച അഴിമതി ആരോപണം ഈ സഭയിലുണ്ട്. സുനാമി ഫണ്ട് പലവിധത്തിൽ വിനിയോഗിച്ചിട്ടുണ്ടെന്നാണ് എന്റെ ആക്ഷേപം.

അത് കേരളത്തിന്റെ സമഗ്ര വികസനത്തിനായി പരമ്പരാഗത മേഖലയെ സംബന്ധിച്ചും കാർഷിക മേഖലയെ സംബന്ധിച്ചും ദാരിദ്ര്യ നിർമ്മാർജ്ജനത്തെ സംബന്ധിച്ചുമുള്ള വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് രാഷ്ട്രപതി സമർപ്പിച്ച 10 നിർദ്ദേശങ്ങൾ ഉൾപ്പെടെ 13 വിഷയങ്ങളെ കുറിച്ച് ഇന്നലെ സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസ്താവന നടത്തുകയുണ്ടായി. വലിയ ചർച്ച നടത്തണമെന്ന് വ്യക്തമായി സൂചിപ്പിച്ചു.

എനിക്ക് പറയാനുള്ളത് പരമ്പരാഗത വ്യവസായത്തെ സംബന്ധിച്ചാണ്. ആ മേഖല ഇന്ന് എവിടെ എത്തി നിൽക്കുന്നു എന്ന് നിരവധി പ്രാവശ്യം ഈ സഭ ചർച്ച ചെയ്തു. എന്നാൽ യു. പി. എ. ഗവൺമെൻറ് പരമ്പരാഗത മേഖലയെ സഹായിക്കുന്നതിനുവേണ്ടി ശക്തമായ നടപടികളുമായി മുന്നോട്ടുപോയി. കേരള ഗവൺമെൻറ് അതിനെ സംബന്ധിച്ച് ഒരു നടപടിയും എടുക്കുന്നില്ല. നേരത്തെ കശുവണ്ടിയുടെ കാര്യം സൂചിപ്പിച്ചു. കയർ, കശുവണ്ടി, കൈത്തറി ഇവയെല്ലാം ഇന്ന് എവിടെ എത്തി നിൽക്കുന്നു. കൊല്ലം ജില്ലയിലെ കശുവണ്ടി ഫാക്ടറികൾക്കുമുന്നിൽ 100 കണക്കിന് സ്ത്രീ തൊഴിലാളികൾ കൊടികുത്തി സമരം ചെയ്യുന്നു. 98 ശതമാനവും സ്ത്രീകൾ പണിയെടുക്കുന്ന മേഖലയാണ്. അവരുടെ അവകാശങ്ങൾ നിഷേധിച്ചു. നിയമ നിഷേധം നടക്കുന്നു. ആനുകൂല്യങ്ങൾ കൊടുക്കുന്നില്ല. 1996 മുതൽ കൊടുക്കേണ്ടുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാറ്റുവിറ്റിയും പ്രോവിഡന്റ് ഫണ്ടും കൊടുക്കുന്നില്ല. ഇതിനെ സംബന്ധിച്ച ചർച്ച ഗവൺമെന്റുതലത്തിൽ യൂണിയൻ നേതാക്കൾ നടത്തിക്കൊണ്ടിരിക്കുകയാണ്. പെൻഷൻ ആനുകൂല്യങ്ങളുടെ കുടിശ്ശിക വർദ്ധിച്ചിരിക്കുന്നു. കയർ, കൈത്തറി തൊഴിലാളികളുടെ അവസ്ഥ ഇതിനേക്കാളും പരമ ദയനീയമാണ്.

ഇവിടത്തെ കടബാധ്യതയെ സംബന്ധിച്ച് ശ്രീ. വി. ഡി. സതീശൻ സൂചിപ്പിച്ചു. 39,000 കോടി രൂപ. കഴിഞ്ഞ നാലു വർഷംകൊണ്ട് 16,000 കോടി രൂപയുടെ അധിക ബാധ്യത ഈ സർക്കാർ വരുത്തിവച്ചു. നമ്മുടെ സംസ്ഥാനത്തെ കണക്കനുസരിച്ച് 50 ലക്ഷത്തോളം വരുന്ന കയർ–കശുവണ്ടി തൊഴിലാളികളും 18 ലക്ഷത്തോളം വരുന്ന കർഷക തൊഴിലാളികളും ഉണ്ട്. അവർക്ക് 22 ഓളം ക്ഷേമപദ്ധതികളുണ്ട്. അവർക്ക് കൊടുക്കുന്ന സഹായങ്ങളുണ്ട്. അവരുടെ കുട്ടികളെ പഠിപ്പിക്കുന്നതിനുള്ള സഹായങ്ങളുണ്ട്. പെൺകുട്ടികളുടെ വിവാഹത്തിന് സഹായങ്ങളുണ്ട്. ചികിത്സാ സഹായങ്ങളുണ്ട്. നിരവധി ആനുകൂല്യങ്ങളും, ക്ഷേമ പദ്ധതികളും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. 50 ലക്ഷത്തോളം ആളുകളും ഈ സഹായങ്ങളും അനുഭവിച്ചു. അതിന്റെ ഗുണഭോക്താക്കളെന്ന് പറയുമ്പോൾ ഓരോ കുടുംബത്തിലും 3 പേർ വീതം വരും. ഇത് കേരളത്തിലെ ജനസംഖ്യയുടെ പകുതിയിലധികമാണ്. 16,000 കോടി രൂപ കഴിഞ്ഞ നാലു വർഷം കൊണ്ട് കടബാധ്യത വരുത്തിവച്ച സർക്കാർ കേരളത്തിന്റെ പകുതിയിലധികം വരുന്ന ജനസംഖ്യയുള്ള മനുഷ്യർക്കുവേണ്ടി എന്തു ചെയ്തു? പരമ്പരാഗത തൊഴിലാളികളും, തോട്ടം തൊഴിലാളികളും, ബീഡി തൊഴിലാളികളും ഇവർക്കെന്തു ചെയ്തു? പകുതിയിലധികം വരുന്ന ജനത്തെ അവഗണിച്ചുകൊണ്ടുള്ള ഒരു നയമായിട്ടാണ് ഇക്കാര്യത്തിൽ കഴിഞ്ഞ 4 വർഷം കൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടുപോയത്.

സി. ആൻഡ് എ. ജി.യുടെ റിപ്പോർട്ടിനെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. അതിലെ പട്ടികജാതി/പട്ടികവർഗ്ഗ വികസനവകുപ്പിന്റെ കണക്കു കണ്ടപ്പോൾ എനിക്കു ഭയം തോന്നി. കഴിഞ്ഞ വർഷങ്ങളിൽ എന്താണ് നടന്നത്? Extra expenditure of Rs. 28.80 lakhs was incurred on the purchase and supply of rank files. പത്താം ക്ലാസ്സിലെ കുട്ടികൾക്കുവേണ്ടി 28 ലക്ഷം രൂപയുടെ ഗൈഡുകൾ ഉണ്ടാക്കി. ആ ഗൈഡ് കൊടുക്കാതെ മാറ്റിക്കൊണ്ടുപോയി. കമ്പ്യൂട്ടർ ട്രെയിനിംഗ് അതിനു വിജിലൻസ് അന്വേഷണം നടക്കുകയാണ്. പത്രങ്ങളിൽ വലിയ വാർത്ത വന്നു. പട്ടികവിഭാഗ വകുപ്പിലെ 8 കോടിയോളം രൂപയുടെ അഴിമതി സി. ആൻഡ് എ. ജി. കണ്ടുപിടിച്ചു. ശ്രീ. വി. കെ. ചന്ദ്രൻ നിയമസഭയിൽ എഴുതിക്കൊടുത്ത് ആരോപണം ഉന്നയിച്ചു. അതിനെ സംബന്ധിച്ച ഒരു തീരുമാനവും ആയിട്ടില്ല. പട്ടികജാതിയിൽപ്പെട്ട കുട്ടികളെ ഡ്രൈവിംഗ് പഠിപ്പിക്കാൻ 31.59 ലക്ഷം രൂപ. സി. ആൻഡ് എ ജി. യുടെ റിപ്പോർട്ടിൽ പറയുന്നു. ശ്രീ. എ. കെ. മണി ചെയർമാനായുള്ള ക്ഷേമസമിതി ഇത് അന്വേഷിക്കണം. തൃശ്ശൂരിലെ ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ കെട്ടിടത്തിന്റെ വില 2.13 കോടി രൂപയാണ്. ആ കെട്ടിടം ആറേഴുവർഷക്കാലം ഉപയോഗിക്കാതെ ഇട്ടിരുന്നു. 6 വർഷം കഴിഞ്ഞപ്പോൾ 2.73 കോടി രൂപ കൊടുത്ത് പട്ടികവർഗ്ഗ വകുപ്പ് അത് വാങ്ങിച്ചു, ഇവർക്ക് തൊഴിൽ സംരംഭം ഉണ്ടാക്കാൻ. 3–4 വർഷക്കാലം അത് വെറുതെ കിടന്നു. ആർക്കും കൊടുത്തില്ല.

LIBRARY ARCHIVES Kerala Legislative Assembly

തക്കതായ ബോണ്ട് വയ്ക്കാൻ കഴിഞ്ഞില്ല. അതിൽ എന്തോ നടപടിയായി എന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. അതിന്റെ കച്ചവടം അടക്കമുള്ള കാര്യങ്ങളെ സംബന്ധിച്ച് അന്വേഷിക്കണം. സി. ആൻഡ് എ. ജി.യുടെ റിപ്പോർട്ടിൽ പറയുന്ന പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ നിന്നു മുഴുവൻ കാര്യങ്ങളെ സംബന്ധിച്ചും. അന്വേഷിക്കണം. എത്ര രൂപയുടെ അഴിമതി ഉണ്ടെന്നുള്ളത് സംബന്ധിച്ചും. അന്വേഷിക്കണം. അതിൽ അഴിമതി ഉണ്ടെന്നാണ് സൂചിപ്പിക്കുന്നത്. അതുകൊണ്ട് ഇതിനെ സംബന്ധിച്ച് വളരെ വ്യക്തമായ ഒരു അന്വേഷണം ഉണ്ടാകണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽ കൂടി എതിർക്കുന്നു.

ശ്രീ. ഇസ്ഹാക് കുരിക്കൾ: കേരളത്തിന്റെ സമസ്ത മേഖലയിലേക്കും വെളിച്ചം വീശുന്ന ഈ സപ്ലിമെന്ററി ഗ്രാന്റിനെ ഞാൻ സർവ്വാത്മനാ അനുകൂലിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കേരളത്തിലെ വിവിധ മേഖലകളിൽ—വിദ്യാഭ്യാസം, ആരോഗ്യം, വ്യവസായം, പൊതുമരാമത്ത് എന്നീ വകുപ്പുകളിലേക്കുള്ള 600.30 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകളാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. അപ്പുറത്തിരിക്കുന്നവർ എന്തിനാണ് ഈ വാചാലമായ പ്രസംഗം സപ്ലിമെന്ററി ഡിമാൻറിനെതിരായിട്ട് നടത്തുന്നത് എന്നെനിക്കറിയില്ല. പക്ഷേ ഒരു കാര്യം ഞാൻ ഇവിടെ സൂചിപ്പിക്കുന്നു. നമ്മുടെ വിദ്യാഭ്യാസ വകുപ്പിൽ സാറ്റലൈറ്റ് ടെലിവിഷൻ സ്ഥാപിച്ചുകൊണ്ട് ഇന്ത്യയ്ക്കാകമാനം ഉപകരിക്കുന്ന വിധത്തിൽ വാർത്താമാധ്യമങ്ങളും വിദ്യാഭ്യാസ രംഗത്ത് കൊണ്ടുവന്നു. നമ്മുടെ രാഷ്ട്രപതി ഇവിടെ നിന്ന് പ്രസംഗിക്കുമ്പോഴും എന്റെ നാട്ടിലെ—മഞ്ചേരിയിലെ—വിദ്യാർത്ഥികളും ഇത് കാണുകയും അവർ രാഷ്ട്രപതിയോട് ചോദ്യങ്ങൾ ചോദിക്കുന്നത് കാണുവാനുമുള്ള അവസരം എനിക്കുണ്ടായി. ഇതിനെയാണോ നിങ്ങൾ എതിർക്കുന്നത്? ഇത് ഒരു ഗവൺമെന്റിന്റെ നേട്ടമല്ലേ? അല്ല എന്ന് നിങ്ങൾക്ക് പറയാൻ സാധിക്കുമോ? വിദ്യാഭ്യാസ രംഗത്ത് ഗ്രേഡിംഗ് കൊണ്ടുവന്നു, കൗൺസിലിംഗ് നടന്നു. എന്തെങ്കിലും പ്രശ്നമുണ്ടോ? റാങ്കുകാരെ നിശ്ചയിക്കുന്ന കാര്യത്തിൽ കുട്ടികളുടെ പെർഫോർമൻസ് നോക്കിക്കൊണ്ട് വിദ്യാർത്ഥികളുടെ സ്വഭാവവും അവരുടെ പ്രവർത്തനങ്ങളും ക്ലാസിൽ നിരീക്ഷിച്ച് അതുപ്രകാരം റാങ്ക് ജേതാക്കളെ തെരഞ്ഞെടുത്ത് ഗ്രേഡിംഗ് പ്രശ്നം പരിഹരിക്കപ്പെട്ടു. അങ്ങനെ വിദ്യാഭ്യാസ രംഗത്ത് സമൂലമായ പരിവർത്തനങ്ങളും സൃഷ്ടിച്ച നമ്മുടെ വിദ്യാഭ്യാസ മന്ത്രിയെ അല്ലെങ്കിൽ യു.ഡി.എഫ്.ന്റെ വിദ്യാഭ്യാസ നയത്തെ നിങ്ങൾക്ക് എതിർക്കാൻ സാധിക്കുമോ? ഈ ഗവൺമെന്റ് 38 എഞ്ചിനീയറിംഗ് കോളേജുകളും പുതിയ മെഡിക്കൽ കോളേജുകളും തുടങ്ങി. ഒരു കാലഘട്ടത്തിൽ തമിഴ്നാട്ടിലും അതുപോലെതന്നെ കർണ്ണാടകയിലും ചേക്കേറിയിരുന്ന നമ്മുടെ നാട്ടിലെ വിദ്യാർത്ഥികൾക്ക് പണമുണ്ടോ ഇല്ലയോ എന്നുള്ള പ്രശ്നമില്ല. അവർക്ക് കേരളത്തിൽ തന്നെ പഠിക്കുവാനുള്ള സാഹചര്യം മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ടെങ്കിൽ അത് നമ്മുടെ നേട്ടമല്ലേ? അതിനെ എതിർക്കാൻ നിങ്ങൾക്ക് സാധിക്കുമോ? സെക്രട്ടേറിയറ്റിൽ നിന്നാൽ കാണാൻ കഴിയുന്ന സ്ഥലത്ത് അണ്ടർപാസ് ഉൽഘാടനം ഇന്നലെ നടന്നു. ശ്രീ. പിരപ്പൻകോട് മുരളിയും അവിടെ ഉണ്ടായിരുന്നു. ഇത് നാടിന് ആപത്താണെന്ന് അദ്ദേഹത്തിന് നെഞ്ചത്ത് കൈ വച്ച് പറയാൻ സാധിക്കുമോ? യശഃശ്ശരീരനായ, ഞങ്ങളുടെ മനസ്സിലാകുന്ന മാണിക്യ കൊട്ടാരത്തിൽ എന്നും മരണമില്ലാത്ത ഒരു സുൽത്താനെപ്പോലെ ജീവിക്കുന്ന സി.എച്ച്. മുഹമ്മദ് കോയ സാഹിബിന്റെ പ്രിയപുത്രൻ മുനീർ സാഹിബ് അതേ കാലടിപാതകൾ പിൻതുടർന്നുകൊണ്ട് കാസർഗോഡ് നിന്നും

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരത്തേക്ക് എക്സ്പ്രസ് ഹൈവേ കൊണ്ടുവരുന്നുണ്ട്. ഇന്ന് പ്രതിപക്ഷനേതാവ് കാറിൽ റോഡിലൂടെ കടന്നുപോകുമ്പോൾ എപ്പോഴും ഉറങ്ങുകയാണ്. കാരണം റോഡിൽ കുണ്ടില്ല, സുഖമായി ഉറങ്ങി പോകാനുള്ള സൗകര്യം പ്രതിപക്ഷ നേതാവിന് ഉണ്ടാക്കി കൊടുത്തത് തെറ്റാണോ എന്ന് ഈ സന്ദർഭത്തിൽ ചോദിക്കുകയാണ്. പൊതുമരാമത്ത് വകുപ്പിൽ വളരെ അധികം നേട്ടങ്ങൾ ബഹുമാനപ്പെട്ട മുനീർ സാഹിബിന്റെ കാലഘട്ടത്തിലുണ്ടായി. അക്ഷയ പദ്ധതി കൊണ്ടുവന്നു. ഞങ്ങളുടെ നാട്ടിലെ സ്ത്രീകൾ ഇന്ന് കമ്പ്യൂട്ടർ ഉപയോഗിക്കുന്നു. അവരുടെ മക്കളോ ബന്ധുക്കൾമാരോ വിദേശത്തുണ്ടെങ്കിൽ അവരോട് കമ്പ്യൂട്ടർ വഴി സംസാരിക്കുന്നു. എല്ലാ വിവരങ്ങളും ഒരു ബട്ടൺ അമർത്തിയാൽ കാണുന്ന സ്ഥിതിയിലേക്ക് അക്ഷയ പദ്ധതി ഇവിടെ എന്റെ നേതാവ് കുഞ്ഞാലിക്കുട്ടി സാഹിബ് ഈ സംസ്ഥാനത്ത് തുടങ്ങി വച്ചു. ആ പ്രവർത്തനം ഇന്ന് പൂർത്തീകരിച്ചിട്ടുണ്ട്. ഇനി ഏഴ് ജില്ലകളിൽകൂടി തുടങ്ങുകയാണ്. അതാണോ ഞങ്ങൾ ചെയ്ത തെറ്റെന്ന് ഞങ്ങളെ എതിർക്കുന്നവർ പറഞ്ഞ് മനസ്സിലാക്കി തരണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. മറ്റ് രാഷ്ട്രീയപരമായ കാര്യങ്ങളിലേയ്ക്കൊന്നും വരണമെന്ന് ആഗ്രഹിക്കുന്നില്ല. ഇവിടെ വിദ്യാഭ്യാസ രംഗത്തും വ്യവസായ രംഗത്തും, പൊതുമരാമത്ത് രംഗത്തുമൊക്കെ പുരോഗതിയുണ്ടായിട്ടുണ്ട്. കാസർഗോഡ് നിന്ന് തിരുവനന്തപുരത്തേക്ക് വരണമെങ്കിൽ എക്സ്പ്രസ് ഹൈവേ വഴി എത്ര മണിക്കൂർ കൊണ്ട് എത്താൻ സാധിക്കും? ഈ രംഗത്തൊക്കെ നേട്ടങ്ങളുണ്ടായില്ലേ? വ്യവസായ രംഗത്ത് സ്മാർട്ട് സിറ്റി, ഇന്ന് നിങ്ങൾ എതിർക്കുന്നതാണ്. എന്തിനാണ് നിങ്ങൾ അതിനെ എതിർക്കുന്നതെന്ന് എനിക്കറിയില്ല. ഇവിടെ വ്യവസായങ്ങൾ വന്നാൽ യൂണിയനുണ്ടാക്കാൻ നിങ്ങൾ വരും. അതിനെ നിങ്ങൾ എതിർക്കുന്നില്ല. പക്ഷേ സ്മാർട്ട് സിറ്റിയുടെ കാര്യം പറഞ്ഞാൽ പ്രതിപക്ഷ നേതാവ് അതിന് വേണ്ട സ്ഥലം കൊടുക്കേണ്ട എന്നു പറഞ്ഞുകൊണ്ട് ഉടനെ അദ്ദേഹം എതിർക്കുകയാണ്. എന്തിനാണ് വ്യവസായങ്ങൾ ഇങ്ങോട്ട് വരുന്നതിനെ എതിർക്കുന്നതെന്ന് മനസ്സിലാകുന്നില്ല. ഒരു കാലഘട്ടത്തിൽ കൽക്കട്ടയിലേക്കും തമിഴ്നാട്ടിലേക്കും വ്യവസായികൾ ചേക്കേറിയിരുന്നെങ്കിൽ അവർക്ക് ഇന്ന് കേരളത്തിലേക്ക് വരാനുള്ള ഒരു മനസ്സ് തുറന്നു കൊടുത്തത്, വ്യവസായികളെ കേരളത്തിലേക്ക് ആകർഷിച്ചത്, അന്ന് കേരളത്തിന്റെ വ്യവസായ മന്ത്രിയായിരുന്ന ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിന്റെ ധീരോദാത്തമായ തീരുമാനങ്ങളാണെന്ന് അഭിമാനപൂർവ്വം ഈ സഭയിൽ പറയാൻ എനിക്ക് കഴിയും. വിദേശ മലയാളികളുടെ പണം സ്വരൂപിച്ചുകൊണ്ടാണ് സുനാമി ഫണ്ട് ഉണ്ടാക്കിയത്. സുനാമി ഫണ്ടിൽ എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ മന്ത്രിയും അത് ശ്രദ്ധിച്ചു ചെലവാക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. ഇവർ പറയുന്നത് മുഴുവൻ തള്ളിക്കളയണ്ട. പക്ഷേ അതിൽ ഉദ്യോഗസ്ഥൻമാരുടെ ഭാഗത്ത് തെറ്റുകളുണ്ടോ ഇല്ലയോ എന്ന് നമ്മൾ പരിശോധിക്കണം. കടൽ തീരങ്ങളിൽ വേദന അനുഭവിക്കുന്ന, സുനാമി പ്രശ്നം അഭിമുഖീകരിക്കുന്ന ആ മലയാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ അങ്ങ് ശ്രദ്ധിക്കണം. സുനാമി ഫണ്ടിലേക്ക് ഏറ്റവും കൂടുതൽ സംഭാവന നൽകിയത് വിദേശമലയാളികളാണ്. ഏറ്റവുമധികം മലയാളികൾ താമസിക്കുന്ന, ജോലി ചെയ്യുന്ന ഒരു രാജ്യമാണ് സൗദി അറേബ്യ. ആ സൗദി അറേബ്യയിലെ ഫഹദ് രാജാവ് മരണപ്പെട്ടു. അദ്ദേഹത്തിന്റെ മരണത്തിൽ ഹൃദയം നിറഞ്ഞ സങ്കടം രേഖപ്പെടുത്തുകയും അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കുവാനും ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്, എത്രയോ മലയാളികൾ അവിടെ കഴിയുന്നുണ്ട്. ആ മലയാളികളുടെ ആശാകേന്ദ്രമായിരുന്നു ഫഹദ്

LIBRARY ARCHIVES Kerala Legislative Assembly

രാജീവ്. രണ്ട് പള്ളികളിലെ സംരക്ഷകനായിരുന്ന അദ്ദേഹം അവിടുത്തെ വേലക്കാരനാണ് ഞാൻ എന്നാണ് പറഞ്ഞിരുന്നത്. ഫഹദ് രാജാവിന്റെ വേർപാടിൽ എനിക്കും എന്റെ പാർട്ടിക്കുമുള്ള അനുശോചനം ഈ സന്ദർഭത്തിൽ രേഖപ്പെടുത്തുകയും പരേതാത്മാവിനുവേണ്ടി അള്ളാഹുവിനോട് പ്രാർത്ഥിക്കുകയും ചെയ്യുന്നു. എനിക്ക് ഇവിടെ വരാനും ഇങ്ങനെയൊക്കെ പറയാനും സാധിച്ചത് ഒരു വിധിയായിരിക്കും. അപ്പുറത്തിരിക്കുന്നവരുമായി യോജിച്ച് കേരളത്തെ മുന്നോട്ട് നയിക്കുവാനുള്ള ഒരു പ്രവർത്തനം നമുക്ക് ഉണ്ടാക്കേണ്ടതുണ്ട്. എന്റെ മണ്ഡലത്തിൽ കമ്മ്യൂണിസ്റ്റുകാരൻ വേറെ, ബി.ജെ.പി. ക്കാരൻ വേറെ എന്നില്ല. വികസന കാര്യങ്ങളിൽ എല്ലാവരും ഒരുമിച്ചാണ് നിൽക്കുന്നത്. അവിടെ വികസന കാര്യത്തിൽ യാതൊരു രാഷ്ട്രീയ ഭിന്നിപ്പുമില്ല. അങ്ങനെ ഒന്നിച്ചു പോകുന്ന ആ രംഗം നമ്മുടെ സംസ്ഥാനത്തുണ്ടാക്കാൻ നിങ്ങളും മുന്നോട്ടു വരണമെന്ന് ഗവൺമെന്റിനുവേണ്ടി, ഈ രാജ്യത്തിനുവേണ്ടി ഞാൻ അഭ്യർത്ഥിക്കുന്നു. നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ധനകാര്യ വകുപ്പിൽ ഒരു ഫിനാൻഷ്യൽ ഡിസിപ്ലിൻ ഉണ്ടാക്കി. ബഹുമാനപ്പെട്ട എന്റെ നേതാവ് വക്കം പുരുഷോത്തമൻ അവതരിപ്പിച്ചിട്ടുള്ള ഈ സപ്ലിമെന്ററി ഗ്രാന്റ്സിനെ ഞാൻ ഹൃദയംഗമമായി പിന്തുണയ്ക്കുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ജനങ്ങൾക്കുവേണ്ടിയാണ് ഗവൺമെന്റ് എന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. ഏത് ജനങ്ങൾക്കുവേണ്ടിയാണെന്ന് പറഞ്ഞില്ല. ഇവിടെ സമ്പന്നരായ ഒരുപാട് ജനങ്ങൾക്കുവേണ്ടി സാമ്രാജ്യ കോളേജുകളും സ്കൂളുകളുമൊക്കെ അനുവദിച്ചു കൊടുക്കുക എന്നല്ലാതെ പരമ്പരാഗത മേഖലയിൽ പാവപ്പെട്ട ജനങ്ങൾക്കുവേണ്ടി ഒന്നും ചെയ്തിട്ടില്ല. കയർ, കശുവണ്ടി, ഖാദി, കൈത്തറി, കരകൗശലം എന്നീ മേഖലകളിലെ തൊഴിലാളികൾക്ക് ഈ സർക്കാരിൽനിന്ന് എന്തെങ്കിലും ലഭിക്കുമെന്ന് ഒരു പ്രതീക്ഷയുമില്ല. കാർഷിക മേഖലയുടെ തകർച്ച കൊണ്ട് കർഷകർ ആത്മഹത്യ ചെയ്യുന്നു. ഇടത്തട്ടുകാരുടെ ചൂഷണത്തിലാണ് കർഷകർ ഇന്ന്. ലക്ഷക്കണക്കിന് വിദ്യാർത്ഥികൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ടി സമരം ചെയ്ത വിദ്യാർത്ഥികളെ ജലപീരങ്കി, ഗ്രനേഡ് മുതലായവ ഉപയോഗിച്ച് ക്രൂരമായി മർദ്ദിക്കുകയും ജയിലിലടയ്ക്കുകയും ചെയ്തിരിക്കുകയാണ്. അതേ സമയം ബ്ലെയ്ഡ് മാഫിയകൾ കേരളം ഭരിക്കുന്നു. പോലീസ് നിഷ്ക്രിയരായി നോക്കി നിൽക്കുകയാണ്. മോഷണവും പിടിച്ചുപറിയും വ്യാപകമാവുകയാണ്. സ്പിരിറ്റ്, മദ്യം, മയക്കുമരുന്ന് എന്നിവ വ്യാപകമാവുകയാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണകരമായ പുരോഗതിയൊന്നും ഉണ്ടാകുന്നില്ല. എഡ്യുസാറ്റ് ഒഴികെ വേറെ എന്താണുള്ളത്?

ഗൾഫിൽ നിന്നു തിരിച്ചു വരുന്നവരെ സഹായിക്കാൻ ഒരു പദ്ധതി ഇവിടെ രൂപീകരിച്ചു. സംസ്ഥാനത്ത് വനം മാഫിയ താണ്ഡവമാടുകയാണ്. വനമൊക്കെ നശിപ്പിക്കപ്പെടുന്നു. നമ്മുടെ ഹരിത ശ്രേണിയൊക്കെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. വനത്തിന്റെ പ്രശ്നം വളരെ ഗൗരവമായി കാണേണ്ടതാണ്. കേരളത്തിലെ പ്ലാസ്റ്റിക് നിരോധനത്തെക്കുറിച്ച് പറഞ്ഞു. സഭ തന്നെ നിയമം പാസ്സാക്കി. പക്ഷേ ഇന്നും പ്ലാസ്റ്റിക് എല്ലായിടത്തും കൂന്നുകൂടുകയാണ്. നമ്മുടെ പരിസ്ഥിതിയെ സംരക്ഷിക്കാൻ കഴിയാത്ത രീതിയിൽ മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. പരിസ്ഥിതി സംരക്ഷണം നിർബന്ധപൂർവ്വം ഉണ്ടാകണം. പുഴയോര സംരക്ഷണത്തെക്കുറിച്ച് ഞാൻ പല പ്രാവശ്യം പറഞ്ഞിട്ടുണ്ട്. പുഴയോര സംരക്ഷണത്തിനുവേണ്ട ഫണ്ട് നീക്കിവയ്ക്കാറില്ല. റിവർ മാനേജ്മെന്റ് ഫണ്ട് ഉണ്ടെന്നേ പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ അത് ഇതിനുവേണ്ടി ലഭിക്കുന്നില്ല. അത് വളരെ ഗൗരവത്തോടുകൂടി കാണേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളും സുതാര്യമാകുന്നില്ല. അതിൽ വളരെ അപാകതകളുണ്ട്. ഡീലിമിറ്റേഷനെക്കുറിച്ച് ഒരു വാക്ക് പറയേണ്ടതുണ്ട്. വാർഡ് വിഭജന പ്രക്രിയ നടന്നു. ആ വാർഡ് വിഭജന പ്രക്രിയ നടക്കുമ്പോൾ തന്നെ അവിടെയുള്ള ഉദ്യോഗസ്ഥൻമാരെയെല്ലാം മാറ്റിക്കൊണ്ടാണ് നടപടി സ്വീകരിച്ചത്. അതിന്റെ കാര്യങ്ങളൊക്കെ തന്നെ വളരെ ഗൗരവത്തോടുകൂടി ആലോചിക്കേണ്ടതാണ്. പാവപ്പെട്ട വൃദ്ധജനങ്ങൾക്കുവേണ്ടി ഒരു വൃദ്ധജന നയം രൂപീകരിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. അത് സാധാരണ പാവപ്പെട്ടവരോട് കാണിക്കുന്ന ഏറ്റവും വലിയ ക്രൂരതയാണ്. സർക്കാർ ആ നയം ഇതുവരെ അംഗീകരിച്ചിട്ടില്ല എന്നു മാത്രമല്ല ഇവിടെ രൂപീകരിച്ചിട്ടുമില്ല. അത് രൂപീകരിക്കണം. പാചകവാതകം ഇന്നു കിട്ടുന്നില്ല. പാചകവാതകം ഇല്ലാത്തതുകാരണം ഇന്ന് നമ്മുടെ നിയമസഭാ ക്യാന്റീനിൽ പോലും ചായ കിട്ടിയിട്ടില്ല. സർക്കാർ ദുർഗതിയിലേയ്ക്കാണ് പോകുന്നത്. ആ സർക്കാരിന്റെ ഈ ഉപധനാഭ്യർത്ഥനകളെ ഒന്നുകൂടി എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, 2005-2006 സാമ്പത്തിക വർഷത്തേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. റവന്യൂ അക്കൗണ്ടിൽ 397.73 കോടി രൂപയും കാപ്പിറ്റൽ അക്കൗണ്ടിൽ 145.51 കോടി രൂപയും ലോൺ അക്കൗണ്ടിൽ 57.06 കോടി രൂപയുമായി മൊത്തം 600.30 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകളാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. അതിൽ കണ്ടിൻജൻസി ഫണ്ടിൽ അഡ്വാൻസ് തുടരുന്നതിനുവേണ്ടി നീക്കിവച്ചിട്ടുള്ള 22.57 കോടി രൂപയും വേറെയുണ്ട്. 600.30 കോടി രൂപയിൽ 344.23 കോടി രൂപ പ്ലാൻ എക്സ്പെൻഡിച്ചർ മീറ്റ് ചെയ്യുന്നതിനും 256.07 കോടി രൂപ നോൺ പ്ലാൻ എക്സ്പെൻഡിച്ചർ മീറ്റ് ചെയ്യുന്നതിനുമാണ്. 30 ഇനങ്ങളിലായിട്ട് ഉൾക്കൊള്ളിച്ചിട്ടുള്ള ഈ 600 കോടി രൂപ വിവിധ വകുപ്പുകളിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നതിനുവേണ്ടി മാത്രമാണ്. ജനങ്ങളുടെ ക്ഷേമത്തിനും ഐശ്വര്യത്തിനുംവേണ്ടി പ്രവർത്തിക്കുന്ന ഏതൊരു ഗവൺമെന്റിനും ഓരോ മേഖലയിലും ഉണ്ടാകുന്ന ചെലവുകളും അപ്രതീക്ഷിതമായി ഉണ്ടാകാവുന്ന ചെലവുകളെയും മീറ്റ് ചെയ്യുന്നതിന് ഇത്തരത്തിലുള്ള ഒരു സപ്ലിമെന്ററി ഡിമാന്റ് ആവശ്യമാണ്. 2005-2006-ലേയ്ക്ക് ഇവിടെ അവതരിപ്പിച്ചിട്ടുള്ള സപ്ലിമെന്ററി ഡിമാന്റ് സസൂക്ഷ്മം പരിശോധിച്ചാൽ ഇത് ഈ ജീവിതത്തിന്റെ സമസ്ത മേഖലകളിലും ജനക്ഷേമം ഉറപ്പാക്കുന്നതിനുവേണ്ടി അവതരിപ്പിച്ചിട്ടുള്ളതാണെന്നു മനസ്സിലാക്കാൻ കഴിയും. ഇവിടെ പറഞ്ഞിട്ടുള്ള കണക്കുകളിൽ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ സംസാരിച്ചപ്പോൾ സൂചിപ്പിച്ച കണക്കുകൾ 39,000 കോടി രൂപ ഈ സന്ദർഭത്തിൽ സംസ്ഥാനത്തിനു കടമുണ്ടെന്നുള്ളത് അംഗീകരിക്കപ്പെടുന്ന വസ്തുതയാണ്. എന്നാൽ അതേ സമയം 1996-ൽ ഇതുപക്ഷ മുന്നണി ഗവൺമെന്റ് അധികാരത്തിൽവന്ന സന്ദർഭത്തിൽ 10,000 കോടി രൂപ മാത്രമായിരുന്നു ഈ സംസ്ഥാനത്തിന്റെ കടബാദ്ധ്യത. എന്നാൽ 1996-ൽ അധികാരത്തിൽവന്ന ഇടതുപക്ഷ മുന്നണി ഗവൺമെന്റ് അധികാരം വിട്ടൊഴിയുമ്പോൾ അത് 27,000 കോടി രൂപയാക്കി മാറ്റി. അങ്ങനെയുള്ള വസ്തുത വസ്തുതയായി അവശേഷിച്ചിരിക്കുമ്പോൾ ഈ പറഞ്ഞ ബാധ്യത വളരെ വലുതാക്കി കാണിക്കുന്നതിനുവേണ്ടിയും ഇടതുപക്ഷമുന്നണി ഗവൺമെന്റ് ഇരുന്ന സന്ദർഭത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയിട്ടുള്ള ആ ദുഷ്ഭരണത്തെ ചെറുതാക്കി കാണിക്കുന്നതിനു വേണ്ടിയുമാണ് ഇപ്പോഴ എന്തോ വലുതായി വന്നിരിക്കുന്നു എന്ന നിലയിൽ കണക്ക് കാണിക്കുന്നത്. ഇത് ആത്മാർത്ഥതയില്ലാത്തതാണ്. കഴിഞ്ഞ കാലഘട്ടങ്ങളിൽ ഈ ഗവൺമെന്റ് ഈ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികളും പരിശോധിച്ചാൽ ഈ ബാദ്ധ്യതകളും എങ്ങനെ ഉണ്ടായി എന്നു മനസ്സിലാക്കാൻ നമുക്ക് കഴിയും. ആ ബാധ്യത ഏത് തരത്തിൽ വന്നു എന്നുള്ളതാണ് ഏറ്റവും വലിയ പ്രശ്നം. 1996 മുതൽ 2001 വരെയുള്ള ഇടതുപക്ഷ മുന്നണി ഗവൺമെന്റ് ഭരിച്ചിരുന്ന കാലഘട്ടത്തിൽ 27,000 കോടി രൂപ ബാധ്യത യുണ്ടാക്കിയത് ഏത് തരത്തിലുള്ള ജനക്ഷേമകരമായ പ്രവർത്തനം നടത്തിയിട്ടാണെന്നു വ്യക്തമാക്കപ്പെടേണ്ടതായിട്ടുണ്ട്. ആ കാലഘട്ടത്തിൽ നടന്ന സംഭവങ്ങളൊക്കെ നമുക്കറിയാം. വ്യവസായശാലകളുടെ അവസ്ഥ നമുക്കറിയാം. പരമ്പരാഗത വ്യവസായങ്ങളുടെ സ്ഥിതിയറിയാം. തൊഴിലില്ലായ്മ വേതനം ഉൾപ്പെടെയുള്ള ക്ഷേമ പദ്ധതികൾക്ക് കുടിശ്ശിക വരുത്തിയത് സംബന്ധിച്ച് നമുക്കറിയാം. ഒരു ഒറ്റ വികസന പ്രവർത്തനംപോലും പൂർത്തീകരിക്കാൻ കഴിയാത്ത ഒരു ഗവൺമെന്റ്, +2 എന്നു പറയുന്ന വിദ്യാഭ്യാസ സമ്പ്രദായം കൊണ്ടുവന്നും അദ്ധ്യാപകരെ നിയമിച്ചു എന്നുള്ളതല്ലാതെ ഒരു പൈസ പോലും ശമ്പളമിനത്തിൽ കൊടുക്കാത്ത ഗവൺമെന്റ്, സമസ്ത മേഖലകളിലും ദുർഭരണം കാഴ്ചവെച്ചതിനുശേഷമാണ് 27,000 കോടി രൂപയുടെ ബാധ്യത നമ്മുടെ സംസ്ഥാനത്ത് ഉണ്ടാക്കിയത്. എത്രയോ പദ്ധതികൾ നമ്മുടെ സംസ്ഥാനത്ത് കൊണ്ടുവന്നിരിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്രയോ പദ്ധതികൾ വിദ്യാഭ്യാസ മേഖലയിൽ വിപ്ലവകരമായ മാറ്റം ഇന്ത്യയ്ക്ക് ആകമാനം - മാതൃകയായി മാറിയിരിക്കുന്നു. പ്രത്യേകിച്ച് ഉന്നത വിദ്യാഭ്യാസ രംഗത്ത് നമ്മുടെ കുട്ടികൾക്ക് പഠിക്കാൻ നിവൃത്തിയില്ലാതിരുന്ന ആ ഒരു അവസ്ഥക്ക് മാറ്റം ഉണ്ടായിരിക്കുന്നു. നമുക്കറിയാം മലയാളക്കരയിൽ പ്രാഥമിക വിദ്യാഭ്യാസം ഉണ്ടായിരുന്നു. പിറന്നുവീഴുന്ന ഓരോ കുട്ടിക്കും പ്രാഥമിക വിദ്യാഭ്യാസം ഉറപ്പാക്കിയ നാടാണ് നമ്മുടെ മലയാളക്കര. അതിന് ഒരുപാട് സാമൂഹിക നേതാക്കൻമാരും സാമുദായിക നേതാക്കൻമാരും സമുദായ സംഘടനകളുമൊക്കെ പ്രവർത്തിച്ചിട്ടുണ്ട്. പക്ഷേ ഉന്നത വിദ്യാഭ്യാസ രംഗത്തേക്ക് നമുക്ക് മുന്നേറാൻ കഴിഞ്ഞില്ല. അതിന് ഒരു ദിശാബോധം ഉണ്ടായത്, അതിന് മാറ്റം ഉണ്ടായത് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് വന്നതിനുശേഷം മാത്രമാണ്. അതുപോലെതന്നെ ആരോഗ്യമേഖലയിൽ വലിയ മാറ്റം വരുത്താൻ കഴിഞ്ഞു. ടൂറിസം മേഖലയിൽ—ഇന്ത്യയിൽ ഇന്നു ഏറ്റവും കൂടുതൽ ടൂറിസ്റ്റുകൾ വരുന്ന സംസ്ഥാനം കേരള സംസ്ഥാനമാണ്. അതുപോലെതന്നെ വിവിധ മേഖലകളിൽ ഉണ്ടായിട്ടുള്ള കുടിശ്ശികകൾ ഒന്നൊന്നായി കൊടുത്തു തീർക്കാൻ ഈ ഗവൺമെന്റിനു കഴിഞ്ഞിട്ടുണ്ട്. എത്രയോ ക്ഷേമ പദ്ധതികൾ നടപ്പിലാക്കി. അതുപോലെതന്നെ വിവിധ പെൻഷൻ പദ്ധതികൾ, തൊഴിലില്ലായ്മ വേതനം, വാർദ്ധക്യകാല പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ ഒക്കെ കുറെയധികം കൊടുത്തുതീർക്കാൻ അല്പസ്വല്പം അവശേഷിക്കുന്നുണ്ടാകും. അതൊക്കെ കൊടുത്തുതീർക്കാൻ കഴിഞ്ഞു. ഇന്ത്യയിൽ ഒരിടത്തും നടക്കാത്ത വിപ്ലവകരമായ പ്രഖ്യാപനം ഈ നിയമസഭയിൽ ഉണ്ടായി. എല്ലാ മാസവും ഒന്നാം തീയതി ശമ്പളം വാങ്ങിക്കുന്നതുപോലെ പെൻഷൻ ഓരോ ആളുകളുടേയും വീട്ടുപടിക്കൽ എത്തുമെന്നു പറയുന്ന പ്രഖ്യാപനം നടത്തിയത് കേരള സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly

മാത്രമാണ്. ഇന്ത്യയിൽ ഒരു സംസ്ഥാനത്തും വിപ്ലവകരമായ മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞിട്ടില്ല. ഈ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. ഉമ്മൻചാണ്ടി ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള 'ബഹുദൂരം അതിവേഗം പദ്ധതി' നടപ്പിലാക്കിക്കൊണ്ടിരിക്കുകയല്ലേ? ഇന്നത്തെ ദിനപത്രങ്ങൾ വായിക്കുന്ന വ്യക്തികൾക്ക് കേരളത്തെക്കുറിച്ച് അഭിമാനം ഉണ്ടാവുകയാണ്. ഗൾഫിൽനിന്നു എന്റെ കുറെ മലയാളി സുഹൃത്തുക്കൾ ഇത് വായിച്ചിട്ട് എന്നെ ഫോണിൽ വിളിച്ചു. ഇന്നത്തെ പത്രത്തിൽ പാളയത്തെ അടിപ്പാത നിർമ്മിച്ചിരിക്കുന്നു. ഇത് ലോകത്തിനു മാതൃകയല്ലേ? അത്ഭുതം തന്നെയാണ്. നിർദ്ദിഷ്ട സമയത്തിനുള്ളിൽ കോടിക്കണക്കിനു രൂപ മുടക്കിക്കൊണ്ട് കേരളത്തിന് മാതൃകയായിട്ടുള്ള, ഇന്ത്യക്ക് മാതൃകയായിട്ടുള്ള, ലോകത്തിനുതന്നെ മാതൃകയായിട്ടുള്ള, അടിപ്പാത നിർമ്മിക്കാൻ നമുക്ക് കഴിഞ്ഞിരിക്കുന്നു. ഇവിടെ അവസാനിച്ചോ, ഇതാണ് ബഹുദൂരം അതിവേഗം. പറയുന്ന വാക്കുകൾ പ്രവൃത്തിപഥത്തിൽ എത്തിക്കുന്ന ധീരനായ കർമ്മോത്സുകനായ മുഖ്യമന്ത്രി ഇന്ത്യയ്ക്കും ലോകത്തിനും മാതൃകയാണ്.

രാഷ്ട്രപതിയുടെ പ്രഖ്യാപനം വന്നു. നമ്മളൊക്കെ വളരെ ആവേശത്തോടുകൂടി ആ പ്രസംഗം കേൾക്കുകയുണ്ടായി. ആ പ്രസംഗത്തിലുള്ള പത്തിനപരിപാടി , കേരളക്കരയെ അതിവേഗത്തിൽ വികസനത്തിലേക്ക് കൊണ്ടുപോകുമെന്ന് മനസ്സിലാക്കിയപ്പോൾ അത് ചർച്ച ചെയ്യുന്നതിനായി പ്രത്യേക സമ്മേളനം വിളിച്ചുചേർക്കാനും പ്ലാനിംഗ് ബോർഡിന്റെ അംഗീകാരത്തോടുകൂടി അതിനുവേണ്ട പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകാനുമുള്ള പദ്ധതിക്ക് രൂപം കൊടുത്തിരിക്കുന്നു. ബഹുദൂരം അതിവേഗം നാം മുന്നോട്ട് പോകുന്നു എന്നുള്ളതിന് മറ്റൊരു ഉദാഹരണമാണ്; ഇടുക്കി, കോട്ടയം ജില്ലകളിലുണ്ടായ പ്രകൃതി ദുരന്തത്തെ കുറിച്ച് ഓർത്ത് വിഷമമുണ്ട്. അങ്ങനെ ഒരു പ്രശ്നമുണ്ടായപ്പോൾ ഒരു കാലവിളംബത്തിലും ഉണ്ടാകാത്ത തരത്തിൽ അടിയന്തിരമായി ക്യാബിനറ്റ് കൂടുകയും മന്ത്രിമാരേയും എം. എൽ. എ.-മാരേയും അങ്ങോട്ടേയ്ക്ക് അയയ്ക്കുകയും മിലിട്ടറിയുടെ സഹായം തേടുകയും ദുരിതാശ്വാസ ക്യാമ്പുകൾ തുറക്കുകയും ചെയ്തു. അതിലൂടെ കാര്യങ്ങൾ അതിവേഗത്തിൽ ബഹുദൂരം മുന്നോട്ടു കൊണ്ടുപോകാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. സുനാമി ഫണ്ടിനെക്കുറിച്ച് പറഞ്ഞു. എത്രയോ വിപ്ലവകരമായ മാറ്റമുണ്ടായി. ആത്മാർത്ഥതയുള്ള, പക്വതയുള്ള ഗവൺമെന്റായതുകൊണ്ട് സത്യസന്ധമായി അത് വിനിയോഗിക്കും എന്നുള്ളതിനാലാണ് ജനങ്ങൾ സുനാമി ദുരിതാശ്വാസ ഫണ്ടിലേക്ക് ഉദാരമായി സംഭാവന നൽകിയിട്ടുള്ളത്. അങ്ങനെ വളരെ നന്നായി മുന്നോട്ടു പോകുന്ന ഗവൺമെന്റിന്റെ അടുത്താണ് ഇപ്പോൾ കുറെ വിമർശനങ്ങളുമായി വന്നിട്ടുള്ളത്. നമ്മൾ ആ അവിശ്വാസ പ്രമേയ ചർച്ച കണ്ടില്ലേ, ലോകം കണ്ടില്ലേ? അവിശ്വാസ പ്രമേയ ചർച്ചയിലൂടെ ബഹുദൂരം അതിവേഗം സർക്കാരിന് മുന്നോട്ടു പോകാൻ കഴിഞ്ഞിരിക്കുന്നു. അവിശ്വാസ പ്രമേയം തകർന്ന് തരിപ്പണമായിരിക്കുന്നു. ഇപ്പോൾ വിമർശനം ഉയർത്തിയവരുടെ ഭാവം കണ്ടാൽ എനിക്കു തോന്നുന്നത് പൂരം കഴിഞ്ഞ പാമ്പിൽ പൊട്ടാസ് പൊട്ടുന്നതു പോലെയാണ്. ഇവിടെ ഇനി എന്താണ് ഏൽക്കാനുള്ളത്? ഒന്നും ഏൽക്കുകയില്ല. ഓരോ കാര്യങ്ങളും പടിപടിയായി മുന്നോട്ട് കൊണ്ടു പോകുന്ന ഈ ഗവൺമെന്റ് തീർച്ചയായും ജനങ്ങളുടെ ഹൃദയത്തിന്റെ ഉള്ളറകളിലെ വിശ്വാസം നേടിയിട്ടുള്ള ഗവൺമെന്റാണ്. ആ വിശ്വാസവും ജനങ്ങൾ നൽകിയ സ്നേഹവും പറിച്ചുകളയാൻ ആരു വിചാരിച്ചാലും

LIBRARY ARCHIVES Kerala Legislative Assembly

സാദ്ധ്യമല്ല. ജനങ്ങൾ എന്താണ് പറയുന്നത്? ഇനിയും ഉമ്മൻചാണ്ടി ഗവൺമെൻറ് അധികാരത്തിൽ വരണം എന്നാണ്. എന്നാൽ നാടിന് മാറ്റങ്ങളുണ്ടാകും, വികസനങ്ങളുണ്ടാകും. ഇനി ഒരു രണ്ടു ടേം ഇരിക്കട്ടെ എന്നാണ് പറയുന്നത്. അറിയാതെ പറഞ്ഞുപോവുകയാണ്. ഉള്ളിൽനിന്ന് അറിയാതെ പറയുകയാണ്. പാളയത്തെ അടിപ്പാത കാണുമ്പോൾ, ഈ നാട്ടിലെ റോഡുകൾ കാണുമ്പോൾ, എക്സ്പ്രസ് ഹൈവേയെക്കുറിച്ച് പറയുമ്പോൾ ഈ നാട്ടിൽ വികസനം വേണമെങ്കിൽ ഇനിയും ഈ ഗവൺമെൻറ് ഇരിക്കണമെന്നാണ് പറയുന്നത്. ബഹുമാന്യനായ ധനകാര്യ മന്ത്രിക്ക് ഒരു നിവേദനം കൂടി നടത്തിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. വക്കീൽ സുഹൃത്തുക്കൾക്ക് ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന ക്ഷേമനിധി 3 ലക്ഷം രൂപയാണ്. ഒരുപാട് നാളുകളായി വക്കീൽ സുഹൃത്തുക്കൾ നിവേദനങ്ങളുമായി നടക്കുകയാണ്. അത് അടിയന്തിരമായി 3 ലക്ഷം രൂപയിൽനിന്ന് 5 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. തോമസ് ഉണ്ണിയാടൻ: വാറിനെക്കുറിച്ച് സംസാരിച്ചപ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. എൻറെ നിയോജകമണ്ഡലം ഉൾപ്പെടെയുള്ള ചില നിയോജകമണ്ഡലങ്ങളിൽ കരകൗശല സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. നേരത്തെ കരകൗശല വസ്തുക്കൾക്ക് 12 ശതമാനം ടാക്സ് ഉണ്ടായിരുന്നത് ഇപ്പോൾ 4 ശതമാനമാക്കി കുറച്ചു എന്ന് മന്ത്രി പറഞ്ഞു. കരകൗശല സംഘങ്ങൾ ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങളാണ് ഞാൻ ഉദ്ദേശിച്ചത്. കരകൗശല സംഘങ്ങൾ ഉണ്ടാക്കുന്ന ഉല്പന്നങ്ങൾക്ക് നേരത്തെ ടാക്സ് ഇല്ലായിരുന്നു. കരകൗശല സംഘങ്ങൾ എന്നു പറയുന്നത് പാവപ്പെട്ട ആളുകളുടെ സംഘമാണ്. ആ നിലയ്ക്കുള്ള സൗജന്യം ചെയ്തുകൊടുക്കുമോ? ഒരു കാര്യം കൂടി .....

മി. ചെയർമാൻ: നോ, നോ,.....കൺക്ലൂഡ് ചെയ്യൂ.

ശ്രീ. തോമസ് ഉണ്ണിയാടൻ: പ്ലാസ്റ്റിക് ടാർപോളിൻ വിൽക്കുന്നതിന് കർണ്ണാടകത്തിലും ആന്ധ്രാപ്രദേശിലും ടാക്സ് ഇല്ല. സാധാരണക്കാരായിട്ടുള്ള കച്ചവടക്കാരാണ് ഇത് വിൽക്കുന്നത്. പ്ലാസ്റ്റിക് കൊണ്ടുണ്ടാക്കുന്ന ടാർപോളിൻ 12 ശതമാനത്തിൻറെ പട്ടികയിൽപ്പെടുത്തിയിരിക്കുകയാണ്. അത് 4 ശതമാനമാക്കി കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മി. ചെയർമാൻ: അത് ഇന്നലെ പറയേണ്ട കാര്യങ്ങളായിരുന്നു. പ്ലീസ് കൺക്ലൂഡ്.

ശ്രീ. തോമസ് ഉണ്ണിയാടൻ: മണി ലെൻഡേഴ്സിന് 11 ശതമാനമാണ് ഡെപ്പോസിറ്റിനുവേണ്ടിയുള്ളത്. 12 ശതമാനമാണ് അവരുടെ അഡ്വാൻസിനു വേണ്ടി വച്ചിട്ടുള്ളത്. സെൻട്രൽ ആക്ട് അനുസരിച്ച് അത് 18 ശതമാനമാക്കിയിട്ടുണ്ട്. നമ്മൾ ഇവിടെ 12 ശതമാനം കൊടുക്കുന്നു എന്നു പറഞ്ഞാൽ അത് സെൻട്രൽ ആക്ടിന് വിരുദ്ധമാണ്. അതുകൊണ്ട് അവർക്ക് റീസണബിളായി ഇൻറെറസ്റ്റ് വാങ്ങുന്നതിനുള്ള ഒരു സാഹചര്യം ഉണ്ടാക്കിക്കൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. അസീസ്: സർ, ജനവിധി നഷ്ടപ്പെട്ട് കൂറുമാറ്റ നിയമത്തിന്റെ സംരക്ഷണത്തിൽ മാത്രം നിലനിൽക്കുന്ന ഒരു ഗവൺമെന്റാണ്. അതുകൊണ്ട് ഈ ഗവൺമെന്റിന്റെ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. ഏതൊരു ഗവൺമെന്റിനും ഒരുപക്ഷേ വികസനപ്രവർത്തനങ്ങൾക്കു വേണ്ടി പണം വാങ്ങേണ്ടി വരും. എൽ. ഡി. എഫ്. സർക്കാരിന്റെ അവസാന കാലഘട്ടത്തിൽ 23,000 കോടി രൂപയുടെ കടക്കെണിയിൽ പെടുത്തിയെന്ന് പൊട്ടിഘോഷിച്ചുകൊണ്ട് അധികാരത്തിൽ വന്ന യു. ഡി. എഫ്. ർക്കർ 50 മാസത്തെ ഭരണം പിന്നിടുമ്പോൾ 50,000 കോടി രൂപയുടെ കടക്കെണിയിലാണ് പെടുത്തിയിരിക്കുന്നത്. അതിപ്പോൾ 39,000 ആകുമോ 52,000 ആകുമോ എന്ന തർക്കം മാത്രമേയുള്ളൂ. ഇക്കണക്കിന് പത്ത് മാസം കൂടിക്കഴിഞ്ഞ് അഞ്ച് കൊല്ലം പൂർത്തിയാക്കുന്ന അവസരത്തിൽ 60,000 കോടി രൂപയുടെ കടക്കെണിയിൽ പെടുത്തിയിട്ടു മാത്രമേ ഈ സംസ്ഥാനത്തെ ഭരണരംഗത്തു നിന്ന് നിങ്ങൾ പോവുകയുള്ളൂ. സുനാമി മൂലം 200 പേർ നമ്മുടെ സംസ്ഥാനത്ത് മരിക്കാൻ ഇടയായിരുന്നില്ലെങ്കിൽ, അങ്ങനെ ഒരു സംഭവം നടന്നിരുന്നില്ലെങ്കിൽ ഇവിടെ മന്ത്രിമാർ ഒണ്ടിപ്പോ പുലിയായിരുന്നു. അതാണ് നേരത്തെ ഇവിടെ പറഞ്ഞത് സുനാമി ഫണ്ട് വകമാറ്റി ചെലവഴിച്ച സർക്കാരാണിത്. എൽ. ഡി. എഫ്. കാലഘട്ടത്തിൽ 23,000 കോടി രൂപ കടക്കെണിയിൽ പെടുത്തിയത് പാവപ്പെട്ടവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻവേണ്ടിയും പരമ്പരാഗത തൊഴിലാളികളെ സംരക്ഷിക്കുവാനും അവർക്കു വേണ്ടി വെൽഫെയർ സ്കീമുകൾ നടപ്പിലാക്കാനും വേണ്ടിയായിരുന്നു. നിങ്ങൾ 50,000 കോടി രൂപ 50 മാസം കൊണ്ട് ചെലവ് ചെയ്തത് ഭരണ നവീകരണത്തിനും പുളിശ്ശേരി കുടിക്കാനും വേണ്ടി മാത്രമാണ്. അത് പാവപ്പെട്ടവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ വേണ്ടി അല്ല. പെൻഷൻ അതാത് മാസം കൊടുക്കുമെന്നാണ് നമ്മുടെ ധനകാര്യവകുപ്പു മന്ത്രി പറഞ്ഞത്. അപ്പോൾ പണ്ട് ഉള്ളതെല്ലാം അപ്പോടെ ഇട്ടിരിക്കുന്നു. 4 മാസവും 25 മാസവും 30 മാസവും ഇപ്പോൾ കുടിശ്ശികയുണ്ട്. ഇപ്പോൾ ഈ മാസം മുതൽ അല്ലെങ്കിൽ ഞാൻ പ്രഖ്യാപിച്ച മാസം മുതൽ വാങ്ങിക്കൊള്ളും. അതാണല്ലോ ആ പറഞ്ഞതിന്റെ അർത്ഥം. കഴിഞ്ഞ രണ്ടു ദിവസങ്ങൾക്കുമുമ്പ് ഭരണ സിരാകേന്ദ്രമാകുന്ന സെക്രട്ടേറിയറ്റ് പടിക്കൽ രണ്ട് പെണ്ണും കാണാൻ പാടില്ലാത്ത അന്ധരുടെ സത്യാഗ്രഹം നടന്നു. കൂടാതെ വികലാംഗരുടെ സത്യാഗ്രഹവും നടന്നു. അന്ധൻമാർ വിളിച്ച മുദ്രാവാക്യം എന്താണെന്നറിയാമോ? പത്ത് രൂപ കൊള്ളയടിച്ച ഗവൺമെന്റാണ് ഇത്. 150 രൂപ കൊടുക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിക്കുകയും അവസാനം ഒരു വർഷം കഴിഞ്ഞപ്പോൾ 140 രൂപ കൊടുക്കുന്നെന്ന് പറഞ്ഞ് പത്ത് രൂപ പോക്കറ്റടിച്ച ഗവൺമെന്റ് അല്ലേ ഇത്? അത് കൊള്ളയല്ലേ? ഈ ഗവൺമെന്റിന്റെ ഈ ധനാഭ്യർത്ഥനയെ പാസ്സാക്കിക്കൊടുക്കാൻ കഴിയുന്നില്ല. ജനവിധി നഷ്ടപ്പെട്ട് സാങ്കേതിക ന്യായങ്ങളുടെ പേരിൽ മാത്രം നിലനിൽക്കുന്ന ഗവൺമെന്റാണിത്. ഒമ്പത് ആളുകൾ പോയ വഴിയേ, കൂറുമാറ്റ നിയമം ഇല്ലായിരുന്നെങ്കിൽ അപ്പുറത്ത് പോകാൻ ആഗ്രഹിക്കുന്ന കുറേയധികം ആളുകൾ ഇപ്പുറത്തിരിപ്പുണ്ട്. അവരുടെ കാലും കൈയും വരിഞ്ഞു കെട്ടിയിരിക്കുകയാണ്. അങ്ങനെയൊരു നിയമത്തിന്റെ സംരക്ഷണത്തിൽ മാത്രമായാലും നിങ്ങൾക്ക് പത്തുമാസം തുടരാം. ആ പത്തുമാസം കഴിയുമ്പോൾ കേരളത്തിലെ പ്രബുദ്ധരായ ജനങ്ങൾ നിങ്ങൾക്ക് മാപ്പ് തരില്ല. ഇതിന് സമാധാനം ചോദിക്കും. അതുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ഷാജു: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. അപ്പുറത്തിരിക്കുന്നവർ 9-ാം ധനകാര്യ കമ്മീഷന്റെ റെക്കമെൻഡേഷനുകളേയും പത്താം ധനകാര്യ കമ്മീഷന്റെ റെക്കമെൻഡേഷനുകളേയും കുറിച്ച് പറഞ്ഞു. ഒമ്പതാം ധനകാര്യ കമ്മീഷൻ കേരളത്തിൽ വന്നപ്പോൾ അവരെ ഒന്നുപോയി കാണാനോ അവരുമായി ഇവിടത്തെ പ്രശ്നങ്ങൾ ചർച്ച ചെയ്യാനോ തയ്യാറാകാതിരുന്നതുകൊണ്ടാണ് ആ കമ്മീഷന്റെ റെക്കമെൻറേഷൻ നമുക്ക് എതിരായി വന്നത്. 10-ാം ധനകാര്യ കമ്മീഷൻ വന്നത് യു. ഡി. എഫ്. സർക്കാരിന്റെ കാലത്താണ്. ഈ രണ്ട് കമ്മീഷനുകളുടേയും റെക്കമെൻറേഷനുകൾ തമ്മിലുള്ള വ്യത്യാസം പോലും തുറന്നുകാണാനോ അത് അംഗീകരിക്കാനോ തയ്യാറാകാത്തവരാണ് അപ്പുറത്തിരിക്കുന്നവർ. ഇവിടെ ഒന്നും നടക്കുന്നില്ലെന്ന് പറഞ്ഞാൽ ആരാണ് അംഗീകരിക്കുന്നത്? 10-ാം ധനകാര്യ കമ്മീഷൻ വന്നത് ഈ ഗവൺമെൻറിന്റെ കാലത്താണ്. രണ്ടും തമ്മിലുള്ള വ്യത്യാസം എന്നു പറയുന്നത് എൽ. ഡി. എഫ്. സർക്കാരിന്റെ കാലത്ത് 16,000 കോടി രൂപ മാത്രമാണ് ആ കാലത്ത് ലഭിച്ചത്. ഇപ്പോൾ 29,000 കോടി രൂപയാണ്. ഈ വ്യത്യാസം നിങ്ങൾ അംഗീകരിക്കുന്നില്ല. എന്നിട്ട് ഇവിടെ ധനകമ്മിയും റവന്യൂ കമ്മിയും കൂടി എന്ന് ഉന്നയിക്കുകയാണ്. ഇവിടെ ധന കമ്മിയും റവന്യൂ കമ്മിയും വർദ്ധിച്ചത് എങ്ങനെയാണ്. അതിന് കാരണക്കാർ എൽ. ഡി. എഫ്. കാരല്ലേ? നിങ്ങളുടെ കുത്തഴിഞ്ഞ ഭരണകാലത്ത് ചെയ്യാൻ പാടില്ലാത്തതെല്ലാം ചെയ്തു. ഞങ്ങൾ ഇതിന്റെ പാപഭാരം മുഴുവൻ തോളിലേറ്റി. അങ്ങനെ ഞങ്ങൾ കുടിശ്ശിക മുഴുവൻ കൊടുത്തു തീർത്തു. അതിന്റെ ഫലമായാണ് ധനകമ്മിയും റവന്യൂകമ്മിയും കൂടിയത്. അത് 39,000 കോടി രൂപയിൽ എത്തിയെന്നു പറഞ്ഞാൽ അതിശയമൊന്നുമില്ല. ഒന്നും ചെയ്യാതെ ഇരിക്കുന്ന ആളുകൾ, എൽ. എസ്. ജി.-ന്റെയും പലതിന്റേയും ആളുകൾ കാശ് വേറെ വഴിക്ക് ചെലവഴിച്ച് ഈ രാജ്യത്ത് എത്രയായിരം കോടി രൂപയാണ് ശ്രീ. എ. എ. അസീസ് പറഞ്ഞതുപോലെ പുളിശ്ശേരി കൂടിച്ചത്? പുളിശ്ശേരി കൂടിച്ചത് ഞങ്ങളല്ല. നിങ്ങളാണ്. അങ്ങനെ പുളിശ്ശേരി കൂടിച്ച് ഈ നാടിനെ നശിപ്പിച്ച് ഇറങ്ങിപ്പോയ ആളുകൾ ഇപ്പോൾ മാറി നിൽക്കുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യം പറയുമ്പോൾ അപ്പുറത്ത് ഇരിക്കുന്ന ആളുകളുടെ നാക്കിന് നീളം ഒന്നര കിലോമീറ്ററാണ്. പക്ഷെ ഇവർ ഇറങ്ങി പോകുന്ന കാലത്ത്--എന്താണ് നിങ്ങൾ ചെയ്തത്? ഇറങ്ങി പോയ സമയത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കാനുള്ളത് കൊടുത്തിട്ടാണോ പോയത്? അവർക്ക് കൊടുത്തില്ലെന്നു മാത്രമല്ല ഞങ്ങൾ വരുമ്പോഴത്തെ അവസ്ഥ. എന്താണ്? ഐക്യ ജനാധിപത്യ മുന്നണി ഗവൺമെൻറ് അധികാരത്തിൽ വരുമ്പോൾ അവർക്ക് ഭൂരിപക്ഷമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ അവരുടെ ഓഫീസുകളിൽ വെറുതെ ചുറ്റിടാച്ചികളിച്ച് ഇരിക്കുകയാണ് ചെയ്തത്. അവർ നടത്തിയ ചർച്ചയിൽ മാപ്പ് പറഞ്ഞ ആളുകളുടെ നാക്ക് നനയ്ക്കാൻ ചൂടു വെള്ളം വാങ്ങിക്കാൻ കാശ് കൊടുത്തത് ഈ ഗവൺമെൻറ് വന്നതിനുശേഷമാണ്. എൽ. എസ്. ജി. -യെ സംബന്ധിച്ചുള്ള കാര്യങ്ങളൊക്കെ പറയുമ്പോൾ ഇതൊന്നും ആരും മനസ്സിലാക്കുന്നില്ലെന്നൊന്നും ആരും കരുതരുത്. പരമ്പരാഗത വ്യവസായങ്ങളെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. പരമ്പരാഗത വ്യവസായങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് കശുവണ്ടി മേഖലയാണ്. നിങ്ങൾ 100, 115 കോടി രൂപയുടെ ബാധ്യത വരുത്തി വച്ചിട്ടാണ് ഇറങ്ങി പോയത്. ഞങ്ങൾ വന്നപ്പോൾ ഈ പണം കൊടുക്കാൻ കഴിയാതെ താൽക്കാലികമായി അടച്ചു പൂട്ടിയിട്ടു. ഇപ്പോൾ പണം ഉണ്ടാക്കി

കൊടുത്ത് അത് വീണ്ടും പ്രവർത്തിക്കുകയാണ്. ഞങ്ങൾ തുറന്ന കശുവണ്ടി ഫാക്ടറി ഓണത്തിനു മുമ്പ് അടയ്ക്കുമെന്നും അടച്ച ഫാക്ടറികളിൽ പാവപ്പെട്ടവരെ കൂട്ടി ഇരുത്തിയിട്ട് പട്ടിണി കഞ്ഞി വയ്ക്കാമെന്നും കാത്തിരുന്ന് വിറകു വെട്ടാൻ പോയ ആളുകൾ നിരാശയിലാണ്. അതിപ്പോൾ നന്നായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അവിടെയൊന്നും പട്ടിണിക്കഞ്ഞി വയ്ക്കേണ്ട അവസ്ഥ ഇല്ല. ഞങ്ങളുടെ ഗവൺമെന്റ് വന്ന് കുറേയധികം ബാദ്ധ്യതകൾ ഏറ്റെടുത്തു. അതിനേക്കാളായ ബുദ്ധിമുട്ടുകൾ ഈ സംസ്ഥാനത്ത് ഉണ്ട്, പക്ഷെ കേരള സംസ്ഥാനത്തിന്റെ ഖജനാവ് അടച്ചു പൂട്ടി നാടിനെ നിശ്ചലമാക്കുന്ന അവസ്ഥ ഈ സംസ്ഥാനത്ത് ഇപ്പോൾ ഇല്ല. 28 മാസത്തെ പെൻഷൻ കുടിശ്ശിക വരുത്തിയിട്ടല്ലേ നിങ്ങൾ ഇറങ്ങി പോയത്? കർഷകത്തൊഴിലാളി പെൻഷൻ—ഇവർക്ക് വേണ്ടി മുദ്രാവാക്യം വിളിക്കുകയും കൊടി പിടിക്കുകയും പോലീസുകാരുടെ അടി കൊള്ളുകയും ചെയ്ത ആളുകളുടെ 28 മാസത്തെ കുടിശ്ശിക വച്ച് ഇറങ്ങി പോയ ആളുകളാണ് ഇവർ. ഇപ്പോൾ 28 മാസത്തെ കുടിശ്ശികയുണ്ട്. പക്ഷെ ഞങ്ങൾ അത് മുടങ്ങാതെ കൊടുത്തു കൊണ്ടിരിക്കുകയാണ്. അടുത്ത മാസം ഒന്നാം തീയതി മുതൽ പെൻഷൻ കൃത്യമായി കൊടുക്കണമെന്ന് തീരുമാനിച്ചിരിക്കുകയാണ്. കർഷകത്തൊഴിലാളികൾക്കും പെൻഷൻ കൊടുക്കേണ്ടത് ഗ്രാമീണ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ്. ബഹുഭൂരിപക്ഷം വരുന്ന മാർക്സിസ്റ്റ് പാർട്ടി ഗ്രാമീണ സ്വയംഭരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്യുന്ന പെൻഷൻ പദ്ധതിയെ തുരങ്കം വയ്ക്കാൻ ശ്രമിച്ചാൽ കേരളത്തിലെ ജനങ്ങളെ ഉപയോഗിച്ചുകൊണ്ട് ഞങ്ങൾ അതിനെ നേരിടും. ഗ്രാമീണ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് ഇത് കൊടുക്കേണ്ടത്. കൊടുക്കാൻ തീരുമാനിച്ച് പണവും അലോട്ട് ചെയ്താൽ കൊടുക്കാതെ തൊഴിലാളികളെ ഉപയോഗിച്ചുകൊണ്ട് ഈ ഗവൺമെന്റിനെതിരെ നീങ്ങാമെന്നാണ് പ്രതീക്ഷിക്കുന്നതെങ്കിൽ അത് നടക്കാൻ പോകുന്ന കാര്യമല്ല എന്ന് പറയാൻ ഈ അവസരം വിനിയോഗിക്കുകയാണ്. കേരളത്തിലാകെ ദുരിതം വിതറിക്കൊണ്ട് പ്രകൃതിക്ഷോഭം കടന്നുവരികയാണ്. എല്ലാ ജില്ലകളിലും ഈ ദുരന്തങ്ങൾ ഉണ്ട്. ദുരന്തങ്ങൾ വിവരണാതീതമാണ്. ഈ പ്രശ്നങ്ങൾ നേരിടാൻ ഗവൺമെന്റിന് മാത്രം കഴിയാത്ത സ്ഥിതി വിശേഷമാണ്. മൂഴിയാർ ഡാം തുറന്നു വിട്ടതോടുകൂടി ആലപ്പുഴ, പത്തനംതിട്ട ജില്ലകൾ പല പ്രദേശങ്ങളും വെള്ളത്തിനടിയിലാണ്. ഇടുക്കിയിൽ അടക്കം വളരെ ദുരന്തങ്ങൾ കണ്ടുകഴിഞ്ഞിരിക്കുകയാണ്. ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി ജില്ലകൾ വീടോടുകൂടി വെള്ളത്തിനടിയിലാണ്. കാർഷികമേഖലയാകെ വെള്ളത്തിനടിയിൽ പോകുന്ന സ്ഥിതി വിശേഷം വരികയാണ്. പുഞ്ച കൃഷി നശിച്ചവർക്ക് രണ്ടാം കൃഷിയിലൂടെ ജീവിക്കാൻ വേണ്ടി പൈസ ലഭിക്കുമെന്ന് കരുതി. പക്ഷെ അതെല്ലാം വെള്ളത്തിനടിയിൽ പോകുന്ന അവസ്ഥയാണ്. കുട്ടനാട്ടിലേയും ആലപ്പുഴയിലേയും പത്തനംതിട്ട ജില്ലയിലേയും കൃഷിക്കാരെ രക്ഷിക്കാൻ സൗജന്യ റേഷൻ അടക്കമുള്ള കാര്യങ്ങൾക്ക് തീരുമാനം ഉണ്ടാക്കാൻ, പ്രത്യേകം ശ്രദ്ധിക്കണമെന്ന് പറഞ്ഞുകൊണ്ട് ഉപധനാഭ്യർത്ഥനകളെ ഒന്നുകൂടി പിൻതാങ്ങുകയാണ്.

ശ്രീ. ജോണി നെല്ലൂർ: ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഈ ഉപധനാഭ്യർത്ഥനകളെ പിൻതുണച്ചുകൊണ്ട് ഭരണപക്ഷത്തുള്ളവരുടെ പ്രസംഗം കേട്ടപ്പോൾ കേരളം പുരോഗമിക്കുകയാണെന്ന് തോന്നിപ്പോയി. ഇവിടെയെല്ലാം സുഭിക്ഷതയാണെന്ന് ഉണ്ണിയാടൻ പറഞ്ഞപ്പോൾ അങ്ങയ്ക്കും അറിയാവുന്ന കാര്യമാണ്, നമ്മുടെ സംസ്ഥാനത്തെ പി. ഡബ്ല്യു. ഡി.

LIBRARY ARCHIVES Kerala Legislative Assembly

കരാറുകാർ കഴിഞ്ഞ എത്രനാളും ദിവസങ്ങളായി ബഹിഷ്കരണത്തിലാണ്. ഒറ്റ വഴിയിലെ കുഴി അടയ്ക്കാൻ പോലും കരാറുകാരെ കിട്ടാത്ത സ്ഥിതിയാണ്. ശ്രീ. എം. എം. ഹസ്സൻ ഇവിടെ ഇരിപ്പുണ്ട്. ശ്രീ. ബി. വിജയകുമാറിനെ ഞാൻ കാണുന്നില്ല. പണി ചെയ്യാൻ താൽപര്യമുള്ള ഉദ്യോഗസ്ഥൻമാരുണ്ടെങ്കിലും കരാറുകാർ ബഹിഷ്കരിക്കുന്നതുകൊണ്ട് പണി നടക്കുന്നില്ല. ഇക്കാര്യത്തെക്കുറിച്ച് അവരൊന്നും പറയുന്നുമില്ല. കരാറുകാർക്ക് കുടിശ്ശിക പോലും കൊടുക്കാൻ കഴിയാത്ത ഗവൺമെന്റാണ് ഇവിടെ ഉപധനാഭ്യർത്ഥനകളും കൊണ്ടുവന്നിരിക്കുന്നത്. പി. ഡബ്ല്യു. ഡി. വകുപ്പിൽത്തന്നെ കുറേ കാര്യങ്ങളും നടക്കുന്നുണ്ട്. പക്ഷെ ആ വകുപ്പിനെ വീർപ്പുമുട്ടിക്കുകയല്ലേ ഈ ധനകാര്യമന്ത്രി? ഇവിടെ മരണാനുമതി കൊടുക്കാൻ കഴിയുന്നില്ല. പണം കൊടുക്കുന്നുണ്ടോ? വിദ്യാഭ്യാസ വകുപ്പിന് പണം കൊടുക്കുന്നുണ്ട്. കെ. എൻ. എ. ഖാദർ ഇപ്പോൾ ഇവിടെയില്ല. അദ്ദേഹം പരോക്ഷമായി പറഞ്ഞത് അതു തന്നെയല്ലേ? ഈ സഭയിൽ അപ്പുറത്തുള്ള പല ആളുകളുടേയും വികാരം ഇതു തന്നെയല്ലേ? ഇവിടെ ധനകാര്യമന്ത്രി പലപ്പോഴും കൂട്ടുത്തരവാദിത്വം ഇല്ലാതെയല്ലേ. ഈ സഭയിൽ മറുപടി പറയുന്നത്. മഹിളാ പ്രധാൻ ഏജൻറുമാർ പാവപ്പെട്ട സഹോദരിമാർ അവർ കഠിനാധ്വാനത്തിൽ ജോലി ചെയ്യുന്നവരാണ്. അവരുടെ കമ്മീഷൻ വെട്ടിക്കുറച്ചപ്പോൾ ഞാൻ ഈ സഭയിൽ അതിനെപ്പറ്റി ഉന്നയിച്ചപ്പോൾ എന്താണ് മറുപടി പറഞ്ഞത്? അത് പുനഃസ്ഥാപിക്കുന്ന പ്രശ്നമില്ല എന്നാണ്. കഴിഞ്ഞ ക്യാബിനറ്റിൽ ഇത് പുനഃസ്ഥാപിച്ചുവെന്ന് പറഞ്ഞു. സന്തോഷമുണ്ട്. ഇവിടെ വ്യാപാരികളുടെ പ്രശ്നം തീർക്കാൻ കരാറുണ്ടാക്കിയല്ലോ? എന്താ അന്ന് ധനകാര്യമന്ത്രി പറഞ്ഞത്? അപ്പോൾ അപ്പുറത്തിരിക്കുന്നവർക്ക് ഒരു കാര്യത്തിലും ഒരു യോജിപ്പുമില്ല. അതല്ലേ സ്ഥിതി? കോർപ്പറേഷനുകളുടെ എ. ഡി. ബി. വായ്പ സർക്കാർ അടയ്ക്കണമെന്ന് കൂടി പറഞ്ഞു. അതേ വേദിയിൽ തന്നെ ശ്രീ. വക്കം പുരുഷോത്തമൻ പറഞ്ഞു. നടക്കില്ലെന്ന്. ഗവൺമെൻറ് അടക്കില്ലെന്ന് തുറന്നടിച്ചു. ഇവിടെ സഭയുടെ പൊതു വികാരം എന്താണ്? ധനകാര്യം തികഞ്ഞ പരാജയമാണെന്നും വികസനം വഴിമുട്ടുന്ന സമീപനമാണ് ധനകാര്യ വകുപ്പ് സ്വീകരിച്ചിരിക്കുന്നതെന്നുമാണ് ഇവിടെ പൊതുവെയുള്ള അഭിപ്രായം. ഇവിടെ പ്രഖ്യാപനങ്ങളും ഏറെയുണ്ട്. ഞാൻ അപ്പുറത്തിരിക്കുന്ന ആളുകളോട് ചോദിക്കുകയാണ്, ഇവിടെ എത്രനാളും ഫയർ സ്റ്റേഷനുകളും തുടങ്ങുമെന്ന് പ്രഖ്യാപിച്ചിട്ട് നാളെത്രയായി. ഞാനിവിടെ സബ്മിഷൻ കൊണ്ടുവന്നപ്പോൾ ബഹുമാന്യനായ മന്ത്രി അന്ന് പറഞ്ഞത് അത് അനുവദിച്ചിരിക്കുകയാണ്, ഉടൻ പ്രവർത്തനം ആരംഭിക്കുമെന്നാണ്. ഇത് പറഞ്ഞിട്ട് 5 മാസങ്ങളും കഴിഞ്ഞു. എന്താണ് സ്ഥിതി. സ്റ്റേറാഫില്ല. പോസ്റ്റർ ക്രിയേറ്റ് ചെയ്തില്ല. വാഹനം ഇല്ല. പ്രഖ്യാപനത്തിൽ മാത്രം ഒതുങ്ങി നിൽക്കുകയാണ്. ഇപ്പോൾ ശ്രീ. കെ. കെ. ഷാജു പറഞ്ഞല്ലോ? ഇവർക്കെല്ലാം ഫയർ സ്റ്റേഷൻ അനുവദിച്ചതാണ്. തുടങ്ങാൻ കഴിഞ്ഞോ? പ്രഖ്യാപനങ്ങളിൽ മാത്രം മതിയോ ഇപ്പോൾ കൊട്ടിഘോഷിക്കാനുള്ളത് അടിപ്പാത, നല്ലതാണ്. പെട്ടെന്ന് തീരുകയും ചെയ്തു. ഇതിനുമുമ്പും കേരളത്തിൽ സമയത്തിനുമുമ്പ് തീർത്ത നിരവധി കാര്യങ്ങളുണ്ട്. ഈ നിയമസഭയിൽ കഴിഞ്ഞ ഗവൺമെൻറിൻറെ കാലത്ത് തമ്പാനൂർ ഓവർ ബ്രിഡ്ജ് നിശ്ചിത സമയത്തിനുമുമ്പ് തീർത്ത് ഈ സഭയിൽ അത് പ്രഖ്യാപിച്ചതിന് സാക്ഷിയായി ഇരുന്ന് കേട്ടവനാണ് ഞാൻ. അന്ന് നിങ്ങളാരും ഈ സഭയിൽ ഇല്ല. അത് നല്ല കാര്യമാണ്. കപടത്തിൽ മാറ്റം ഉണ്ടാകണം. ഞാൻ അഭിനന്ദിച്ചുകൊണ്ട് തന്നെയാണ് പറയുന്നത്. റെന്നി പാലം; നികുതി നിർണ്ണയത്തിലും പിഴവ്, സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾക്ക് കോടികളുടെ നഷ്ടം എന്ന് സി. ആൻറ് എ. ജി. റിപ്പോർട്ടിൽ പറയുന്നു. എന്താ ഇതിനു കാരണം. ആഡംബര നികുതിയെ സംബന്ധിച്ച് ഭേദഗതി വന്നു. ആ ഇനത്തിൽ പോലും ലക്ഷക്കണക്കിന് രൂപ പിരിഞ്ഞ് കിട്ടാനിരിക്കുന്നു എന്ന് പറഞ്ഞു. - കിട്ടേണ്ട തുക പിരിച്ചെടുക്കേണ്ടേ? കാർഷിക നികുതി, വാഹന നികുതി ഇതിലൊക്കെ ധാരാളം തുക പിരിഞ്ഞു കിട്ടാനിരിക്കുന്നു. 201 കോടി രൂപ നഷ്ടം ഉണ്ടെന്നാണ് പറഞ്ഞിരിക്കുന്നത്. ഓരോ വകുപ്പുകളിലും ഇങ്ങനെ പറഞ്ഞിരിക്കുന്നു. ഇവിടെ അപേക്ഷിക്കുന്നവരുടെ അപേക്ഷ മുഴുവൻ ധനകാര്യ വകുപ്പ് തള്ളുകയാണ്. ഉപേക്ഷിക്കുന്ന വകുപ്പാണോ ധനകാര്യ വകുപ്പ്? ഈ വിധത്തിൽ മുന്നോട്ട് പോകുന്ന സന്ദർഭത്തിൽ ഈ ഉപധനാഭ്യർത്ഥന ഇവിടെ അവതരിപ്പിച്ചപ്പോൾ അത് കേൾക്കുവാനുള്ള ആർജ്ജവം പോലും ഇല്ലാതെ മന്ത്രിമാർ തന്നെ സഭ വിട്ട് പോയിരിക്കുന്നു. ഇതാണ് ഈ ഗവൺമെൻറിൻെറ ഉത്തരവാദിത്വം എന്നാണ് ഇവിടെ അംഗങ്ങൾ പറയുന്നത്. അവരുടെ വകുപ്പുകളിലുള്ള കാര്യങ്ങളെക്കുറിച്ച് എന്താണ് പറയുന്നതെന്ന് കേൾക്കുവാൻ പോലും തയ്യാറാകാതെ കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ട ജനവികാരം ഉൾക്കൊള്ളാത്ത ഒരു ഗവൺമെൻറ്; ആ ഗവൺമെൻറിനു വേണ്ടി ഇവിടെ കൊണ്ടുവന്നിരിക്കുന്ന ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുന്നു.

ഡോ. കെ. സി. ജോസഫ്: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. എല്ലാ രംഗങ്ങളിലും പരാജയപ്പെട്ട ഒരു ഗവൺമെൻറാണ് ഉപധനാഭ്യർത്ഥനകളുമായി രംഗത്ത് വന്നിട്ടുള്ളത്. ഇപ്പോൾ ഗവൺമെൻറ് ഇരുട്ടുകൊണ്ട് ഓട്ടയടയ്ക്കാനുള്ള പരിശ്രമങ്ങളാണ് നടത്തുന്നത്. ആരാധ്യനായ നമ്മുടെ രാഷ്ട്രപതി ഇവിടെയെത്തി പത്തിന പരിപാടി പ്രഖ്യാപിച്ചു, ഇപ്പോൾ അതിലാണ് കയറിപ്പിടിച്ചിട്ടുള്ളത്. അതിനു പുറമെ മൂന്നെണ്ണം കൂടി ഇന്നലെ മുഖ്യമന്ത്രി പറഞ്ഞു. ആ നിലയിൽ ചില വാഗ്ദാനങ്ങളും ചർച്ചകളും നടത്തി ഈ രാജ്യത്തെ കുഴപ്പത്തിലേയ്ക്കാക്കി, വികസന പ്രവർത്തനങ്ങൾ മരവിപ്പിച്ച് സാമ്പത്തിക അരാജകത്വത്തിലേയ്ക്ക് ആക്കിയിരിക്കുന്നു. ഇങ്ങനെയുള്ള കാര്യങ്ങൾ ചൂണ്ടിക്കാണിച്ച് ഇരുട്ടുകൊണ്ട് ഓട്ടയടയ്ക്കാനുള്ള ശ്രമങ്ങൾ ജനങ്ങൾ തിരിച്ചറിയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ ഉപധനാഭ്യർത്ഥനകൾ കൊണ്ടുവരേണ്ടത് ഗവൺമെൻറ് പ്രഖ്യാപിച്ചിട്ടുള്ള കാര്യങ്ങൾ നടപ്പാക്കുന്നതിന് ബഡ്ജറിൽ വച്ചിട്ടുള്ള തുക പോരാതെ വരുമ്പോൾ അത് പൂർണ്ണമായും നടപ്പാക്കാനാവശ്യമായ തുക അപ്രതീക്ഷിതമായി ഉണ്ടാകുന്ന സംഭവങ്ങൾക്ക് വേണ്ടിയാണ്. ഒരു ഉദാഹരണം പറയാം. കഴിഞ്ഞവർഷം നെല്ല് സംഭരണത്തിന് 18 കോടി രൂപ ചെലവാക്കി. ഈ വർഷം നെല്ല് സംഭരണം ഏറ്റവും കൂടുതൽ നടത്തേണ്ടിവന്നു. ഗവൺമെൻറ് അഭിമാനിക്കുന്നതും ഏറ്റവും കൂടുതൽ കാര്യമായി പറയുന്നതും. അതാണ്, ആലപ്പുഴ ജില്ലയിൽ മാത്രം ഈ വർഷം 38,000 ടൺ നെല്ല് സംഭരിച്ചു. അതിന് മാത്രം ഗവൺമെൻറ് പ്രഖ്യാപിച്ച ഹാൻറ്ലിംഗ് ചാർജ്ജ് 95 രൂപവച്ച് ഒരു കമ്പിനാൽ നെല്ലിന് 37.63 ലക്ഷം രൂപ വേണം. ആലപ്പുഴ ജില്ലയിൽ മാത്രമാണ്. കോട്ടയം, തൃശ്ശൂർ, പാലക്കാട് തുടങ്ങിയ സ്ഥലങ്ങളിൽ സംഭരിച്ച നെല്ലിന് വേറെ വേണം. ഈ സപ്ലിമെൻററി ഡിമാൻറിൽ അതിന് തുക കൊണ്ടു വന്നിട്ടുണ്ടോ? 102 ലക്ഷം രൂപ, അതായത് ഒരു കോടി രൂപ വച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ മാത്രം 3.63 കോടി രൂപ നെല്ല് സംഭരണത്തിന് വേണ്ടി വരുമ്പോൾ കൊണ്ടുവരുന്നത് ഇതാണ്. നിങ്ങൾ യാഥാർത്ഥ്യബോധമില്ലാതെ ജനങ്ങൾക്ക് നൽകുന്ന വാഗ്ദാനങ്ങൾ പാലിക്കാൻവേണ്ടി ആത്മാർത്ഥമായ പരിശ്രമം അതിൽ വേണ്ടേ? അതിനുള്ള ഫണ്ട് എവിടെ? സപ്ലിമെൻററി

LIBRARY ARCHIVES Kerala Legislative Assembly

ഡിമാൻറിൽ കൊണ്ടുവരുന്നത് ഫണ്ട് ഉള്ളതുപോലാണോ? സപ്ലിമെൻററി ഡിമാൻറ് ആവശ്യത്തിനുവേണ്ടി കൊണ്ടുവരുന്നതല്ല? നിങ്ങളുടെ മുമ്പിൽ എത്ര സംഭരിച്ചു എന്നുള്ള കണക്കിരിക്കുമ്പോഴും അതിന് ആവശ്യത്തിന് കൊടുക്കുകയല്ലേ വേണ്ടത്? ഇവിടെ രണ്ടു ദിവസം മുമ്പ് ഇടുക്കിയിലുണ്ടായ പ്രകൃതി ദുരന്തത്തെക്കുറിച്ച് നമ്മൾ ചർച്ച ചെയ്തു. ഇന്ന് പ്രകൃതി ദുരന്തം കൂടുതൽ വ്യാപകമായിരിക്കുന്നു. ആലപ്പുഴ ജില്ലയിലും കോട്ടയം ജില്ലയിലും പത്തനംതിട്ട ജില്ലയിലും കുട്ടനാട് മേഖലയാകെ പ്രളയ ജലത്തിനു കീഴിലാണ്. ഒരിഞ്ചു ഭൂമിപോലും മുകളിൽ കാണുന്നില്ല. ജനങ്ങളാകെ പ്രളയത്തിന് അടിപ്പെട്ടിരിക്കുന്നു. ആ പ്രദേശത്ത് കൃഷിനാശവും മറ്റു കാര്യങ്ങളുമുണ്ട്. ജനങ്ങളുടെ ദുരിതം അകറ്റുന്നതിനുവേണ്ടി ഇന്നലെ ദുരിതാശ്വാസ കമ്മിറ്റി അവിടെക്കൂടി. ഞാൻ ഇന്നലെ നിയമസഭയിൽ വരാതെ പഞ്ചായത്ത് പ്രസിഡൻറുമാരെയെല്ലാം വിളിച്ചുകൂട്ടി ദുരിതാശ്വാസ ക്യാമ്പുകൾ തുടങ്ങുന്നതിനുള്ള കാര്യങ്ങൾ നടത്തി. പക്ഷെ ദുരിതാശ്വാസ ക്യാമ്പിൽ പ്രദേശത്തെ ജനങ്ങളെയാകെ കൊണ്ടുപോകാൻ കഴിയുമോ? അവിടെ ഉയർന്നുവന്ന കാര്യം ദുരിതാശ്വാസ ക്യാമ്പുകൾ നടത്താൻ സ്ഥലമില്ല. അതുകൊണ്ട് പ്രളയ ദുരന്തത്തിന്. ഇരയായ ആൾക്കാർക്ക് രണ്ടാഴ്ചത്തേയ്ക്ക് എങ്കിലും സൗജന്യ റേഷൻ നൽകണമെന്ന ശക്തമായ ആവശ്യം രാഷ്ട്രീയത്തിനതീതമായി എല്ലാ വിഭാഗങ്ങളും ഉന്നയിച്ച സാഹചര്യത്തിൽ അടിയന്തിരമായി സൗജന്യ റേഷൻ നൽകണം. കൃഷിനാശമുണ്ടായവർക്ക് വേനൽമഴയിലും പ്രളയത്തിലുമായി ഏതാണ്ട് നാലായിരം ഹെക്ടർ സ്ഥലത്തെ നെൽകൃഷിയും കരകൃഷിയും നശിച്ചിരിക്കുകയാണ്. അങ്ങനെയുള്ള കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽകൂടി എതിർക്കുന്നു

ശ്രീ. പി സി. ജോർജ്: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. അഹങ്കാരത്തിലാണ് നമ്മുടെ മന്ത്രിമാരെല്ലാം. അവിശ്വാസ പ്രമേയം അവതരിപ്പിച്ചുകൊണ്ട് കണക്കുവച്ചപ്പോഴും ആ കണക്കിൽ 226 കോടിയിൽ 26 കോടിയേ കട്ടുള്ളൂ, അതുകൊണ്ട് കുഴപ്പമില്ല എന്ന നയവുമായാണ് ഗവൺമെൻറ് പോകുന്നത്. ഒരു കാര്യം സഭയിൽ അവതരിപ്പിച്ചാൽ അതിൻെറ സത്യം എന്തെന്ന് കണ്ടെത്തുന്നതിന് പകരം നിഷേധിച്ച് ഈ നാടിനെ അപമാനിക്കുന്ന നിലയിലേയ്ക്ക്, ജനങ്ങളെ അപമാനിക്കുന്ന നിലയിലേയ്ക്കാണ് നിങ്ങളുടെ രേണം പോകുന്നതെന്ന കാര്യത്തിൽ സംശയം വേണ്ട. ഞാൻ ഒരു കാര്യം പറയട്ടെ, സഭാദ്ധ്യക്ഷ പീഠത്തിലിരിക്കുന്ന അങ്ങയെ സാക്ഷ്യപ്പെടുത്തിക്കൊണ്ട് ഒരു വസ്തുത ഈ സഭയിൽ ഉന്നയിക്കുകയാണ്. ഞാൻ പറയുന്ന കാര്യം തെറ്റാണെന്ന് സഭയിൽ എഴുന്നേറ്റുനിന്ന് പറഞ്ഞാൽ ആ നിമിഷം എൻെറ രാഷ്ട്രീയ പ്രവർത്തനവും പൊതുപ്രവർത്തനവും അവസാനിപ്പിച്ചുകൊള്ളാമെന്ന് ഉറപ്പുതരികയാണ്. കഴിഞ്ഞ 20-ാം തീയതി ഞാനിവിടെ കോളിംഗ് അറൻഷൻ അവതരിപ്പിച്ചുകൊണ്ട് ഒരു കാര്യം പറഞ്ഞു. പ്ലാൻേഷൻ കോർപ്പറേഷനിൽ കോടിക്കണക്കിന് രൂപയുടെ നഷ്ടം വരുത്തിയിരിക്കുന്നു, ബോർഡ് അറിഞ്ഞുകൊണ്ട്. അങ്ങ് അതിൽ അംഗമാണല്ലോ. അങ്ങയെപ്പോലും കബളിപ്പിച്ചുകൊണ്ട് ഒരു പറ്റം ഉദ്യോഗസ്ഥർ ചേർന്നുകൊണ്ട് കോടിക്കണക്കിന് രൂപയുടെ ലാറക്സ് വിറ്റ് കച്ചവടം നടത്തിയിരിക്കുന്നു എന്നു പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടി 27-6-2005-ൽ കൂടിയ ഡയറക്ടർ ബോർഡ് കോർപ്പറേഷന് പ്രയോജനകരമായ വിധത്തിൽ ലാറക്സിൻെറ വിൽപ്പന നടത്താൻ മൂല്യ നിർണ്ണയ സമിതിയോട് നിർദ്ദേശിക്കുകയും മൂല്യ നിർണ്ണയ സമിതി കോർപ്പറേഷൻെറ പഴയ ലാറക്സ് 37 രൂപയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

വില നിശ്ചയിക്കുകയും രണ്ടു രൂപ മുതൽ 10 രൂപ വരെ ലാറക്സ് എടുക്കുന്നവർക്ക് ഒരു ലിറ്ററിന് 50 എന്ന് അതിൽ പറഞ്ഞിരിക്കുകയാണ്. അവസാനം കോർപ്പറേഷന്റെ 4600 ടൺ ലാറക്സ് മേൽപ്പടി വിലയ്ക്ക് വിൽക്കാൻ തീരുമാനിച്ചു. അതിനുശേഷം 4-7-2004-നും 8-7-2004-നും മേപ്പടി വിലയ്ക്ക് 1764 ബാരൽ ലാറക്സ് വിൽപ്പന നടത്തിയിട്ടുണ്ട്. ലാറക്സിന് 39 രൂപ തുടരുകയാണ്. ഇതുമൂലം കോർപ്പറേഷന് നഷ്ടമൊന്നും സംഭവിച്ചിട്ടില്ല. അങ്ങേയ്ക്ക് അറിയാം നഷ്ടം വന്നിട്ടുണ്ടെന്ന്. ഈ ഗവൺമെന്റിന്റെ തെറ്റായ നിലപാട് ചൂണ്ടിക്കാണിക്കാൻ അവസരം തരണ്ടേ? ഒരു ലോഡ് 92 ബാരലാണ്. 205 ലിറ്ററാണ് ഒരു ബാരൽ. 110 ലോഡ് വിറ്റു. സെൻട്രിഫ്യൂഗൽ ലാറക്സിന് 39 രൂപ സംസ്ഥാനത്ത് വിലയുള്ളപ്പോൾ നാൽപ്പത് രൂപ വിലയ്ക്ക് പ്ലാന്റേഷൻ കോർപ്പറേഷൻ പ്രൈവറ്റ് മേഖലയിൽ വിറ്റു തീർത്തു. കോർപ്പറേഷൻ ലാറക്സ് അവിടെ കുന്നുകൂടി. അതുകഴിഞ്ഞ് ലാറക്സ് കേടായി. സെൻട്രിഫ്യൂഗൽ ലാറക്സിന് വിലകുറച്ച്, ഗുണനിലവാരം കുറഞ്ഞു എന്ന് മനോരമയിൽ വാർത്ത വരുത്തി. അതിനുശേഷം ലാറക്സ് 35 രൂപയ്ക്ക് വിറ്റു. 39 രൂപ വിലയുള്ളപ്പോൾ ഒരു രൂപ കൂട്ടാതെ 39 രൂപയ്ക്ക് വിറ്റിരുന്നെങ്കിൽ അഞ്ചിന് നാല് രൂപ വെച്ച് ഒരു ലിറ്റർ ലാറക്സിന് കിട്ടേണ്ടതല്ലേ? ആ ലാറക്സ് മേടിച്ചവരുടെ പേരുകൾ ഈ സഭയിൽ പറഞ്ഞിരുന്നു. റബ്ബർ പാൽ കയറ്റുമതിക്ക് ധാരണ. റബ്ബർബോർഡ് ചെയർമാൻ വിളിച്ചുകൂട്ടിയ യോഗത്തിൽ കേരള പ്ലാന്റേഷൻ കോർപ്പറേഷന്റെ പക്കലുള്ള 1200 ടൺ ലാറക്സ് തങ്ങൾ വാങ്ങിയതായി തോംസൺ റബ്ബേഴ്സ് യോഗത്തിൽ അറിയിച്ചു. ഏതാണ് ഈ ലാറക്സ്? പ്ലാന്റേഷൻ കോർപ്പറേഷൻ നിലവാരം കുറഞ്ഞു എന്ന് പറഞ്ഞ് വാങ്ങിയ ലാറക്സ് കയറ്റുമതിക്ക് സമ്മതിച്ചിരിക്കുകയാണ്. ലാറക്സ് കയറ്റുമതിക്ക് കമ്പനി സമ്മതിച്ചിരിക്കുന്നു എന്നു പറഞ്ഞാൽ..... അത് റബ്ബർ ബോർഡിന്റെ ഔദ്യോഗിക പ്രസിദ്ധീകരണമാണ്". ഞാൻ സബ്ജക്ട് അല്ലാതെ ഒന്നും പറയുന്നില്ല. ഞാൻ ചോദിക്കുന്നത് ലാറക്സ് മോശമായി എന്നു പറഞ്ഞു വിറ്റ് കാശാക്കിയ ലാറക്സ് എങ്ങനെ കയറ്റുമതി ചെയ്യും? മോശം റബ്ബർ കയറ്റുമതി ചെയ്യാൻ പറ്റുമോ? എത്ര രൂപ നഷ്ടം വന്നു. ലക്ഷക്കണക്കിന് രൂപയുടെ കൊള്ളയാണ്. ഇതേക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തണമെന്ന് പറഞ്ഞപ്പോൾ അവിടെ കുഴപ്പമില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞിരിക്കുകയാണ്. അന്വേഷണം നടത്താതെ കൊള്ളയ്ക്ക് കൂട്ടുനിൽക്കുന്നെങ്കിൽ.....ഒരു മന്ത്രിയുടെ പാർട്ടി നടത്തുന്ന കൊള്ളയ്ക്ക് വേറൊരു മന്ത്രി ചൂട്ടുപിടിച്ചു കൊടുക്കുന്നെങ്കിൽ ആ മന്ത്രിക്ക് അതിൽ പങ്കാളിത്തമുണ്ടെന്ന് ആരോപണ രൂപത്തിൽ തന്നെ പറയാൻ ആഗ്രഹിക്കുന്നു. കൊള്ളക്കാരെ പ്രോൽസാഹിപ്പിക്കുന്ന, മോഷണത്തിന് കൂട്ടു നിൽക്കുന്ന, പൊതുമുതൽ നശിപ്പിക്കുന്ന ഈ ഗവൺമെന്റിന്റെ നയം തെറ്റാണെന്ന് അടിവരയിട്ട് പറയുന്നു. ഞാൻ ഈ പറഞ്ഞതിൽ എന്തെങ്കിലും തെറ്റുണ്ടെങ്കിൽ അങ്ങേയ്ക്ക് എഴുന്നേറ്റ് നിന്ന് പറയാം. ആ നിമിഷം രാജിവച്ച് ഒഴിഞ്ഞുതരാമെന്ന് പറഞ്ഞുകൊണ്ട് ഈ ആരോപണം ശക്തിയായി ഉന്നയിച്ചുകൊണ്ട്....

മി. ചെയർമാൻ; അഴിമതിയാരോപണമൊന്നും വേണ്ട. അഴിമതിയാരോപണമാണെങ്കിൽ എഴുതി തരണം.

ശ്രീ. പി. സി. ജോർജ്ജ്: ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി ഞാൻ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ഇവിടെ അപ്പുറത്തുനിന്ന് പ്രസംഗിച്ച ആളുകൾ ഈ ഉപധനാഭ്യർത്ഥനകളെ ചില കാര്യത്തിലെങ്കിലും അനുകൂലിക്കും പിന്താങ്ങുമെന്ന് ഞാൻ കരുതി. സുനാമി പ്രശ്നം രാവിലെ പറഞ്ഞു. അതിൽ 69 കോടി രൂപ എ. ഡി. ബി. സഹായത്തോടുകൂടി നടപ്പാക്കുന്ന സുനാമി അടിയന്തിര സഹായ പദ്ധതി പ്രകാരം പുനരധിവാസത്തിനും പുനർ നിർമ്മാണത്തിനുമാണ്. ശ്രീ. എ. എ. അസീസ് കശുവണ്ടിത്തൊഴിലാളികളുടെ കാര്യം പറഞ്ഞു. 33 കോടി രൂപ കശുവണ്ടി വികസന കോർപ്പറേഷന്റെ ബാദ്ധ്യത തീർക്കാനാണ്. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ കാര്യം ശ്രീ. എൻ. രാജൻ പറഞ്ഞു. ഇതിൽ 32.96 കോടി രൂപ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകാൻ വേണ്ടിയാണ്. മെഡിക്കൽ കോളേജുകൾ സ്വകാര്യവൽക്കരിക്കുന്നു എന്ന ആക്ഷേപം പറഞ്ഞു. മെഡിക്കൽ കോളേജുകളുടേയും ആശുപത്രികളുടേയും വികസനത്തിനാണ് 11.22 കോടി രൂപ.

അതുപോലെ വിദ്യാഭ്യാസം, ഹൈസ്കൂളുകളിലും ഹയർസെക്കണ്ടറി സ്കൂളുകളിലും ലബോറട്ടറികൾ പുതുതായി സ്ഥാപിക്കുന്നതിനാണ് 5 കോടി രൂപ ചെലവാക്കിയത്. ഇതുപോലെ ഒഴിവാക്കാനാവാത്ത നമ്മുടെ സംസ്ഥാനത്തെ പ്രധാനപ്പെട്ട ചില ആവശ്യങ്ങൾക്കുവേണ്ടി ചെലവാക്കിയ തുകയ്ക്കുവേണ്ടിയുള്ള ഉപധനാഭ്യർത്ഥനകളെയാണ് ഇവർ എതിർക്കുന്നത്. ഇത് ശരിയല്ലായെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ജോണി നെല്ലൂർ: സർ, 1996 മുതൽ 2001 വരെ ശ്രീ. കെ. ബാബുവും ഞാനും പ്രതിപക്ഷത്തിരുന്നപ്പോൾ ഉപധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് അങ്ങ് പ്രസംഗിച്ചത് നിയമസഭാരേഖകളിലുണ്ട്. അതു കൂടി ഓർത്തുകൊണ്ടുവേണം അങ്ങിപ്പോൾ സംസാരിക്കാൻ.

ശ്രീ. കെ. ബാബു: എനിക്ക് ബഹുമാനപ്പെട്ട ജോണി നെല്ലൂരിന്റെ പ്രസംഗം കേട്ടപ്പോൾ തോന്നിയത് ഈ പെൺകുട്ടികളെ വിവാഹം ചെയ്തു കഴിഞ്ഞാൽ ഭർത്താവിന്റെ വീട്ടിനുവേണ്ടിയേ പറയൂ. അവർ പിന്നെ സ്വന്തം വീട് മറക്കും അങ്ങയുടെ നിലാട് ഇപ്പോൾ അതാണ്. .....(ബഹളം) .....ശ്രീ. ജോണി നെല്ലൂരിന്റെ നിലപാടിനെ സംബന്ധിച്ച് എനിക്ക് അത്രയേ പറയാനുള്ളൂ.....(ബഹളം).....

ശ്രീ. ജോണി നെല്ലൂർ: വിവാഹം കഴിക്കുന്ന സന്ദർഭത്തിൽ ക്രൈസ്തവർക്ക് ദേവാലയത്തിൽ വച്ച് തന്നെ പറയുന്നത്. പുത്രീ, നീ നിന്റെ പിതൃ ഗൃഹത്തേയും.....എല്ലാം മറക്കുക എന്നാണ്. അതങ്ങേക്കറിയാമോ?

ശ്രീ. കെ. ബാബു: ശ്രീ. ജോണി നെല്ലൂർ, നമ്മൾ തമ്മിൽ 10 മാസത്തേയല്ലേ ഗ്യാപ്പ് ഉള്ളൂ. അതിനുമുൻപേ ഇവിടെയായിരുന്നല്ലോ? ഇവിടെ യു.ഡി.എഫ്. ഗവൺമെന്റിന്റെ ധനകാര്യമാനേജുമെന്റിനെ കുറിച്ച് അപ്പുറത്തുള്ള ആളുകൾ എതിർക്കുകയും എൽ.ഡി.എഫ്..ന്റെ കാലത്തെക്കുറിച്ച് പുകഴ്ത്തി പറയുകയും ചെയ്യുമ്പോൾ അന്നത്തെ കാലഘട്ടത്തെക്കുറിച്ച് ഓർക്കുന്നത് നന്നായിരിക്കും. ധർമ്മക്കാരുടെ ചെക്കിന് നിങ്ങളുടെ ചെക്കിനേക്കാളും വിലയുണ്ടായിരുന്നു. നിങ്ങളുടെ ട്രഷറി ചെക്കിനേക്കാൾ വിശ്വസ്തതയും വിലയും ധർമ്മക്കാരുടെ ചെക്കിനുണ്ടായിരുന്നു. അത്രയും വിലകുറഞ്ഞ ചെക്കായിരുന്നു നിങ്ങളുടെ ട്രഷറി ചെക്ക്. കഴിഞ്ഞ ഗവൺമെന്റിന്റെ അവസാനകാലഘട്ടത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ എത്രയോ സമരങ്ങൾ നടന്നിട്ടുണ്ട്, 500 രൂപ വരെ മാറി കിട്ടാൻ. 1996-01-ൽ നമ്മുടെ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം വളർച്ചയുടെ പ്രതിവർഷ ശരാശരി എന്നുപറയുന്നത് 12.25% ആയിരുന്നു. എന്നാൽ 2001-05 കാലത്ത് അത് 13.6% ആയി വർദ്ധിച്ചിരിക്കുകയാണ്. റവന്യൂ വരവ് 31.3.2001-ൽ നിങ്ങളുടെ കാലത്ത് 8700 കോടിയായിരുന്നു. ഇപ്പോളത് 15000 കോടി ആയി വർദ്ധിച്ചു. അപ്പോൾ നിങ്ങളുടേയും നമ്മുടേയും കാലഘട്ടങ്ങൾ തമ്മിൽ ഒന്നു താരതമ്യപ്പെടുത്തണം. 1996-2001-ൽ റവന്യൂ ചെലവുകളുടെ ശരാശരി വളർച്ചാനിരക്ക് നിങ്ങളുടെ കാലത്ത് ഏകദേശം 20% വർദ്ധനവുണ്ടായി. എന്നാൽ 2001-05 കാലത്ത് അത് 11% ആയി കുറഞ്ഞു. അത് നിങ്ങളുടെ കാലത്ത് 20% ആയിരുന്നത് ഇപ്പോൾ 11% ആയി കുറഞ്ഞു. അതുപോലെ റവന്യൂകമ്മിയും ധനകമ്മിയും നിയന്ത്രിക്കുന്നതിന് കേരളത്തിന്റെ ധനസംബന്ധമായ ഉത്തരവാദിത്വ നിയമം ഞങ്ങൾ പാസ്സാക്കിയതിനെത്തുടർന്ന്, അതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. അതുപോലെതന്നെ വിവിധ സർക്കാർ ഏജൻസികൾക്ക് ഗ്യാരന്റി നൽകുന്നത് ക്രമാതീതമായി. ഗവൺമെന്റ് ബാധ്യത വർദ്ധിച്ചതുകൊണ്ട് കേരള ഗവൺമെന്റ് ഗ്യാരന്റി ആക്ട് കൊണ്ടുവന്നു. അങ്ങനെ എല്ലാ നിലയിലും സംസ്ഥാനത്തെ ഖജനാവ് കാലിയാക്കുന്നത് നിയന്ത്രിക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. കടബാധ്യതകളെക്കുറിച്ച് പറഞ്ഞു. 1996-2001-ൽ 12.9% മുതൽ 28.5% വരെ ആയിരുന്നു നമ്മുടെ കടബാധ്യത. അതിന്റെ പേർസന്റേജ് വച്ചു നോക്കുമ്പോൾ അത് 12.9% മുതൽ 28.5% വരെ ആയിരുന്നു നിങ്ങളുടെ കാലഘട്ടത്തിൽ. എന്നാൽ ഇത് ഈ കാലഘട്ടത്തിൽ 12.75% മുതൽ 11.9% ആയി കുറഞ്ഞിരിക്കുകയാണ്. അതുപോലെ 2001-ൽ പലിശ ബാധ്യത നിങ്ങളുടെ കാലത്ത് 40%-ത്തോളമായിരുന്നു. ഇപ്പോളത് 18.39% ആയി കുറഞ്ഞു. ഈ വർഷം 8.8% ആയി കുറയും എന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇത് ധനകാര്യ മാനേജുമെന്റിന്റെ വിജയമല്ലേ ചൂണ്ടിക്കാണിക്കുന്നത്? മൂലധനച്ചെലവിനെക്കുറിച്ചുവിടെ പരാമർശിക്കുകയുണ്ടായി. നിങ്ങളുടെ കാലത്ത് ഏതാണ്ട് 577 കോടി രൂപ മൂലധന ചെലവുണ്ടായി. ഇപ്പോഴത് 684 കോടി രൂപയായി വർദ്ധിച്ചു. അപ്പോളത് വളർച്ചയല്ലേ കാണിക്കുന്നത്? അതുപോലെ സി. ആൻഡ് എ.ജി. റിപ്പോർട്ടിനെക്കുറിച്ച് പറഞ്ഞു. ഇപ്പോൾ 39000 കോടി രൂപ കടം ഉണ്ടായിരുന്നു. സമ്മതിച്ചു. പക്ഷേ നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം. 1957 മുതൽ 1996 വരെ ഭരിച്ച എല്ലാ ഗവൺമെന്റുകളുംകൂടി കേരളത്തിൽ വരുത്തിയ കടബാധ്യത 10000 കോടി രൂപയായിരുന്നു. നിങ്ങൾ ഇറങ്ങിപ്പോകുമ്പോൾ 27 കോടി രൂപയായി വർദ്ധിച്ചു. ഇവിടെ കടബാധ്യത വർദ്ധിക്കും. ഇവിടെ കടം എടുക്കും. പക്ഷേ ആ കടം എങ്ങനെ ചെലവാക്കുന്നു എന്നുള്ളതാണ് പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. ഒരു കാര്യം പറയാം. അടിസ്ഥാന വികസനം. ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ്. ഇവിടെ നിങ്ങളുടെ കാലത്ത് ഓർഡിനൻസിലൂടെ ഒരു നിയമം കൊണ്ടുവന്നു. ഉയർന്ന പലിശയ്ക്ക് 500 കോടി രൂപ കടമെടുത്തു. പലിശ 17% ആയിരുന്നു എന്ന് എനിക്ക് തോന്നുന്നു. ആ പൈസയിൽ ഒരു രൂപപോലും അടിസ്ഥാന വികസനത്തിനുവേണ്ടി ചെലവാക്കിയില്ല. ഉയർന്ന പലിശ കൊടുത്ത്, ഓർഡിനൻസിലൂടെ ഒരു നിയമം കൊണ്ടുവന്ന് 500 കോടി രൂപ കടമെടുത്തിട്ട് അതിൽ ഒരു ലക്ഷം രൂപ പോലും അടിസ്ഥാന വികസനത്തിനുവേണ്ടി ചെലവാക്കിയില്ല. ഈ ഗവൺമെന്റിന്റെ കാലത്ത് കടമെടുത്തിട്ടുണ്ട്. കടം എടുക്കുക എന്നു പറഞ്ഞാൽ, ഒരു സമ്പദ് വ്യവസ്ഥയുടെ തകർച്ച മാത്രമായി ചൂണ്ടിക്കാണിക്കാൻ സാധിക്കില്ല. ഞാൻ ഒരു കാര്യം പറയാം. യു.ഡി.എഫ്.-ന്റെ

LIBRARY ARCHIVES Kerala Legislative Assembly

കാലത്ത് പ്ലാൻ ഫണ്ട് 13000 കോടി രൂപയോളം ചെലവാക്കി. ഇവിടെ 13000 കോടി രൂപ ചെലവാക്കുമ്പോൾ പ്ലാൻ ഫണ്ടിന് കടം എടുക്കേണ്ടിവരും. കാരണം നമ്മുടെ വിഭവശേഷി വളരെ കുറവാണ്. 2005-06-ലെ പ്ലാൻസൈസ്, ആനുവൽ പ്ലാനിന് 5639 കോടി രൂപ ആണ് വേണ്ടത്. പത്താം പദ്ധതിക്ക് ആ തുക ഏകദേശം 24000 കോടി രൂപ പ്ലാൻ ഫണ്ട് ചെലവാക്കാനാണ് ഉദ്ദേശിക്കുന്നത്. നിങ്ങളുടെ കാലത്ത് 16000 കോടി ആയിരുന്നു. അപ്പോൾ സ്വഭാവിക മായിട്ടും പ്ലാൻ ഔട്ട്‌ലേ വർദ്ധിക്കുമ്പോൾ കടം വർദ്ധിക്കും. നമുക്ക് 91% സംഖ്യയും ശമ്പളം, പെൻഷൻ എന്നിവയ്ക്കായി പോകുന്നുണ്ട്. അപ്പോൾ സ്വാഭാവികമായും നമ്മുടെ സംസ്ഥാനത്തിന്റെ വിഭവശേഷി വളരെ കുറവായതുകൊണ്ട് ഈ സംസ്ഥാനത്തിന്റെ കോൺട്രിബ്യൂഷനില്ല. സ്വാഭാവികമായും കടം എടുക്കും. ആ കടബാധ്യത പ്ലാൻസൈസ് വലുതാകുമ്പോൾ ഉണ്ടായിട്ടുണ്ട്. പക്ഷേ നമ്മൾ ഈ അടിസ്ഥാന വികസന ഫണ്ട് ആയി 500 കോടി രൂപ കടം എടുത്ത് ചെലവാക്കി യതുപോലെയല്ല ഇവിടെ. ഇവിടെ കടം എടുക്കുന്ന സംഖ്യ നമ്മുടെ സംസ്ഥാന വികസനത്തിനുവേണ്ടി ഉപയോഗിക്കുന്ന സ്ഥിതിയാണുള്ളത്. ഇവിടെ BHEL-ന്റെ കാര്യത്തെ കുറിച്ചു പറഞ്ഞു. നിങ്ങൾ യു.പി.എ. ഗവൺമെന്റിന്റെ പ്രവർത്തനങ്ങളിൽ ഏകോപന സമിതിയിൽനിന്നും വിട്ടു നിൽക്കാൻ തീരുമാനിച്ച കാര്യം എന്താണ്? നിങ്ങൾ തീരുമാനിച്ചത് ഞങ്ങൾ കേന്ദ്രഗവൺമെന്റിന്റെ 10% BHEL-ന്റെ ഷെയർ ഡിസ് ഇൻവെസ്റ്റ്മെന്റ് നടത്താൻ തീരുമാനിച്ചപ്പോഴാണ് നിങ്ങൾ യു.പി.എ. ഏകോപന സമിതിയിൽ നിന്ന് മാറാൻ തീരുമാനിച്ചത്. സർ, പത്തു ശതമാനം കുറച്ചാലും 59% ഷെയർ ഉണ്ട്. ഇപ്പോഴും BHEL-നെ പൊതുമേഖലയിൽ നിലനിർത്തുന്നതിനാവശ്യമായ ഷെയറുണ്ട്. 51 ശതമാനം ഷെയറുള്ള പല കമ്പനികളും കേരളത്തിൽ പബ്ലിക് സെക്ടറിലാണ്. ഇപ്പോൾ 51 ശതമാനം പോരേ പബ്ലിക് സെക്ടറിൽ നില നിർത്താൻ. വിദ്യാഭ്യാസം, ആതുരസേവനം എന്നീ മേഖലകളിൽ ചെലവാക്കാൻ വേണ്ടി, നഷ്ടത്തിൽ നടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ പുനരുദ്ധരിക്കാൻ വേണ്ടി BHEL പോലുള്ള ലാഭത്തിൽ നടക്കുന്ന സ്ഥാപനങ്ങളുടെ ഷെയർ പൊതുമേഖലയിൽ നിലനിർത്തിക്കൊണ്ട് ഡിസ് ഇൻവെസ്റ്റ് ചെയ്യാൻ തീരുമാനിച്ചാൽ നിങ്ങൾ എതിർക്കും. BHEL-ന് നിങ്ങൾ കെ. എസ്. ഇ. ബി.-യുടെ ടെണ്ടർ കൊടുത്തോ? കൊടുത്തില്ല. നിങ്ങൾ ബംഗാളിൽ എന്താണ് ചെയ്യുന്നത്? കഴിഞ്ഞ ദിവസം ഇന്ത്യൻ എക്സ് പ്രസ്സിൽ ഒരു വാർത്ത വന്നു. അത് ഗ്രേറ്റ് ഈസ്റ്റേൺ ഹോട്ടൽ സ്വകാര്യമേഖലക്ക് കൈമാറാൻ തീരുമാനിച്ച വാർത്തയായിരുന്നു. ബംഗാൾ ഗവൺമെന്റിന്റെ ഫൈവ് സ്റ്റാർ ഹോട്ടൽ സ്വകാര്യ മേഖലക്ക് കൈമാറാൻ തീരുമാനിച്ചു. ബംഗാൾ മുഖ്യമന്ത്രി പറയുന്നത്, നഷ്ടത്തിൽ നടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുമെന്നാണ് വെസ്റ്റ് ബംഗാളിൽ ഒരു ഐലൻഡു തന്നെ, മീൻ ദ്വീപ് - നിങ്ങൾ മിറ്റ്സുബിഷിക്ക് കൊടുത്തിരിക്കുകയാണ്. കേരളത്തിൽ സ്മാർട്ട് സിറ്റി കൊണ്ടുവരാൻവേണ്ടി നിങ്ങളെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ അതിനെ നിങ്ങൾ എതിർക്കുകയാണ്. ബംഗാളിൽ നിങ്ങൾ മീൻ ദ്വീപ് മിറ്റ്സുബിഷി കമ്പനിക്ക് തീറെഴുതികൊടുത്തിരിക്കുകയാണ്. ബംഗാളിലെ സാൾട്ട്-ലേക്ക് സിറ്റിയിൽ കുടിവെള്ളം വിതരണം ചെയ്യാൻ സ്വകാര്യ മേഖലയെ ഏല്പിച്ചിരിക്കുകയാണ്. ഇവിടെ സ്വകാര്യ മേഖല പാടില്ല. വിദേശ നിക്ഷേപം പാടില്ല എന്നെല്ലാം ആക്ഷേപിക്കുമ്പോൾ ബംഗാളിൽ ഇതെല്ലാം അനുവദിച്ചിരിക്കുകയാണ്. താജ് ഗ്രൂപ്പിനെ ഇവിടെ കൊണ്ടുവന്നത് ആരാണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രനറിയാം. 2001-ൽ ടൂറിസം വകുപ്പ് നിങ്ങൾ കൈകാര്യം ചെയ്യുമ്പോഴാണ് താജ് ഗ്രൂപ്പിനെ കൊണ്ടുവന്നത്. എറണാകുളത്ത് താജ് സെിഡൻസിയുൾപ്പെടെയുള്ള സ്ഥാപനങ്ങൾ താജ് ഗ്രൂപ്പിനെ ഏൽപ്പിച്ചുകൊടുത്തത് നിങ്ങൾ ഭരിക്കുമ്പോഴാണ്. എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്താണ്. ഇപ്പോൾ നിങ്ങൾ എതിർക്കുകയല്ലേ?

ശ്രീ. കെ. പി. രാജേന്ദ്രൻ: കേരളത്തിൽ ടൂറിസമായാലും വ്യവസായ മേഖലയായാലും മൂലധന നിക്ഷേപം വർദ്ധിപ്പിക്കാനും പുതിയ തൊഴിലവസരങ്ങൾ ഉണ്ടാക്കാനും കഴിയുന്ന വിധത്തിൽ സ്വകാര്യ സംരംഭകർ കേരളത്തിൽ പുതിയ നിക്ഷേപം വർദ്ധിപ്പിക്കാനും പുതിയ സംരംഭങ്ങൾ ആരംഭിക്കാനും വരുന്നതിന് എൽ.ഡി.എഫ്. എതിരായിട്ടില്ലല്ലോ? നമ്മുടെ പൊതുമേഖല സ്ഥാപനങ്ങൾ സ്വകാര്യ മേഖലയ്ക്ക് വിറ്റഴിക്കുന്നതിനെ മാത്രമേ ഞങ്ങൾ എതിർക്കുന്നുള്ളൂ.

ശ്രീ. കെ. ബാബു: സർ, ഈ സംസ്ഥാന ഗവൺമെന്റ് ഒരു പൊതുമേഖലാസ്ഥാപനവും വിറ്റഴിച്ചിട്ടില്ല. കേരളാ സോപ്സ് ആൻഡ് ഓയിൽസ് നിങ്ങളുടെ കാലത്ത് പുനരുദ്ധരിക്കാൻ നോക്കി. പുനരുദ്ധരിക്കാൻ പറ്റിയോ? ചില സ്ഥാപനങ്ങൾ പുനരുദ്ധരിക്കാൻ സാധിക്കുകയില്ല. ടാറ്റാ കമ്പനി എറണാകുളത്ത് സോപ്പുണ്ടാക്കിയിരുന്ന കമ്പനിയാണ്. ഞങ്ങൾ പഠിക്കാൻ പോകുന്ന സമയത്ത് അത് കാണാൻ പോയിട്ടുള്ളതാണ്. ടാറ്റയ്ക്ക്പോലും പിടിച്ചുനിൽക്കാൻ പറ്റിയില്ല. അവിടെയാണ് നിങ്ങൾ കേരളാ സോപ്സിന് കോടികൾ കൊടുത്ത് പാഴാക്കിയത്. ആ രീതിയിലുള്ള സമീപനം ഈ ഗവൺമെന്റിനില്ല. പുനരുദ്ധരിക്കാൻ കഴിയുന്ന സ്ഥാപനങ്ങൾ പുനരുദ്ധരിക്കും. കേരളാ സോപ്സ് ഒരു ഉദാഹരണമാണ്. അതു മനസ്സിലാക്കിയാൽ മതി.

ശ്രീ. ബി. വിജയകുമാർ: സർ, കേരളാ സോപ്സിനെ പുനരുദ്ധരിക്കാൻ ഇവർ കോടികൾ കൊടുത്തു. ആ സ്ഥാപനത്തിൽ എം.ഡി. ആയി നിയമിച്ചത് ഒരു റിട്ടയേർഡ് താലൂക്ക് സെയിൽസ്ടാക്സ് ഓഫീസറെയായിരുന്നു. ഞാനും ശ്രീ. കെ. പി. രാജേന്ദ്രനും അടങ്ങുന്ന നിയമസഭാ കമ്മിറ്റി അവിടെ ചെന്നപ്പോൾ അങ്ങയുടെ സ്ഥിരം ലാവണം ഏതാണെന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് ഞാനൊരു റിട്ടയേർഡ് സെയിൽസ് ടാക്സ് ഓഫീസറാണെന്നാണ്. അപ്പോൾ കോടികൾ കൊടുത്തത് എന്തിനാണെന്ന് മനസ്സിലായില്ലേ?

ശ്രീ. കെ. ബാബു: അതിന് ഞാൻ മറുപടി പറയേണ്ട കാര്യമില്ലല്ലോ. ഇന്നലെ ഡോ. തോമസ് ഐസക് പ്രസംഗിച്ചപ്പോൾ VAT-നെതിരായി ശക്തമായ പ്രസംഗം നടത്തി. മാർക്സിസ്റ്റ് പാർട്ടിയുടെ പോളിറ്റ് ബ്യൂറോ എന്താണ് പറഞ്ഞിട്ടുള്ളത്? ഒരു കൊല്ലം ഞങ്ങൾ ഇത് വാച്ച് ചെയ്യും. ഞങ്ങൾ VAT-ന് എതിരല്ല. ബംഗാളിൽ ഹൈ പവർ കമ്മിറ്റിയുടെ കൺവീനർ ശ്രീ. അസിംദാസ് ഗുപ്തയാണ്. പക്ഷെ ഇവിടെ VAT-നെതിരായി ശക്തമായ പ്രസംഗം നടത്തുകയാണ്. ഈ ഇട്ടേത്തൊപ്പ് അവസാനിപ്പിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. എസ്. എൻ. സി. ലാവ്ലിൻ കേസ് സംബന്ധിച്ച് നിങ്ങളുടെ പോളിറ്റ് ബ്യൂറോ പറയുന്നത് എന്താണ്? നിങ്ങളുടെ പാർട്ടി സെക്രട്ടറി പ്രകാശ് കാരാട്ട് പറയുന്നത്, ഇത് തെരഞ്ഞെടുപ്പ് വരുമ്പോൾ നടത്തുന്ന പ്രചരണമാണെന്നാണ്. ഇതുപോലെ പ്രചരണം ബംഗാളിലും മുമ്പ് ഉണ്ടായിട്ടുണ്ട് എന്നാണ്. ശ്രീ. പിണറായി വിജയൻ പറയുന്നത്, ഇത്

LIBRARY ARCHIVES Kerala Legislative Assembly

യു. ഡി. എഫ്. ഗവൺമെന്റ് ഒപ്പുവച്ച കരാറാണെന്നാണ്. നിങ്ങളുടെ പോളിറ്റ്ബ്യൂറോ പറയുന്നതും ശ്രീ. പ്രകാശ് കാരാട്ട് പറയുന്നതും തെരഞ്ഞെടുപ്പ് വന്നതുകൊണ്ട് എസ്. എൻ. സി. ലാവ്‌ലിൻ സംബന്ധിച്ച് ആരോപണം ഞങ്ങൾ മനഃപ്പൂർവ്വം ഉന്നയിക്കുന്നതാണെന്നാണ് പ്രതിപക്ഷ നേതാവിനെക്കൊണ്ട് എസ്. എൻ. സി. ലാവ്‌ലിൻ കരാറിനെ, ശ്രീ. പിണറായി വിജയനെ ന്യായീകരിക്കാൻ നിങ്ങൾക്കു കഴിഞ്ഞോ? കഴിഞ്ഞില്ല. അദ്ദേഹം എന്താണ് പറഞ്ഞത്? ഇത് എൽ. ഡി. എഫ്. ൽ ചർച്ച ചെയ്തിട്ടില്ല, പാർട്ടിയിൽ ചർച്ച ചെയ്തിട്ടില്ല എന്നല്ലേ പറഞ്ഞത്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അത് പത്രക്കാർ വളച്ചൊടിച്ചതാണെന്നും അങ്ങനെ പറഞ്ഞിട്ടില്ലായെന്നും പറഞ്ഞിട്ടും നിങ്ങൾ ഇതു തന്നെ കൊണ്ടുനടക്കുകയാണ്. നിങ്ങൾക്ക് വേറെയൊന്നും പറയാനില്ലേ? ശ്രീ. സി. വി. പത്മരാജനെ, ബ്രഹ്മപുരം കേസ്സിൽ പ്രതിയായ ആളെ പ്ലാനിംഗ് ബോർഡ് വൈസ്ചെയർമാനാക്കിയതിനെക്കുറിച്ച് എന്താണ് മിണ്ടാത്തത്?

ശ്രീ. കെ. ബാബു: അരിയെത്ര എന്നുചോദിച്ചാൽ പയറഞ്ഞാഴി എന്നു പറഞ്ഞാൽ പോരാ. പ്രതിപക്ഷനേതാവിനെക്കൊണ്ട് നിങ്ങളുടെ പാർട്ടിയുടെ നിലപാട് പറയിപ്പിക്കാൻ സാധിച്ചോ? ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ പേരിൽ നടപടി സ്വീകരിക്കാൻ പോകുന്നു എന്ന് പത്രങ്ങളിലെല്ലാം വന്നു. ഇപ്പോൾ നിങ്ങളുടെ പോളിറ്റ് ബ്യൂറോ തീരുമാനിച്ചത്, തെരഞ്ഞെടുപ്പ് കഴിയുന്നതുവരെ നടപടികൾ വേണ്ട എന്നാണ്. ഞങ്ങളുടെ പ്രദേശത്തെല്ലാം കോഴിയെ കൊല്ലുന്നതിനുമുമ്പ് നെല്ലിട്ടുകൊടുക്കും. കൊല്ലാൻ പോകുകയാണെന്ന് കോഴിക്കറിഞ്ഞുകൂടാ. മനസ്സിലായോ. അതുപോലെ വി. എസ്. നെതിരായി നടപടി വേണ്ടെന്ന് തൽക്കാലം തീരുമാനിച്ചു. നിങ്ങൾ അദ്ദേഹത്തിന് വി. ആർ. എസ്. എങ്കിലും കൊടുക്കണം. ഇപ്പോൾ സി. ആർ. എസ്. ആണ് കൊടുക്കാൻ ആലോചിക്കുന്നത്. വി. ആർ. എസ്. നെങ്കിലും അപേക്ഷിക്കാൻ അദ്ദേഹത്തിന് അനുവാദം കൊടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നിങ്ങൾ ശ്രീ. കെ. കരുണാകരന് സി. ആർ. എസ്. ആണോ കൊടുത്തത്?

ശ്രീ. കെ. ബാബു: നിങ്ങൾക്ക് അദ്ദേഹത്തിനെ പ്രിയമാണല്ലോ, ഇന്നലെ ശ്രീ. ബാലാനന്ദൻ പറഞ്ഞത്, ശ്രീ. കെ. കരുണാകരന്റെ സഹായം വേണ്ടെന്നോണ്. ശ്രീ. കരുണാകരനെ നിങ്ങൾ മുന്നണിയിൽ ചേർക്കുന്നതിനു മുമ്പ് പ്രതിപക്ഷനേതാവിനെക്കൊണ്ട് പാമോയിൽ കേസ് പിൻവലിപ്പിക്കണം. അത്രയും സഹായം ചെയ്യണം. എസ്. എൻ. സി. ലാവ്‌ലിന്റെ കാര്യത്തിൽ നിങ്ങളുടെ പാർട്ടി വ്യക്തമായ ഒരു മറുപടി പറയുന്നില്ല. ഇപ്പോൾ ശ്രീ. പ്രകാശ് കാരാട്ട് എന്താണ് പറയുന്നത്, അദ്ദേഹം പറയുന്നത് ഇത് പ്രാഥമിക റിപ്പോർട്ടാണ്, ഫൈനൽ റിപ്പോർട്ട് വരട്ടെ എന്നാണ്. ബൊഫോഴ്സ് കേസ്സിനെ നിങ്ങൾ എങ്ങനെയാണ് ഉന്നയിച്ചത്? 1981-ലെ തെരഞ്ഞെടുപ്പിൽ വാഴപ്പിണ്ടികൊണ്ട് ബൊഫോഴ്സ് മോഡലുണ്ടാക്കി കേരളത്തിലെ എല്ലാ ബൂത്തിന്റെയും മുമ്പിൽ കൊണ്ടുവച്ചില്ലേ? സ്വിസ് റേഡിയോയിൽ വന്ന ഒരു വാർത്തയുടെ അടിസ്ഥാനത്തിലല്ലേ അങ്ങനെ ചെയ്തത്? ഇതേ രീതിയിൽത്തന്നെ എസ്. എൻ. സി. ലാവ്‌ലിൻ.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, നിങ്ങൾ തുടങ്ങിയ കാലം മുതൽ എസ്. എൻ. സി. ലാവ്‌ലിനെക്കുറിച്ച് പറയുകയാണ്. ഞങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഭരിക്കുന്ന കാലത്തും നിങ്ങൾ ഇത് പറഞ്ഞു. നിങ്ങളുടെ കൈപിടിയിലല്ലേ വിജിലൻസുള്ളത് എന്തിനാണ് ഇങ്ങനെ പറഞ്ഞു നടക്കുന്നത്? നടപടി എടുക്കാൻ കഴിയാത്ത, കൊള്ളരുതാത്ത ആളുകൾ എന്തിനാണ് വെറുതെ ഇത് പറഞ്ഞു നടക്കുന്നത്? നിങ്ങൾക്ക് വേറൊരു കാര്യവും പറയാനില്ലേ?

ശ്രീ. കെ. ബാബു: ശ്രീ. കെ. കരുണാകരൻ നിങ്ങളുടെ കൂടെവരാൻ പോകുന്നതിനുമുമ്പ് സ്ഥിരമായി പറഞ്ഞ കാര്യമാണ് .....(ബഹളം).....ഞാൻ വഴങ്ങുന്നില്ല..... 2.00 P. M.]

ശ്രീ. എ. കെ. ബാലൻ: .....(ബഹളം).....

ശ്രീ. കെ. ബാബു: അതെനിക്കറിയാം.....(ബഹളം)..... ഈ സാഹചര്യമാണ് പാമോലിൻ കേസിലുണ്ടായിരുന്നത്. ആദ്യ പരാമർശം വന്നപ്പോൾ തന്നെ നിങ്ങളിവിടെ അടിയന്തിര പ്രമേയം കൊണ്ടുവന്നു. അഴിമതിയാരോപണം ഇവിടെ ഉന്നയിച്ചു. അങ്ങും ഇത് ന്യായീകരിച്ചു, ഫൈനൽ റിപ്പോർട്ട് വന്നിരുന്നില്ല. സിസ് റോഡിയോയിൽ വാർത്ത വന്നപ്പോൾ ആ വാർത്ത അടിസ്ഥാനമാക്കി നിങ്ങൾ രാജീവ്ഗാന്ധിക്കെതിരായി അഴിമതിയാരോപണമുന്നയിച്ചു. അപ്പോൾ ഈ തട്ടിപ്പു നടത്തിയിട്ട് അതിനൊന്നും ശക്തമായി പ്രതിപക്ഷനേതാവിനെക്കൊണ്ട് എതിർപ്പ് ക്കാൻ പോലും നിങ്ങൾക്ക് സാധിച്ചിട്ടില്ല, ന്യായീകരിക്കാൻ പോലും സാധിച്ചിട്ടില്ല. ഇപ്പോൾ എന്താണ് സ്ഥിതി? നിങ്ങൾ വലിയ തത്വം പറയുന്നുണ്ട്, നിങ്ങളുടെ കൂടെ കൂടിയാൽ എല്ലാവരും കൊള്ളാം. ശ്രീ. ടി. എം. ജേക്കബിനെതിരെ നിങ്ങൾ എത്രയോ ആരോപണം ഇവിടെ ഉന്നയിച്ചു. നിങ്ങൾ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയ്ക്കെതിരെ എത്രയോ ആരോപണം ഉന്നയിച്ചു.. ശ്രീ. കെ. കരുണാകരനെതിരെ എത്രയോ ആരോപണങ്ങളുന്നയിച്ചു. ഇപ്പോൾ നിങ്ങളുടെ കൂടെ കൂടിയപ്പോൾ എല്ലാം കൊള്ളാം അല്ലേ? നിങ്ങൾ പറയുന്നതെന്താണ്? ഇവരുടെ ആരുടേയും സഹായമില്ലാതെ ഞങ്ങൾ ഒറ്റയ്ക്ക് രേണത്തിൽ വരുമെന്നാണ് ഞങ്ങൾ വരുംവരുമെന്ന് ഇപ്പോഴും നിങ്ങൾ വെല്ലുവിളിക്കുന്നുണ്ട്. പിന്നെ എന്തിനാണ് ഇവരെ കൂട്ടുന്നത്?

ശ്രീ. ബി. വിജയകുമാർ: സർ, ഇവിടെ എസ്. എൻ. സി. ലാവ്‌ലിനെക്കുറിച്ച് അന്വേഷണം നടത്തിക്കൂടേയെന്ന് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ചോദിച്ചു. അങ്ങ് അറിഞ്ഞിരിക്കുമല്ലോ, നിങ്ങൾ റിട്ടയർമെന്റ് കൊടുത്തുവിട്ട ശ്രീ. സുർജിത് സിങ്ങ് രംഗത്തിറങ്ങിയിട്ടുണ്ട്. അദ്ദേഹം ശ്രീമതി സോണിയാഗാന്ധിയെ കണ്ടിട്ടുണ്ട്. അങ്ങ് അത് അന്വേഷിച്ചുനോക്കൂ.

ശ്രീ. കെ. ബാബു: ഇവിടെ രാവിലെ സി. എം. ഡി. ആർ. എഫ്..നെക്കുറിച്ച് ചർച്ച ചെയ്തു. പക്ഷേ അതിന് എന്റെ സുഹൃത്ത് ശ്രീ. ബിനോയ് വിശ്വം ഉന്നയിച്ചതെന്താണ്? അമേരിക്കയിൽ ഒരു പത്രമേയുള്ളൂ. ഒരു മലയാളി പത്രംപോലുംവച്ച് ഉന്നയിക്കാൻ അദ്ദേഹത്തിനു പറ്റിയിട്ടില്ല. പക്ഷേ മാസത്തിലൊരു പ്രാവശ്യം വീതം അമേരിക്കയിൽ പോകുന്ന ശ്രീ ബിനോയ് വിശ്വം അമേരിക്കൻ മലയാളികളെ ഇതുപോലെ അപമാനിക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സി. എം. ഡി. ആർ. എഫ്. എങ്ങനെ ഉപയോഗിക്കുന്നുവെന്നുള്ളത് രാവിലേ പറഞ്ഞു. നിങ്ങളുടെ കാലത്ത് ശ്രീ. കെ. പി. രാജേന്ദ്രനറിയാം, ഞങ്ങളെല്ലാം ക്യാൻസർ രോഗികളുടെ പേരിൽ,

LIBRARY ARCHIVES Kerala Legislative Assembly

ഹൃദ്രോഗികളുടെ പേരിൽ സഖാവ് നായനാർക്ക് ധാരാളം അപേക്ഷ കൊടുത്തിട്ടുണ്ട്. ആ ആളെ മരിച്ച് ഒരുകൊല്ലം കഴിഞ്ഞിട്ടുപോലും വില്ലേജ് ഓഫീസുകളിൽ അതിന്റെ അന്വേഷണംപോലും പൂർത്തിയാക്കിയിട്ടില്ല, പണം കിട്ടിയിട്ടില്ല. ഇപ്പോൾ നിങ്ങളെല്ലാം വാങ്ങുന്നുണ്ടല്ലോ. ഞങ്ങളും വാങ്ങുന്നുണ്ട്. പിന്നെ എന്തിനാണ് ഇങ്ങനെ ആക്ഷേപം പറയുന്നത്? സഖാവ് ഇ. കെ. നായനാരുടെ കാലത്ത് നിങ്ങളുടെ പാർട്ടിക്കാർ ആക്രമിച്ചു തകർത്ത സ്ഥലങ്ങളിൽ നഷ്ടപരിഹാരം കൊടുക്കാൻ സി. എം. ഡി. ആർ. എഫ്. ഉപയോഗിച്ചവരാണ് ഈ രോഗികൾക്ക് ചികിത്സാസഹായം കൊടുക്കുമ്പോൾ ആക്ഷേപിക്കുന്നത്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ അത് മറക്കരുത്. ഈ സംസ്ഥാനത്തെ തൊഴിലില്ലായ്മ പരിഹരിക്കാൻവേണ്ടി സംസ്ഥാന ഗവൺമെന്റ് കൊണ്ടുവരുന്ന പദ്ധതികളെല്ലാം അട്ടിമറിക്കാനുള്ള ഇവരുടെ നീക്കം ശക്തമായി നേരിട്ടുകൊണ്ട് ഈ സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും നിക്ഷേപം കൊണ്ടുവരാനും ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി പിന്താങ്ങുന്നു.

[ചെയറിൽ ശ്രീ. തോമസ് ചാഴികാടൻ]

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. കൂത്തുപറമ്പ്, അഴീക്കോട് തെരഞ്ഞെടുപ്പിന്റെ വിജയലഹരിക്കുശേഷം അതിനെ ആസ്പദമാക്കി ഒരു അവിശ്വാസപ്രമേയം ഇവിടെ കൊണ്ടുവരികയുണ്ടായി. രാജ്യത്തെ ജനങ്ങളും മുഴുവൻ അവിശ്വാസപ്രമേയ ചർച്ച തൽസമയം ദൃശ്യമാധ്യമങ്ങളിലൂടെ കാണുകയും ചെയ്തു. ഈ സാഹചര്യത്തിൽ എല്ലാ ദൃശ്യമാധ്യമങ്ങളുടെയും വോട്ടെടുപ്പിലും പുറകിൽ വന്നിരുന്ന ഐക്യജനാധിപത്യമുന്നണി ഇപ്പോൾ ദൃശ്യമാധ്യമങ്ങളുടെ വോട്ടെടുപ്പിലൂടെ മുന്നിൽ വന്നു എന്നത്, രാജ്യത്തെ ജനങ്ങളെ ഐക്യജനാധിപത്യമുന്നണി ചെയ്ത കാര്യങ്ങൾ മനസ്സിലാക്കിയപ്പോൾ ഐക്യജനാധിപത്യമുന്നണിക്കനുകൂലമായി ചെയ്ത ഏറ്റവും നല്ലൊരു കാര്യമാണ്. അവിശ്വാസപ്രമേയം പിറന്നപ്പോയി. ഇടതുപക്ഷത്തിന്റെ കാലിലെ മണ്ണുവരെ ഒലിച്ചുപോയി എന്നതാണ് ഏറ്റവും വലിയ സത്യം. പാൽക്കച്ചവടക്കാരി ഡെല്ല പാൽക്കുടം തലയിൽവച്ച് പാൽകച്ചവടം ചെയ്താൽ കിട്ടാൻ പോകുന്ന ലാഭത്തെക്കുറിച്ച് കണക്കുകൂട്ടി അവസാനം പാൽക്കുടം തലയിൽ ഉണ്ടെന്നുള്ളത് മറന്നുപോയി ഡാൻസ് ചെയ്തപ്പോൾ പാൽക്കുടം താഴെ വീഴുകയും പാൽക്കച്ചവടക്കാരിയുടെ മോഹം പൊലിഞ്ഞു പോവുകയും ചെയ്തതുപോലെ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ മോഹവും പോയി എന്നതിന് ഈ അവിശ്വാസപ്രമേയംതന്നെ ഏറ്റവും വലിയ ഉദാഹരണമാണ്. മാർക്സിസ്റ്റ് പാർട്ടിയുടെ കൂടെപ്പോയ ബഹുമാനപ്പെട്ട രണ്ടുമൂന്ന് അംഗങ്ങൾ ഇവിടെയു. ഡി. എഫ്. ഗവൺമെന്റിനെതിരായി പ്രസംഗിക്കുന്നത് കേട്ടു. കഴിഞ്ഞ കാലത്ത് അവരൊക്കെ ഈ മുന്നണിയിലെ ഘടകകക്ഷികളായിരുന്നു. ഈ മുന്നണിയുടെ നല്ലതൊക്കെ അവരുടെ ഭാഗവും ചീത്തയൊക്കെ ഈ മുന്നണിയുടെ ഭാഗവുമെന്നു പറയുന്ന രീതിയിലാണ് ആ സുഹൃത്തുക്കൾ പ്രസംഗിച്ചത്. ഏതായാലും മാർക്സിസ്റ്റു പാർട്ടിയെ മനസ്സിലാക്കാൻ അവർ വൈകിയിട്ടുണ്ട്. മാർക്സിസ്റ്റു പാർട്ടിയുടെ കൂടെ കൂടിയ എല്ലാ പാർട്ടിയേയും മാർക്സിസ്റ്റു പാർട്ടി രണ്ടായി പിളർത്തിയിട്ടുണ്ട്. കെ. എസ്. പി. യെ വരെ രണ്ടായി പിളർത്തിയ പാർട്ടിയാണ് അവർ. അവരുടെ കൂടെ കൂടിയിരിക്കുന്ന ശ്രീ. എ. സി. ഷൺമുഖദാസും ശ്രീ. വി. സി. കബീറും ഇപ്പോൾ രണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

പോകുന്ന ആളുകളെ സംബന്ധിച്ച് അത് ശോഭനമായ രംഗത്താണോ വന്നുപെട്ടതെന്ന കാര്യം അവർ ഓർക്കണം. മാർക്സിസ്റ്റു പാർട്ടിയൊക്കെ തത്പാധിഷ്ഠിത രാഷ്ട്രീയത്തിന്റെ വലിയ വക്താക്കളായിരുന്നു. അടിയന്തിരാവസ്ഥക്കാലത്ത് ബഹുമാനപ്പെട്ട സുഹൃത്തുക്കൾ പ്രസംഗിച്ചു, കണ്ണനെവിടെ, വിജയനെവിടെ എന്നൊക്കെ. അതുപോലെതന്നെ ഈച്ചരവാര്യരുടെ ദീകരമായ കഥയൊക്കെ പറഞ്ഞ ആളുകൾ ഏതായാലും വരാനിരിക്കുന്ന ഇലക്ഷനിൽ അതൊക്കെ ബോധപൂർവ്വം വിസ്മരിക്കുമെന്നുള്ളത് വളരെ നല്ലകാര്യമാണെന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. എന്തായാലും ഇവിടെ, ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇവിടെയുള്ള സാമ്പത്തിക നിലവാരവും അതുപോലെതന്നെ ജനങ്ങളുടെ ജീവിത നിലവാരവുമൊക്കെ വളരെയധികം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. നിങ്ങൾക്കറിയാം, പാലക്കാട് ജില്ലയെ സംബന്ധിച്ചിടത്തോളം 2000-2001-ൽ ആ തൊഴിലാളികളുടെ മേഖലയിൽ ഒരു സർവ്വേ എടുക്കുകയുണ്ടായി. ആ സർവ്വേ പ്രത്യേകിച്ചും കുടുംബ പശ്ചാത്തലത്തിലാണ് എടുത്തത്. കർഷകത്തൊഴിലാളികളും മഹാഭൂരിപക്ഷവും ഇന്നും പാലക്കാട് ജില്ലയെ സംബന്ധിച്ച് പട്ടിണിപ്പാവങ്ങളാണ്. 57%വും കുടിവെള്ളത്തിന് ബുദ്ധിമുട്ടുന്ന അവസ്ഥയാണ്. അതുപോലെതന്നെ അവരുടെ മേഖലയിൽ 66% നിരക്ഷരരും നിലനിൽക്കുന്നു. ഈ കർഷക തൊഴിലാളികളെ സംരക്ഷിക്കാൻ വളരെയധികം പദ്ധതികളും പ്രത്യേകിച്ചും കുടുംബശ്രീയിലൂടെ, അതുപോലെതന്നെ അക്ഷയ പദ്ധതിയിലൂടെ, കേരള വികസന പദ്ധതിയിലൂടെ ചെയ്തുകൊടുക്കാൻ കേരളത്തിലെ യു.ഡി.എഫ്.-നെ സംബന്ധിച്ചിടത്തോളം കഴിഞ്ഞിട്ടുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം കന്നുകാലി സമ്പത്തിൽ ഒരു കാലത്തുമില്ലാത്ത റിക്കോർഡ് തകർച്ച നമ്മുടെ മധ്യത്തിലുണ്ടായിരിക്കുകയാണ്. 1996-ലുള്ള കന്നുകാലി സമ്പത്തല്ല 2003-ൽ കേരളത്തിലുള്ളത്. കേരളത്തെ സംബന്ധിച്ചിടത്തോളം കന്നുകാലികളുടെ ഉൽപ്പാദനവും അതുപോലെതന്നെ നമുക്കൊക്കെ ഏറ്റവും കൂടുതൽ പ്രോട്ടീൻ നൽകുന്ന ഭക്ഷ്യയോഗ്യമായ വസ്തുക്കളുടെ ഉൽപ്പാദനവും കുറഞ്ഞുകുറഞ്ഞു വരികയാണ്. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമായി മാറുകയാണ്. 11 ലക്ഷത്തോളം കന്നുകാലികളെയാണ് കേരളത്തിലെ ജനങ്ങൾ ക്ഷീണാവശ്യത്തിനുവേണ്ടി ഉപയോഗിക്കുന്നത്. ഇത്രയും ഓരോ ദിവസവും കേരളത്തിനു പുറത്തുനിന്നും എടുക്കുകയാണ്.

തക്സമയത്ത് പ്രവർത്തിക്കാത്തതുകൊണ്ടും രാഷ്ട്രീയ അതിപ്രസരംകൊണ്ടും പ്രൊഡക്ടീവ് സെക്ടറിൽ വേണ്ടത്ര ഉൽപ്പാദനം കൂട്ടാൻ കഴിഞ്ഞിട്ടില്ല എന്നുള്ള നിർഭാഗ്യകരമായ ഒരു അവസ്ഥ ഇപ്പോഴും ഇവിടെയുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം 1957-ൽ ഐക്യകേരളം രൂപംകൊള്ളുമ്പോൾ, 1956 കാലഘട്ടത്തിൽ ആന്ധ്രാപ്രദേശും തമിഴ്നാടും കർണ്ണാടകയുമൊക്കെ പ്രൊഡക്ടീവ് സെക്ടറിൽ കേരളത്തെക്കാളും പിന്നിലായിരുന്നു. പക്ഷേ ഞാൻ ഈ പ്രസംഗിക്കുന്ന നിമിഷം, കേരളത്തെക്കാളും ആ സംസ്ഥാനങ്ങൾ പ്രൊഡക്ടീവ് സെക്ടറിൽ മുന്നിൽ വന്നിട്ടുണ്ട്. ഇവിടെ ആരു ഭരിക്കുന്നു എന്നതല്ല കേരളത്തെ സംബന്ധിച്ചിടത്തോളം പ്രശ്നം തന്നെയാണ്. പക്ഷേ ആരു ഭരിച്ചാലും കേരളത്തിലെ ചെറുപ്പക്കാരുടെ മുന്നിലെ ഏറ്റവും മുഖ്യമായ പ്രശ്നം തൊഴിലില്ലായ്മയാണ്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനാവശ്യമായ വികസന പരിപാടികളും ബഡ്ജറിൽ തുക നീക്കിവച്ചുകൊണ്ടുള്ള പരിപാടികളുമായി ഗവൺമെന്റ് മുന്നോട്ടു പോകുമ്പോൾ, നിങ്ങൾക്കറിയാം എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത്, ശ്രീ. എ. കെ. ആന്റണിയുടെ

LIBRARY ARCHIVES Kerala Legislative Assembly

നേതൃത്വത്തിൽ ഇവിടെ ഒരു പ്രതിപക്ഷം ഉണ്ടായിരുന്നു. അവർ ഒരു ബന്ദ് നടത്തിയോ? ഒരു ഹർത്താൽ മാത്രമാണ് ആകെ നടത്തിയത്. വല്ല അനാവശ്യമായ സമരങ്ങളും നടത്തിയോ? ഒരു അനാവശ്യ സമരവും നടത്തിയില്ല എന്ന ഒറ്റ കാരണം കൊണ്ടാണ് നൂറു സീറ്റോടുകൂടി നമുക്ക് തിരിച്ചു വരാൻ കഴിഞ്ഞത്. അവിശ്വാസപ്രമേയ ചർച്ചയിൽ നിങ്ങൾ കാണിക്കുന്ന കോപ്രായങ്ങളും കോപ്പരാട്ടികളും ജനങ്ങൾ കണ്ടതു കൊണ്ട്, ഞങ്ങളുടെ നേട്ടങ്ങൾ ജനങ്ങളുടെ മുമ്പിൽ വിശദീകരിക്കാൻ ഞങ്ങൾക്ക് കഴിഞ്ഞതുകൊണ്ടാണ് ദൃശ്യമാധ്യമങ്ങളിലൂടെ ഞങ്ങൾക്ക് കൂടുതൽ മൈലേജുണ്ടായത്.

ശ്രീ. സാജു പോൾ: സർ, ബഹുമാന്യനായ കളത്തിൽ അബ്ദുള്ള, പ്രക്ഷോഭ സമരങ്ങളും വികസന വിരോധവുമായി പ്രതിപക്ഷം ആടിതിമർക്കുകയാണ് എന്ന് ആക്ഷേപിച്ചല്ലോ? മുസ്ലീംലീഗിന്റെ ബഹുമാന്യരായ അംഗങ്ങൾ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കിയില്ലെങ്കിൽ കേരളമാകെ കലക്കിക്കളയുമെന്ന് വലിയ പ്രഖ്യാപനം നടത്തിയിരുന്നല്ലോ? അക്കാര്യം ഇപ്പോൾ വിമർശിച്ചോ?

ശ്രീ. കളത്തിൽ അബ്ദുള്ള: നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് ഈ രാജ്യത്തിലെ പിന്നോക്ക വിഭാഗക്കാരുടെ മാഗ്നാകാർട്ടയാണ്. അക്കാര്യത്തിൽ കേരളത്തിലെ യു. ഡി. എഫ്. ഗവൺമെന്റ് ശക്തമായ തീരുമാനമെടുത്തില്ലെങ്കിൽ, മുസ്ലീംലീഗ് പോലുള്ള ഒരു ജനാധിപത്യ പാർട്ടിക്ക് തക്ക സമയത്ത് യുക്തമായ തീരുമാനമെടുക്കാൻ കഴിയുമെന്ന് മാത്രമാണ് നിങ്ങളോട് ഞങ്ങൾക്കു പറയാനുള്ളത്. തീർച്ചയായും ഇവിടെ ഒരുപാടു പ്രസംഗങ്ങൾ കേട്ടു, സമ്പന്നർക്കുവേണ്ടിയുള്ള ഗവൺമെൻറാണ് ഈ ഗവൺമെൻറ് എന്ന്. ഞാൻ ചോദിക്കട്ടെ, 50 വർഷം കേരളം പിന്നിട്ടപ്പോൾ, ഇവിടെ പാവപ്പെട്ടവർക്ക് കഴിഞ്ഞ കാലത്ത് ഭരിച്ച സർക്കാരുകൾ കൊടുത്ത വിദ്യുച്ഛക്തി കണക്ഷൻ, ബി. പി. എൽ. രംഗത്ത്, രണ്ടു ലക്ഷമാണ്. പക്ഷേ നാലു വർഷംകൊണ്ട് കേരളത്തിലെ യു. ഡി. എഫ്. ബി. പി. എൽ. ലിസ്റ്റിലുള്ളവർക്ക് കൊടുത്തത് ഒരു ലക്ഷത്തിൽപ്പരം കണക്ഷനുകളാണ്. ഞങ്ങളുടെ ഗവൺമെൻറാണോ പാവപ്പെട്ടവരുടെ ഗവൺമെൻറ്; അതോ നിങ്ങളുടെ ഗവൺമെൻറാണോ പാവപ്പെട്ടവരുടെ ഗവൺമെൻറ്? പാവങ്ങൾക്കുവേണ്ടി വാദിക്കുന്ന എൽ. ഡി. എഫ്. ഭരിച്ച കാലത്താണോ ഞങ്ങളുടെ കാലത്താണോ പാവങ്ങൾക്കു കൂടുതൽ കാര്യങ്ങൾ ചെയ്തത് എന്നു പരിശോധിക്കാൻ നിങ്ങൾ മുന്നോട്ടു വരണം. അതുപോലെതന്നെ പ്ലസ് ടു എയിഡഡ് മേഖലയിൽ കുട്ടിക്കണക്കിനു സ്കൂളുകളല്ലേ നിങ്ങൾ കൊടുത്തത്? ചോദിച്ച് ഗവൺമെൻറ് സ്കൂളുകൾക്കെല്ലാം പ്ലസ് ടു കൊടുത്ത് സാമൂഹ്യ പ്രതിബദ്ധത തെളിയിച്ച ഗവൺമെൻറാണ് യു. ഡി. എഫ്. ഗവൺമെൻറ്. 1997 മുതൽ പഞ്ചായത്തിന്റെ രണ്ടു ഗഡു വെട്ടിച്ചുരുക്കിയിട്ടുണ്ട്. അതുകൊണ്ട് രണ്ടു ഗഡു വെട്ടിച്ചുരുക്കിയതിന് എതിരായിട്ട് നിങ്ങൾ കൂടുതലൊന്നും പറയേണ്ട കാര്യമില്ല. കാരണം ചെലവാകാത്ത പണം സ്വാഭാവികമായും സ്പിൽ ഓവർ ആകും. ഇവിടെ അബ്കാരി കോൺട്രാക്ടർമാരുടെ ലക്ഷക്കണക്കിനു രൂപയുടെ കടമാണ് എൽ. ഡി എഫ്. ഗവൺമെൻറ് എഴുതി തള്ളിയത്. ബഹുമാനപ്പെട്ട വക്കം പുരുഷോത്തമൻ അവർകളോട്, പാവപ്പെട്ടവരുടെ കാര്യത്തിൽ കരുണ കാണിക്കുന്ന, നിശ്ചയദാർഢ്യമുള്ള ആ രണാധികാരിയോടു എനിക്കു അഭ്യർത്ഥിക്കാനുള്ളത്. ഈ പാവങ്ങൾ പണ്ട് ഒരു വീട് വയ്ക്കാൻ വേണ്ടി 9,000 രൂപ കൈരളി ഭവന നിർമ്മാണപദ്ധതിയിലൂടെയും മറ്റും ലോണെടുത്തിരുന്നു. അവർ 12,000 രൂപയും 13,000

LIBRARY ARCHIVES Kerala Legislative Assembly

രൂപയും അടച്ചിട്ടും ഇന്നും ജപ്തി നോട്ടീസിനെ നേരിടുകയാണ്. പലരുടെയും ലോണുകൻ വൺടൈം സെറ്റിൽമെൻറിലൂടെ എഴുതിത്തള്ളുമെങ്കിൽ ഇവർക്ക് വൺടൈം സെറ്റിൽമെൻറുമില്ല, ഒന്നുമില്ല. അവരെ സഹായിക്കാൻ ആരുമില്ല. കൈരളി വേന പദ്ധതിയിലൂടെയും വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിലൂടെയും സന്നദ്ധ സംഘടനകളുടെ സഹായത്തോടുകൂടിയും എടുത്ത മുഴുവൻ ലോണുകളും എഴുതിത്തള്ളണം. അബ്കാരി കോൺട്രാക്ടർമാരുടെ ലോണുകൻ എഴുതിത്തള്ളുമ്പോൻ, വൻകിട ബാദ്ധ്യതകളുള്ള മുതലാളിമാരുടെ ലോണുകൻ എഴുതിത്തള്ളുമ്പോൻ പാവങ്ങളുടെ ലോണുകൻ എഴുതി തള്ളേണ്ടതു തീർച്ചയായും ഒരാവശ്യമാണ്. കർഷകത്തൊഴിലാളികൻക്ക് എല്ലാ മാസവും ഒന്നാംതീയതി പെൻഷൻ കൊടുക്കും, വിധവാ പെൻഷൻ കൊടുക്കും, വികലാംഗർക്കുള്ള പെൻഷൻ കൊടുക്കും, വാർദ്ധക്യകാല പെൻഷൻ കൊടുക്കും, തുടർന്നും ഈ പെൻഷനുകൻ കിട്ടുമെന്നുള്ള വിശ്വാസത്തിൽ കേരളത്തിൽ യു. ഡി. എഫ്. ഗവൺമെൻറ് വീണ്ടും അധികാരത്തിൽ വരാൻ പോകുകയാണ് എന്ന സന്തോഷം എൽ. ഡി. എഫ്. ന്റെ സുഹൃത്തുക്കളെ അറിയിക്കുന്നതിൽ ഞങ്ങൻക്ക് യാതൊരു ഭയപ്പാടുമില്ല. പാലക്കാട് ജില്ലയിലെ കർഷകത്തൊഴിലാളി പെൻഷന്റെ പണം കൃത്യമായി യു. ഡി. എഫ്. ഗവൺമെൻറ് ഏൽപ്പിച്ചു. 20 പഞ്ചായത്തുകൻ നാലു ഗഡു ഈ പാവങ്ങൻക്ക് ഇതുവരെ വിതരണം ചെയ്തിട്ടില്ല. പാവപ്പെട്ട കർഷകത്തൊഴിലാളികൻക്ക്, നാലു ഗഡു കർഷകത്തൊഴിലാളി പെൻഷൻ വിതരണം ചെയ്യുന്നതിനാവശ്യമായിട്ടുള്ള നടപടികൻ സ്വീകരിക്കണം. അതിനു ഗവൺമെൻറ് മുന്നോട്ടു വരണം. ഇന്ത്യയിൽ സ്ത്രീകൻക്കെതിരായ കുറ്റകൃത്യം ഏറ്റവും കുറവുള്ള ഒരു സംസ്ഥാനമാണ് കേരളം. യു. പി യിൽ കുറ്റകൃത്യങ്ങൻ 14 ശതമാനമാണെങ്കിൽ കേരളത്തെ സംബന്ധിച്ചിടത്തോളം അതു 3.79 ശതമാനമാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം സ്ത്രീകളുടെ സാമ്പത്തിക രംഗം ശക്തിപ്പെടുകയാണ്. കുടുംബശ്രീ ശക്തിപ്പെടുകയാണ്. സ്വയംസംഘങ്ങൻ ശക്തിപ്പെടുകയാണ്. VFPCK-യുടെ നേതൃത്വത്തിലുള്ള പച്ചക്കറിയും പൂവും ഉൽപ്പാദിപ്പിക്കാനുള്ള സ്വയം സംഘങ്ങൻ, സ്ത്രീകളുടെ യോഗങ്ങളിലൊക്കെ വച്ച ആൻക്കൂട്ടം ദൃശ്യമാക്കുകയാണ്. കേരളത്തിൽ സ്വയം സംഘങ്ങളിലൂടെയും കുടുംബശ്രീയിലൂടെയും വരുന്ന ഈ നവോത്ഥാനം ആർക്കും കാണാൻ കഴിയുന്നില്ല. ലാഭകരമായി ഇവിടെ നടന്നു കൊണ്ടിരിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങൻ ഒന്നും അടച്ചുപൂട്ടില്ല. 111 പൊതുമേഖലകളിൽ 12 എണ്ണം മാത്രമാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്. ബാക്കിയൊക്കെ നഷ്ടത്തിലാണ്, നഷ്ടത്തിൽ ഓടുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിപ്പിക്കാൻ ശ്രമിക്കണം.

ശ്രീ. എ. കെ. ബാലൻ: മുസ്ലീം ലീഗിൽ നന്നായി വായിക്കുന്ന വിവരമുള്ള എന്റെ പ്രിയ സുഹൃത്താണ് ശ്രീ. കളത്തിൽ അബ്ദുള്ള. പാലക്കാട് ജില്ലയിലെ പൊതുമേഖല എന്നു പറയുന്നതിൽ പ്രധാനപ്പെട്ടതാണ് ചിറ്റൂർ ഷുഗർ ഫാക്ടറി. അവിടെ നിന്നും ഉൽപ്പാദിപ്പിക്കുന്ന ഇ. എൻ. എ., വിദേശ മദ്യം, ബിവറേജസ് കോർപ്പറേഷൻ എടുത്താൽ ആ സ്ഥാപനം നമുക്ക് നല്ല നിലയിൽ പ്രവർത്തിപ്പിക്കാൻ കഴിയും. ബഹുമാനപ്പെട്ട വക്കം പുരുഷോത്തമനോട് പറഞ്ഞതാണ്. അതിനുമുമ്പു വന്ന ഫിനാൻസ് മിനിസ്റ്റരോടും പറഞ്ഞതാണ്. ഇതുവരെ ആ സ്ഥാപനം നിലനിർത്തുന്നതിനാവശ്യമായിട്ടുള്ള ഒരു നടപടിയും എടുത്തിട്ടില്ല എന്നുള്ള കാര്യം താങ്കൻക്ക് അറിയില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കളത്തിൽ അബ്ദുള്ള: ബഹുമാനപ്പെട്ട സഭാവ് ശിവരാമഭാരതിയുടെ മകൻ സഖാവ് കൃഷ്ണകുമാർ ജനതാദളിന്റെ നേതാവ് ആയിരുന്നു അതിന്റെ ചെയർമാൻ. അന്നും അവസ്ഥ അതുതന്നെയായിരുന്നു. ഇപ്പോഴും അവസ്ഥ അത് തന്നെയാണ്. ഇതു പുനരുദ്ധരിപ്പിക്കാൻ വ്യവസായ വകുപ്പ് എക്സൈസ് വകുപ്പിന് കൈമാറിയിട്ടുണ്ട്, അതിൽ എക്സൈസ് വകുപ്പിന് യുക്തമായത് ചെയ്യാം. 200 ശതമാനത്തിനു മുകളിലായിരുന്നു എൽ. ഡി. എഫ്. ന്റെ ഭരണകാലത്ത് കരാറുകാർ ടെൻഡർ എടുത്തിരുന്നത്. ഇന്നിപ്പോൾ 100 രൂപയുടെ വർക്കുകൾ 101 രൂപയ്ക്കും 102 രൂപയ്ക്കും 96 ശതമാനത്തിന് ബിലോ ആയും എടുക്കുന്നത് എന്തുകൊണ്ടാണ്? കരാറുകാർക്ക് കൃത്യമായും അവിടെ നിന്നും കാശു കിട്ടുന്നു എന്നുള്ളതുകൊണ്ടാണ്. മൂന്നു പദങ്ങളാണ് എന്റെ എൽ. ഡി. എഫ്. സുഹൃത്തുക്കൾ ഈ സഭയിൽ പറയാറുള്ളത്. നടക്കത്തില്ല, ഒക്കത്തില്ല, സമ്മതിക്കത്തില്ല. ഇല്ല ഇല്ല എന്നു പറഞ്ഞ് എത്ര കാലം കൊണ്ടു നടക്കും? സമ്മതിക്കും, നടക്കും, ഒക്കും മുന്നോട്ടു പോകും എന്നു പറയാതെ, ഒക്കില്ല, നടക്കത്തില്ല, സമ്മതിക്കില്ല എന്നു പറയുന്ന ആ നയം മാറാൻ നിങ്ങൾ ദയവു ചെയ്ത് മുന്നോട്ടു വരണമെന്നാണ് എനിക്കു പറയാനുള്ളത്. ബിൽ സിസ്റ്റം നടപ്പാക്കിയതു നിസ്സാരമാണോ? ട്രഷറിയുടെ മുമ്പിൽ നമ്മുടെ ആളുകൾ മൂന്നര മണി വരെ ക്യൂ നിന്നിരുന്നത് മറന്നു പോയോ? മാർച്ച് 31 ഒരു ദുരന്ത സമയമായിരുന്നു. ബിൽ സിസ്റ്റം നടപ്പിലാക്കി. ഫയർ സ്റ്റേഷന്റെ കാര്യത്തിൽ പ്രഖ്യാപനം നടത്തിയിട്ടുണ്ട്. സ്റ്റാഫ് ഫിക്സേഷനെ സംബന്ധിച്ച് ഓർഡർ ഇറക്കിയിട്ടുണ്ട്. ഇവിടത്തെ ഏറ്റവുമുയർന്ന രാഷ്ട്രീയം നമ്മെ ഒരിടത്തും കൊണ്ടെത്തിക്കില്ല. ഇന്ത്യയ്ക്കാകെ ഈ സ്റ്റേറ്റാണ് മാതൃക കാണിക്കണം. നമ്മൾ പല കാര്യങ്ങളിലും സമന്വയം ഉണ്ടാക്കണം. ഇനി മാർക്സിസമൊന്നും ഇന്ത്യയിൽ വരാൻ പോകുന്നില്ല. ഇല്ലാത്തവനും ഉള്ളവനും തമ്മിലുള്ള സമരം ഇവിടെ വിജയിക്കാൻ പോകുന്നില്ല. 1957-ൽ കറങ്ങുന്ന ഫാനിന്റെ ചുവട്ടിലേയ്ക്ക് മഹാനായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു കമ്മ്യൂണിസത്തെ ആനയിച്ചപ്പോൾ നിങ്ങളുടെ എല്ലാ വിപ്ലവവും പോയിട്ടുണ്ട്. ഇപ്പോൾ മൂന്നോ നാലോ നഗരങ്ങൾ കേന്ദ്രീകൃതമാക്കി ടി. വി. യുടെ മുന്നിൽ മാത്രമാണ് നിങ്ങളുടെ സമരം. അതുകൊണ്ട് എനിക്കു പറയാനുള്ളത് നിങ്ങൾ അതെല്ലാം ഉപേക്ഷിച്ച്, ജനാധിപത്യത്തിൽ കൂടുതൽ മാതൃക കാണിച്ച്, ജനങ്ങൾക്ക് കൂടുതൽ സേവനം ചെയ്യുന്ന ഒരു ജനകീയ പ്രതിപക്ഷമായി മാറണം. സാമ്പത്തിക അച്ചടക്കത്തിനു പ്രാതിനിധ്യം കൊടുക്കുന്നതോടൊപ്പം തന്നെ ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ കയറുമ്പോൾ എത്ര കടമുണ്ടോ ആ കടത്തിനു മുകളിൽ ചെലവാക്കാതെ അതിൽ നിന്നും കുറച്ചു കോടി രൂപ മാത്രം കമ്മിയാക്കി കൂടുതൽ വികസന പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തുകയും കൂടുതൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തുകയും ചെയ്യണം. വെള്ളപ്പൊക്കം കേരളത്തിൽ വമ്പിച്ച കെടുതികൾ ഉണ്ടാക്കിയിട്ടുണ്ട്. പി. ഡബ്ല്യു. ഡി. റോഡുകൾ തകർന്നിരിക്കുന്നു. കൃഷിക്കാരുടെ വാഴകൾ, റബ്ബറുകൾ എന്നിവ നശിച്ചിരിക്കുന്നു. പല സുഹൃത്തുക്കളും മരിച്ചിട്ടുണ്ട്. മലമ്പ്രദേശത്ത് ആനശല്യം വളരെ രൂക്ഷമായി. കൃഷി നാശം വന്ന കൃഷിക്കാർ, വാഴ നശിച്ച കൃഷിക്കാർ അവർക്ക് ആശ്വാസം എത്തിക്കണം. 2003-ൽ കൃഷി നശിച്ച കൃഷിക്കാർക്ക് ഇപ്പോഴും പണം കൊടുക്കാനുണ്ട്. അത്തരം മേഖലകൾക്കു മുൻഗണന നൽകണം. ഗവൺമെന്റ് ആശുപത്രികൾക്ക് നിർലോഭമായി പണം കൊടുത്തുകൊണ്ട്, ഗവൺമെന്റ് ആശുപത്രികളെ ശക്തിപ്പെടുത്തി,

LIBRARY ARCHIVES Kerala Legislative Assembly

എപ്പോഴും പോയാലും മരുന്ന് കിട്ടുന്ന നല്ല ആശുപത്രിയായി ഗവൺമെന്റ് ആശുപത്രികളെ മാറ്റുകയും പി. എച്ച്. സി.-കളെ അപ്ഗ്രേഡ് ചെയ്ത് പാവങ്ങൾക്ക് കൂടുതൽ ചികിത്സാ സംവിധാനങ്ങൾ ലഭ്യമാക്കുകയും വേണം. നമ്മുടെ സ്കൂളുകൾ അടച്ചു പൂട്ടാതെ മുന്നോട്ടു കൊണ്ടു പോകണം. ഞാനൊരു അദ്ധ്യാപകനാണ്. സ്കൂൾ ഹെഡ്മാസ്റ്റർ കൂടിയാണ്. എന്റെ വിഭാഗത്തെക്കുറിച്ച് ഒരു വാക്കു കൂടി പറയട്ടെ. 1:40 എന്ന റേഷ്യോ കേരളത്തിലെ അദ്ധ്യാപകർ മൊത്തത്തിൽ ആവശ്യപ്പെടുന്ന ഒരു കാര്യമാണ്. എൽ. ഡി. എഫ്. ഗവൺമെന്റ് 1:40 നമ്മുടെ അദ്ധ്യാപകർക്കു കൊടുത്തിരുന്നു. പക്ഷേ കഴിഞ്ഞ വർഷം അതു നിർത്തിയിരിക്കുന്നു. അതുകൊണ്ട് അദ്ധ്യാപക മേഖലയിൽ പ്രൊട്ടക്ഷൻ കൊണ്ടുവരാൻ; 1:40 നടപ്പാക്കാൻ ധനകാര്യ വകുപ്പ് ഉദാരമായ സമീപനം സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഒന്നുകൂടി ഞാൻ പിന്താങ്ങുന്നു.

ഡോ. എം. എ. കുട്ടപ്പൻ: സർ, ഇവിടെ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ ഞാൽ പിൻതാങ്ങുകയാണ്. ഏതാണ്ട് 600 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകളാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. നടപ്പുവർഷത്തെ വാർഷിക പദ്ധതി ഏതാണ്ട് അയ്യായിരം കോടി രൂപയാണ്. ഇവിടെ അവതരിപ്പിച്ചിട്ടുള്ള 600 കോടി രൂപയിൽ ഏതാണ്ട് 150 കോടി രൂപ നേരത്തെ അവതരിപ്പിച്ച ബഡ്ജറ്റിലുണ്ട്. ബാക്കി 450 കോടി രൂപ അഡീഷണൽ മൊബിലൈസേഷൻ വഴി കണ്ടെത്തേണ്ടിയിരിക്കുന്നു. അപ്പോൾ 450 കോടി രൂപയുടെ അഡീഷണൽ ലയബിലിറ്റിയുണ്ടെന്ന് നമുക്കറിയാം. ഇവിടെ എ. ഡി. ബി.-യുടെ സുനാമി rehabilitation scheme-ൽ പെടുത്തി 66 കോടി രൂപ കിട്ടാൻ പോകുകയാണ്. ഇതു കൂടാതെ കേന്ദ്ര ഗവൺമെന്റ് Central Assistance-ൽ പെടുത്തി കഴിഞ്ഞ വർഷം തരാനുണ്ടായിരുന്ന 50 കോടി രൂപ കിട്ടാൻ പോകുകയാണ്. അപ്പോൾ നമ്മുടെ ബാദ്ധ്യത കുറയുകയാണ്. ഇതിനു പുറമെ 12-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം 10 കോടി രൂപയോളം കിട്ടാനുണ്ട്. ഇതിനൊക്കെ പുറമെയാണ് പുതിയ ഭാഗ്യക്കുറിയിലെ വരുമാനം സർക്കാർ മുൻകൂർ കണ്ടില്ല. നേരത്തെ തയ്യാറാക്കിയ സമയത്ത് ഇവിടെ ഭാഗ്യക്കുറി banned ആയിരുന്നു. ഇപ്പോൾ ഭാഗ്യക്കുറി പുനഃസ്ഥാപിച്ചതോടുകൂടി ഏതാണ്ട് 150 കോടി രൂപയോളം കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. ചുരുക്കിപ്പറഞ്ഞാൽ ഈ 600 കോടി രൂപയിൽ 150 കോടി രൂപ കിഴിച്ചുള്ള ബാക്കിത്തുക സർക്കാരിന് കണ്ടെത്താൻ കഴിയുമെന്നാണ് അനുമാനിക്കപ്പെടുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇപ്പോൾ സാമ്പത്തിക പ്രതിസന്ധിയില്ലെങ്കിൽപ്പോലും അത്ര rosy picture ആണ് സാമ്പത്തിരംഗം എന്ന് ആരും പറയുമെന്ന് തോന്നുന്നില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതുപോലെ നമ്മുടെ വരുമാനത്തിന്റെ 91 ശതമാനവും ശമ്പളവും പെൻഷനും കൊടുക്കാൻവേണ്ടി ഉപയോഗിച്ചു കൊണ്ടിരിക്കുകയാണ്. വികസന ആവശ്യങ്ങൾക്കുവേണ്ടി ചെലവഴിക്കാൻ 9 ശതമാനം തുക മാത്രമേയുള്ളൂ. ഇതുവച്ച് നമുക്ക് എന്ത് ചെയ്യാൻ സാധിക്കും. വളരെ ബുദ്ധിമുട്ടുകയാണ്. കഴിഞ്ഞ വ്യാഴാഴ്ച ആദരണീയനായ രാഷ്ട്രപതി നമ്മുടെ നിയമസഭയിൽ പ്രസംഗിക്കുകയുണ്ടായി. അദ്ദേഹം പത്തിന നിർദ്ദേശങ്ങൾ മുന്നോട്ടു വച്ചു. ടൂറിസം, ഇൻഫർമേഷൻ ടെക്നോളജി, ബയോ ടെക്നോളജി, ജലപാത വഴിയുള്ള ചരക്ക് കടത്ത്, നഴ്സിംഗ്, പ്രവാസി മലയാളികളുടെ നിക്ഷേപത്തിനുവേണ്ടി പ്രത്യേക സൊണുകൾ, ആഴക്കടൽ മത്സ്യബന്ധനം,

LIBRARY ARCHIVES Kerala Legislative Assembly

ആയുർവ്വേദം, മൂല്യവർദ്ധിത കാർഷികോൽപ്പന്നങ്ങൾ തുടങ്ങിയ പത്തോളം നിർദ്ദേശങ്ങൾ ഇവിടെ വയ്ക്കുകയുണ്ടായി. ആ നിർദ്ദേശങ്ങളെ കേരളത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികളും എല്ലാ നേതാക്കളും സ്വാഗതം ചെയ്തു. രണ്ടു മൂന്നു ശതമാനം കൂടി കൂടുതൽ വേണമെന്ന് പറഞ്ഞതല്ലാതെ ഇത് ശരിയല്ലെന്ന് ആരും പറഞ്ഞിട്ടില്ല. എല്ലാവരും ഇതിനെ സ്വാഗതം ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാകട്ടെ ഉണർന്നു പ്രവർത്തിച്ചു. പ്ലാനിംഗ് സെക്രട്ടറി എസ്. എം. വിജയാനന്ദിനെ കൺവീനറാക്കിക്കൊണ്ട് സെക്രട്ടറിമാരുടെ സമിതി തന്നെ രൂപീകരിച്ചിരിക്കുകയാണ്. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി റൂൾ 130 അനുസരിച്ച് ഇതു സംബന്ധിച്ച് ചർച്ച വേണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. ഈ രാജ്യത്ത് ഭരണകക്ഷിയും പ്രതിപക്ഷവും കേരളത്തിൽ ഉണ്ടാകേണ്ട വികസനത്തെ കുറിച്ച് ചിന്തിക്കുന്നു. നമുക്ക് ഇന്നുള്ള പ്രതിശീർഷ വരുമാനം മൂന്ന് വർഷംകൊണ്ട് ഇരട്ടിയാക്കണം. ബഹുമാനപ്പെട്ട ആർ. ബാലകൃഷ്ണപിള്ളയുടെ പ്രതികരണം ഞാൻ വായിക്കുകയുണ്ടായി. രാഷ്ട്രപതിയുടെ ഈ സംകീർ നടപ്പിലാക്കണമെങ്കിൽ കോടിക്കണക്കിന് രൂപ വേണ്ടിവരുമെന്നാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. ശരിയാണ്, വേണം. ഞാൻ എന്റെ അഭിപ്രായം പറയട്ടെ നമുക്ക് നടപ്പുവർഷം 5000 കോടി രൂപയുടെ ബഡ്ജറ്റാണുള്ളത്. രാഷ്ട്രപതി പറഞ്ഞതനുസരിച്ച് നമുക്കൊരു Prioritisation ആയിക്കൂടെ. രാഷ്ട്രപതി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അതിന് ഫോക്കസ് കൊടുത്തുകൊണ്ട് thrust കൊടുത്തുകൊണ്ട് re-allocation of existing schemes ആയിക്കൂടെ. 5000 കോടിയിൽ ആകാമല്ലോ. രാഷ്ട്രപതി പറഞ്ഞതിനെ നമ്മുടെ മനസ്സിൽത്തട്ടി സപ്പോർട്ട് ചെയ്യുകയാണെങ്കിൽ നമ്മൾ അതിന് റെഡ്യാറാകണം. നമുക്ക് ഇപ്പോൾ പണം കിട്ടാൻ എളുപ്പം നാഷണൽ സേവിംഗ്സാണ്. ഇത് കൂട്ടാൻ സാധിക്കും. എട്ട് ശതമാനം മുതൽ പത്ത് ശതമാനംവരെ മാത്രമേ പലിശയുള്ളൂ. പരമാവധി പണം അങ്ങനെയും കിട്ടും. ഇതിനൊക്കെപ്പുറമെ കേരളത്തിലെ ബാങ്കുകളിൽ ഫണ്ട് സർപ്ലസ് ആണ്. കേരളത്തിലെ ബാങ്കുകളിൽ ഇഷ്ടംപോലെ ഫണ്ടുണ്ട്. പക്ഷെ അതിന് കേന്ദ്ര ഗവൺമെന്റിന്റേയും ആർ. ബി. ഐ.-യുടെയും അനുവാദം വാങ്ങണം. കേന്ദ്ര ഗവൺമെന്റിന്റേയും ആർ. ബി. ഐ.-യുടേയും അനുവാദം വാങ്ങിച്ചിട്ട് കടപ്പത്രമിറക്കിയാൽ അങ്ങനെയും പണം കിട്ടാൻ സാധിക്കും. ഈ പണത്തിനാകട്ടെ മാക്സിമം പലിശ ഏഴ് ശതമാനം മുതൽ എട്ട് ശതമാനം വരെയാണ്. നമ്മുടെ സ്ഥാപനത്ത് നമ്മളാൽ നിക്ഷേപിച്ചിട്ടുള്ള ഈ പണം നമുക്ക് ഇവിടെ വിനിയോഗിക്കാൻ സാധിക്കണം. ഒന്നുകിൽ സർക്കാർ ടാക്സ് കൂട്ടണം. അല്ലെങ്കിൽ നോട്ട് അടിക്കണം. അതു പറ്റുകയില്ലല്ലോ. അതുകൊണ്ട് കടം വാങ്ങുകയല്ലാതെ വേറൊരു വഴിയുമില്ല. മൂന്നാമത്തെ കാര്യം ഇവിടെ നിക്ഷേപം കൂട്ടണം. നമുക്ക് വിദേശ നിക്ഷേപം വേണം. കേന്ദ്ര നിക്ഷേപം കൂട്ടണം. നമുക്ക് സഹകാര്യ നിക്ഷേപം കൂട്ടണം. അതിന് ചില പ്രൊപ്പോസൽസ് ഇതിൽ പറഞ്ഞിട്ടുണ്ട്. പേജ് എട്ടിൽ Special staff for land acquisition for Naval Academy at Ezhimala—ഏഴിമലയിൽ കേന്ദ്ര ഗവൺമെന്റ് 100 കോടി രൂപ ഇൻവെസ്റ്റ്മെന്റ് തരാൻ തയ്യാറായിരിക്കുകയാണ്. പക്ഷെ നമ്മൾ ലാൻഡ് കൊടുത്തിട്ടില്ല. ലാൻഡ് കൊടുക്കാൻ വേണ്ടിയുള്ള വ്യവസ്ഥ ധനകാര്യ വകുപ്പുമന്ത്രി വച്ചിരിക്കുകയാണ്. നമ്മൾ ലാൻഡ് എടുത്ത് കൊടുത്താൽ 100 കണക്കിന് കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റ് നടക്കാൻ പോകുകയാണ്. കേന്ദ്ര ഗവൺമെന്റ് ഫണ്ട് തരാൻ പോകുകയാണ്. രണ്ടാമത്തേത് Special staff for acquisition of land for

LIBRARY ARCHIVES Kerala Legislative Assembly

National Highway Development Project. കേന്ദ്രത്തിന്റെ ആക്ഷേപം സംസ്ഥാന ഗവൺമെന്റ് ലാൻഡ് അക്വയർ ചെയ്യുന്നില്ല എന്നുള്ളതാണ്. ഇപ്പോൾ സെക്രട്ടറിയെ വച്ചുകൊണ്ട് fast track-ൽ ലാൻഡ് അക്വയർ ചെയ്യുകയാണ്. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് 3053 കോടി രൂപ തരാമെന്ന് വാഗ്ദാനം ചെയ്തിരിക്കുന്നു. കേരളത്തിലെ NH 47, NH 17 ഒക്കെ four line ആക്കാമെന്ന് സമ്മതിച്ചിരിക്കുകയാണ്. ഇതിനെ സംബന്ധിച്ചുള്ള ഡി. പി. ആർ. (ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട്) പുറപ്പെടുവിച്ചു കഴിഞ്ഞു. ചേർത്തല മുതൽ തിരുവനന്തപുരം വരെ വർക്ക് ടെൻഡർ ചെയ്യാനുള്ള നടപടിയായി കഴിഞ്ഞു. സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ടത് ചെയ്തു കൊണ്ടാണ് മുന്നോട്ട് പോകുന്നത്. കേന്ദ്ര ഗവൺമെന്റ് 3053 കോടി രൂപ തരാമെന്ന് പറഞ്ഞിരിക്കുന്നത് ചെറിയ കാര്യമാണോ? മറ്റൊന്ന് Special staff for acquisition of land for Vallarpadam International Container Transhipment Terminal Project ശ്രീ. എ. കെ. ആന്റണിയുടെ കാലത്ത് കേന്ദ്രം അനുവദിച്ച വല്ലാർപാടം ട്രാൻസ്ഷിപ്മെന്റ് ടെർമിനലിൽ ഏതാണ്ട് രണ്ടായിരം കോടി രൂപയുടെ പണം നിക്ഷേപിക്കാൻ പോകുകയാണ്. ഇതിന് നാം ചില കാര്യങ്ങൾ ചെയ്യണം. ഇതിനായി രണ്ട് മാസം മുൻപ് റവന്യു വകുപ്പ് 40 പേരുടെ ടീമിനെ നിയമിച്ചിരിക്കുകയാണ്. ലാൻഡ് അക്വിസിഷനുവേണ്ടി പ്രത്യേക ടീമിനെ നിയമിച്ചിരിക്കുകയാണ്. അതായത് വല്ലാർപാടം മുതൽ പ്രീമിയർ കവലവരെ ഏതാണ്ട് 30 കിലോമീറ്റർ ദൂരത്തിൽ 60 മീറ്റർ വീതിയിൽ റോഡ് പണിയാൻ വേണ്ടി ഒക്ടോബർ മാസം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കിയിരിക്കുകയാണ്. നൂറ് ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നത്. കേരളത്തിലെ ഏറ്റവും വീതികൂടിയ പാതയായി മാറാൻ പോകുകയാണ്. വല്ലാർപാടം മുതൽ പ്രീമിയർ കവല വരെയുള്ള ആറുവരി പാത. ഇതിന് ഇരുന്നൂറിലേറെക്കോടി രൂപയാണ് നിക്ഷേപിക്കാൻ പോകുന്നത്. Vallarpadam Transhipment Terminal-ന്റെ പ്രാരംഭ പണിയാരംഭിച്ചിരിക്കുന്നു. വിസിബിലിറ്റി വർക്ക് ആരംഭിച്ചിട്ടില്ല. പക്ഷെ അതിന്റെ പേപ്പർ ജോലി മുഴുവൻ പൂർത്തിയായിരിക്കുകയാണ്. റോഡിന്റേയും റെയിലിന്റേയും പണി ആരംഭിക്കാൻ പോകുന്നു. അധികം താമസിയാതെ വിസിബിലിറ്റി വർക്ക് കാണാൻ സാധിക്കും. ഇത് ചെറിയ കാര്യമല്ല. കഠിനാദ്ധ്വാനം ഇതിലുണ്ട്. അടുത്തത് കൊച്ചിൻ റിഫൈനറിക്ക്, ഇന്ന് അവർ റിഫൈൻ ചെയ്യുന്ന ക്രൂഡോയിലിന്റെ അളവ് പ്രതിവർഷം ഏഴ് ലക്ഷം മെട്രിക് ടണ്ണാണ്. അതിനി കൂട്ടിക്കൊണ്ടുവരാൻ വഴിയില്ല. കൂട്ടണമെങ്കിൽ വലിയ കപ്പൽ അടുക്കണം. വി. എൽ. സി. സി. അടുക്കണം. അത് അടുക്കാനുള്ള സൗകര്യം കൊച്ചിയിൽ ഇല്ല. അപ്പോഴാ അതിനുവേണ്ടി പുതുവൈപ്പിനിൽ നിന്നു പത്തൊൻപതര കിലോമീറ്റർ പുറംകടലിൽ ഒരു തട്ട് ഉണ്ടാക്കുകയാണ്. അതിന്റെ പ്രാരംഭ പണി ആരംഭിച്ചു. പുതുവൈപ്പിനിൽ, ഫോർട്ട് വൈപ്പിനു ഓഫീസ് പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. അവിടേയും 800 കോടിയിലധികം രൂപയാണ് മുടക്കാൻ പോകുന്നത്. LNG-ക്ക് വേണ്ടി പത്ത് രണ്ടായിരം കോടി രൂപ കൂടി മുതൽ മുടക്കാൻ പോകുകയാണ്. ചുരുക്കിപ്പറഞ്ഞാൽ സംസ്ഥാന ഗവൺമെന്റിന്റെ ശ്രമത്തിന്റെ ഭാഗമായി നമുക്ക് കേന്ദ്ര നിക്ഷേപം വരുന്നു, വിദേശ നിക്ഷേപം വരുന്നു. ദുബായ് പോർട്ട് ഇന്റർനാഷണലിന്റെ നിക്ഷേപം ഇവിടെ കൊണ്ടുവരാൻ പോകുന്നത് അധികം താമസിക്കാതെ നമുക്ക് കാണാൻ സാധിക്കും. നമ്മുടെ റവന്യു മാത്രമല്ല നമുക്ക് സ്വകാര്യ നിക്ഷേപവും മുണ്ടാകണം. വിദേശ നിക്ഷേപമുണ്ടാകണം, കേന്ദ്ര നിക്ഷേപം വർദ്ധി

LIBRARY ARCHIVES Kerala Legislative Assembly

പ്പിക്കണം. അതിനുള്ള ശക്തമായ നടപടി ധനകാര്യ വകുപ്പുമന്ത്രി ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇവിടെ നമ്മൾ എന്ത് ചെയ്യുമ്പോഴും കോഴ, കോഴ, കോഴ എന്നു പറയുന്ന ഒരു സ്വഭാവമുണ്ട്. സ്റ്റാർട്ട് സിറിയെ സംബന്ധിച്ച് മൂന്ന് കാര്യങ്ങളാണ് പ്രതിപക്ഷ നേതാവ് പറഞ്ഞത്. (ഒന്ന്) അതിൽ 500 കോടി രൂപയുടെ അഴിമതിയുണ്ട്. (രണ്ട്) ഭാവിയിൽ ഞങ്ങൾ അധികാരത്തിൽ വന്നാൽ ശ്രീ. ഉമ്മൻചാണ്ടിയേയും മറ്റുള്ളവരേയും ജയിലിലടയ്ക്കും. (മൂന്ന്) ഇത് റിയൽ എസ്റ്റേറ്റ് ഫ്രൗഡാണ്. ഇതിനുവേണ്ടി കേരള ഗവൺമെന്റിന്റെ കൺസെക്ഷൻ 50 കോടി രൂപയാണ്. ഈ 50 കോടി രൂപ നമ്മൾ മുടക്കുമ്പോൾ എങ്ങനെയാണ് 500 കോടി രൂപ തരുക? ഈ നിയമസഭയിൽ നിന്നു കൊണ്ട് 500 കോടി രൂപയെന്ന് വിളിച്ചു കൂവിയത് ലോകം മുഴുവൻ ചാനലിലൂടെ കണ്ടുകൊണ്ടിരിക്കുകയാണ്. കൊടുക്കാത്ത കോഴ കൊടുത്തു എന്ന് പറയുമ്പോൾ അവർക്ക് എന്തു തോന്നും. ഇവിടെ വരാൻ തയ്യാറാകുന്നവരെ കോഴ എന്നു പറഞ്ഞുകൊണ്ട് വിലക്കുന്ന ഫ്രൗഡ് ഒഴിവായി അവസാനിപ്പിക്കണം. ബഹുമാന്യനായ രാഷ്ട്രപതിയുടെ പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ അഭിപ്രായ സമന്വയം ഉണ്ടാക്കാൻ തയ്യാറായിരിക്കുമ്പോൾ ഇനിയെങ്കിലും അടിസ്ഥാന രഹിതമായ ആരോപണം ഉന്നയിക്കാതിരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. റിയൽ എസ്റ്റേറ്റ് മോശമാണോ? ഹൗസിംഗ് ബോർഡിന്റെ ജോലി എന്താണ്? റിയൽ എസ്റ്റേറ്റാണ്. ഭൂമി വാങ്ങുക, ഡെവലപ്പ് ചെയ്യുക, കെട്ടിടം പണിയുക, റോഡ് പണിയുക, വാർത്താവിനിമയ സൗകര്യം ചെയ്യുക, സ്കൂളുകൾ ആരംഭിക്കുക, ഹോസ്പിറ്റൽ പണിയുക ഇതൊക്കെയാണ്. ഇത് വലിയ അപകടം പിടിച്ച കാര്യമല്ല. ടെക്നോപാർക്ക്, കിൻഫ്രാ പാർക്ക് ഇതൊക്കെ റിയൽ എസ്റ്റേറ്റ് ആണ്. ഐ. ബി. എം., മൈക്രോ സോഫ്റ്റ്, വിപ്രോ തുടങ്ങിയ കമ്പനികൾ ഇവിടെ വരുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയേ മതിയാകൂ. അല്ലാതെ ആരും വരില്ല. നമ്മൾ ചെയ്യുന്നതിനു പകരം വിദേശ കമ്പനികൾ വന്നു ചെയ്യുന്നതിൽ വ്യത്യാസമൊന്നുമില്ല. ബോംബെ, ഡൽഹി, കർണ്ണാടക, ലണ്ടൻ, പാരീസ് എന്നീ പട്ടണങ്ങളിലെ കെട്ടിടങ്ങളുടെ വലിപ്പം കൂടി കണ്ടുകൊണ്ടാണ് ആ പ്രദേശത്തിന്റെ വലിപ്പം കണക്കാക്കുന്നത്. അവിടെയെല്ലാം ഫ്ളാറ്റുകളാണ്. ഈ ഫ്ളാറ്റുകളൊക്കെ വാങ്ങാൻ വരുന്നത് വിദേശ മലയാളികളാണ്. വിദേശ മലയാളികൾ സ്വകാര്യ റിയൽ എസ്റ്റേറ്റ് രംഗത്താണ് കൂടുതലും പണം നിക്ഷേപിക്കുന്നത്, മറ്റു രംഗത്ത് പണം മുടക്കുന്നില്ല. റിയൽ എസ്റ്റേറ്റുകൾ കേരളത്തിൽ വന്നാൽ കെട്ടിടം ഉണ്ടാകും. കമ്പിക്കും സിമന്റിനും വില കൂടും. തൊഴിലാളികൾക്ക് പണി കിട്ടും, എന്തൊക്കെ മാറ്റമാണ് ഉണ്ടാകുന്നത്. ആയിരക്കണക്കിന് തമിഴ്നാട്ടുകാർ എറണാകുളത്ത് പണിക്ക് എത്തിയിരിക്കുകയാണ്. ദിവസം 200 രൂപ കൂലിയുണ്ട്. അവരുടെ ഗ്രൂപ്പ് ആണ് എറണാകുളം. നമ്മളാരും പണിക്ക് പോകുന്നില്ല. എല്ലാവരും പറയും തൊഴിൽ ഇല്ല എന്ന്. നമ്മുടെ മാനസികാവസ്ഥ ഇതാണ്. നമുക്ക് മാന്യമായ വർക്ക് പറ്റില്ല. ഇപ്പോൾ പറയുന്ന നമ്മുടെ ആളുകൾക്ക് ഗ്രൂപ്പിൽ പോയാൽ 300-ഉം 400-ഉം മാർഹമാണ് ഒരു മാസം പണിയെടുത്താൽ കിട്ടുന്നത്. ഇവിടെ പണി ചെയ്യില്ല. നമുക്ക് ആ മനഃസ്ഥിതിയൊന്ന് മാറ്റണം. റിയൽ എസ്റ്റേറ്റ് എന്നു പറഞ്ഞ് പുച്ഛിക്കുന്ന ഫ്രൗഡ് അവസാനിപ്പിക്കണം. ലോകത്തിലെ ഏറ്റവും വലിയ കെട്ടിടം എന്ന് പറയുന്നത് ചിക്കാഗോയിലെ സി. എസ്. ടവർ ആണ്. അവിടെ നൂറോളം നിലകളുണ്ട്, ന്യൂയോർക്കിലെ എമ്പയർ ബിൽഡിംഗ്

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവും ഉയരം കൂടിയ കെട്ടിടമാണ്. അതുപോലെ കേരളത്തിലും റിയൽ എസ്റ്റേറ്റ് വളരട്ടെ. നെടുമ്പാശ്ശേരി വിമാനത്താവളത്തിനടുത്ത് സഹാറ ഗ്രൂപ്പുകാർ സ്വകാര്യ മേഖലയിൽ തന്നെ അവിടെ ടൗൺഷിപ്പ് ഉണ്ടാക്കാൻവേണ്ടി പോവുകയാണ്. അവർ ഭൂമി വാങ്ങി കൂട്ടിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ മനോഭാവം നമുക്ക് ലാഭം മാത്രം ഉണ്ടാകണം എന്നതാണ്. പണം മുടക്കുന്നവനും ബെനിഫിറ്റ് ഉണ്ടാകണം. അല്ലാതെ നമുക്ക് മാത്രം പണം കിട്ടണം, വരുന്നവൻ മുടിഞ്ഞോട്ടെ എന്ന സമീപനം ശരിയല്ല. എന്തുകൊണ്ടാണ് നമ്മുടെ സംസ്ഥാനത്ത് ഇൻവെസ്റ്റ്മെന്റിന് ആളുകൾ വരാത്തത്? അവർ വരുന്നത് പുണ്യം കിട്ടാൻ വേണ്ടിയല്ലല്ലോ. അവർക്കും നമുക്കും ബെനിഫിറ്റ് ഉണ്ടാകണം. അങ്ങനെ ചെയ്താൽ മാത്രമേ ഇവിടെ ഐ. ബി. എം., മൈക്രോസോഫ്റ്റ്, വിപ്രോ തുടങ്ങിയ സ്ഥാപനങ്ങൾ വരുകയുള്ളൂ. തമിഴ്നാട്ടിൽ എ. ഡി. എം. കെ.-യും ഡി. എം. കെ.-യും തമ്മിൽ രാഷ്ട്രീയ വ്യത്യാസമുണ്ടെങ്കിലും സംസ്ഥാനത്തേയ്ക്ക് ഒട്ടേറെ ഐ. റ്റി. കമ്പനികൾ ഡി. എം. കെ. കൊണ്ടുവരുന്നു. തമിഴ്നാട് ഗവൺമെന്റ്, മുഖ്യമന്ത്രി ശ്രീമതി ജയലളിത ഉദാരമായ വ്യവസ്ഥകളുണ്ടാക്കി ഇളവു ചെയ്തു കൊടുത്ത് അതിനെ സ്വീകരിക്കുകയാണ് ചെയ്തത്. അവർ ഇവിടത്തെ പോലെ പരസ്പരം കുറ്റം ചാരുന്നില്ല. സംസ്ഥാനത്തിന്റെ പ്രശ്നം വരുമ്പോൾ അവർ ഒറ്റക്കെട്ടാണ്. എന്തുകൊണ്ട് ഈ സംസ്കാരം നമുക്ക് സ്വീകരിച്ചുകൂടാ? പെട്രോണിന്റെ കാര്യം പറഞ്ഞു. നമ്മളാണല്ലോ ആരംഭിച്ചത്? പെട്രോൺ വളർന്നു വളർന്ന് പടവലങ്ങാപോലെ കീഴ്പോട്ട് വളരുകയാണ്. ലഭ്യമായ കണക്കു വച്ച് കഴിഞ്ഞ വർഷം കേരളത്തിലെ ഐ. റ്റി.-യുടെ വരുമാനം കേവലം 300 കോടി രൂപയാണ്. അതേസമയം കർണ്ണാടകത്തിൽ 27,500 കോടി രൂപയും തമിഴ്നാട്ടിൽ 11,000 കോടി രൂപയും, ആന്ധ്രയിൽ 8,000 കോടി രൂപയുമാണ് വരുമാനം. കേരളത്തിൽ ഇത്രയേറെ ഐ. റ്റി. എക്സ്പെർട്ട്സുകൾ ഉണ്ടായ സാഹചര്യത്തിൽ അവർക്ക് ഇവിടെ പണി കൊടുത്താൽ സോഫ്റ്റ് വെയറിലൂടെ നമുക്ക് എത്രയോ കോടി രൂപ സമ്പാദിക്കാൻ സാധിക്കും. അങ്ങനെ സമ്പാദിക്കാനുള്ള അവസരമല്ലേ നാം ഈ വിവാദത്തിലൂടെ നഷ്ടപ്പെടുത്തുന്നത്? റിയൽ എസ്റ്റേറ്റ് ബിസിനസിൽ 100 ശതമാനം എഫ്. ഡി. ഐ. അനുവദിക്കുന്നുവെന്ന് ഞാൻ പത്രത്തിൽ വായിക്കുകയുണ്ടായി. റിയൽ എസ്റ്റേറ്റ് വളരണം, ട്രിവാൻട്രം പട്ടണം വളരണം, ഇവിടെ അതിന് തുടക്കം കുറിച്ചിരിക്കുകയാണ്. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത പാളയം അണ്ടർപാസിന്റെ നിർമ്മാണ പ്രവർത്തനം നമുക്ക് ഒരു മാതൃകയല്ലേ? അഭിമാനമുള്ള കാര്യമല്ലേ? എറണാകുളം വൈപ്പിൻപാലം സമയത്തിന് തീർത്തില്ലേ? ടൈമിൽ തീർത്താൽ നമ്മുടെ എസ്റ്റിമേറ്റ് എത്രയുണ്ടിനേക്കാൾ കുറച്ചു തുകയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കും. അതുകൊണ്ട് വികസന കാര്യത്തിൽ പുതിയ സംസ്കാരം ഉണ്ടായേ മതിയാകൂ. ഇവിടെ ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി വളരെ ബുദ്ധിമുട്ടിയാണ് ബി. എം. ഡബ്ലിയു. കൊണ്ടുവന്നത്. ഇപ്പോൾ ബി. എം. ഡബ്ലിയു. തമിഴ്നാട്ടിൽ പോയിരിക്കുന്നു. അവിടെ ശ്രീമതി ജയലളിത തടസ്സം പറയുന്നില്ല. അതാണ് ഭരണസ്ഥ. പണം മുടക്കാൻ ആളുകൾ ഇങ്ങോട്ട് വരുമ്പോൾ അവരുടെ നേരെ കരിങ്കൊടി, കരയ്ക്കാറ്, കല്ലേറ്, ചീമുട്ടയേറ്, ബന്ത്, ഹർത്താൽ ഇങ്ങനെയൊക്കെയായാൽ ഇവിടെ ആര് വരും? അതുകൊണ്ട് ഈ അവസ്ഥ ഒന്ന് മാറണം. ഞാൻ ഏതാനും പ്രതികൂല പ്രസ്താവനകൾ നടത്തിയിട്ടുണ്ടെങ്കിൽ അതെല്ലാം മാതൃഭൂമിയിൽ

LIBRARY ARCHIVES Kerala Legislative Assembly

വന്നതാണ്. സ്വകാര്യവൽക്കരണം പാടില്ല എന്നു പറയുന്ന, വിദേശത്തെ ആക്ഷേപിക്കുന്ന അവർ എന്തു ചെയ്തു? ഇൻഡ്യയിൽ സ്വകാര്യ മേഖല യിൽ തുറമുഖം നിർമ്മിക്കാൻ ആസ്ട്രേലിയൻ കമ്പനിയുമായി ബംഗാൾ സർക്കാർ ധാരണാ പത്രം ഒപ്പു വച്ചു.

പത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ പശ്ചിമബംഗാൾ സർക്കാർ സ്വകാര്യവൽക്കരിക്കുന്നു. Shalimar Works വേറൊരു വാർത്ത തന്ത്രപരമായ ഓമനപ്പേരോടെ ബംഗാളിൽ സ്വകാര്യവൽക്കരണം. ആകെയുള്ള സ്ഥാപനങ്ങൾ 66. നഷ്ടപരിഹാരം നൽകി പൂട്ടിയത് 2, സ്വകാര്യ പങ്കാളിത്തം തേടുന്ന കമ്പനികൾ 10, സ്വകാര്യ പങ്കാളിത്തം നൽകുന്ന ഓഹരി 74, വി.ആർ. എസ്. വാങ്ങി പിരിഞ്ഞുപോയത് 1700. ഇവിടെ കരിങ്കൊടി, ബംഗാളിൽ പച്ചക്കൊടി. ശ്രീ. വി. എസും, ശ്രീ. പിണറായിയും ബംഗാളിൽ കാണേണ്ടത് ഇതൊക്കെയാണ്. ഇതിൽ പറഞ്ഞിരിക്കുന്നത് കേരളത്തിൽ എക്സ്പ്രസ് വേ പദ്ധതിക്ക് സി. പി. എം. എതിരാണെങ്കിലും ബംഗാളിൽ ആറുവരി എക്സ്പ്രസ് വേ-കളോ വേയുണ്ട്. സാറ്റലൈറ്റ് സിറ്റി, ഇപ്പോൾ ബംഗാളിൽ ഐ. ടി. കേന്ദ്രം. വീടുകൾ, വാണിജ്യം, വ്യാപാരം, സാംസ്കാരികം എല്ലാം ഇവിടെയുണ്ട്. പുത്തൻ ടൗൺഷിപ്പുകൾ കൊൽക്കത്തയിൽ പുതിയ ജനവാസ കേന്ദ്രങ്ങൾ, പടിഞ്ഞാറൻ ഹൗറയിൽ 390 ഏക്കറിൽ സാറ്റലൈറ്റ് ടൗൺഷിപ്പ് നിർമ്മിക്കുന്നതിന് ഇൻഡോനേഷ്യൻ കമ്പനി സൗജന്യ നിരക്കിൽ ഭൂമി നൽകി. ചൈനീസ് മാതൃകയിൽ അവിടേയും ടൗൺഷിപ്പ്. മേൽപ്പാലനഗരം, മേൽപ്പാലത്തിനു മീതെ മേൽപ്പാലവുമായി കൊൽക്കത്ത വളരുന്നു. അതുകൊണ്ട് ബംഗാളിൽ ചെയ്യുന്ന കാര്യങ്ങളെങ്കിലും ചെയ്യാൻ അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചങ്കുപൊട്ടിയാണ് പറഞ്ഞത്, സഹികെട്ട് പറഞ്ഞുപോയതാണ്. രാഷ്ട്രപതിയുടെ പ്രസംഗത്തിന്റെ വെളിച്ചത്തിൽ നമുക്കൊരു പുതിയ സംസ്കാരം ഉണ്ടാക്കണം. ഈ നാട് വളരണം. ഞാൻ ഒരു കൊച്ചു കവിത ചൊല്ലി എന്റെ പ്രസംഗം അവസാനിപ്പിക്കാം. ഒരു കുഞ്ഞിക്കവിതയാണ്. Robert Frost എഴുതിയ ഒരു കുഞ്ഞിക്കവിത. ആ കവിതയ്ക്ക് മലയാള ത്തിന്റെ പ്രിയങ്കരനായ കവി ഒരു മുൻ എം.എൽ.എ. കൂടിയായ കടമ്മനിട്ട മൊഴിമാറ്റിയിട്ടുണ്ട് മലയാളത്തിലേക്ക്. അതുകൊണ്ട് കടമ്മനിട്ട മൊഴി മാറിയ ആ കവിതയും Robert Frost എഴുതിയ കവിതയും പാടിക്കൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഈ കവിതക്ക് യഥാർത്ഥത്തിൽ പ്രചാരം ഉണ്ടായിരുന്നില്ല, പണ്ഡിറ്റ് ജവഹർലാൽ നെഹ്റു മരിക്കുന്നതിന്റെ തലേ ദിവസം വൈകിട്ട് ഈ കവിത എഴുതിവച്ചു. അതുകൊണ്ടാണ് ഈ കവിതക്ക് പ്രചാരം ഉണ്ടായത്. തന്നെയുമല്ല 1991-ൽ ഡോ. മൻമോഹൻ സിംഗ് തന്റെ ഒന്നാമത്തെ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് അവസാനം ഈ കവിത ചൊല്ലുകയുണ്ടായി. Robert Frost എഴുതിവച്ച, ശ്രീ. മൻമോഹൻ സിംഗ് പാടിയ, പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പാടിയ, കടമ്മനിട്ട മൊഴി മാറിയ കവിത ചൊല്ലിക്കൊണ്ട് ഞാൻ അവസാനിപ്പിക്കാം. The woods are lovely dark and deep വനം മനോഹരമാണ്, ഇരുണ്ടതാണ്, അഗാധമായി ഉള്ളതാണ്; But I have promises to keep, എന്നാൽ എനിക്ക് വാഗ്ദാനങ്ങൾ പാലിക്കേണ്ടതുണ്ട്. And miles to go before I sleep

LIBRARY ARCHIVES Kerala Legislative Assembly

മരിക്കുംമുമ്പ് എനിക്ക് മൈലുകൾ താണ്ടേണ്ടതുണ്ട്. ഇവിടെ കടമ്മനട്ട പാടി

മനോഹരം മഹാവനം
മനോഹരം മഹാവനം
ഇരുണ്ടഗാധമെങ്കിലും അനേകമുണ്ട്
കാത്തിടേണ്ട മാമക പ്രതിജ്ഞകൾ.
അനക്കമറ്റു നിദ്രയിൽ ലയിപ്പതിന്നു മുന്നിലായ്
മരിക്കുമ്പോൾ അനക്കമറ്റു നിദ്രയിൽ ലയിപ്പതിന്നു മുന്നിലായ്
എനിക്കതീവ ദൂരമുണ്ട് വിശ്രമം നടക്കുവാൻ.

നമ്മുടെ നാട് നന്നാക്കുവാൻ ഒറ്റക്കെട്ടായി ശ്രമിക്കണം എന്നുപറഞ്ഞുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സർ, ഈ ഗവൺമെൻറിന്റെ ആദ്യത്തെ രണ്ടു കൊല്ലം കഴിഞ്ഞിട്ട് അന്ന് ഒരു പത്തോ നാൽപ്പതോ കോടി രൂപയുടെ ആക്ഷേപം വന്നിട്ട് മുങ്ങിയ ആൾ ഇന്നിപ്പോൾ പൊങ്ങി എന്നുള്ളതും കവിത പാടി എന്നുള്ളതും നല്ല കാര്യം തന്നെ. ധനകാര്യവർഷം ആരംഭിച്ച് മൂന്നു മാസമായപ്പോൾ തന്നെ 600 കോടി രൂപയുടെ ഉപധനാഭ്യർത്ഥനയാണ് സർക്കാർ കൊണ്ടുവന്നിട്ടുള്ളത്. ഈ സപ്ലിമെന്ററി ഡിമാൻഡിനെ ഞാൻ ശക്തിയായി എതിർക്കുകയാണ്. ഈ ഗവൺമെൻറ് അധികാരത്തിൽ വരുമ്പോൾ മുൻ ഗവൺമെൻറിനെ സംബന്ധിച്ച് ഒട്ടേറെ ആക്ഷേപങ്ങൾ ഉന്നയിച്ചുകൊണ്ട്, ഈ സംസ്ഥാനത്തെ കടക്കെണിയിൽപ്പെടുത്തിയിരിക്കുകയാണ്, മന്ത്രിമാർക്കാണെങ്കിൽ കാറിനു പെട്രോളൊഴിക്കാൻ കാശില്ല. കാപ്പി കുടിക്കാൻ തന്നെ കഷ്ടിയാണ്. ആ സ്ഥിതിയിലാക്കിയിട്ടാണ് പോയത് എന്നുപറഞ്ഞുകൊണ്ടുള്ള ആക്ഷേപങ്ങളും അതിനാധാരമായ വെള്ള പത്രവും എല്ലാംതന്നെ ഇറക്കിക്കൊണ്ട് ഈ ഒരു സ്ഥിതി യാതൊരു കാരണവശാലും യു. ഡി. എഫ്. ഭരണത്തിൽ ഉണ്ടാകില്ല എന്ന പ്രോമിസോടുകൂടിയാണ് അധികാരത്തിലേറിയത്. ഇപ്പോഴത്തെ നമ്മുടെ സ്ഥിതി എന്താണ്? 1991-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണം അവസാനിക്കുമ്പോൾ അന്ന് സംസ്ഥാനത്തിന്റെ കടം 4,100 കോടി രൂപയാണ്, അത് കഴിഞ്ഞ് 1996 ആയപ്പോൾ കടം 10,114 കോടി രൂപ ആയി, ഇടതുപക്ഷ ഗവൺമെൻറ് വന്നു വീണ്ടും അത് 23,000 കോടി രൂപയിൽ ചില്വാനമായി. 10,114 കോടി രൂപയിൽ നിന്ന് 23,919 കോടി രൂപ ആയി. വർദ്ധനവ് only 13,664 കോടി രൂപ 23,000, 23 000 എന്നു പറഞ്ഞുകൊണ്ട് അങ്ങനെ യെപ്പെടുത്തരുത്, സത്യം തുറന്നു പറയണം. ഇപ്പോൾ നിങ്ങൾ നാലു കൊല്ലമായപ്പോൾ തന്നെ എത്രയായി? 23,000 കോടി രൂപയിൽ നിന്ന് 43,154 കോടി രൂപയിൽ എത്തി. അപ്പോൾ 20,000-ൽപ്പരം കോടി രൂപയുടെ കടം ഈ നാല് കൊല്ലം കൊണ്ട് തന്നെ വരുത്തിയവരാണ് 13,664 കോടി രൂപ കടം വരുത്തിയവരെ കടക്കെണി, കടക്കെണി, വണ്ടിക്ക് പെട്രോളടിക്കാൻ കാശില്ല, മന്ത്രിമാർക്ക് ചായ കുടിക്കാൻ കാശില്ല എന്നെല്ലാം പറഞ്ഞ്, വെരട്ടുവാൻ നോക്കുന്നത്. യഥാർത്ഥ വസ്തുതകൾ പറയൂ, യഥാർത്ഥ വസ്തുതകൾ നമുക്ക് പരസ്പരം പറഞ്ഞിട്ട് കുറവുകളും തെറ്റുകളും ഓരോരുത്തരേയും സംബന്ധിച്ചുള്ളത് പരിഹരിച്ച് പോകുന്നതിനു വേണ്ടിയിട്ടുള്ള സദുദ്യമമാണ് നമുക്ക് നല്ലത്, അതിൽനിന്ന് വ്യത്യസ്തമായി വസ്തുതാ

LIBRARY ARCHIVES Kerala Legislative Assembly

വിരുദ്ധമായിട്ടുള്ള സമീപനം എടുക്കുന്നത് നല്ലതല്ല എന്ന് ഞാൻ ആദ്യമായി അനുസ്മരിപ്പിക്കട്ടെ. ഈ കഴിഞ്ഞ നാലു കൊല്ലക്കാലത്തെ സ്ഥിതി നോക്കിയാൽ 2001 മുതൽ 2005 വരെ തുടർച്ചയായി നടത്തിയ നാലു കൊല്ലത്തെ ഭരണകാലത്തെ പദ്ധതി നിർദ്ദേശം വെട്ടിക്കുറയ്ക്കൽ അവശേഷിച്ച തുക കൊണ്ടുള്ള വികസനം അതെല്ലാം ഓരോ കൊല്ലത്തേയും ഇപ്പോൾ ഞാൻ ഇവിടെ വിവരിക്കുന്നില്ല. 16,271 കോടി രൂപ നാലു വർഷമായി പദ്ധതി ചെലവുകൾക്കു വേണ്ടി അടങ്കൽ നിർദ്ദശിച്ചു. 2976 കോടി രൂപ ഓരോ വർഷവും വെട്ടിക്കുറച്ചതിന്റെ നാല് കൊല്ലത്തെ തുകയാണ് ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുന്ന 2976 കോടി രൂപ 16,271 കോടി രൂപ വികസനത്തിനു വേണ്ടിയുള്ള അടങ്കൽ നിർദ്ദേശിച്ചിട്ട് ഓരോ കൊല്ലവും വെട്ടിക്കുറച്ചതു കഴിച്ച് 13,295 കോടി രൂപ മാത്രമാണ് ഈ നാലു കൊല്ലംകൊണ്ട് നിങ്ങൾ ചെലവു ചെയ്തത്. ഈ നാലു കൊല്ലവും നമ്മുടെ ഗ്രാമങ്ങളുടെയും നഗരങ്ങളുടെയും വികസനത്തിനെ ആസ്പദമാക്കി നമ്മുടെ പ്രാദേശിക ഗവൺമെന്റുകൾ എന്ന് നാം വിശേഷിപ്പിക്കുന്ന പഞ്ചായത്തു മുതൽ കോർപ്പറേഷനും ജില്ലാ പഞ്ചായത്തും വരെയുള്ള സ്ഥാപനങ്ങൾക്ക്—ചെർക്കളം അബ്ദുള്ള പഞ്ചായത്ത് മന്ത്രിയായിരുന്ന കാലം മുതൽ ഇപ്പോൾ എന്റെ ബഹുമാന്യ സ്നേഹിതൻ കുട്ടി അഹമ്മദ് കുട്ടി പഞ്ചായത്ത് മന്ത്രിയായിരിക്കുന്ന ഈ നാലാം കൊല്ലംവരെ—നിങ്ങൾ നീക്കിവയ്ക്കുന്ന തുക എത്ര, അവസാനം കൊടുക്കുന്നത് എത്ര എന്ന് മനാക്കിയാൽ നാലിൽ മൂന്നു ഭാഗം ചെലവു ചെയ്യുന്നു, ഒരു ഭാഗം വെട്ടിക്കുറയ്ക്കുന്നു. അങ്ങനെ വികസനത്തിന്റെ ഏറ്റവും പ്രധാന മേഖലയായ ഗ്രാമങ്ങളുടേയും പട്ടണങ്ങളുടേയും വികസന കാര്യത്തിൽ നിങ്ങൾ ചെയ്യുന്നത്, നമ്മുടെ മുഖ്യമന്ത്രി രാവിലെ എഴുന്നേൽക്കുന്നത് 'വികസനം, വികസനം' എന്ന് പാടിക്കൊണ്ടാണ്. വൈകുന്നേരമാകുമ്പോൾ ആ വികസനത്തിന് തുരങ്കം വയ്ക്കുകയാണ്. നാലിൽ ഒരു ഭാഗം വെട്ടിക്കുറയ്ക്കുകയാണ്. അത് ഇടതുപക്ഷം ഭരിക്കുന്ന പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും മാത്രമാണോ? കോൺഗ്രസ്സും മുസ്ലീം ലീഗും കേരളാ കോൺഗ്രസും എല്ലാം നേതൃത്വം കൊടുക്കുന്ന പഞ്ചായത്തുകളിലെല്ലാംതന്നെ ഈ വെട്ടിക്കുറവിന്റെ ഓഹരി വരികയാണ്, ചോർന്നുപോകുകയാണ്. വികസനം, ഇതാണ് നിങ്ങളുടെ വികസനത്തിന്റെ രീതി. ജി.എം. വന്നു, ഇരുപത്തി ആറായിരത്തിൽപ്പരം കോടി രൂപയുടെ വികസനവുമായിട്ട് ലോകത്തിന്റെ നാനാ ഭാഗത്തുനിന്നും ആളുകൾ വരുന്നു എന്ന് പ്രചരിപ്പിച്ചു. ആ വലിയ പ്രചരണത്തിന്റെ യാതൊരു തരത്തിലുള്ള കാതലായ അനുഭവവും നമ്മുടെ കേരളത്തിൽ ഉണ്ടായിട്ടില്ല എന്നുള്ളതാണ് സത്യം. ഞങ്ങളും കൂടി വന്നാൽ ഇതെല്ലാം ശരിയാകുമെന്ന് പറഞ്ഞു, ഞങ്ങളും കൂടി വന്നു. എല്ലാ വിധത്തിലുള്ള പിന്തുണയും പ്രഖ്യാപിച്ചു, പക്ഷേ അനുഭവം നേരെ മറിച്ചായിരുന്നു എന്നത് നമ്മൾ കണ്ടതാണ്, ഇപ്പോൾ എന്റെ സ്നേഹിതൻ ബഹുമാനപ്പെട്ട ഡോ. കുട്ടപ്പൻ സ്മാർട്ട് സിറ്റിയെപ്പറ്റി ഇവിടെ വിവരിച്ചു. സ്മാർട്ട് സിറ്റിയെപ്പറ്റി വിവരിച്ചപ്പോൾ അതിൽ റിയൽ എസ്റ്റേറ്റിൽ എന്താണ് കുഴപ്പമെന്ന അഭിപ്രായം അദ്ദേഹം അമേരിക്കയുടെ അനുഭവമടക്കം ഉദ്ധരിച്ചു കൊണ്ട് ന്യായീകരിക്കുകയുണ്ടായി. ഞാൻ സ്നേഹിതൻ കുട്ടപ്പനോട് ചോദിക്കുകയാണ് നമ്മൾ 298 ഏക്കർ സ്ഥലം കൊടുത്തു, അവരുടെ കമ്പനിയിലെ ഷെയർ നമുക്ക് എത്രയാണ്? 9 ശതമാനം, ബാക്കി ആയിരത്തിമുന്നൂറിൽപ്പരം കോടി രൂപ എവിടെനിന്ന് ഉണ്ടാക്കുന്നു? അവർ മുടക്കുന്നതോ 9 ശതമാനമാണ്. 135 കോടി രൂപ നമ്മൾ കൊടുക്കുന്ന സ്ഥലത്തിന് ചെലവഴിച്ചിട്ട് അങ്ങനെയാണ്—136 കോടി രൂപയുടെ സഹായം, ആയിരത്തിയഞ്ഞൂറു കോടി രൂപ മൊത്തം മുടക്കുന്നതിനാൽ

LIBRARY ARCHIVES Kerala Legislative Assembly

ആയിരത്തിമുന്നൂറിൽപ്പരം കോടി രൂപ എവിടെനിന്ന് വരുന്നു, അവർ മുടക്കുകയാണോ? നമ്മൾ കൊടുക്കുന്ന ഭൂമി, ആ റിയൽ എസ്റ്റേറ്റ് കാരന്റെ സ്വതസിദ്ധമായ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ തുണ്ടു തുണ്ടായി വിറ്റ് അവിടെ കെട്ടിടം പണിയാൻ വാങ്ങുന്നവർക്ക് അനുവാദം നൽകി. അവസാനം ഈ ഭൂമിയെല്ലാം വിറ്റുകിട്ടുന്ന പണം, അതാണ് ഈ റിയൽ എസ്റ്റേറ്റുകാരായിട്ടുള്ള ഈ കമ്പനിക്കാരുടെ മുതൽ. നമ്മുടെ ഭൂമിയിൽ നിന്ന് ഉണ്ടാക്കുന്ന പണം, നമ്മൾ ആദ്യം കൊടുത്തതിന്റെ 9 ശതമാനം നമ്മൾ നേരിട്ട് പണമായിട്ട് കൊടുത്തതും പിന്നെ നമ്മൾ കൊടുക്കുന്ന സ്ഥലം അവർ തുണ്ട് തുണ്ടാക്കിവിറ്റ് ഉണ്ടാക്കുന്ന കാശും, അവർ ഒരു നയാപൈസ മുടക്കില്ല. അവനോ 91 ശതമാനം ഷെയർ. ഇങ്ങനെ നമ്മുടെതന്നെ ഭൂമിയെ ഉപയോഗിച്ചിട്ട്, രാജ്യത്തെ സഹോദരൻമാർ നമുക്ക് അവരോട് യാതൊരു ബഹുമാനക്കുറവുമില്ല. നമ്മൾ പൊറും കൊഞ്ഞൻമാരാണ് പുള്ളപ്പനും, ഞാനും കുഞ്ഞാലിക്കുട്ടിയും അതുപോലെയുള്ള ആളുകൾ പൊറും കൊഞ്ഞൻമാരാണെന്ന് പറയിപ്പിക്കാമോ? അപ്പോൾ ഈ നിലയിൽ സ്മാർട്ട് സിറ്റിയെ സംബന്ധിച്ച് ഞങ്ങൾ ഇവിടെയുള്ള ആളുകൾ ഒരു ചോദ്യം ചോദിക്കട്ടെയെന്നു വിചാരിച്ചിട്ട് ഒരു സെക്കൻറ് നിങ്ങളോടിരിക്കാൻ പറഞ്ഞിട്ട് നിങ്ങൾ ഇരുന്നില്ല. അതുകൊണ്ട് അതിന് തുനിയണ്ട. അപ്പോൾ ഞാൻ പറഞ്ഞുവരുന്നത് നമുക്ക് മുപ്പത്തിമൂവ്വായിരം ആളുകൾക്ക് തരാമെന്നു പറഞ്ഞ ജോലി തന്നില്ലായെങ്കിൽ എന്താണാവോ നഷ്ടപരിഹാരം, 20 കോടി രൂപ, എപ്പോൾ? 10 കൊല്ലം കഴിഞ്ഞിട്ട് നമ്മൾ കൊടുത്ത പണത്തിന്റെ പലിശപോലും ആകുന്നില്ല ഈ ഇരുപത് കോടി രൂപ. ഈ നിലയിലുള്ള ഓഫറുകളേയാണ്, നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതെല്ലാമായി, കച്ചവടമേതാണ്ട് ഉറപ്പിച്ചു എന്നാണ് അദ്ദേഹത്തിന്റെ ലേഖനം വായിച്ചപ്പോൾ എനിക്ക് മനസ്സിലായത്. അദ്ദേഹത്തിന്റെ ആ ലേഖനത്തിൽക്കൂടി പുറത്തു വിട്ടിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് മുഖ്യമന്ത്രിയുടെ കൂടുതൽ വിശദീകരണം ലഭിച്ചാലല്ലാതെ അതുസംബന്ധിച്ച് മറൊരു നിഗമനത്തിൽ എത്താൻ കഴിയില്ലായെന്ന് ഞാൻ ഈ അവസരത്തിൽ അനുസ്മരിക്കുന്നു. ഈ 50 മാസക്കാലത്തെ ഖനനത്തിനിടയിൽ നമ്മുടെ കേരളത്തിൽ ഇതിനകം സംഭവിച്ചിട്ടുള്ളതെന്താണ്? 15 ലക്ഷം ആളുകൾക്ക് തൊഴിൽ നൽകുമെന്ന് മാനിഫെസ്റ്റോയിൽ പ്രഖ്യാപിച്ചുകൊണ്ട് അധികാരത്തിൽ വന്ന നിങ്ങൾ ഈ നാലു കൊല്ലം പിന്നിട്ടപ്പോൾ കേരളത്തിൽ സംഭവിച്ചിരിക്കുന്നത് എന്താണ്? എഴുപത്തിയെണ്ണായിരത്തോളം ചെറുകിട വ്യവസായങ്ങൾ ഈ കാലയളവിൽ പൂട്ടിയിരിക്കുകയാണ്. ഞാൻ പ്രതിനിധാനം ചെയ്യുന്ന പാലക്കാട് മാത്രം പന്തീരായിരം ചെറുകിട ഫാക്ടറികൾ, ചെറുതും വലുതുമായിട്ടുള്ളതും ഇരുനൂറോളം മാറ് ഫാക്ടറികളുമടച്ചതു മൂലം അവിടെ പതിനായിരക്കണക്കിന് തൊഴിലാളികളാണ് തെരുവിൽ എറിയപ്പെട്ടത്. കേരളത്തിൽ ലക്ഷക്കണക്കിന് തൊഴിലാളികൾ ഈ എഴുപത്തിയെണ്ണായിരത്തോളം ചെറുകിട വ്യവസായങ്ങളും അതുപോലെ കുറേ മേഖലകളിലുള്ള വ്യവസായങ്ങളും പൂട്ടിയതിന്റെ ഫലമായി തെരുവിലെറിയപ്പെട്ടിരിക്കുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. അതുപോലെതന്നെ അഞ്ചു ലക്ഷം പേർക്ക് സ്ഥിരം തൊഴിൽ, പതിനഞ്ചു ലക്ഷം പേർക്ക് താൽക്കാലിക തൊഴിൽ, എന്നുപറഞ്ഞ് തിരഞ്ഞെടുപ്പിനെ നേരിട്ട് അധികാരത്തിൽ വന്നതിനുശേഷം നിങ്ങൾ നിയമനനിരോധനം പ്രഖ്യാപിച്ചു. അതിന്റെ ഫലമായി നിരവധി ചെറുപ്പക്കാർക്കും ചെറുപ്പക്കാരികൾക്കും സാധാരണ കാലത്ത് റിട്ടയർ ചെയ്തുപോകുന്ന ഉദ്യോഗസ്ഥയുടേയും ഉദ്യോഗസ്ഥന്റെയും സ്ഥാനത്ത് സർക്കാർ പി. എസ്. സി. വഴി നിയമിച്ചുവരുന്ന നിയമനങ്ങളൊന്നും നടന്നിട്ടില്ല. അതിന്റെ ഫലമായി പതിനായിരക്കണക്കിന് ആളുകൾക്കാണ്

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ നിഷേധിക്കപ്പെട്ടത് എന്ന സത്യം നിങ്ങളിപ്പോഴെങ്കിലും ഓർക്കുമോ? എന്റെ സ്നേഹിതൻ രമേശ് ചെന്നിത്തല ഓടുന്നത് എന്തു പറഞ്ഞുകൊണ്ടാണ്? അദ്ദേഹം ചൈതന്യ രഥയാത്രയായിട്ടാണ് പോകുന്നത്. മുഖ്യമന്ത്രിയോ 'അതിവേഗം ബഹുദൂരം' ഇങ്ങനെ നിങ്ങളും രണ്ടുകൂട്ടരും കൂടി, ഈ ബാക്കി പത്തു മാസംകൊണ്ട് ഈ നാടിനെ സ്വർഗ്ഗലോകമാക്കാൻ വേണ്ടി ദ്രുതനിശ്ചയം എടുത്തുകൊണ്ടുള്ള ഒരു പ്രയാണമാണ് തുടങ്ങിയിട്ടുള്ളത്. ആകട്ടെ; അതെല്ലാം നിങ്ങളൊന്ന് ചിന്തിക്കാൻ വേണ്ടി ഞാൻ ആ കാര്യം ഓർമ്മിപ്പിക്കുന്നു എന്നേയുള്ളൂ. നിങ്ങളും അങ്ങനെ ചിന്തിക്കാനാകുമോ എന്നുള്ള തെറ്റിദ്ധാരണയൊന്നും എനിക്കില്ല. ഈ നാട്ടിലെ കാർഷിക മേഖലയിലും വ്യാവസായിക

3 P. M.] മേഖലയിലും വിദ്യാഭ്യാസ മേഖലയിലും ആരോഗ്യ മേഖലയിലും എടുത്തുകൊണ്ടിരിക്കുന്ന നയസമീപനങ്ങളുടെ പാളിച്ചകളും ഈ കഴിഞ്ഞ 50 മാസമായി ജനങ്ങളും നല്ലതുപോലെ മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു. അതിന്റെ ഫലമായി നിങ്ങളോട് കാണിച്ചിട്ടുള്ള അങ്ങേയറ്റത്തെ സ്നേഹവാൽസല്യങ്ങളുടെ ഒന്നാംതരം തെളിവല്ലേ നിങ്ങൾക്ക് ഏറ്റവും കൂടുതൽ ശക്തിയുണ്ടായിരുന്ന, കൊച്ചിയിലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ അന്നത്തെ മുഖ്യമന്ത്രി ശ്രീ. ആന്റണി ആലുവ മുനിസിപ്പൽ ചെയർമാനെ പൊക്കിക്കൊണ്ട് എന്റെ സ്വന്തം സ്ഥാനാർത്ഥിയെന്ന് പറഞ്ഞുകൊണ്ട് അവതരിപ്പിച്ചെങ്കിലും നാട്ടിലെ ജനങ്ങളുടെ സ്നേഹാദരങ്ങൾ കണ്ടില്ലേ? നിങ്ങൾ തോറ്റു. ഇടതുപക്ഷം ജയിച്ചു. അതു കഴിഞ്ഞാണല്ലോ പാർലമെന്റിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് വന്നത്. അതിനുശേഷമുള്ള ജനങ്ങളുടെ സ്നേഹാദരങ്ങൾ പ്രകടമായി. 17 എണ്ണം കോൺഗ്രസ്, 2 എണ്ണം മുസ്ലീംലീഗ്, ഒന്ന് മാണി കോൺഗ്രസ്, അങ്ങനെ 20-ൽ 19-ലും തോറ്റില്ലേ? അതിൽ 18-ലും ഇടതുപക്ഷം ജയിച്ചു. ഇവിടെ നിങ്ങളോടുള്ള ജനങ്ങളുടെ സ്നേഹാദരങ്ങളുടെ വലിപ്പം രണ്ടായതും കണ്ടു. മൂന്നാമത് അഴീക്കോടും കൂത്തുപറമ്പും. ചരിത്ര വിജയം. ഇതെല്ലാംകൂടി ഒന്ന് ഓർത്തിട്ടുവേണം അവശേഷിക്കുന്ന 10 മാസത്തെപ്പറ്റി ചിന്തിക്കാൻ. അപ്പുറത്തിരിക്കുന്ന സ്നേഹിതൻമാർ വളരെയധികം വിശദമായും ദീർഘമായും— ബാബുവും അബ്ദുള്ളയും എല്ലാം—എന്തെല്ലാം വിധത്തിൽ ഞങ്ങളെ കുത്താനും ഇരുത്താനും കഴിയുമോ, ആ വിധത്തിലും അതിന്റെ എല്ലാം കൂടെ അപ്പുറത്ത് കൂടുതൽ ആളുകൾ ഉള്ളതുകൊണ്ട് നിങ്ങൾക്ക് കൂടുതൽ സംസ്കരിക്കാനുള്ള അവസരവും ഉണ്ടായി എന്ന കാര്യം ഞങ്ങൾ മറക്കുന്നില്ല. നിങ്ങൾക്ക് എന്തെങ്കിലും ഒക്കെ പറഞ്ഞാൽ മനസ്സിന് സുഖം ഉണ്ടാകുന്നു എന്നു ആരെങ്കിലും ഒക്കെ കരുതുന്നുണ്ടെങ്കിൽ, അതിൽ എനിക്ക് തെറ്റ് പറയാനുണ്ടോ?

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് ഞങ്ങളുടെ പേരിൽ വളരെയധികം വേദനിക്കുന്നുണ്ട്. അങ്ങയുടെ പേരിൽ പോളിറ്റ് ബ്യൂറോ എന്തോ നടപടി സ്വീകരിക്കാൻ പോകുന്നു എന്ന് വാർത്തകളുണ്ട്. അടുത്ത സഭ ചേരുമ്പോൾ അങ്ങ് ഈ സഭയിൽ ഉണ്ടാകുമോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, നിങ്ങളെപ്പറ്റി ഞാൻ ഇങ്ങനെ ദുഃഖം പേറുന്നു! എന്നു പറയുന്നതുപോലെതന്നെ എന്റെ സ്നേഹിതൻ ശ്രീ. കെ. സി. ജോസഫ് എന്നെപ്പറ്റി ഒരുതരത്തിലും വിഷമിക്കേണ്ട. അത് ഞാൻ തന്നെ നോക്കിക്കൊള്ളാം. നിങ്ങളുടെ ഭരണത്തിന്റെ ചെയ്തികളെ സംബന്ധിച്ചാണ് പറയുന്നത്, നമ്മുടെ സംസ്ഥാനത്തെ മുഖ്യവിഭാഗമായ കൃഷിക്കാർ. ബഹുമാനപ്പെട്ട പ്രസിഡന്റ് അദ്ദേഹത്തിന്റെ പത്തിനപരിപാടിവഴി കേരളത്തെ സമൃദ്ധരിക്കാൻ ചുണ്ടിക്കാണിച്ച

LIBRARY ARCHIVES Kerala Legislative Assembly

10 ഇനങ്ങളിൽ—പത്തറുപതു ലക്ഷത്തോളം വരുന്ന പാവപ്പെട്ട കർഷകരും 20 ലക്ഷത്തിലധികം വരുന്ന കർഷകത്തൊഴിലാളികളും അദ്ദേഹത്തിന് ഇതെല്ലാം ഉപദേശിച്ചു നിർദ്ദേശം കൊടുത്ത മാന്യൻമാർ കൊടുക്കാതിരുന്നതിന്റെ ഫലമായി അദ്ദേഹത്തിന്റെ പത്തിനങ്ങളിൽ ഇതില്ല. അതുപോലെതന്നെയാണ് കേരളത്തിലെ പരമ്പരാഗത തൊഴിലാളികളും. നാലു-നാലര ലക്ഷത്തോളം വരും. കയർ ഫാക്ടറികളിലെ തൊഴിലാളികളും, കയർ പിരിക്കുന്നവർ, കശുവണ്ടി മേഖലയിലെ 3 ലക്ഷത്തോളം തൊഴിലാളികളും, ഫിഷറീസ് മേഖലയിലെ ഒന്നേമുക്കാൽ ലക്ഷത്തോളം വരുന്ന തൊഴിലാളികളും, ഖാദി, ബീഡി എന്നിങ്ങനെ കേരളത്തിലെ പരമ്പരാഗത തൊഴിലാളികളും ഈ കഴിഞ്ഞ നാലര കൊല്ലത്തെ ഭരണത്തിന്റെ ഫലമായിട്ടനുഭവിച്ച പ്രതിസന്ധിയും പട്ടിണിയും ക്ലേശങ്ങളും പ്രസിഡന്റിന്റെ പത്തിനങ്ങളിലില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതു രണ്ടുംകൂടെ ഇരിക്കട്ടെ എന്നുള്ള നിലയിൽ അദ്ദേഹം പട്ടിണിയും കൂടെ ചേർത്ത് 3 പൈറാം ചേർത്തിട്ടുണ്ട്. അതെല്ലാം നമുക്ക് ഇതിനെ സംബന്ധിച്ച് ചർച്ച ചെയ്യുന്ന സമയത്ത് വിശദമായി ചർച്ച ചെയ്യാം. ആ നിലയ്ക്ക്, കേരളം ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് നിങ്ങൾക്ക് കഴിഞ്ഞ 50 മാസം കാര്യമായിട്ട് ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് സത്യമല്ലേ? കേന്ദ്ര ഗവൺമെൻറ് കൃഷിക്കാരെ സഹായിക്കാൻവേണ്ടി 136 കോടി രൂപ തന്നിട്ട് ആ പൈസയോ കേരള ഗവൺമെൻറ് കൃഷി വകുപ്പിനുവേണ്ടി എന്നു പറഞ്ഞ് 319 കോടി രൂപ മാറി വച്ചിട്ട് ആ തുകയുടെ നാലിലൊന്ന് അംശമോ കർഷകരുടെ പുരോഗതിക്കുവേണ്ടി നീക്കിവച്ചിട്ടുള്ളത് ചെലവ് ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ? ശ്രീമതി കെ. ആർ. ഗൗരിയമ്മ അനുധാവനം ചെയ്തിരിക്കുന്നു. ഞാൻ പറഞ്ഞ തുകയിൽ വ്യത്യാസം ഉണ്ടെങ്കിൽ ഞാൻ കറക്ട് ചെയ്യാം. 319 കോടി രൂപ കൃഷിവകുപ്പിനുവേണ്ടി ബഡ്ജറ്റിൽ നീക്കി വച്ചിട്ടുണ്ടെന്ന് പറഞ്ഞപ്പോൾ, കൃഷി വകുപ്പുമന്ത്രി അനുധാവനം ചെയ്തിരിക്കുന്നു. കേരള ഗവൺമെൻറും കേന്ദ്ര ഗവൺമെൻറും നീക്കി വച്ച തുകപോലും പാവപ്പെട്ട കർഷകർക്കുവേണ്ടി നൽകാൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് സത്യമാണ്. കോട്ടയത്തും പാലക്കാട്ടും കുട്ടനാട്ടിലുമുള്ള നെൽകൃഷിക്കാർ വിഷമത്തിലാണ്. അവർ ഉൽപ്പാദിപ്പിച്ച്, കൃഷി ചെയ്ത്, കൊയ്ത് മെതിച്ചു കഴിഞ്ഞിട്ടുള്ള നെല്ലിന് വില പ്രഖ്യാപിച്ചു എങ്കിലും അത് സംഭരിക്കാതെ വിഷമകരമായ സ്ഥിതിയെ നേരിടുന്നു. ഇതെല്ലാം നമ്മൾ ഇവിടെ ചർച്ച ചെയ്തിട്ടുണ്ട്. കർഷകരുടെ സ്ഥിതി മാത്രമല്ല, പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ സ്ഥിതിയും ഇതുതന്നെയാണ്. എല്ലാം അടച്ചുപൂട്ടുകയാണ്. പൊതുമേഖലയിലെ അഞ്ചോളം സ്ഥാപനങ്ങളാണ് അടച്ചു പൂട്ടിക്കഴിഞ്ഞു. ഭാഗികമായി പലതും അടച്ചു പൂട്ടിയിരിക്കുകയാണ്. കേന്ദ്രത്തിൽ ബി.ജെ.പി. അധികാരത്തിലിരുന്ന കാലത്താണ് അടച്ചു പൂട്ടൽ തുടങ്ങിയതെങ്കിൽ വീണ്ടും ശ്രീ. മൻമോഹൻസിംഗിന്റെ നേതൃത്വത്തിലുള്ള ഗവൺമെൻറ് ഇടതുപക്ഷത്തിന്റെ പിന്തുണയോടുകൂടി അധികാരത്തിൽ വന്നതിനുശേഷം അടച്ചുപൂട്ടൽ ഇനിയും തുടരുന്നതല്ല എന്നു പ്രഖ്യാപിച്ചു. ഞങ്ങൾ ഇവിടെ പ്രതിപക്ഷത്തുനിന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിച്ച അവസരത്തിൽ, ശ്രീ. ആൻറണിയെ തുടർന്ന് ശ്രീ. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായി തുടർന്നിരുന്നാലും ഈ അടച്ചുപൂട്ടൽ തുടരുമോ എന്നു ചോദിച്ചപ്പോൾ, അടച്ചുപൂട്ടൽ തുടരുന്നതല്ല എന്ന് ഞങ്ങൾക്ക് ഉറപ്പു നൽകിയിരുന്നെങ്കിലും അടച്ചുപൂട്ടൽ തുടർന്നുകൊണ്ടിരിക്കുകയാണ്. അങ്ങനെ കേരളത്തിലെ മുഖ്യ ജനവിഭാഗമായ കർഷകരേയും വ്യവസായങ്ങളിലെ തൊഴിലാളികളേയും പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളികളേയും പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികളേയും,

LIBRARY ARCHIVES Kerala Legislative Assembly

ഇവരുടെ എല്ലാംതന്നെ ജീവൽപ്രധാനമായ പ്രശ്നത്തിന് പരിഹാരം കാണുക എന്നുള്ളതല്ലേ നമ്മുടെ നാട്ടിന്റെ വികസനം എന്നു പറയുമ്പോഴും പ്രധാനമായിട്ടുള്ളത്? ഇക്കാര്യത്തിൽ നിങ്ങൾക്ക് വിജയം വരിക്കാൻ കഴിഞ്ഞിട്ടില്ല എന്നു മാത്രമല്ല ദയനീയമായ പരാജയമാണ് നിങ്ങൾക്ക് സംഭവിച്ചത്. ഏതൊരു ന്യായീകരണങ്ങളും നടത്താൻ ശ്രമിച്ചാലും നിങ്ങൾ വിജയിക്കുന്നതല്ല എന്ന് ഞാൻ ഈ അവസരത്തിൽ അനുസ്മരിപ്പിക്കട്ടേ. നമ്മുടെ ഖജനാവിലേയ്ക്ക് വരേണ്ടുന്ന പണം വേണ്ടതുപോലെ സമാഹരിക്കാൻ കഴിയുന്നുണ്ടോ? ഇല്ല, എന്നാണ് എന്റെ വിമർശനം. ഓൺലൈൻ ലോട്ടറിയുടെ പേരിൽ ദിവസവും 15 ലക്ഷം ആളുകളെ ചതിക്കുകയാണ്. അതിനെതിരായി ജനങ്ങളുടെ രോഷം വന്നു. അവർക്ക് ലഭിക്കേണ്ടതായ നികുതി സംഭരിക്കാൻ കഴിഞ്ഞിട്ടില്ല എന്ന വിമർശനം വന്നു. അതു സംബന്ധിച്ച് സുപ്രീംകോടതിയിൽ കേസുണ്ടായി. നമ്മുടെ ഡി.ജി.പി.-ക്കും ചീഫ് സെക്രട്ടറിക്കും അവിടെപ്പോയി മാപ്പ് പറഞ്ഞ് നിൽക്കേണ്ടതായി വന്നു. ഇതെല്ലാംതന്നെ അവരും നിങ്ങളും തമ്മിലുള്ള കേസിന്റെ സ്ഥിതിയാണ്. എന്നാൽ ഇപ്പോൾ ഹൈക്കോടതി ഓൺലൈൻ ലോട്ടറി നിരോധിച്ചു. അതുയും നല്ലത്. ചിലപ്പോൾ അത് നിൽക്കില്ലായിരിക്കും. സുപ്രീംകോടതിയിൽ വീണ്ടും വന്നേക്കും. ഓൺലൈൻ ലോട്ടറി മാത്രമല്ല പേപ്പർ ലോട്ടറിയും ഇപ്പോഴും അനുസ്യൂതമായി ഇവിടെ വിൽപ്പന നടത്തുകയാണ്. ആഴ്ചയിൽ ഒരു ദിവസമേ കുറിയിടൂ എന്ന് പറഞ്ഞിട്ടുണ്ടെങ്കിലും എല്ലാ ദിവസവും അവർ കുറിയെടുക്കുകയാണ്. അത് നിരോധിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോടാണ് ആവശ്യപ്പെടേണ്ടത് സംസ്ഥാന ഗവൺമെന്റാണ്. അവർ ടിക്കറ്റ് വിൽക്കുമ്പോൾ അതിൽനിന്ന് നമ്മൾ നികുതി പിരിക്കുകയാണ്. എന്നു പറഞ്ഞാൽ കച്ചവടം നടത്തിക്കോ എന്നാണല്ലോ അതിനർത്ഥം? കേന്ദ്ര ഗവൺമെന്റിനോട് നമ്മൾ നിരോധിക്കണമെന്ന് ആവശ്യപ്പെടുകയും അതേ സമയം തന്നെ ടിക്കറ്റ് വിൽപ്പന നടത്തുമ്പോൾ ആ ടിക്കറ്റിന് നമ്മൾ നികുതി പിരിക്കുകയും ചെയ്യുമ്പോൾ, അതിന്റെ അർത്ഥം നടത്തിക്കോ എന്നാണല്ലോ? അതു തന്നെ അവർ നമുക്ക് നൽകിയിരിക്കുന്ന പ്രോമിസ് നടപ്പിലാക്കി കൊണ്ടാണോ? അല്ല തന്നെ. ആഴ്ചയിൽ ഒരു ദിവസമേ കുറിയെടുക്കൂ എന്നുള്ളത് 7 ദിവസവും എടുത്തുകൊണ്ടിരിക്കുകയാണ്. ടിക്കറ്റിന്റെ രേഖകളൊക്കെ എന്റെ കയ്യിലുണ്ട്. അതിന്റെ വിശദാംശങ്ങളിലേക്കൊന്നും ഞാൻ പോകുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് അതെല്ലാം അറിയാമെന്ന് ഞാൻ കരുതുന്നു. ആ നിലയിൽ സംസ്ഥാനത്തിന് വരേണ്ടതായിട്ടുള്ള നികുതി നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്, അപഹരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്, ചോർത്തിക്കൊണ്ടിരിക്കുകയാണ്. അത് നിങ്ങൾക്ക് ന്യായമായ നിലയിൽ സംരക്ഷിക്കാൻ കഴിയുന്നില്ല എന്ന സത്യംകൂടി നാം മനസ്സിലാക്കണം. ഈ നിലയിൽ ഈ ഗവൺമെന്റിന്റെ കാരോ പ്രശ്നവും നോക്കുമ്പോൾ നിങ്ങൾക്ക് ന്യായീകരിക്കാൻ കഴിയാത്ത സംഭവങ്ങളാണ് ഒന്നിനു പുറകെ ഒന്നായി ഉണ്ടായിക്കൊണ്ടിരിക്കുന്നത്. നമ്മൾ ഇന്നലെ ചർച്ച ചെയ്യാൻ ഭാഗ്യവശാലോ നിർഭാഗ്യവശാലോ ഇടയായിട്ടുള്ള കണിച്ചുകുളങ്ങര ആസൂത്രിതമായിട്ടുള്ള കൊലയിൽ മരണപ്പെട്ട രമേശിന്റെ ഭാര്യയും കുട്ടികളും രമേശിന്റെ സഹായത്തോടെയും സംരക്ഷണത്തോടുംകൂടി അനാഥാലയത്തിൽ കഴിഞ്ഞിരുന്ന കുട്ടികളുടെയുമെല്ലാം ഒരു സത്യാഗ്രഹം നമ്മുടെ സെക്രട്ടേറിയറ്റിന്റെ വാതിൽക്കൽ നടക്കുന്നത് അറിയാനിടയായി. ഞാനും അവിടെപ്പോയി കാണാനിടയായി. അങ്ങനെയുള്ള ചിട്ടി കമ്പനികളും നിക്ഷേപകരെ കബളിപ്പിച്ച് വലിയ പലിശ (24%) വാഗ്ദാനം ചെയ്യുമ്പോൾ അതിൽ ആളുകൾ ആകർഷിക്കപ്പെടുന്നു. സഹകരണ സംഘങ്ങൾതന്നെ ഏതാണ്ട് 8% പലിശയാണ് കൊടുക്കുന്നത്. അവസാനം നിക്ഷേപം കിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

നിക്ഷേപകരെ ഭീഷണിപ്പെടുത്താൻവേണ്ടി ഗുണ്ടാസംഘങ്ങളും തന്നെയുണ്ട്. അവർ ഈ ചിട്ടി കമ്പനികളെ വളർത്തിയെടുക്കുകയാണ്. പേരുകേട്ട പല ചിട്ടി കമ്പനികളും ഇക്കൂട്ടത്തിലുണ്ട്. നമ്മുടെ മന്ത്രിമാരുമായി ബന്ധപ്പെട്ട ചില ചിട്ടി കമ്പനികളും ഇതിൽപ്പെടുന്നതാണ്. അങ്ങനെയുള്ള ചിട്ടി കമ്പനികളുടെ ഗുണ്ടാവാഴ്ച വർദ്ധനത്തിൽ നടക്കുകയാണ്. നമ്മുടെ ഗവൺമെൻറിന് അത് നിയന്ത്രിക്കാൻ കഴിയുന്നില്ല. അതുപോലെതന്നെ പല മാഫിയകളും, ഞങ്ങളും കൂടെക്കൂടെ പറയാറുള്ളതാണ്. 400 കോടി രൂപയുടെ ആസ്തിയുള്ള വിഴിഞ്ഞത്തെ സർക്കാർ വക ഭൂമിയിലെ ഐ.ടി.ഡി.സി.യുടെ കെട്ടിടം വിലയ്ക്ക് വാങ്ങിയ ആളെന്നെ കോവളത്തെ ഹാൽസിയോൺ കൊട്ടാരവും വളഞ്ഞുപിടിച്ചു. അതിനെതിരായി പ്രതിഷേധത്തിന്റെ ചെറുവിരൽപോലും അന്ന് രേണുക്കാരുടെ ഭാഗത്തു നിന്നുണ്ടായില്ല. ഇവിടെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ശക്തമായ സമരം ഏതാണ്ട് 6 മാസം പ്രതിഷേധം നടത്തിയതിനു ശേഷമാണ് തിരുവനന്തപുരം ജില്ലാ കളക്ടർ ഇത് സർക്കാരിന്റേതാണെന്ന് പറഞ്ഞ് ഒരു കടലാസ് കൊണ്ടുവന്ന് അതിന്റെ മുഖത്ത് ഒട്ടിച്ചത്. ഇപ്പോഴും നിയമം കൊണ്ടുവന്ന് സർക്കാരിന്റേതാക്കി. അതെയും നല്ലത്. സർക്കാരിന്റേതായിട്ടുള്ള സ്ഥലത്ത് കയ്യേറ്റം നടത്തുമ്പോഴും അതിനെ ചോദ്യം ചെയ്യാൻ ഒരു ഗവൺമെൻറ് ഇവിടെയുണ്ടായില്ല. അതുപോലതന്നെ നമ്മുടെ പുറമ്പോക്ക് ഭൂമികളും ഓരോരുത്തരായി കയ്യേറുകയാണ്. അതിനെ ചോദ്യം ചെയ്യാൻ ആളില്ല. അതുപോലെതന്നെ ടാറാ ടി കമ്പനി കയ്യേറി എടുത്ത 50,000 ഏക്കറിൽപ്പരം ഭൂമി കേരളത്തിലെ 2 അഷ്വറൻസ് കമ്മിറ്റികളും എന്റെ ബഹുമാന്യ സ്നേഹിതൻമാരായ സൂപ്പിയും ഇസ്ഹാക്ക് കുരിക്കളും ചെയർമാനായിട്ടുള്ള ആ കമ്മിറ്റിതന്നെ അനധികൃതമായിട്ടാണ് ടാറാ ഭൂമി കൈവശം വച്ചിരിക്കുന്നത്, അത് തിരിച്ചെടുക്കണമെന്ന് പറഞ്ഞ് സംസ്ഥാന ഗവൺമെൻറിനെ അറിയിച്ചു. ഒരു ചെറുവിരൽ അനക്കിയിട്ടില്ല. ഈ നിലയിൽ 50,000 ഏക്കർ ഭൂമി കയ്യേറി എടുത്തുവെന്ന് മാത്രമല്ല അതിനടുത്തുള്ള സർക്കാർ ഭൂമികളും നമ്മുടെ ബഹുമാനപ്പെട്ട റവന്യൂ മന്ത്രിയുടെ പിൻതുണയോടുകൂടി ആയിരക്കണക്കിന് പട്ടയങ്ങൾ പിന്നെയും പോയി. പട്ടയം കള്ളമാണോ വെള്ളയാണോ എന്ന് അറിഞ്ഞുകൂടാ. മതികെട്ടാനിൽ ആദ്യമുണ്ടായതുപോലെയുള്ള പട്ടയങ്ങൾ ഇപ്പോഴും അവിടെയും ദേവികുളത്തും പീരുമേട്ടിലും വാഗമണ്ണിലും എല്ലാം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അത് തടയാൻ കഴിയുന്നില്ല. ഇവിടെ ഒരു സർക്കാരുണ്ടോ എന്ന് ആളുകൾ ചോദിക്കുകയാണ്. ഈ കേരളത്തിലെ മൂന്ന് കോടിയിൽപ്പരം ജനങ്ങളുടെ ഭൂമിയാണ്. ഇത്തരത്തിലുള്ള കയ്യേറ്റങ്ങളെ തടയാൻ നിങ്ങൾ യാതൊരു തരത്തിലുള്ള നടപടികളും എടുക്കുന്നില്ല. അതിലെ ഓരോ സെൻറ് ഭൂമിക്കും ഈ സംസ്ഥാനത്തിലെ ജനങ്ങൾക്ക് അവകാശമുണ്ട്. അതൊന്നും നിങ്ങൾക്ക് കൈകാര്യം ചെയ്യാൻ കഴിയുന്നില്ല. 14 വയസ്സ് പോലും കഴിയാത്ത പെൺകുട്ടികളെ പെൺവാണിഭം നടത്തുന്ന നരാധമൻമാരായിട്ടുള്ള ആളുകൾ ഇപ്പോഴും വിഹരിക്കുകയാണ്. അവരെ നിയന്ത്രിക്കാനോ അവർക്കെതിരായി ന്യായമായ നിലയിൽ കേസെടുക്കാനോ കഴിയുന്നില്ല. കൊട്ടിയം പെൺവാണിഭ കേസിൽ മരണപ്പെട്ട കുട്ടി മരിക്കുന്നതിനുമുമ്പ് അവരെ ഇൻറർവ്യൂ ചെയ്ത ഏതാനും വനിതാ പത്രപ്രവർത്തകർ ഇൻറർവ്യൂവിന്റെ ടേപ്പ് എനിക്ക് തരികയും ഞാനത് മുഖ്യമന്ത്രിക്ക് ഹാൻഡ് ഓവർ ചെയ്യുകയും ആവശ്യമായ നടപടിയെടുക്കാമെന്ന് എന്നോട് പറയുകയും ചെയ്തുവെങ്കിലും അതിനെപ്പറ്റി യാതൊരു നടപടിയും എടുത്തിട്ടില്ല. ഈ തരത്തിൽ പെൺവാണിഭക്കാരോട് നിങ്ങൾ കാണിച്ചുകൊണ്ടിരിക്കുന്ന സൗജന്യം അവർ കേരളത്തിന്റെ നരാധമൻമാരാണെന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

വസ്തുത മനസ്സിലാക്കിക്കൊണ്ടുവേണം, കേരളത്തിന്റെ സ്ത്രീത്വത്തെ അപമാനിക്കുന്നവരാണെന്നുള്ള യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ട് വേണം നിങ്ങൾ അത്തരക്കാരെ സംരക്ഷിക്കാൻ എന്ന് ഞാൻ ഈ അവസരത്തിൽ നിങ്ങളെ അനുസ്മരിപ്പിക്കുകയാണ്. അതുപോലെതന്നെ നിങ്ങൾ ഈ അഴിമതിക്കെതിരായി വലിയ രോഷപ്രകടനം നടത്തുന്നു. ഞാൻ ചോദിക്കുകയാണ്, സുഹൃത്തുക്കളെ ശ്രീ. സി. വി. പത്മരാജൻ മന്ത്രിയായിരുന്ന കാലത്ത് ഒരു പദ്ധതി നടപ്പാക്കലുമായി ബന്ധപ്പെട്ട് കൊടുത്ത അഴിമതിയെ സംബന്ധിച്ച്, ടോസ്ക്കറൻ നമ്പ്യാർ കമ്മീഷൻ 100 കോടിയിപ്പുറം രൂപയുടെ അഴിമതി ബ്രഹ്മപുരം വൈദ്യുതി നിലയത്തിന്റെ കാര്യത്തിലുണ്ടായിട്ടുണ്ട് എന്ന് രേഖപ്പെടുത്തി. അതു സംബന്ധിച്ചുള്ള കേസിന്റെ എഫ്.ഐ.ആർ. തയ്യാറാക്കിക്കൊണ്ടിരിക്കുമ്പോഴേക്കും ഗവൺമെന്റ് മാറി, നിങ്ങളുടെ ഗവൺമെന്റ് വന്നു. നാല് കൊല്ലമായിട്ട് ആ കേസ് ഒരു ഇഞ്ച് നീങ്ങിയിട്ടുണ്ടോ? അത് അഴിമതിക്കാരന്റെ കേസിൽപ്പെടുത്താൻ, വിജിലൻസ് കോടതിയിൽ കൊണ്ടുവരാൻ നിങ്ങൾ എന്തു ചെയ്തു? ഒന്നും ചെയ്തില്ല എന്നു മാത്രമല്ല കഴിഞ്ഞ അസംബ്ലിയിൽ ഞാൻ ഇത് സൂചിപ്പിച്ചു എന്നുള്ളതുകൊണ്ട് അദ്ദേഹത്തെ ആ കേസിൽനിന്ന് ഒഴിവാക്കാൻ വേണ്ടിയുള്ള പരിശ്രമമാണ് നമ്മുടെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇപ്പോൾ നടക്കുന്നതെന്നാണ് മനസ്സാലാക്കാൻ കഴിഞ്ഞത്. അഴിമതി വിരോധികളെ; ഹരിശ്ചന്ദ്രൻമാരെ; ഇത് നല്ലതാണോ എന്ന് നിങ്ങൾ ചിന്തിക്കണം. ചിന്തിച്ചിട്ട്, എസ്.എൻ.സി. ലാവ്‌ലിനെപ്പറ്റി തൊടുത്തു വിടുന്നത് അതിനു ശേഷമായിരിക്കില്ലേ നല്ലത് എന്ന് ഞാൻ ചോദിക്കുകയാണ്: അതു സംബന്ധിച്ച് പ്രിലിമിനറി റിപ്പോർട്ട് വന്നിട്ടുണ്ട്. അതിന്റെ ഗൗരവം ഞങ്ങൾ ഒട്ടും കുറച്ച് കാണുന്നില്ല. ആ റിപ്പോർട്ട് ശരിയായ തരത്തിൽ വരണമെന്നുണ്ടെങ്കിൽ സി. ആൻഡ് എ. ജി.-യുടെ റിപ്പോർട്ട് വരാതെ സാധിക്കുമോ? ആ റിപ്പോർട്ടുംകൂടി വരുമ്പോൾ നമുക്ക് അതു സംബന്ധിച്ച് തെറ്റോ ശരിയോ എന്ന് തീരുമാനിക്കാം. ഇത് സി. ആൻഡ് എ. ജി.-യുടെ റിപ്പോർട്ടാണ്. പാമോയിലിന്റെയും അതുപോലെതന്നെ മുകുന്ദപുരത്തിന്റെയും എല്ലാം സി. ആൻഡ് എ.ജി. റിപ്പോർട്ട്, ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബ്രഹ്മപുരവും കുറ്റാടി എക്സ്റ്റൻഷനും എല്ലാംതന്നെ സി. ആർ ഐ.ജി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ചൂണ്ടിക്കാണിക്കുന്നത്. അതിൽ കുറ്റവാളികളായിട്ടുള്ള ആളുകളെ സംരക്ഷിക്കുന്ന നിങ്ങൾക്ക് മറ്റുള്ളവരെ സംബന്ധിച്ച് അഭിപ്രായം പറയാനുള്ള ധൈര്യമുണ്ടാകുന്നത് അൽഭുതകരം തന്നെയാണ്. പക്ഷേ നിങ്ങളുടെ ആത്മാർത്ഥതയെ സംബന്ധിച്ച്, കേരളത്തിലെ ജനങ്ങൾക്ക് പുച്ഛമായിരിക്കുന്നു എന്ന കാര്യം കൂടി ഞാൻ ഈ അവസരത്തിൽ അനുസ്മരിക്കുകയാണ്. അതുകൊണ്ട് നമ്മുടെ മുഖ്യമന്ത്രിയുടേയും കെ.പി.സി.സി. പ്രസിഡന്റിന്റെയും കാസർഗോഡ് മുതൽ പ്രയാണം ആരംഭിച്ചുകൊണ്ട് നടത്തിയ ഉപദേശവും അതുപോലെതന്നെ മുഖ്യമന്ത്രിയുടെ ആഹ്വാനവും നിങ്ങളുടെ ആഗ്രഹത്തിന്റെ ഒരു പ്രതിനിധ്യ സ്വഭാവം കണ്ണിറുമായിട്ടും ഞങ്ങൾ അതിനു നൽകുന്നു. അത് ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ കൊച്ചി പാർലമെന്റ് തെരഞ്ഞെടുപ്പ്, അഴിക്കോട്, കൂത്തുപറമ്പ് ഈ ശക്തമായ രഥത്തിന്റെ ഉരുൾച്ച ഇതിനൊയെല്ലാം മുകളിൽ ഉരുണ്ടു കയറിയില്ലേ എന്നുകൂടി ചിന്തിച്ചിട്ടുവേണം ഈ മോഹനമായ ചിന്ത ഉയർത്തിവിടാനെന്നു പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

(ചെയറിൽ മി. സ്പീക്കർ)

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, അനിതർ ഫസ്ബൻനിയിലെ ചില ആരോപണങ്ങളെക്കുറിച്ച് ഞാൻ ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

സംസാരിക്കുന്നില്ല. മൊത്തത്തിൽ കൃഷി വകുപ്പിന്റെ വികസനത്തിന് കഴിഞ്ഞ കാലത്ത് ഉണ്ടായിരുന്ന പണത്തേക്കാൾ കൂടുതൽ പണം കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചു തന്നിട്ടുള്ളത് വസ്തുതയാണ്. 319 കോടി യൊന്നുമില്ല. കേന്ദ്രഗവൺമെൻറ് ഇതുവരെ അനുവർത്തിച്ചിരുന്ന ഒരു നയം ഉണ്ടായിരുന്നു. കേരളത്തിലെ കൃഷി മറ്റ് സംസ്ഥാനങ്ങളിലെ കൃഷിപോലെ നെല്ലും ഗോതമ്പും ഇതുപോലുള്ള സാധാരണ ഹ്രസ്വകാല വിളകൾ മാത്രമേയുള്ളൂ എന്ന അടിസ്ഥാനത്തിലായിരുന്നു സമീപനം. എന്നാൽ ഇപ്പോൾ ആ വീക്ഷണത്തിൽനിന്നും മാറ്റം വന്നിട്ടുണ്ട്. നാണ്യവിളകൾ ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനം എന്ന നിലയിൽ പല രംഗങ്ങളിലും നമുക്ക് പ്രത്യേക പരിഗണന ആവശ്യമാണ്. Compensation-ൽ, Replanting-ൽ ഇടക്കാലത്തുള്ള സഹായം, ഇവകളിലെല്ലാം പ്രത്യേക രീതിയും വിളവെടുപ്പിന് ദീർഘകാലമുള്ളതിനാൽ, പ്രത്യേക പരിഗണനയും പ്രത്യേക സാമ്പത്തിക സഹായവും ആവശ്യമാണ്. ഇതനുസരിച്ച് കേന്ദ്രസഹായത്തിൽ മാറ്റം വരുത്തിക്കൊണ്ടിരിക്കുന്നു. കുരുമുളകിന്, കശുമാവിന് ഇവയ്ക്ക് പ്രത്യേക Replanting scheme 30 കോടി, വരൾച്ചയ്ക്ക്. വിള നഷ്ടപ്പെട്ടതിന് inputs-ന് പ്രത്യേക 106.50 കോടി. നഷ്ടം വന്നതിന് പിന്നെ ആരാണ് കൊടുത്തത്? 76 കോടി രൂപ കൊടുത്തു, കണക്ക് തരാം. നിങ്ങളുടെ നാടിന് ഉൾപ്പെടെ 76 കോടി രൂപ കൊടുത്തു. ഇനി ബാക്കി പണം ഈ വരുന്ന സ്ഥലങ്ങളിലേക്ക് വേഗം കൊടുക്കുന്നതിനുവേണ്ടിയിട്ടുള്ള നടപടികളും എടുത്തിട്ടുണ്ട്. ഇതിനുപുറമേ ഇപ്പോൾ ഞങ്ങൾക്ക് അനുവദിച്ച പണം കിട്ടിയിട്ടില്ല. ഹോൾട്ടികൾച്ചറിൽ മിഷൻ എന്നുള്ള നിലയ്ക്ക് അതിന്റെ സൊസൈറ്റി ഉണ്ടാക്കുന്നതിനുവേണ്ടി പുതിയ സ്കീം എന്നുള്ള നിലയിൽ 80 കോടി രൂപ അനുവദിച്ച പണം കിട്ടിയില്ല, അനുവദിച്ചിട്ടുണ്ട്. അതിനുപുറമേ നമ്മുടെ നാട്ടിലെ തെങ്ങ് വെട്ടിമാറ്റാൻ ഇത്രകാലം ശ്രമിച്ചതിന്റെ ഫലമായി കാറുവീഴ്ച ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി രോഗപ്രതിരോധ നടപടികൾ വച്ചുപിടിപ്പിക്കാൻവേണ്ടിയിട്ടുള്ള ഒരു പ്രോജക്ട് കേന്ദ്ര ഗവൺമെന്റിന് കൊടുത്തു, 1924 കോടി രൂപയുടെ project-ന് അംഗീകാരം തന്നു. ഈ ഗവൺമെന്റ് പണം കണ്ടുപിടിച്ചുതരണം. പ്രോജക്ട് അനുവദിച്ചിരിക്കുന്നു. പണം ബഡ്ജറ്റിൽ അവർ തരുകയില്ല. പ്ലാനിംഗ് കമ്മീഷനിൽ അത് കണ്ടുപിടിച്ച് തരണമെന്നുള്ള നിലയിൽ അനുവദിച്ചിരിക്കുന്നു. പണത്തെ സംബന്ധിച്ച് അത്രയും കാര്യങ്ങൾ നടന്നിരിക്കുന്നു പക്ഷേ അതല്ല പ്രശ്നം, കേരളത്തിലെ ദീർഘകാല വിളകളുടെ പ്രശ്നങ്ങൾ മറ്റ് സംസ്ഥാനത്തുള്ള ഹ്രസ്വകാല വിളകളിൽ നിന്നും വ്യത്യസ്തമാണെന്ന് കേന്ദ്രം അംഗീകരിക്കുകയും ധനസഹായവും plan-നും അതുപോലെ മാറിത്തുടങ്ങിയിരിക്കുന്നു എന്ന നയം നമുക്ക് ആശ്വാസമാണ്, ഈ സർക്കാർ വന്നതിനുശേഷം വരൾച്ചയുണ്ടായി. ഇപ്പോൾ മലയിടിച്ചിൽ ഉണ്ടാകുന്നു. വെള്ളപ്പൊക്കമുണ്ടായി, സുനാമിയുണ്ടായി. എങ്കിലും ആളുകൾ കൃഷിയിലേക്ക് ആകർഷിക്കപ്പെട്ടുവന്നു. കൂടുതൽ സ്ഥലങ്ങളിൽ നെൽകൃഷിയിറക്കുന്നു, പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുന്നു. പറയുകയാണെങ്കിൽ ഞങ്ങൾ 5000 ടൺ പച്ചക്കറി പുതുതായിട്ട് കഴിഞ്ഞ കൊല്ലം ഉൽപ്പാദിപ്പിച്ചു. ഞങ്ങൾ പച്ചക്കറി കേരളത്തിൽനിന്നും കയറ്റുമതി ചെയ്യാനും തുടങ്ങി. കൃഷി രംഗത്ത് ഞാൻ പറയുകയാണ്, ആളുകളെ കൃഷിയിലേക്ക് തിരിയെ വരാൻ ആകർഷിച്ചു. കൃഷിക്കാരെ സഹായിക്കാൻ. നെൽ പാടങ്ങൾക്ക് ഇൻഫ്രാസ്ട്രക്ചർ development-ന് മുൻതൂക്കം കൊടുക്കാൻ ആവശ്യമുള്ള പണം കൊടുക്കുന്നു. രോഗപ്രതിരോധ പ്രവർത്തനം, നല്ല വിത്ത്, തുടങ്ങി കൃഷിക്കാരന് ആകർഷണം ജനിപ്പിക്കുന്ന പ്രവൃത്തികൾ ചെയ്യുന്നു. ഇവിടെ ഒരു ആരോപണം വന്നു. ഞാൻ പറയാൻ ആഗ്രഹിക്കുന്നത്, പ്ലാന്റേഷൻ കോർപ്പറേഷനിൽ ലാറ്റക്സ് ഉണ്ടായിരുന്നത് കുറഞ്ഞ വിലയ്ക്ക്. വിറ്റു എന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആ കുറച്ച് വിറ്റതിന്റെ പണം മന്ത്രിയുടെ; എനിക്ക് പോക്കറ്റ് ഇല്ലാത്തതുകൊണ്ട് എന്റെ പോക്കറ്റിൽ വന്നിട്ടില്ല. അദ്ദേഹം പോക്കറ്റ് എന്നാണ് പറഞ്ഞത്. കുറഞ്ഞ വിലയ്ക്ക് വിൽക്കേണ്ടിവന്നു. കാരണം ഇതാണ്. ഇപ്പോഴും കൈകാണിച്ചിട്ട് കാര്യമുണ്ടോ? പറയുമ്പോഴും ഓർക്കണമായിരുന്നു. ഇപ്പോഴും ഒന്നും ഇല്ല എന്നു പറഞ്ഞിട്ട് കാര്യമില്ല. പറയുമ്പോളോർക്കണം. ഞാൻ ശ്രീ. പി. സി. ജോർജ്ജിനോട് ഒരു വാക്ക് പറയുകയാണ്. മന്ത്രിയുടെ പോക്കറ്റിലേക്ക് ആ പണം വന്നിട്ടുണ്ടോ? അല്ലെങ്കിൽ മന്ത്രിയാണോ ഇതു ചെയ്യാൻ ഇടയാക്കിയതെന്നു പരിശോധിക്കണം. അന്വേഷിക്കാൻ ഞങ്ങളും തയ്യാറാണ്. നിങ്ങൾക്ക് അറിഞ്ഞുകൂടാ, 1987 മുതൽ 1991 വരെ ഞാൻ മന്ത്രിയായിരുന്ന കാലത്ത് ഞാൻ ഒപ്പിട്ട ഫയൽ മുഴുവൻ Vigilance-നെ കൊണ്ട് anomaly കണ്ടുപിടിക്കാൻ നോക്കിയവരാണ് ഇവർ. എന്തു കിട്ടി എന്നിട്ട്? കശുവണ്ടിയുടെ തൊലി പൊളിക്കുന്നുയെന്നു പറഞ്ഞു പ്രചാരണം നടത്തി. എന്തു വന്നു ഒന്നും ഉണ്ടായില്ല. ഞങ്ങളും അന്വേഷിക്കാൻ തയ്യാറാണ്. ലാറക്സ് വില കുറച്ചു വിറ്റു, വിറ്റില്ല എന്നുള്ളതല്ല. പ്രൈവറ്റ് ലാറക്സിനെക്കാളും നമ്മുടെ ലാറക്സ്, പ്ലാന്റേഷൻ കോർപ്പറേഷന്റെ ലാറക്സിന് വില കൂടുതലായിട്ടാണ് വിൽക്കുന്നത്. വാറ്റ് വന്നപ്പോഴും കൃഷിക്കാരുടെ ഇടയിൽ ഉണ്ടായ ബുദ്ധിമുട്ടും തെറ്റിദ്ധാരണകളുംമൂലം Latex വിൽക്കാതെ കുന്നുകൂടി. കൃഷിക്കാർ Latex വില കുറച്ചു വിറ്റു തുടങ്ങി. Plantation Corparation വില കൂടാൻ കാത്ത് Latex വിൽക്കാതിരുന്നു. വിൽക്കാതിരുന്നതിന്റെ ഫലമായിട്ട് ഏതാണ്ട് 10.180 ബാരൽ Latex കെട്ടിക്കിടന്നു. ഇതിനിടയിൽ Bank-ൽ നിന്നും പണം തൊഴിലാളിക്ക് കൂലി കൊടുക്കാൻ ഉൾപ്പെടെ പുറത്തുനിന്നു എടുക്കേണ്ടിവന്നു. കൈയിൽ ഇരുന്ന ലാറക്സ് മോശമായി തുടങ്ങിയെന്നുള്ള പത്രവാർത്തയും പ്രചാരണവും നടന്നു. അവരുടെ വിൽപ്പനയ്ക്കുള്ള കമ്മിറ്റി കൂടി വിൽക്കുന്നതിന് തീരുമാനിച്ചു. 37 രൂപയ്ക്ക് കൊടുത്തു എന്നുള്ളതാണ് വസ്തുത. 4,068 ബാരൽ കൊടുത്തു. എന്നാൽ ബാക്കിയുള്ളതിന് ഇപ്പോൾ വില കൂടി. ഇപ്പോൾ വരുന്നത് 40 രൂപ വരെ വരത്തക്കവിധത്തിൽ വില താഴ്ത്തി 39-ന് വിറ്റു. ഇതാണ് സ്ഥിതി. പിന്നീട് കച്ചവടമാണ്. സാധനങ്ങൾ ഇരിക്കുമ്പോൾ കച്ചവടം നടക്കും. കാലാകാലങ്ങളിൽ വന്നിട്ടുള്ള ബുദ്ധിമുട്ടുകളാണ്. അതിൽ ആരെങ്കിലും വിറ്റവരോ ബാക്കിയുള്ളവരോ ആരെങ്കിലും അഴിമതി കാണിച്ചിട്ടുണ്ടെങ്കിൽ അന്വേഷിക്കുന്നതിന് ഗവൺമെന്റിന് ഒരു വിരോധവുമില്ല. നടപടിയും എടുക്കും. ഗവൺമെന്റിന്റെ എല്ലാ പ്രവൃത്തിയും സുതാര്യമായി നടത്തുന്നു. ഞാൻ പറയുന്നത് എന്റെ നിലപാട്, എന്റെ എല്ലാ പ്രവൃത്തിയും സുതാര്യമായി നടത്തുന്നു. ആ വിധത്തിൽ ഇത് വിറ്റുയെന്നുള്ളതു ശരിയാണ്. ഇപ്പോൾ 40 രൂപ വച്ച് വിൽക്കുമായിരുന്നെങ്കിൽ 3 രൂപ നഷ്ടമുണ്ടാകും... പക്ഷേ എടുക്കാൻ ആരും ഇല്ലായിരുന്നു, അതാണ് സ്ഥിതി. റബ്ബർ ബോർഡ് ഇടപെട്ട് അവരുടെതായ സഹായത്തോടുകൂടിയാണ് ഇപ്പോൾ റബ്ബർ വിൽക്കാൻ കഴിഞ്ഞത്. അതാണ് ഇന്നത്തെ സ്ഥിതി. അതുകൊണ്ട് ഇതിൽ കൂടുതൽ ഇതിന്റേതായിട്ടുള്ള വിശദീകരണം പറയുന്നില്ല. ശ്രീ. പി. സി. ജോർജ്ജിനോടാണ് ഞാൻ പറയുന്നത്. എങ്കിലും എന്നെയും നിങ്ങളെയും നാട്ടുകാർ വിലയിരുത്തും. മറ്റൊന്നും ഞാൻ പറയുന്നില്ല. ഗവൺമെന്റിന് കിട്ടിയിരിക്കുന്ന വിവരം ഞാൻ മുൻപറഞ്ഞതാണ്. ഇതിൽ നഷ്ടം വന്നിട്ടില്ല എന്നു പറയുന്നത് ശരിയാണ്. ഉൽപ്പാദനച്ചെലവുമായിട്ട് തട്ടിച്ചു നോക്കുമ്പോൾ 37 രൂപ കൂടുതലാണ്. അതുകൊണ്ടാണ് നഷ്ടം വന്നിട്ടില്ല എന്നു പറഞ്ഞത്. ഇതാണുണ്ടായത്. ഇതാണ് എനിക്ക് നിങ്ങളുടെ മുമ്പിൽ വയ്ക്കാനുള്ളത്. എന്റെ പ്രസംഗം നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ബഡ്ജറ്റ് അവതരിപ്പിച്ച് മൂന്ന് മാസത്തിനകം തന്നെ 600 കോടി രൂപയുടെ ഉപധനാഭ്യർത്ഥന കൊണ്ടുവന്നത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ പറയുകയുണ്ടായി. അതിൽ ഞാൻ അഭിമാനം കൊള്ളുകയാണ്. കാരണം ഈ മൂന്ന് മാസത്തിനകം തന്നെ ഇത്രയധികം തുക ചെലവാക്കാനുള്ള തീരുമാനവുമായി ഗവൺമെന്റ് ഈ ഹൗസിൽ വന്നതിൽ ഞാൻ അഭിമാനം കൊള്ളുകയാണ്. പ്രതിപക്ഷത്തുള്ളവരെല്ലാം എതിർത്തു. ഇതിൽ എന്തിനെ എതിർക്കുന്നു. ഞാൻ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനയിൽ എന്ത് ഐറ്റത്തെ എതിർക്കുന്നു? ഞാൻ അഭിമാനം കൊള്ളുന്നു എന്നു പറഞ്ഞത് ഇത് ഗവൺമെന്റിന്റെ കാഴ്ചപ്പാടായി. ഞാൻ കാണുന്നു. പ്രശ്നങ്ങളോട്, പാവപ്പെട്ടവരോട്, തൊഴിലാളികളോട്, പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകളോട് ഗവൺമെന്റിന്റെ സമീപനം എന്താണെന്ന് ഉപധനാഭ്യർത്ഥനയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ഓരോ ഐറ്റവും കണക്കിലെടുക്കുകയാണെങ്കിൽ നിങ്ങൾക്ക് മനസ്സിലാകും. ചിലത് മാത്രം ഞാൻ പറയാം. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ദേശീയപാതയിൽ വിവിധ റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണത്തിനും വികസനത്തിനുംവേണ്ടി 6 കോടി രൂപ ഹൈസ്കൂളുകളിലും ഹയർ സെക്കണ്ടറി സ്കൂളുകളിലും ലബോറട്ടറികൾ പുതുതായി സ്ഥാപിക്കുന്നതിനും നിലവിലുള്ള ലബോറട്ടറികൾ മെച്ചപ്പെടുത്തുന്നതിനും 5 കോടി രൂപ എഡ്യൂസാറ്റ് ഉപഗ്രഹം ഉപയോഗിച്ച് നടപ്പാക്കുന്ന ടെലി ട്രെയിനിംഗ് പദ്ധതിക്ക് 5 കോടി രൂപ. കായികതാരങ്ങൾക്ക് 115 ലക്ഷം രൂപ, കൊച്ചിൻ സിന്തറ്റിക് ട്രാക്കിനുള്ള 2 കോടി രൂപ, എ.ഡി.ബി. സഹായത്തോടുകൂടി നടപ്പാക്കുന്ന സുനാമി പദ്ധതിപ്രകാരം പുനരധിവാസത്തിനും പുനർനിർമ്മാണത്തിനുമായി 61 കോടി രൂപ, എം.എൽ.എ.മാരുടെ പ്രത്യേക വികസന ഫണ്ടിനുവേണ്ടി 35.25 കോടി രൂപ, മാനസികരോഗാശുപത്രികളുടെ വികസനത്തിനുവേണ്ടി 88.36 ലക്ഷം രൂപ, മാനന്തവാടി ജില്ലാ ആശുപത്രിയിലെ ട്രോമാകെയർ യൂണിറ്റിനുവേണ്ടി 1 കോടി രൂപ, മെഡിക്കൽ കോളേജുകളുടേയും ആശുപത്രികളുടെയും വികസനത്തിനായി 11.22 കോടി രൂപ. ഇതൊക്കെ ബഡ്ജറ്റിന് പുറത്താണെന്ന് മനസ്സിലാക്കണം. കോഴിക്കോട്, തിരുവനന്തപുരം മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുകളുടെ നിർമ്മാണത്തിനുവേണ്ടി 7 കോടി രൂപ, വരൾച്ചാബാധിത പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിന് 7.5 കോടി രൂപ, ദുർബല ജനവിഭാഗങ്ങൾക്കായി ആവിഷ്കരിച്ചിട്ടുള്ള സുരക്ഷ ഭവന പദ്ധതിക്കായി 5 കോടി രൂപ, പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിനും ഹോസ്റ്റൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി 32.96 കോടി രൂപ, ദേശീയ വാർദ്ധക്യകാല പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ എന്നിവയ്ക്കായി 49.52 കോടി രൂപ, സുനാമി ബാധിത പ്രദേശങ്ങളിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 25 കോടി രൂപയും, മറ്റ് മേഖലകളിലെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 8.66 കോടി രൂപയും, കർഷകർക്ക് സൗജന്യ വൈദ്യുതി വിതരണം ചെയ്തതിനാൽ വൈദ്യുതി ബോർഡിനുണ്ടായ കുടിശ്ശിക തീർക്കാനായി 18.18 കോടി രൂപയും, കശുവണ്ടി വികസന കോർപ്പറേഷന്റെ ബാദ്ധ്യതകൾ തീർക്കാനായി 33 കോടി രൂപയും കൊടുത്തു. ഇതൊന്നും ഗവൺമെന്റിന്റെ കാഴ്ചപ്പാടാണ്. ബഡ്ജറ്റ് അവതരിപ്പിച്ചിട്ട് ഒരുപാട് കാര്യങ്ങൾ അതിൽ ഉൾക്കൊള്ളിച്ചു. അതെല്ലാം ഇവിടെ സവിസ്തരം വിശദീകരിച്ചു. അതിനുശേഷം ഇത്രയും തുക അതിനുവേണ്ടി ചെലവാക്കുന്നതിനുള്ള മാർഗ്ഗം കണ്ടെത്താൻ കഴിഞ്ഞതിൽ ഈ ഗവൺമെന്റിന് അഭിമാനിക്കാം. വാസ്തവത്തിൽ ഈ ഗവൺമെന്റിനെക്കുറിച്ച് ഇത്രയും

LIBRARY ARCHIVES Kerala Legislative Assembly

വലിയ മതിപ്പ് പ്രതിപക്ഷത്തിനുണ്ടെന്നേ് ഇന്നാണ് മനസ്സിലായത്. ചില തർക്കങ്ങളും കുഴപ്പങ്ങളും ഉണ്ടായിട്ടുണ്ട്. പക്ഷേ ഇവിടെ ഒരു കാര്യം മാത്രമാണ് പ്രതിപക്ഷത്തിന് പറയാൻ കഴിഞ്ഞത്. കടം എന്നാണ് പറഞ്ഞത്. കടം വർദ്ധിച്ചു എന്നുള്ള ഒറ്റ കാര്യം അല്ലാതെ ഈ ഗവൺമെൻറിനെ കാര്യമായി വിമർശിക്കാൻ കഴിഞ്ഞില്ല. കാരണം അത്രയ്ക്ക് നല്ല കാര്യം ഈ ഗവൺമെൻറ് ചെയ്തു. അതുകൊണ്ട് ആ രീതിയിൽ വിമർശിക്കാൻ ഇല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളുടെ പ്രത്യേകമായ ശ്രദ്ധയ്ക്കുവേണ്ടി ഞാൻ പറയുകയാണ്. ഈ ഗവണ്മെൻറ് വന്നതിനുശേഷം ധനകാര്യ മാനേജ്മെൻറിൽ മെച്ചപ്പെട്ട നടപടികളും കൊണ്ടുണ്ടായിട്ടുള്ള നേട്ടം നിങ്ങൾ വിലയിരുത്തണം. നിങ്ങൾക്കറിയാം നിങ്ങൾ പോയപ്പോഴുള്ള ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച്, ഞാൻ അതൊന്നും ഇപ്പോൾ പറയുന്നില്ല. നിങ്ങൾ തന്നെ പറഞ്ഞു. അന്നത്തെ സാമ്പത്തിക പ്രതിസന്ധിയും വൈറ്റ് പേപ്പറുമൊക്കെ. ഒരു ചെക്കും മാറിയില്ല. ആ സ്ഥിതിവിശേഷം നിങ്ങൾ ഇവിടെ ഉണ്ടാക്കിയെന്നും അറിയാം. പക്ഷേ ഞാൻ ആ രാഷ്ട്രീയത്തിലേക്ക് വരുന്നില്ല. പക്ഷേ ഇപ്പോൾ നിങ്ങൾ നോക്കേണ്ടത് നമ്മുടെ റവന്യു വരുമാനമാണ്. റവന്യു സമാഹരണം ശക്തിപ്പെടുത്തുന്നതിനുവേണ്ടി ഗവൺമെൻറ് കൈക്കൊണ്ട ശക്തമായ നടപടികളും കാര്യമായ ഫലം ചെയ്തിട്ടുണ്ട്, ഉദാഹരണമായി 1996-2001 കാലയളവിലെ റവന്യു വരുമാനത്തിൻെറ വളർച്ചയുടെ പ്രതിവർഷ ശരാശരി 12.2 ശതമാനം ആയിരുന്നത് ഈ ഗവൺമെൻറ് വന്നശേഷം 13.62 ആയി കൂടിയിട്ടുണ്ട്. അതൊരു വലിയ നേട്ടമാണ്. ചില്ലറ കാര്യമല്ല. അതുപോലെതന്നെ റവന്യു ചെലവിൻെറ അനിയന്ത്രിതമായ വളർച്ച സംസ്ഥാനത്തിൻെറ സാമ്പത്തിക സ്ഥിതിയെ ബാധിച്ചിരുന്ന ഗുരുതരമായ ഒരു പ്രശ്നമാണ്. റവന്യു ചെലവിൻെറ വളർച്ച നിയന്ത്രിക്കുന്നതിന് സർക്കാർ നടത്തിയ പരിശ്രമങ്ങളുടെ ഫലം കണ്ടുതുടങ്ങിയിട്ടുണ്ട്. റവന്യു ചെലവുകളുടെ ശരാശരി വളർച്ചാനിരക്ക് 1996-2001 കാലയളവിൽ 20.77 ശതമാനമായിരുന്നെങ്കിൽ 2001-05 കാലയളവിൽ അത് 15.12 ശതമാനമാക്കി കുറയ്ക്കാൻ സാധിച്ചു. അത് വലിയൊരു നേട്ടമല്ലേ? അതുകൊണ്ട് ഈ കാലയളവിൽ ചെയ്ത കാര്യങ്ങൾ യഥാർത്ഥത്തിൽ പ്രത്യേകമായ നേട്ടം തന്നെയാണ്. കടം വർദ്ധിച്ചുവെന്ന് പറയുന്നു. സി.എ.ജി.-യുടെ റിപ്പോർട്ട് തന്നെ വന്നു. 91 ശതമാനവും ശമ്പളം, പെൻഷൻ, പലിശ ഇതൊക്കെ കൊടുക്കുന്നു എന്നുപറഞ്ഞു. നേരത്തെ ഞാൻ പറഞ്ഞപ്പോൾ ഇത് കള്ളമാണെന്നൊക്കെ പലരും പറഞ്ഞു. സി.എ.ജി.-യുടെ റിപ്പോർട്ടിൽ തന്നെ 91 ശതമാനമുണ്ട്; ബാക്കി 9 ശതമാനമാണുള്ളത്. അതുവച്ചുകൊണ്ട് ഇവിടെ വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിയുമോ? ഇല്ല. നമ്മൾ വരുമാനം കൂട്ടി. വലിയ തുക ചെലവാക്കി, വികസനത്തിനുവേണ്ടി ധാരാളം തുക ചെലവാക്കി. അങ്ങനെ ഒരുപാട് നേട്ടങ്ങളുണ്ടാക്കി. ഉദാഹരണമായി 1999-2000-ലെ നിങ്ങളുടെ ടോട്ടൽ റസീപ്റ്റ് എന്നുപറയുന്നത് 12,000 കോടി രൂപയായിരുന്നു. 2000-02-ലും 12,000 കോടി രൂപ തന്നെയാണ്. പക്ഷേ ഒരു ഫ്യൂ ഹണ്ഡ്രഡ്സ് കൂടി. അത്രതന്നെ. പക്ഷേ 2003-04-ൽ ഞാൻ വരുന്നതിനു മുമ്പുതന്നെ ആ വരുമാനം 12,320 കോടി രൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. 2004-05-ൽ അത് 18,176 കോടി രൂപയായി വർദ്ധിപ്പിച്ചു. അതുമാത്രമല്ല, അതിനനുസരിച്ച് ചെലവാക്കി. നിങ്ങളുടെ കാലത്ത് 1999-2000-ൽ ആകെ ചെലവഴിച്ചത് 12,200 കോടി രൂപയാണ്. അതിൻെറ അടുത്ത വർഷവും 2000-01-ൽ ചെലവഴിച്ചതും പന്ത്രണ്ടായിരത്തി ചില്വാനം കോടി രൂപയാണ്. പക്ഷേ കഴിഞ്ഞ വർഷം 2003-04-ൽ അത് 17,000 കോടി രൂപയാക്കി ചെലവഴിച്ചു. 2004-05-ൽ 18,043 കോടി രൂപ ചെലവാക്കി. അപ്പോൾ നിങ്ങൾ ചെലവാ

LIBRARY ARCHIVES Kerala Legislative Assembly

ക്കിയിരുന്ന 12,000 കോടി രൂപയിൽനിന്നും 18,000 കോടി രൂപയാക്കി. ആ വർഷത്തിൽ ടോട്ടൽ ചെലവ് വർദ്ധിപ്പിച്ചു. ആകെയുള്ള റവന്യൂ റസീപ്റ്റിന്റെ 9 ശതമാനത്തിൽ നിന്നും ഇത് വർദ്ധിപ്പിക്കാൻ കഴിയുമോ? അതുകൊണ്ട് കടം കൂടിയിട്ടുണ്ട്. കടം കൂടിയതുകൊണ്ട് ഫിനാൻഷ്യൽ മാനേജ്മെന്റിൽ നിങ്ങൾക്ക് എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ടോ? ജനങ്ങൾക്ക് എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ടോ? ഉദ്യോഗസ്ഥൻമാർക്ക് ശമ്പളം കൊടുക്കുന്നതിൽ എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ടോ? ഒരു മാനേജ്മെന്റിനും ഒരു ബുദ്ധിമുട്ടും ഉണ്ടായിട്ടില്ല. സാമ്പത്തിക ബുദ്ധിമുട്ടുണ്ട്. പക്ഷേ ഞാൻ അത് ആരെയും അറിയിച്ചിട്ടില്ല. ഞാൻ തന്നെയാണ് പറഞ്ഞത് കടമാണ്, കടമാണ് എന്ന്. അതുകൊണ്ട് ചില നിയന്ത്രണങ്ങൾവേണമെന്ന് മന്ത്രിമാരോടും മറ്റും ഞാൻ തന്നെയാണ് പറയുന്നത്. ഈ സംസ്ഥാനത്ത് കാശിന് ബുദ്ധിമുട്ടുണ്ടെന്ന് ആരെയും അറിയിക്കാതെ നാലരക്കൊല്ലം നമുക്ക് ഭരിക്കാൻ കഴിഞ്ഞു. എനിക്ക് മാത്രമല്ല, എനിക്ക് മുമ്പുള്ള ആളിനും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട മന്ത്രി നമ്മുടെ സംസ്ഥാനത്തെ സ്ഥിതി വളരെ ശോചനമാണെന്നു പറയുമ്പോൾ....

ശ്രീ. വക്കം പുരുഷോത്തമൻ: ഞാൻ അങ്ങനെ പറഞ്ഞില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 2002-03-ൽ, 4,999 കോടി രൂപയിൽനിന്നും 2003-04-ൽ 5,539 കോടി രൂപയായി ധനകമ്മി വർദ്ധിച്ചു എന്ന് സി. എ. ജി. റിപ്പോർട്ടിൽ പറയുന്നുണ്ട്. ഇവിടെ ഇതെല്ലാം കൂടി നോക്കുമ്പോൾ നിയമത്തിൽ വിഭാവനം ചെയ്തിരിക്കുന്ന ലക്ഷ്യം നേടി എടുക്കാനുള്ള സാധ്യത ഇരുളടഞ്ഞതാണ്. കടക്കെണിയിൽ എത്തിയെന്ന് സി. എ. ജി. പറഞ്ഞിട്ട് നിങ്ങളുടെ അവകാശവാദം ഇവിടെ വിലപ്പോകുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: ഞാൻ അതിലേക്ക് വരാം. വരുമാനം കൂട്ടി, നിങ്ങൾ ചെലവാക്കിയ രണ്ട് കൊല്ലവും 1999-2000-ലും, 2000-2001-ലും പന്തീരായിരം കോടി രൂപ മാത്രമാണ് ചെലവാക്കിയിരിക്കുന്നെങ്കിൽ ഞങ്ങൾ 2004-05-ൽ പതിനെണ്ണായിരത്തിൽ ചിലപ്പോൾ കോടി രൂപ ചെലവാക്കി. അതുപോലെ തന്നെ അതിന്റെ മാനേജ്മെന്റ് എന്നു പറയുന്നത് ഇതിന്റെ ഫിസ്ക്കൽ ഡെഫിസിറ്റാണ്. ഫിനാൻഷ്യൽ മാനേജ്മെന്റ് എന്നു പറയുന്നത് ഇതിന്റെ ഫിസ്ക്കൽ ഡെഫിസിറ്റിൽ വരുത്തുന്ന നേട്ടമാണ്. കഴിഞ്ഞ വർഷം 2003-04-ൽ ഫിസ്ക്കൽ ഡെഫിസിറ്റ് 5,539 കോടി രൂപയായിരുന്നുവെങ്കിൽ 2004-05-ൽ ഫിസ്ക്കൽ ഡെഫിസിറ്റ് 4,400 കോടി രൂപയാക്കി കുറയ്ക്കാൻ കഴിഞ്ഞു. It is not a small thing. അതുപോലെ തന്നെ ധനതത്വം അറിയാവുന്നവർക്കൊക്കെ അറിയാവുന്ന കാര്യമാണ്. Fiscal deficit as ratio of percentage of GSDP. ഇതാണല്ലോ നമ്മുടെ സാമ്പത്തിക സ്ഥിതിയെപ്പറ്റി നമ്മൾ വിലയിരുത്തുന്നത്. Fiscal deficit as percentage of GSDP വച്ചുകൊണ്ടാണ് നമ്മൾ സാമ്പത്തികം വിലയിരുത്തുന്നത്. നിങ്ങൾ ഭരിച്ചപ്പോൾ 6.74% ആയിരുന്നത് കഴിഞ്ഞ വർഷം 2004-05-ൽ all time low ആണ്. ഇതുവരെയുള്ളതിൽ 4.23% ആക്കി കുറയ്ക്കാൻ കഴിഞ്ഞു. I am proud of it. ആ രീതിയിൽ കുറയ്ക്കാൻ കഴിഞ്ഞത് വലിയൊരു നേട്ടമാണ്. കടത്തിന്റെ കാര്യം ഇവിടെ കോടിയേരി പോദിച്ചു. ശരിയാണ്, കഴിഞ്ഞ ഇടതുപക്ഷ സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

അധികാരത്തിൽ വരുമ്പോൾ 10,113 കോടി രൂപയായിരുന്നത് അവർ അധികാരം വിട്ട് പോകുമ്പോൾ 23,919 കോടി രൂപയായി വർദ്ധിച്ചു, ആ വർദ്ധനവ് എന്നുപറയുന്നത് 136.5% ആണ്.....(ബഹളം).... ഏത് ധനതത്വ ശാസ്ത്രത്തിന്റെ പുസ്തകം എടുത്തു നോക്കിയാലും വർദ്ധനവ് ആയാലും കടം ആയാലും എല്ലാം പെർസന്റേജിലാണ് പറയുന്നത്. It is based on percentage and not on this. നിങ്ങളുടെ കാലഘട്ടത്തിൽ 136.5% ആണ്, പക്ഷെ ഞങ്ങളുടെ ഇതുവരെയുള്ള ഡെഫിസിറ്റ് നോക്കുമ്പോൾ കഴിഞ്ഞ വർഷം നിങ്ങൾ പറഞ്ഞ പണക്ക് ഇതൊന്നും അല്ല, സി. എ. ജി.യുടെ കണക്കനുസരിച്ച് കഴിഞ്ഞ മാർച്ചിലുള്ള കടം 41,885 രൂപയാണ്, അത് വച്ച് നോക്കുമ്പോൾ ഇത്രയും കാലത്തായിട്ടുള്ളത് . 75%.ൽ താഴെയാണ് വർദ്ധനവ്. നിങ്ങളുടേത് 136.5% ആണ്. നിങ്ങളുടെ കാലത്ത് പല പ്രാവശ്യം വന്നിട്ടുണ്ട്. ഒരു കൊല്ലം നിങ്ങൾക്ക് 28.5% വന്നു. പക്ഷെ ഒടുവിലുള്ള കണക്ക് പറയാം. ഈ ഗവൺമെന്റിന്റെ കാലത്ത് all time record വർദ്ധനവ് കഴിഞ്ഞവർഷം 2004-05-ലെ 11.8 ശതമാനമാണ്. കഴിഞ്ഞ 13 കൊല്ലത്തെ റിക്കോർഡ്സ് എന്റെ കൈയിൽ ഉണ്ട്. ആ റിക്കോർഡിലാണ് ഇത്രയും കുറച്ച് വർദ്ധനവ്. സാമ്പത്തികമായ ബുദ്ധിമുട്ടുണ്ടെങ്കിലും നല്ല രീതിയിലുള്ള ഫിനാൻഷ്യൽ മാനേജ്മെന്റ് കൊണ്ട് നേട്ടം കൈവരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. കടം വർദ്ധിക്കുന്നതിലല്ല പണം എങ്ങനെ മാനേജ് ചെയ്യുന്നു എന്നുള്ളതാണ് പരിഗണിക്കേണ്ടത്. കഴിഞ്ഞ വർഷം എത്രയാണെന്ന് ഞാൻ പറഞ്ഞല്ലോ? ഇന്നലെ എനിക്ക് ഇവിടുത്തെ എക്സ്പെൻഡിച്ചർ സെക്രട്ടറിയായിരുന്ന, ഇപ്പോൾ ഗവൺമെന്റ് ഓഫ് ഇന്ത്യയിലെ ജോയിന്റ് സെക്രട്ടറിയായി പോയ ശ്രീ. സെന്തിൽ അയച്ചു തന്ന റിപ്പോർട്ട് എന്റെ കൈയിൽ ഉണ്ട്. വെസ്റ്റ് ബംഗാളിൽ എത്രയാണെന്ന് അറിയാമോ? 95,246 കോടി രൂപയാണ്. അതുകൊണ്ട് അവിടെ എല്ലാം കുഴപ്പമാണെന്ന് ഞാൻ പറയുന്നില്ല.....(ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട വക്കം ജി നമ്മുടെ കേന്ദ്ര ഗവൺമെന്റ് ആവിഷ്ക്കരിക്കുന്ന ഇപ്പോഴത്തെ സാമ്പത്തിക നയം അനുസരിച്ച് എല്ലാ സംസ്ഥാനങ്ങളും കടത്തിലാണ്. കേന്ദ്രവും കടത്തിലാണ്. പക്ഷെ ഇവിടുത്തെ പ്രശ്നം നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ ഒരു ധവള പത്രം ഇറക്കി. നിങ്ങൾ പറഞ്ഞു പുതിയ യാതൊരു കടവും വാങ്ങാതെ ഞങ്ങൾ ഭരിച്ചു കാണിച്ചു തരാം എന്ന്. മാത്രമല്ല ഈ 50 മാസത്തിനിടയിൽ എത്ര ദിവസമാണ് ട്രഷറിയിൽ ക്യാഷ് ബാലൻസ് ഉണ്ടായിരുന്നത്? വെറും 38 ദിവസം മാത്രമാണ്. നിങ്ങളുടെ ധനകാര്യ മാനേജ്മെന്റിന്റെ ഏറ്റവും വലിയ കുഴപ്പം കൊണ്ടല്ലേ ട്രഷറിയിൽ ക്യാഷ് ബാലൻസ് ഇത്രമാത്രം ആയത്?

ശ്രീ. വക്കം പുരുഷോത്തമൻ: ഞാൻ പറഞ്ഞത് ഫിനാൻസ് മാനേജ്മെന്റ് കൊണ്ട് കാര്യങ്ങൾ നേടാം, അല്ലാതെ കടം മാത്രമല്ല criterion ഇതാണ് പറഞ്ഞത്. ഒരു കോടിയിൽ കൂടുതൽ കടം ഉള്ള സ്റ്റേറ്റുണ്ട്. എന്നുവിചാരിച്ച് അവിടെയെല്ലാം ഫിനാൻസ് തകർന്നു എന്ന് പറയില്ല. ഇവിടെ സംസ്ഥാനത്തിന്റെ കടം 41,000 കോടി രൂപയായി എങ്കിലും ജനങ്ങൾക്ക് ഉപകാരങ്ങൾ അറിയാതെ ഭംഗിയായി എല്ലാ മേഖലകളിലും കാര്യങ്ങൾ നടത്താൻ കഴിഞ്ഞത് ഈ ഗവൺമെന്റിന്റെ ഫിനാൻഷ്യൽ മാനേജ്മെന്റ് പോളിസി കൊണ്ടാണ്. .....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മെമ്പർ, പത്രത്തിൽ വായിക്കുന്നതെല്ലാം കണ്ടിട്ട് നിങ്ങൾ ഇതെല്ലാം പറയാമോ? ഇതെല്ലാം വാസ്തവമാണെന്നാണോ നിങ്ങളുടെ വിചാരം? മറെറാരു കണക്ക് വച്ച് State's debt situation Planning Commission-ന്റെ മിഡ് ടേം റിവ്യൂവിൽ ജൂൺ 2005-ൽ വന്നിട്ടുള്ളതാണ്, കേരളത്തിനേറത് അതിൽ പറഞ്ഞിരിക്കുന്നത് ഇതാണ്. Debt to the total revenue receipts-295% ആണ്. നേരെ മറിച്ച് വെസ്റ്റ് ബംഗാളിനേറത് 490% ഞാൻ ഇതൊന്നും അല്ലെന്ന് പറയുന്നില്ല. സാമ്പത്തിക സ്ഥിതി വിലയിരുത്തുന്ന വേറൊരു റിക്കോർഡാണ് debt sustainability. അതിൽ കേരളം ആറാം സ്ഥാനത്താണ്. വെസ്റ്റ് ബംഗാൾ 15-ാം സ്ഥാനത്താണ്. നമുക്ക് സാമ്പത്തികമായി കുഴപ്പമൊന്നും ഇല്ല. കടം കുറച്ച് കൂടി. അത് പെട്ടെന്ന് തീർക്കാൻ ഒക്കില്ല. കുറേശ്ശെ മാത്രമേ കുറച്ച് കൊണ്ടുവരാൻ ഒക്കുകയുള്ളൂ. അതു കൊണ്ടാണ് ഈ ഗവൺമെൻറ് മുൻകൊല്ലങ്ങളെ അപേക്ഷിച്ചുള്ള പെർസന്റേജ് വർദ്ധനവ് വരുത്താതെ ആ വർദ്ധനവിന്റെ പെർസന്റേജ് കുറച്ച് 11%-ത്തിലേക്ക് കൊണ്ടുവന്നത്. ശമ്പളത്തിന്റെ കാര്യം പറഞ്ഞു. ശമ്പളം ഒന്നാം തീയതി കൊടുക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ നയം. കർഷകത്തൊഴിലാളി പെൻഷനും തൊഴിലില്ലായ്മ വേതനവും ഒഴിച്ച് ബാക്കിയെല്ലാം അപ്ടുഡേറായി ഒരു മാസത്തെ പോലും കുടിശ്ശികയില്ലാതെ എല്ലാം കൊടുക്കാൻവേണ്ടി ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതെല്ലാം കൊടുക്കുന്നതിന് വേണ്ടി കഴിഞ്ഞ മാസം 25-ാം തീയതി ഒരു ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ട്. നേരത്തെ ഒരു ഓർഡർ ഉണ്ട്. In the Government Order and above a new system for payment from treasuries was introduced whereby bills relating to the following claims irrespective of amount involved were permitted to be withdrawn on any working day എന്നുപറഞ്ഞാൽ എപ്പോഴും വേണമെങ്കിലും withdraw ചെയ്യാം. അതിൽ നമ്മുടെ സാലറി വരുന്നുണ്ട്. വേജസ് വരുന്നുണ്ട്. ഇലക്ട്രിസിറി ചാർജ്ജ്, ടെലിഫോൺ ചാർജ്ജ്, വാട്ടർ ചാർജ്ജ് ഇതെല്ലാം ഉണ്ട്. ഇതിന്റെ കൂടെ അഡീഷണലായി ചേർത്തു. Now the Government are pleased to order that the payment relating to unemployment allowance and pension under various social welfare schemes shall be permitted on all working days beginning from the first of every month in addition to the 10 items of payment mentioned in Para 1 above irrespective of the amount involved with immediate effect. The Government Order and above stands modified to the effect. അതിനുശേഷം 27-ാം തീയതി വീണ്ടും ഒരു ഓർഡർ ഇറക്കി. അതിൽ പറയുന്നത് 3 months instalments of agricultural workers' pension ie. Rs. 20.16 Crores and one monthly instalment each of employment assistance ie. Rs. 4.65 Crores, national oldage pension, destitute pension, pension for unmarried women above 50 years of age, special pension for physically handicapped, disabled and mentally retarded and Beedi and Cigarette workers pension has to be disbursed to the beneficiaries on Monday, Ist of August, 2005. This assurance has been given in the Assembly by both CM & Minister (Finance). Since the Head of the Departments have to first issue letters of allotment to the District Officers who in turn have to allot it to the LSGI, Taluk office etc. The progress of allocation till the funds reach LSGI etc. may be closely

LIBRARY ARCHIVES Kerala Legislative Assembly

monitored by the Heads of the Departments themselves. The concerned Heads of the Departments, Land Revenue Commissioner, Labour Commissioner and Director of Employment and Training will personally ensure that this is complied with. A confirmation report may be submitted to me on 01/09/2005. ഇങ്ങനെ ഒരു ഓർഡർ ഇഷ്യു ചെയ്തിട്ടുണ്ട്. ഞങ്ങൾ വിലയിരുത്താൻ റിപ്പോർട്ട് ചോദിച്ചിട്ടുണ്ട്. വിലയിരുത്തിയാൽ ഇത് കൊടുക്കാൻ താമസമുണ്ടെങ്കിൽ ഇമ്മീഡിയറ്റ് ആയിത്തന്നെ മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ തന്നെ ബന്ധപ്പെട്ട വകുപ്പുകളും ഫിനാൻസ് വകുപ്പ് നേരിട്ടല്ല പെൻഷൻ കൊടുക്കുന്നത്. അത് പല വകുപ്പുകളാണ്. ഈ ബന്ധപ്പെട്ട വകുപ്പുകളുടെയെല്ലാം ആളുകളെ വിളിച്ചുകൂട്ടി സി. എം.-ന്റെ സാന്നിധ്യത്തിൽ തന്നെ കോൺഫറൻസ് നടത്തി ഒന്നാം തീയതി ഉദ്യോഗസ്ഥർക്ക് കൊടുക്കുന്ന കണക്കിൽ പെൻഷൻ കൊടുക്കും. അങ്ങനെ കൊടുക്കാതെ ആരെങ്കിലും കൃത്രിമം കാണിച്ചാൽ ആ ആളുടെ പേരിൽ നടപടി എടുക്കും. വളരെ കർശനമാണ്. നിർച്ചയായും ഈ ഗവൺമെന്റിന്റെ കാലത്തു തന്നെ കൊടുത്തിരിക്കും. ഈ പെൻഷൻ തന്നെ കൊടുത്തത്.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സാമ്പത്തികം മെച്ചപ്പെട്ടു വന്ന സാഹചര്യത്തിൽ ഏറ്റവും കൂടുതൽ പ്രയാസം അനുഭവിക്കുന്ന കർഷക തൊഴിലാളികൾക്കുള്ള പെൻഷൻ, തൊഴിലില്ലായ്മ വേതനം ഇതുംകൂടി ഒന്നാം തീയതിക്കുമുമ്പ് കൊടുത്ത് അപ്-ടു-ഡേറ്റ് ആക്കി മാറ്റിക്കൂടേ?

ശ്രീ. വക്കം പുരുഷോത്തമൻ: അതിനും ഗവൺമെന്റിന് ഐഡിയ ഉണ്ട്. അതുകൊണ്ടാണ് ഇപ്പോഴും മൂന്നു മാസത്തേത് ജൂലൈയിൽ കൊടുത്തത്. ഇനി ആഗസ്റ്റിൽ മൂന്ന് മാസത്തേത് കർഷകത്തൊഴിലാളികൾക്ക് കൊടുക്കും. ഒരു ഇൻസ്റ്റാൾമെന്റ് എന്നു പറയുന്നത് 6.72 കോടി രൂപയാണ്. മൂന്ന് മാസത്തേത് എന്നു പറയുമ്പോൾ 20.16 കോടി രൂപയാണ്. പിന്നെ എല്ലാ ഒന്നാം തീയതിയും അതുപോലെതന്നെ അൺഎംപ്ലോയ്മെന്റ് അസിസ്റ്റൻസ് വളരെ പാവപ്പെട്ട, തൊഴിലില്ലാത്ത ആളുകൾക്ക് കൊടുക്കേണ്ടതാണ്. അതിന് ഗവൺമെന്റിന് കൂടുതൽ കൺസിഡറേഷനുണ്ട്. അതുകൊണ്ട് അടുത്ത മാർച്ച് 6 വരെയുള്ള ചാർട്ട് ഉണ്ടാക്കി ഉദ്യോഗസ്ഥർക്ക് ഓർഡർ കൊടുത്തിട്ടുണ്ട്. അടുത്ത മാർച്ച് ആറാം തീയതി വരെ എങ്ങനെ ഡിസ്ട്രിബ്യൂട്ട് ചെയ്യണമെന്ന ചാർട്ട് ഉണ്ടാക്കി ഓർഡറിന്റെ കോപ്പി കൊടുത്തിട്ടുണ്ട്, നാല് മാസത്തേത് ഓർഡർ ഇഷ്യു ചെയ്തു. ഇനി ആഗസ്റ്റിൽ ഒരു മാസം, പക്ഷേ സെപ്റ്റംബറിൽ വീണ്ടും രണ്ടു മാസം, ഒക്ടോബറിൽ രണ്ടു മാസം, നവംബറിൽ രണ്ടു മാസം, ഡിസംബറിൽ വീണ്ടും നാല് മാസം ജനുവരിയിൽ രണ്ട് മാസം, ഫെബ്രുവരിയിൽ രണ്ടു മാസം 2006 മാർച്ചിൽ വീണ്ടും നാല് മാസം. അങ്ങനെ എല്ലാ മാസവും ഒന്നിൽ കൂടുതൽ ഇൻസ്റ്റാൾമെന്റ് കൊടുക്കാനായി ഓർഡർ ഇഷ്യു ചെയ്തു കഴിഞ്ഞു. ഇത് ഒന്നാം തീയതി തന്നെ എത്തിക്കും.

ശ്രീ. കെ. പി. രാജേന്ദ്രൻ: അംഗൻവാടി കുട്ടികൾക്ക് പാൽ കൊടുത്ത വകയിൽ പതിമൂന്നിൽ ചിലാവനം കോടി രൂപ കുടിശ്ശികയുണ്ട്. ആ പദ്ധതി നിർത്തലാക്കി. ആ കുടിശ്ശിക സംഖ്യ കൊടുക്കാൻ ഈ ലിസ്റ്റിൽ പെടുത്തിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ: ഞാനല്ല അഡ്മിനിസ്ട്രേറ്റീവ് റിപ്പാർട്ടുമെന്റ് അവർ ചോദിക്കുമ്പോൾ കൊടുക്കും, അല്ലെങ്കിൽ ചട്ടപ്രകാരമുള്ള നടപടിയെടുക്കും. ഇവിടെ ഉന്നയിച്ച ചില കാര്യങ്ങളിൽ പ്രധാനമായും അനുതന്നെയാണ് പറഞ്ഞത്. സുനാമി ഫണ്ട് വകമാറ്റി ചെലവഴിച്ചു എന്ന് എത്രയൊക്കെ പറഞ്ഞിട്ടും വീണ്ടും വീണ്ടും പറയുകയാണ്, ഇന്നലെ മുഖ്യമന്ത്രി പറഞ്ഞു, ഫണ്ട് രണ്ടു രീതിയിൽ വന്നിട്ടുണ്ട്. കേന്ദ്രഗവൺമെന്റ് തന്നത് മാത്രമാണ് സുനാമി ഫണ്ട് ആയിട്ടുള്ളത്. മാറ്റത് സുനാമിയോട് അനുബന്ധിച്ച് സി. എം. ന്റെ ഫണ്ടിൽ പണം അയച്ചുകൊടുത്തു, അത് സി. എം. ന്റെ ഫണ്ടിൽ ഇട്ടു എന്നു കരുതി സി. എം. ന് മാറ്റാനും ചെയ്തുകൂടാ എന്ന് പറയാനൊക്കില്ല. ആ ഫണ്ടുകൊണ്ട് ചില ഉദ്ദേശ ലക്ഷ്യങ്ങളുണ്ട്. ആ ഉദ്ദേശ ലക്ഷ്യങ്ങൾക്കുവേണ്ടി ആ ഫണ്ട് ഉപയോഗിക്കും. പക്ഷേ സി. എം. ഇന്നലെ ഇവിടെ വ്യക്തമായി പറഞ്ഞു. സി എം. ന്റെ ഫണ്ടിൽ സുനാമി നടന്നശേഷം വന്നിട്ടുള്ള തുക എങ്ങനെ ചെലവഴിച്ചു എന്ന് അദ്ദേഹം പറഞ്ഞു. അതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ശ്രീ: അസീസും ശ്രീ. രാജനുമെല്ലാം കശുവണ്ടിത്തൊഴിലാളികളുടെ കാര്യം പറഞ്ഞു. ഏതെങ്കിലും കാലഘട്ടത്തിൽ കശുവണ്ടി തൊഴിലാളിക്ക് ഈ ഗവൺമെന്റ് ചെയ്തകണക്കിൽ ചെയ്തിട്ടുണ്ടോ? ഞാൻ മന്ത്രിയായി വന്നശേഷം രണ്ട് ഇൻസ്റ്റാൾമെന്റ് കൊടുത്തു, അതിൽ രണ്ടാമത് വകകൊള്ളിച്ചിരിക്കുകയാണ് 334 കോടി രൂപ. ശ്രീ. അസീസ് ഇതിനെ എതിർത്ത് വോട്ട് ചെയ്യുമോ എന്ന് എനിക്കറിയണം. കശുവണ്ടിത്തൊഴിലാളിക്ക് 33 കോടി രൂപ ഇതിൽ വകകൊള്ളിച്ചിരിക്കുന്നു. അസീസ് എതിർക്കുമോ എന്ന് എനിക്കറിയണം.

ശ്രീ. എ. എ. അസീസ്: കശുവണ്ടി വികസന കോർപ്പറേഷന് അതിന്റെ സാമ്പത്തിക ബാദ്ധ്യത 107 കോടി രൂപ ഏറ്റെടുക്കുമെന്ന് ഗവൺമെന്റ് എട്ട് മന്ത്രിമാരുടെ സാന്നിധ്യത്തിലാണ് തീരുമാനിച്ചത്, അത് അഞ്ച് ഇൻസ്റ്റാൾമെന്റ് എന്ന് തീരുമാനിച്ചിട്ട് കഴിഞ്ഞ മാർച്ച് 31-ന് കൊടുക്കേണ്ടതായിരുന്നു. അത് കൊടുക്കാതിരുന്നതുമൂലം ഫാക്ടറി അടച്ചിട്ടു ഇപ്പോഴാണ് ഇവിടെ കൊണ്ടുവന്നത്.....എല്ലാവരും തീരുമാനിച്ചപ്പോഴേ....., അതിനുമുമ്പ് നിങ്ങളുടെ ചെയർമാൻ.....

ശ്രീ. വക്കം പുരുഷോത്തമൻ: "ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിന്നു കൗതുകം" എന്ന് പറയുന്നതുപോലെ അല്ലേ ഇത്രയും രൂപ കശുവണ്ടിത്തൊഴിലാളിക്ക് വേണ്ടി കൊടുത്തിട്ട് കശുവണ്ടി തൊഴിലാളികളുടെ പേരിൽ സംസാരിക്കുന്ന ഒരാൾ ഇതെല്ലാം എന്താണ്..... 33 കോടി രൂപ സപ്ലിമെന്ററി ഡിമാന്റിൽ വക വച്ചിട്ടുണ്ട്, അത് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്. ശ്രീ. ജോണി നെല്ലൂരിന്റെ പ്രസംഗം നന്നായി പക്ഷേ ഈ രാജ്യത്ത് ജനം എന്ന ഒരു വിഭാഗമുണ്ട്, രാഷ്ട്രീയക്കാർക്ക് ഒരു ദിവസം കൊണ്ട് രണ്ടും ആകാം. ഒരു ദിവസം കൊണ്ട് എങ്ങിനേയും മാറി പ്രസംഗിക്കാം പക്ഷെ ജനം എന്ന വിഭാഗമുണ്ട്. ഞാൻ പറയില്ല, പക്ഷെ അവർ പറയും. തൊലിക്കട്ടിയെപ്പറ്റി അവർ പറയും. ഡോ. ജോസഫ് നെല്ല് സംഭരണത്തെക്കുറിച്ച് പറഞ്ഞു ഞാൻ മന്ത്രിയായി വന്നശേഷമാണ് നെല്ല് സംഭരിക്കാൻ വേണ്ടി 19 കോടി രൂപ കൊടുത്തത്. ഞാൻ പഴയ കണക്ക് നോക്കി. ചില വർഷങ്ങളിൽ ഒന്നും കൊടുത്തിട്ടില്ല. അഞ്ച് കോടിയിൽ കൂടുതൽ ഒരു വർഷവും കൊടുത്തിട്ടില്ല. 19 കോടി ഞാൻ കൊടുത്തു.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷെ ഇതെല്ലാം അർഹിക്കുന്ന കരങ്ങളിലല്ല എത്തുന്നത് എന്നുള്ള പരാതി എനിക്കുണ്ട്. ഇപ്പോഴും അർഹിക്കുന്ന കരങ്ങളിലല്ല. തമിഴ്നാട്ടിൽ നിന്നു വരുന്ന നെല്ലിനുവരെ നമ്മൾ സബ്സിഡി കൊടുക്കേണ്ട സ്ഥിതിയാണ് ഇപ്പോഴുള്ളത്. അതുകൊണ്ട് ഈ ഗവൺമെൻറ് അടുത്ത വർഷം മുതൽ ഇങ്ങനെ എന്തെങ്കിലും വരികയാണെങ്കിൽ അത് കർഷകന് നേരിട്ട് കൊടുക്കും. അല്ലാതെ ഈ രീതിയിൽ വല്ലവരും കൊണ്ടുപോകുന്ന സ്ഥിതിവിശേഷം ഉണ്ടാക്കുകയില്ല. അങ്ങനെ വന്നാൽ കർഷകർക്ക് നേരിട്ട് കൊടുക്കുന്നതിനുള്ള നടപടി ഗവൺമെൻറ് സ്വീകരിക്കും.

ഡോ. കെ. സി. ജോസഫ്: ഞാൻ പറഞ്ഞത് ഈ വർഷം ആലപ്പുഴ ജില്ലയിൽ സംഭരിച്ചത് 38,000 ടൺ ആണ്. അതിന് മൂന്ന് കോടി അറുപത്തിമൂന്ന് ലക്ഷം രൂപ വേണം. ബാക്കിയുള്ള ജില്ലയിൽ വേറെ, അർഹിക്കാത്ത കരങ്ങളിൽ ഈ തുക പോകുന്നുണ്ടെങ്കിൽ അത് നിയന്ത്രിക്കാനും ഏജന്റുമാരെ കണ്ടുപിടിച്ച് ശിക്ഷിക്കാനുമുള്ള ഉത്തരവാദിത്വം ഗവൺമെൻറിനാണ്. ഗവൺമെൻറ് ആ ഉത്തരവാദിത്വം നിർവ്വഹിക്കുകയാണ് ചെയ്യേണ്ടത്. അതല്ലാതെ അർഹിക്കാത്തവർ കൊണ്ടുപോകുന്നു എന്ന് പറഞ്ഞിട്ട് കാര്യമില്ല.

ശ്രീ. വക്കം പുരുഷോത്തമൻ: ഞാൻ പ്രതിപക്ഷത്തേയോ ഡോ. ജോസഫിനേയോ കുറ്റം പറഞ്ഞില്ല. അങ്ങനെ ഉണ്ട് എന്നുള്ളത് സത്യമല്ലേ? സത്യമല്ലേ ഡോക്ടർ? ഇതൊരു നല്ല വാർത്തയല്ലേ? കർഷകന് നേരിട്ട് കൊടുക്കാൻ തീരുമാനിച്ചിട്ട് നേരിട്ട് കൊടുത്താൽ പിന്നെ പരാതിയില്ലല്ലോ. അതുകൊണ്ട് അടുത്ത കൊല്ലം അങ്ങനെതന്നെ ചെയ്യും. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കുറെ കാര്യങ്ങൾ പറഞ്ഞു. അദ്ദേഹം എം. കെ. ത്യാഗരാജ ഭാഗവതരുടെ റിക്കാർഡ് ഇപ്പോഴും പ്ലേ ചെയ്തു കേൾക്കുന്നതുപോലെയാണ് എല്ലാ ദിവസവും ഒരേ കാര്യങ്ങൾ അദ്ദേഹം പറഞ്ഞുകൊണ്ടിരിക്കും. അതിനെല്ലാം പലതവണ മറുപടി പറഞ്ഞതാണ്. അദ്ദേഹത്തിന് അത് ആവർത്തിക്കുന്നതിന് ബുദ്ധിമുട്ടില്ലെങ്കിലും എനിക്ക് ആവർത്തിക്കുന്നതിന് ഇത്തിരി ബുദ്ധിമുട്ടുണ്ട്. ലോട്ടറിയുടെ ഒരു കാര്യം മാത്രം പറയാം. ഇപ്പോഴത്തെ നടക്കുന്ന ഈ ഹൗസിൽ പറഞ്ഞതാണ്. ചട്ടപ്രകാരമല്ലാതെ എവിടെയെങ്കിലും പേപ്പർ ലോട്ടറി നടക്കുന്നുണ്ടെങ്കിൽ എന്നെ അറിയിച്ചാൽ 24 മണിക്കൂറിനകം റെയ്ഡ് ചെയ്ത് നടപടി എടുക്കുമെന്ന് ഞാൻ ഈ ഹൗസിൽ പറഞ്ഞതാണ്. ഒരു എം. എൽ. എ. പോലും ഇതുവരെ പറഞ്ഞിട്ടില്ല. ചട്ടപ്രകാരമല്ലാതെ എവിടെ നടക്കുന്നു എന്നു പറഞ്ഞാലും 24 മണിക്കൂറിനകം റെയ്ഡ് ചെയ്യുമെന്ന് ഈ ഹൗസിൽ പറഞ്ഞതാണ്. അത് ഇതുവരെ പറഞ്ഞില്ല. അതുകൊണ്ട് അതിപ്പോൾ ഞാൻ ആവർത്തിക്കുന്നു. ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ലോട്ടറി എടുക്കുന്നവർക്ക് ഒരു conviction ഉണ്ട്.

4 P.M.] ലോട്ടറിയിൽ അഴിമതിയുണ്ടെന്നൊക്കെ പറയും. പക്ഷെ ഞാൻ മന്ത്രിയായി വന്നതിനുശേഷം ലോട്ടറി നടത്താൻ സമ്മതിച്ചിട്ടില്ല. ഓൺ ലൈൻ ലോട്ടറി അനുവദിച്ചില്ല, നിർത്തി. പേപ്പർ ലോട്ടറി നിരോധിച്ചത് ഓൺ ലൈൻ നിർത്തരുതെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ്. അല്ലാതെ ശാശ്വതമായി നിർത്താനല്ല. അതിനുശേഷം ഒരു നിയമം കൊണ്ടുവന്നു. ഈ ഹൗസിൽ എല്ലാപേരും പറഞ്ഞു ഓൺ ലൈൻ ലോട്ടറി നിരോധിച്ചുകൊണ്ടുള്ള നിയമം നിൽക്കില്ലായെന്ന്. ഇത് ഏതായാലും ഹൈക്കോടതി അപ്ഹെൽഡ് ചെയ്തു. വളരെ സന്തോഷം. അതുകൊണ്ട് ലോട്ടറിയെ സംബന്ധിച്ചിടത്തോളം ആർക്കെങ്കിലും പരാതിയുണ്ടെങ്കിൽ എന്നെ അറിയിക്കാം. അതിനുവേണ്ട നടപടികൾ സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനിടയിൽ ഒരു കാര്യം പറയാതിരിക്കുന്നത് ശരിയല്ലായെന്നുവച്ച് പറയുകയാണ്, ബഹുമപുരവും ശ്രീ. പത്മരാജനുമൊക്കെ വന്നു, ഇതിനെക്കുറിച്ച് പറഞ്ഞത് നിഷേധിക്കുന്നു. ഇതുണ്ടായിരുന്നെങ്കിൽ ഞങ്ങളും വന്നിട്ട് നാലേകാൽ കൊല്ലമായില്ലേ, അന്നേ അങ്ങേയ്ക്ക് പറയാമായിരുന്നില്ലേ? ലാവ്‌ലിൻ വന്നതിനു ശേഷമേ ബഹുമപുരം വന്നുള്ളോ? അപ്പോഴും അതിനു മുമ്പേ പറയാമായിരുന്നില്ലേ? .....(ബഹളം)..... കോവളം കൊട്ടാരം സംബന്ധിച്ച് ഇഷ്ടംപോലെ പറഞ്ഞതാണ്. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. അതുസംബന്ധിച്ച് ഇതിനേക്കാളും ഭംഗിയായിട്ട് ഏതെങ്കിലും ഒരു ഗവൺമെന്റിനു ചെയ്യാൻ സാധിക്കുമോ? കോവളം കൊട്ടാരം സംബന്ധിച്ച പ്രശ്നം ഇത്രയൊക്കെ രാഷ്ട്രീയവൽക്കരിക്കാൻ ശ്രമിച്ചെങ്കിലും അത് ഗവൺമെന്റ് ഭംഗിയായി കൈകാര്യം ചെയ്തു. ഒരു കാര്യം കൂടി പറയാം. സർക്കാർ ജീവനക്കാരുടെ അടുത്ത മാസത്തെ ശമ്പളത്തോടൊപ്പം ഇടക്കാലാശ്വാസം കൂടി കൊടുക്കുന്നതായിരിക്കും എന്നു പറഞ്ഞുകൊണ്ട്, ഈ ഉപധനാഭ്യർത്ഥനകളും പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,84,47,000 രൂപയുടെ ഉപധനാഭ്യർത്ഥനകളും അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോരം ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ—58

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, പി. കെ. അബ്ദുറബ്ബ്
4. ,, സി. ടി. അഹമ്മദ് അലി
5. ,, എ. പി. അനിൽകുമാർ
6. ,, ഇ. എം. അഗസ്തി
7. ,, കെ. ബാബു
8. ,, പി. കെ. കെ. ബാവ
9. ,, കെ. എ. ചന്ദ്രൻ
10. ,, ഡൊമിനിക് പ്രസന്റേഷൻ
11. ,, ജോർജ് ജെ. മാത്യു
12. ,, പ്രയാർ ഗോപാലകൃഷ്ണൻ
13. ,, എം. എം. ഹസ്സൻ
14. ,, വി. കെ. ഇബ്രാഹിംകുഞ്ഞ്
15. ,, ഇസ്ഹാക്ക് കുരിക്കൾ
16. ,, കെ. സി. ജോസഫ്
17. ,, ജോസഫ് എം. പുതുശ്ശേരി
18. ,, പി. ജെ. ജോയി
19. ,, ഉമ്മൻചാണ്ടി

LIBRARY ARCHIVES Kerala Legislative Assembly

20. ശ്രീ. എം. കെ. പോക്കർ മാസ്റ്റർ
21. ,, വി. ജെ. പൗലോസ്
22. ,, ടി. എൻ. പ്രതാപൻ
23. ,, ജി. പ്രതാപവർമ്മ തമ്പാൻ
24. ,, വക്കം പുരുഷോത്തമൻ
25. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
26. ,, എം. വി. രാഘവൻ
27. ,, വർക്കല കഹാർ
28. ,, കെ. കെ. നായർ
29. ,, പി. കെ. കുഞ്ഞാലിക്കുട്ടി
30. ഡോ. എം. എ. കുട്ടപ്പൻ
31. ശ്രീ. ലൂഡി ലൂയീസ്
32. ,, സി. മമ്മൂട്ടി
33. ,, കെ. മുഹമ്മദാലി
34. ,, ഇ. ടി. മുഹമ്മദ് ബഷീർ
35. ,, ആര്യാടൻ മുഹമ്മദ്
36. ,, എം. കെ. മുനീർ
37. ,, എം. മുരളി
38. പ്രൊഫ. എ. ഡി. മുസ്തഫ
39. ശ്രീ. കെ. നാരായണക്കുറുപ്പ്
40. ,, എഴുകോൺ നാരായണൻ
41. ,, കെ. കെ. ഷാജു
42. ,, കടവൂർ ശിവദാസൻ
43. ,, നാലകത്ത് സൂപ്പി
44. ,, സ്റ്റീഫൻ ജോർജ്
45. ,, കെ. സുധാകരൻ
46. ,, എ. സുജനപാൽ
47. ,, സി. എഫ്. തോമസ്
48. പ്രൊഫ. കെ. വി. തോമസ്
49. ശ്രീ. തമ്പാനൂർ രവി
50. ,, റോഷി അഗസ്റ്റിൻ
51. ,, ടി. പി. എം. സാഹിർ
52. ,, എൻ. ശക്തൻ
53. ,, വി. ഡി. സതീശൻ
54. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
55. ശ്രീ. തോമസ് ചാഴികാടൻ
56. ,, തോമസ് ഉണ്ണിയാടൻ
57. ,, ഉമേഷ് ചള്ളിയിൽ
58. ,, കെ. സി. വേണുഗോപാൽ

പ്രതികൂലിക്കുന്നവർ—30

1. ശ്രീ. വി. എസ്. അച്യുതാനന്ദൻ
2. ,, മഞ്ഞളാംകുഴി അലി
3. ,, എ. എ. അസീസ്
4. ,, കോടിയേരി ബാലകൃഷ്ണൻ
5. ,, എ. കെ. ബാലൻ
6. ,, വി. കെ. ചന്ദ്രൻ

LIBRARY ARCHIVES Kerala Legislative Assembly

7. ശ്രീ. വി. ചെന്താമരാക്ഷൻ
8. ,, പി. സി. ജോർജ്
9. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
10. ശ്രീ. കെ. കെ. ജയചന്ദ്രൻ
11. ,, എം. വി. ജയരാജൻ
12. ,, ജോണി നെല്ലൂർ
13. ഡോ. കെ. സി. ജോസഫ്
14. ശ്രീ. എം. കുമാരൻ
15. ,, കെ. വി. കുഞ്ഞിരാമൻ
16. ,, വി. കെ. സി. മമ്മത്കോയ
17. ,, മത്തായി ചാക്കോ
18. ,, കെ. പി. മോഹനൻ
19. ,, എ. സി. മൊയ്തീൻ
20. ,, പിരപ്പൻകോട് മുരളി
21. ,, എം. പ്രകാശൻ മാസ്റ്റർ
22. ,, കെ. രാധാകൃഷ്ണൻ
23. ,, കെ. പി. രാജേന്ദ്രൻ
24. ,, രാജു എബ്രഹാം
25. ,, ടി. പി. രാമകൃഷ്ണൻ
26. ,, സാജുപോൾ
27. ,, കെ. പി. സതീശ് ചന്ദ്രൻ
28. ,, എ. സി. ഷൺമുഖദാസ്
29. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
30. ശ്രീ. പി. എസ്. സുപാൽ

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ—58

പ്രതികൂലിക്കുന്നവർ—30

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ഉപധനാഭ്യർത്ഥനകൾ പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,12,06,000 രൂപയുടെ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ—58

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, പി. കെ. അബ്ദുറബ്ബ്
4. ,, സി. ടി. അഹമ്മദ് അലി
5. ,, എ. പി. അനിൽകുമാർ

LIBRARY ARCHIVES Kerala Legislative Assembly

6. ശ്രീ. ഇ. എം. അഗസ്തി
7. ,, കെ. ബാബു
8. ,, പി. കെ. കെ. ബാവ
9. ,, കെ. എ. ചന്ദ്രൻ
10. ,, ഡൊമിനിക് പ്രസന്റേഷൻ
11. ,, ജോർജ് ജെ. മാത്യു
12. ,, പ്രയാർ ഗോപാലകൃഷ്ണൻ
13. ,, എം. എം. ഹസ്സൻ
14. ,, വി. കെ. ഇബ്രാഹിം കുഞ്ഞ്
15. ,, ഇസ്ഹാക്ക് കുരിക്കൾ
16. ,, കെ. സി. ജോസഫ്
17. ,, ജോസഫ് എം. പുതുശ്ശേരി
18. ,, പി. ജെ. ജോയി
19. ,, ഉമ്മൻ ചാണ്ടി
20. ,, എം. കെ. പോൾസൺ മാസ്റ്റർ
21. ,, വി. ജെ. പൗലോസ്
22. ,, ടി. എൻ. പ്രതാപൻ
23. ,, ജി. പ്രതാപവർമ്മ തമ്പാൻ
24. ,, വക്കം പുരുഷോത്തമൻ
25. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
26. ,, എം. വി. രാഘവൻ
27. ,, വർക്കല കഹാർ
28. ,, കെ. കെ. നായർ
29. ,, പി. കെ. കുഞ്ഞാലിക്കുട്ടി
30. ഡോ. എം. എ. കുട്ടപ്പൻ
31. ശ്രീ. ലൂഡി ലൂയിസ്
32. ,, സി. മമ്മൂട്ടി
33. ,, കെ. മുഹമ്മദാലി
34. ,, ഇ. ടി. മുഹമ്മദ് ബഷീർ
35. ,, ആര്യാടൻ മുഹമ്മദ്
36. ,, എം. കെ. മുനീർ
37. ,, എം. മുരളി
38. പ്രൊഫ. എ. ഡി. മുസ്തഫ
39. ശ്രീ. കെ. നാരായണക്കുറുപ്പ്
40. ,, എഴുകോൺ നാരായണൻ
41. ,, കെ. കെ. ഷാജു
42. ,, കടവൂർ ശിവദാസൻ
43. ,, നാലകത്ത് സൂപ്പി
44. ,, സ്റ്റീഫൻ ജോർജ്
45. ,, കെ. സുധാകരൻ
46. ,, എ. സുജനപാൽ
47. ,, സി. എഫ്. തോമസ്
48. പ്രൊഫ. കെ. വി. തോമസ്
49. ശ്രീ. തമ്പാനൂർ രവി
50. ,, റോഷി അഗസ്റ്റിൻ
51. ,, ടി. പി. എം. സാഹിർ
52. ,, എൻ. ശക്തൻ
53. ,, വി. ഡി. സതീശൻ

LIBRARY ARCHIVES Kerala Legislative Assembly

54. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
55. ശ്രീ. തോമസ് ചാഴികാടൻ
56. ,, തോമസ് ഉണ്ണിയാടൻ
57. ,, ഉമേഷ് ചള്ളിയിൽ
58. ,, കെ. സി. വേണുഗോപാൽ

പ്രതികൂലിക്കുന്നവർ—30

1. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
2. ,, മഞ്ഞളാംകുഴി അലി
3. ,, എ. എ. അസീസ്
4. ,, കോടിയേരി ബാലകൃഷ്ണൻ
5. ,, എ. കെ. ബാലൻ
6. ,, വി. കെ. ചന്ദ്രൻ
7. ,, വി. ചെന്താമരാക്ഷൻ
8. ,, പി. സി. ജോർജ്
9. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
10. ശ്രീ. കെ. കെ. ജയചന്ദ്രൻ
11. ,, എം. വി. ജയരാജൻ
12. ,, ജോണി നെല്ലൂർ
13. ഡോ. കെ. സി. ജോസഫ്
14. ശ്രീ. എം. കുമാരൻ
15. ,, കെ. വി. കുഞ്ഞിരാമൻ
16. ,, വി. കെ. സി. മമ്മത്കോയ
17. ,, മത്തായി ചാക്കോ
18. ,, കെ. പി. മോഹനൻ
19. ,, എ. സി. മൊയ്തീൻ
20. ,, പിരപ്പൻകോട് മുരളി
21. ,, എം. പ്രകാശൻ മാസ്റ്റർ
22. ,, കെ. രാധാകൃഷ്ണൻ
23. ,, കെ. പി. രാജേന്ദ്രൻ
24. ,, രാജു എബ്രഹാം
25. ,, ടി. പി. രാമകൃഷ്ണൻ
26. ,, സാജു പോൾ
27. ,, കെ. പി. സതീശ് ചന്ദ്രൻ
28. ,, എ. സി. ഷൺമുഖദാസ്
29. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
30. ശ്രീ. പി. എസ്. സുപാൽ

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ — 58

പ്രതികൂലിക്കുന്നവർ — 30

നിഷ്പക്ഷത പാലിക്കുന്നവർ— ആരുമില്ല.

ഉപധനാഭ്യർത്ഥനകൾ പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 12,82,000 രൂപയുടെ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥനകൾ പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 7,01,000 രൂപയുടെ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥനകൾ പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,44,24,000 രൂപയുടെ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥനകൾ പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 63,42,58,000 രൂപയുടെ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥനകൾ പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 84,14,11,000 രൂപയുടെ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥനകൾ പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 18,69,87,000 രൂപയുടെ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

LIBRARY ARCHIVES Kerala Legislative Assembly

ഉപധനാഭ്യർത്ഥനകൾ പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യ സഹായ രംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 21,99,87,000 രൂപയുടെ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥനകൾ പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 7,50,00,000 രൂപയുടെ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥനകൾ പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,09,00,000 രൂപയുടെ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥനകൾ പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,22,01,000 രൂപയുടെ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥനകൾ പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പട്ടികജാതി/പട്ടിക വർഗ്ഗ, മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉറപ്പെടെയുള്ള സാമൂഹ്യക്ഷേമമെന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 88,78,46,000 രൂപയുടെ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥനകൾ പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 57,76,58,000 രൂപയുടെ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥനകൾ പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 35,56,01,000 രൂപയുടെ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥനകൾ പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിനോദസഞ്ചാരം എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 12,64,40,000 രൂപയുടെ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥനകൾ പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 7,48,000 രൂപയുടെ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥനകൾ പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മുദ്രപത്രങ്ങളും രജിസ്ട്രേഷനുമെന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 8,00,000 രൂപയുടെ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥനകൾ പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,13,000 രൂപയുടെ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

LIBRARY ARCHIVES Kerala Legislative Assembly

ഉപധനാഭ്യർത്ഥനകൾ പാസ്സായിരിക്കുന്നു, ഗ്രാൻറ് അനുവദിച്ചിരിക്കുന്നു.

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 122,97,56,000 രൂപയുടെ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥനകൾ പാസ്സായിരിക്കുന്നു, ഗ്രാൻറ് അനുവദിച്ചിരിക്കുന്നു.

ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,57,19,000 രൂപയുടെ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥനകൾ പാസ്സായിരിക്കുന്നു, ഗ്രാൻറ് അനുവദിച്ചിരിക്കുന്നു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഒരു 1,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥനകൾ പാസ്സായിരിക്കുന്നു, ഗ്രാൻറ് അനുവദിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,50,00,000 രൂപയുടെ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥനകൾ പാസ്സായിരിക്കുന്നു, ഗ്രാൻറ് അനുവദിച്ചിരിക്കുന്നു.

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 16,10,01,000 രൂപയുടെ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥനകൾ പാസ്സായിരിക്കുന്നു, ഗ്രാൻറ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,42,57,000 രൂപയുടെ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥനകൾ പാസ്സായിരിക്കുന്നു, ഗ്രാൻറ് അനുവദിച്ചിരിക്കുന്നു.

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,45,01,000 രൂപയുടെ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥനകൾ പാസ്സായിരിക്കുന്നു, ഗ്രാൻറ് അനുവദിച്ചിരിക്കുന്നു.

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 9,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥനകൾ പാസ്സായിരിക്കുന്നു, ഗ്രാൻറ് അനുവദിച്ചിരിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 20,00,01,000 രൂപയുടെ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥനകൾ പാസ്സായിരിക്കുന്നു, ഗ്രാൻറ് അനുവദിച്ചിരിക്കുന്നു.

VIII. അറിയിപ്പ്

മി. സ്പീക്കർ: നിയമസഭാംഗമായി 25 വർഷം പൂർത്തിയാക്കിയ എം. എൽ. എ.-മാർ ഇന്ന് വൈകുന്നേരം 5.00 മണിക്ക് നിയമസഭാ വളപ്പിൽ ചെന്തെങ്ങ് നടുന്നതാണ്. എല്ലാ നിയമസഭാ സാമാജികരും തദവസരത്തിൽ ഹാജരാകണമെന്ന് അഭ്യർത്ഥിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2005 ആഗസ്റ്റ് മാസം 3-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.11-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly